# നായർ ഈഴവ ഐക്യം



ജോൺ കച്ചിറമറ്റം

www.malankaralibrary.com

# നായർ ഈഴവ ഐക്യം

ജോൺ കച്ചിറമറ്റം

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

MALAYALAM
NAYAR EZHAVA AIKYAM

| | | |
|---|---|---|
| FIRST PUBLISHED | : | 14-04-2005 |
| PUBLISHED BY | : | DR. KACHIRAMATTAM FOUNDATION |
| COPY RIGHT | : | DR. KACHIRAMATTAM FOUNDATION |
| DTP SETTING | : | C-CAD COMPUTERS, ERATTUPETTA Ph:272852 |
| COVER DESIGN | : | MILEN JACOB (GRATIA KOTTAYAM) |
| PRINTED AT | : | DEEPIKA OFFSET PRINTERS, KOTTAYAM |
| PRICE | : | Rs. 75/- |


## ഡോ.കച്ചിറമററം ഫൗണ്ടേഷന്റെ പ്രസിദ്ധീകരണങ്ങൾ

1. നായർ ഈഴവ ഐക്യം - ജോൺ കച്ചിറമറ്റം
2. തിരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ - ജോൺ കച്ചിറമറ്റം
3. തച്ചിൽ മാത്തുത്തരകൻ - ജീവചരിത്രം - ജോൺ കച്ചിറമറ്റം
4. പാപ്പായുടെ നാട്ടിൽ - യാത്രാവിവരണം - ജോൺ കച്ചിറമറ്റം
5. പ്രസിഡണ്ടിന്റെ കത്തുകൾ - ജോൺ കച്ചിറമറ്റം
6. കേരള സഭാരത്നങ്ങൾ - ഒന്നാംഭാഗം - ജോൺ കച്ചിറമറ്റം
7. കേരള സഭാരത്നങ്ങൾ - രണ്ടാംഭാഗം - ജോൺ കച്ചിറമറ്റം
8. ഷെവ. ഇലഞ്ഞിക്കൽ കുഞ്ഞിത്തൊമ്മൻ ജീവചരിത്രം - ജോൺ കച്ചിറമറ്റം
9. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും - ജോൺ കച്ചിറമറ്റം
10. വചനപ്രകാശം - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
11. കുരിശിന്റെ വഴി - ഡോ. കച്ചിറമറ്റത്തിന്റെ പ്രഭാഷണങ്ങൾ
12. Homilies and Reflections (1st part) - Rev.Dr.A.Kachiramattam
13 Homilies and Reflections (2nd part) - Rev.Dr.A.Kachiramattam
14. Why American youth Turn to Budha "
15. Evolution in the human concept of God "
16. Re-discovery of India "
17. Catholic Eastern Churches "
18. Prepare the way of the Lord "
19. ഓശാന - ഗവേഷണങ്ങളുടെ തനിനിറം - ജോൺകച്ചിറമററം

## പണിപ്പുരയിൽ

ജാത്യൈക്യസംഘം (ചരിത്രം) - ജോൺകച്ചിറമററം
കേരള സഭാരത്നങ്ങൾ - മൂന്നാം ഭാഗം - "
കേരളദാസൻ എം.എം.വർക്കി ജീവചരിത്രം - "

www.malankaralibrary.com

# നായർ ഈഴവ ഐക്യം

ജോൺ കച്ചിറമറ്റം

പ്രസിദ്ധീകരണം

ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ
പിഴക് പി.ഒ.
കോട്ടയം ജില്ല, കേരള - 686655
04822 - 260434
ഫോൺ - 04822 - 261102
04822 - 260071

www.malankaralibrary.com

## ജോൺ കച്ചിറമറ്റം

രാമപുരത്ത് കച്ചിറമററം കുടുംബത്തിൽ അവിരാ അന്നമ്മ ദമ്പതികളുടെ മകനായി 1938-ൽ ജനിച്ചു. 10-ാമത്തെ വയസ്സിൽ ഭക്ത സംഘടനകളിലൂടെ പൊതു പ്രവർത്തനം ആരംഭിച്ചു. രാഷ്ട്രീയ സമുദായ പ്രവർത്തനങ്ങളിൽ സജീവമായ നേതൃത്വം നൽകി. പലാരൂപതാ കോർപ്പറേററ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിൽ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. 1993-ൽ പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ നിന്നും റിട്ടയർ ചെയ്തു.

കുടിയേററ കർഷകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകിയ കർഷക നേതാവ്, എ.കെ.സി.സി, കേരള ക്രിസ്ത്യൻ ലീഡേഴ്സ് ആക്ഷൻ കൗൺസിൽ, കേരളാ കാത്തലിക് ഫെഡറേഷൻ, ഓൾ ഇന്ത്യാ കാത്തലിക് യൂണിയൻ എന്നീ സംഘടനകളുടെ സാരഥി എന്ന നിലയിൽ മഹാ സമ്മേളനങ്ങളും പ്രകടനങ്ങളും നടത്തി സമുദായത്തിന്റെ വികാര വിചാരങ്ങൾക്ക് രൂപഭാവം നൽകിയ സമുദായ സ്നേഹി, 1975-ൽ പ്രധാന മന്ത്രി ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ അടിയന്തരാവസ്ഥക്കെതിരെ പ്രവർത്തിച്ച മനുഷ്യാവകാശ ധർമ്മ ഭടൻ എന്നീ നിലകളിൽ അറിയപ്പെടുന്നു.

1989-ൽ കെയ്റോ, റോം, അസ്സീസി, പാദുവാ, ജർമ്മനി, അമേരിക്കൻ ഐക്യനാടുകൾ, കാനഡ എന്നിവിടങ്ങളിലും 1996-ൽ കുവൈററിലും 1999-ൽ വീണ്ടും അമേരിക്കൻ ഐക്യനാടുകളിലും 2001-ൽ വീണ്ടും റോമിലും പാദുവായിലും വെനീസിലും പര്യടനം നടത്തി.

1988 -ൽ ആളൂർ ബററർ ലൈഫ് സെന്ററിന്റെ കേരളസഭാതാരം അവാർഡിനും 1998 -ൽ കേരള സാഹിത്യകലാസമിതിയുടെ പ്രതിഭാപ്രകാശം അവാർഡിനും അതേ വർഷം തന്നെ ആൾ ഇന്ത്യാ കാത്തലിക്ക് യൂണിയന്റെ ജോർജ് മെനേസിസ് ദേശീയ അവാർഡിനും അർഹനായി. കോട്ടയം - വടവാതൂർ സെമിനാരിയിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. ആറാഞ്ചേരി അവാർഡും ക്രൈസ്തവ സാഹിത്യ അക്കാദമിയുടെ ബഞ്ചിമിൻബയ്ലി അവാർഡും 2001-ലും കേരള ക്രിസ്ത്യൻ ഫൗണ്ടേഷന്റെ മാർത്തോമ്മാ അവാർഡ് 2003-ലും ലഭിക്കുകയുണ്ടായി. (ഈ മൂന്ന് അവാർഡുകളും ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥരചനയുടെ പേരിൽ ലഭിച്ചതാണ്)

നാലുദശാബ്ദക്കാലമായി എ.കെ.സി.സിയുടെ നേതൃസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചിറമറ്റം ക്രൈസ്തവ വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതിയുടെ ജനറൽ സെക്രട്ടറിയുമാണ്. മററു വിവിധ പ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്യുന്നു.

തിടനാട് കണിയാംപടിക്കൽ മേരിയാണ് ഭാര്യ. ആൻസമ്മ, സന്തോഷ് എന്നിവർ മക്കൾ

www.malankaralibrary.com



# സമർപ്പണം

പിന്നോക്ക സമുദായങ്ങളുടെ ഭൗതീകമായ ഉയർച്ചക്കും പുരോഗതിക്കും വേണ്ടി ആത്മാർത്ഥമായും നിസ്തന്ദ്രമായും പ്രവർത്തിക്കുകയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്ത ഒരു നേതാവാണ് ഡോ. പൽപ്പു. തിരുവിതാംകൂർ സർക്കാർ ഒരു ഉദ്യോഗം പോലും ഡോ. പൽപ്പുവിന് നൽകുവാൻ തയ്യാറായില്ല. മദ്രാസിലും മൈസൂറിലും ഉദ്യോഗത്തിലിരുന്നപ്പോഴും തിരുവിതാംകൂറിലെ ഈഴവരുടെ ദുഃസ്ഥിതി അവസാനിപ്പിക്കുവാൻ പരിശ്രമിച്ചു. തന്റെ സമ്പാദ്യത്തിൽ നല്ലൊരു പങ്ക് പിന്നോക്ക സമുദായാംഗങ്ങളുടെ വിദ്യാഭ്യാസത്തിനു വേണ്ടി വിനയോഗിച്ചു. ആധുനികകേരളത്തിന്റെ ശില്പിയായി അറിയപ്പെടേണ്ട മഹാപുരുഷനാണ് ഡോ. പൽപ്പു. അദ്ദേഹത്തിന്റെ വീരസ്മരണക്കു മുൻപിൽ ഈ ചരിത്രഗ്രന്ഥം സവിനയം സമർപ്പിക്കുന്നു.

ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങളുടെ സമഗ്രപുരോഗതി ലക്ഷ്യമാക്കി പ്രവർത്തിച്ച ഡോ. അംബേദ്ക്കറുടെ ജന്മദിനത്തിൽ ഈ ഗ്രന്ഥം പ്രകാശനം ചെയ്യാൻ സാധിച്ചതിൽ അഭിമാനിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| | ഡോ. കച്ചിറമറ്റം ഫൗണ്ടേഷൻ | vii |
| | അവതാരിക (അഡ്വ. എം.ജി. മാത്യു) | ix |
| | ആമുഖം | xiii |
| 1. | നായർ ഈഴവ ഐക്യം | 17 |
| 2. | ഇന്ത്യയിലെ അവർണ്ണഹിന്ദുക്കൾ | 19 |
| 3. | അവർണ്ണരുടെ സാമൂഹ്യനില | 35 |
| 4. | മലയാളി മെമ്മോറിയൻ | 40 |
| 5. | ഈഴവ മെമ്മോറിയൻ | 48 |
| 6. | പൗരസമത്വവാദ പ്രക്ഷോഭണം | 53 |
| 7. | മിശ്രഭോജന സദ്യയും നായരീകരണപ്രമേയവും | 59 |
| 8. | വൈയ്ക്കം സത്യാഗ്രഹം | 63 |
| 9. | ഗുരുവായൂർ സത്യാഗ്രഹം | 69 |
| 10. | നിവർത്തന പ്രക്ഷോഭണം | 73 |
| 11. | ക്ഷേത്രപ്രവേശന വിളംബരം | 84 |
| 12. | ഒരേ പാതയിൽ ഭിന്നസ്വരത്തിൽ | 85 |
| 13. | വിദ്യാഭ്യാസ വിപ്ലവം | 90 |
| 14. | എൻ.എസ്സ്.എസ്സിന്റെ ചുവടുമാറ്റം | 94 |
| 15. | എസ്.എൻ.ഡി.പി.യുടെ ചുവടുമാറ്റം | 97 |
| 16. | ഡമോക്രാറ്റിക് കോൺഗ്രസ്സും ഹിന്ദു മഹാസമ്മേളനവും | 108 |
| 17. | വിവിധ കമ്മീഷനുകൾ | 116 |
| 18. | വി.പി. സിഗിന്റെ ധീരമായ നടപടി | 123 |
| 19. | സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം | 131 |
| 20. | അധികാര രാഷ്ട്രീയം ലക്ഷ്യം | 134 |
| 21. | ആരാണ് സ്വാതന്ത്ര്യം നേടി തന്നത് | 138 |


www.malankaralibrary.com

# ഡോ.കച്ചിറമറ്റം ഫൗണ്ടേഷൻ

കേരള ക്രൈസ്തവ സഭയ്ക്ക് പല പ്രഗല്ഭരായ വൈദികരെയും കന്യാസ്ത്രീകളെയും അൽമായ പ്രമുഖരെയും സംഭാവന ചെയ്തിട്ടുള്ള രാമപുരത്തെ കച്ചിറമററം കുടുംബത്തിൽ (ശങ്കരപുരി കുടുംബശാഖ) 1934 ജൂൺ 12 –ന് ഫാ. അഗസ്റ്റിൻ ഭൂജാതനായി. 1961 മാർച്ച് 15 –ന് അഗസ്റ്റിൻ പൗരോഹിത്യ പദവിയിലേക്ക് ഉയർത്തപ്പെട്ടു.

ഫിലോസഫി, തിയോളജി, കാനൻ ലോ എന്നിവയിൽ അഗാധമായ പാണ്ഡിത്യം നേടിയ ഫാ. അഗസ്റ്റിൻ മദ്രാസ് ലയോള കോളേജിൽ നിന്ന് ബി.എസ്സി.യും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്ന് എം.എസ്സി.യും കർണ്ണാടക യൂണിവേഴ്സിററിയിൽ നിന്ന് തത്വശാസ്ത്രത്തിൽ എം.എ.യും, ബൽഗാം ലോകോളേജിൽ നിന്ന് എൽ.എൽ.ബി.യും മൈസൂർ റീജണൽ കോളേജിൽ നിന്ന് ബി.എഡും. ബിരുദങ്ങൾ സമ്പാദിച്ചു. അമേരിക്കയിലെ നോട്ടർഡാം യൂണിവേഴ്സിററിയിൽ നിന്ന് കൗൺസലിംഗിൽ ഡോക്ടർ ബിരുദവും ഗ്രാഡ്വേററ് തിയോളജിക്കൽ ഫൗണ്ടേഷന്റെ ഫെലോഷിപ്പും കരസ്ഥമാക്കി. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലെ നിരവധി രാജ്യങ്ങൾ അദ്ദേഹം സന്ദർശിക്കുകയും വിവിധ ജനപദങ്ങളും സംസ്കാരങ്ങളുമായി ഇടപഴകുകയും അവരുടെ ഭാഷകളും ആചാരരീതികളും പരിചയപ്പെടുകയും ചെയ്തു.

അറാമിക്ക്, ഗ്രീക്ക്, ലാററിൻ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീഭാഷകളിൽ അവഗാഹം നേടിയ ഡോ. അഗസ്റ്റിൻ "കിക്കാമ്പ്", "കിസ്ഹിലി", തമിഴ് എന്നീ ഭാഷകൾ ഏറെക്കുറെ സ്വായത്തമാക്കുകയുണ്ടായി.

പാലാ രൂപതയ്ക്കുവേണ്ടി വൈദികപട്ടമേറ്റ അദ്ദേഹം രൂപതാദ്ധ്യക്ഷന്റെ നിർദ്ദേശാനുസരണം മദ്രാസ്, ബൽഗാം (ഇന്ത്യ), മച്ചാക്കോസ് (ആഫ്രിക്ക), ന്യൂയോർക്ക്, ക്യാനഡ, ഡെൻവർ (നോർത്ത് അമേരിക്ക) എന്നീ രൂപതകളിൽ സേവനം അനുഷ്ഠിച്ചു. ആശുപത്രികൾ, നേഴ്സിംഗ് ഹോമുകൾ, കന്യകാലയങ്ങൾ ഫോർമേഷൻ ഹൗസുകൾ എന്നിവയുടെ ചാപ്ലയിൻ ആയി പ്രവർത്തിച്ചിട്ടുള്ള ഡോ. അഗസ്റ്റിൻ, കാത്തലിക്ക് നേഴ്സസ് ഗിൽഡിന്റെ രൂപതാ ഡയറക്ടർ, കർണ്ണാടക സ്റ്റേററ് കാത്തലിക് സ്കൂൾ മാനേജ്മെന്റ് അസോസിയേഷൻ എക്സിക്യൂട്ടിവ് അംഗം, ബൽഗാം ഡയോസിഷൻ ബോർഡ് ഓഫ് എഡ്യൂക്കേഷൻ സ്ഥാപക സെക്രട്ടറി, ഹൈസ്കൂൾ ഹെഡ്മാസ്റ്റർ, പ്രിൻസിപ്പൽ, കേരളത്തിലെ അംഗീകൃത ഇംഗ്ലീഷ് മീഡിയം ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ പ്രസിഡന്റ്, കേരള കാത്തലിക്ക് ട്രസ്റ്റ് ട്രഷറർ, വൈസ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ സേവനം അനുഷ്ഠി

www.malankaralibrary.com

ക്കുകയുണ്ടായി.

അമേരിക്കയിലെ വിശ്വവിഖ്യാതമായ നൈററ്സ് ഓഫ് കൊളംബസ് എന്ന സംഘടനയുടെ ആയുഷ്കാലാംഗമായിരുന്ന ഡോ.കച്ചിറമറ്റത്തിന് അദ്ദേഹത്തിന്റെ നിസ്തുല സേവനങ്ങളെ ആദരിച്ച് ഫോർത്ത് ഡിഗ്രി അംഗത്വം നല്കി. പ്രസ്തുത സംഘടനയുടെ ചാപ്ലിനായി തുടർന്ന് നിയമിക്കപ്പെട്ടു.

ബുദ്ധിജീവികളെ മാത്രം അംഗങ്ങളായി സ്വീകരിക്കുന്ന അമേരിക്കയിലെ ടോർച്ച് ക്ലബ് ഇന്റർനാഷണലിന്റെയും ബോൾഡർ നഗരത്തിലെ ചരിത്ര സാംസ്കാരിക ഗ്രൂപ്പിന്റെയും അംഗമെന്ന നിലയിൽ പ്രവർത്തിച്ച അദ്ദേഹം അമേരിക്കൻ സാമൂഹിക ജീവിതത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചു.

1990 -ൽ അമേരിക്കയിൽ നിന്നും മടങ്ങിയെത്തിയ ഡോ. അഗസ്റ്റിൻ പാലാ രൂപതയിലെ അരുണാപുരം പള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ നേതൃത്വത്തിൽ അരുണാപുരം പള്ളി പണിയാരംഭിച്ചു. ദേവാലയത്തിന്റെ പണി പൂർത്തിയാക്കുന്നതിനു മുമ്പേ 1993 മാർച്ച് 27 -ന് അദ്ദേഹം നിര്യാതനായി. മൃതദേഹം സ്വന്തം ഇടവകയായ പിഴക് ഉറുമ്പുകാവ് ദേവാലയ സിമിററിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മാർച്ച് 28-ന് ബിഷപ്പ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ സംസ്ക്കരിക്കപ്പെട്ടു.

യശഃശ്ശരീരനായ റവ.ഡോ. അഗസ്റ്റിൻ കച്ചിറമററത്തിന്റെ പാവന സ്മരണ നിലനിർത്താനായി രൂപീകരിച്ചതാണ് ഡോ. കച്ചിറമററം ഫൗണ്ടേഷൻ 1993 ജൂൺ 12 -ന് ആരംഭിച്ച ഫൗണ്ടേഷന്റെ ഔപചാരികമായ ഉത്ഘാടനം അത്യുന്നത കർദ്ദിനാൾ മാർ ആന്റണി പടിയറ 1994 ജനുവരി 8-ാം തീയതി നിർവ്വഹിച്ചു. ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഇതിനകം പതിനെട്ട് ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു. "നായരീഴവഐക്യം" എന്ന ഈ ഗ്രന്ഥം പത്തൊമ്പതാമത്തെ പുസ്തകമാണ്.

www.malankaralibrary.com

# അവതാരിക

**അഡ്വ. എം.ജി. മാത്യു എം.എ., എൽ.എൽ.ബി.**

'നായർ ഈഴവ ഐക്യം' എന്നു കേട്ടപ്പോൾ തന്നെ ഈ വിഷയം സംബന്ധിച്ച് ഒരു ചെറുപുസ്തകം എഴുതണമെന്ന് ഞാൻ ആഗ്രഹിച്ചതാണ്. പക്ഷെ, അതിനുള്ള സമയവും സൗകര്യവും ലഭിയ്ക്കാതെ പോയി. പുസ്തകമെഴുതിയിട്ട് എന്തുകാര്യം? വായിക്കാനോ പ്രതികരിക്കാനോ ആൾക്കാർ വേണ്ടേ? നമ്മുടെ നാട്ടുകാർക്ക് എന്തുപറ്റി? സമ്പാദിയ്ക്കുക, തിന്നുക, മരിക്കുക എന്നായി ജീവിതാദർശം. ആർക്കും എന്തു വേണമെങ്കിലും ഭവിച്ചുകൊള്ളട്ടെ. 'എന്റെ കാര്യം എനിക്ക്' എന്നാണ് പൊതുവേയുള്ള ചിന്താഗതി. മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്നോ, ജീവിതകാലത്ത് മറ്റുള്ളവരോട് എന്തെങ്കിലും കടപ്പാടുണ്ടെന്നോ ഉള്ള വിചാരം പലർക്കും ഇല്ല. സ്വന്തം കാര്യം സിന്ദാബാദ്! വിദ്യാഭ്യാസമായാലും ബിസിനസ് ആയാലും ഉദ്യോഗമായാലും മതപ്രവർത്തനമായാലും രാഷ്ട്രീയമായാലും എല്ലാം സ്വകാര്യലാഭത്തിനുവേണ്ടി മാത്രം. മനുഷ്യജാതി ഉണ്ടായ കാലം മുതലേ ഇതായിരുന്നു സ്ഥിതി എന്ന് ഞാൻ വിചാരിക്കുന്നു. ഭൂമിയിൽ ആകെ ഒരേ ഒരു കുടുംബം. അച്ഛനും അമ്മയും രണ്ടു മക്കളും ജ്യേഷ്ഠൻ അനുജനെ കൊന്നു. എന്തിന്? ഉത്തരം കിട്ടാത്ത ചോദ്യം.

എങ്കിലും മാനവരാശിയെ ഏക കുടുംബമായി കരുതി സ്നേഹിക്കുന്ന, വിചാരപ്പെടുന്ന, ഏതാനും പേരെങ്കിലും നമ്മുടെ സമൂഹങ്ങളിൽ ഉണ്ട്. അവരിൽ ഒരാളാണ് ബഹുമാനപ്പെട്ട ജോൺകച്ചിറമറ്റം. അദ്ദേഹത്തെ എനിക്ക് മുൻപരിചയമില്ല. 'നായർ ഈഴവ ഐക്യം' എന്ന പുസ്തകത്തിന്റെ കോപ്പിയുമായി അദ്ദേഹം എന്റെ മുമ്പിൽ വന്നപ്പോൾ ഇപ്പോഴത്തെ പൊതുജനങ്ങളിൽ നിന്ന് അല്പം വ്യത്യസ്തനായ ഒരു വ്യക്തിയെ എനിക്ക് കാണാൻ കഴിഞ്ഞു. 'ലോകേ സമസ്താ സുഖിനോ ഭവന്തു' എന്ന ആശയം സ്വായത്തമാക്കിയ ഒരാൾ. 'നായർ ഈഴവ ഐക്യം' എന്ന വിഷയത്തെക്കുറിച്ച് സമയമെടുത്ത് പഠിച്ച്, ചിന്തിച്ച് തയ്യാറാക്കിയ പുസ്തകം. ഇത് എല്ലാവരും വാങ്ങി വായിക്കണമെന്നാണ് എന്റെ ആഗ്രഹം.

www.malankaralibrary.com

നായന്മാരും ഈഴവരും മാത്രം അടങ്ങിയതാണോ ലോകജനത? ഈ രണ്ടു കൂട്ടരും മാത്രമാണോ ഇന്ത്യയിലെ ജനങ്ങൾ? കേരളത്തിൽ ഈ രണ്ടുകൂട്ടരേ ഉള്ളോ? ഇന്ത്യയുടെ ദേശീയോദ്ഗ്രഥനത്തെക്കുറിച്ച് (National Integration) നേതാക്കന്മാർ വായ്തോരാതെ സംസാരിക്കാറുണ്ട്. കേരളത്തിലെ നേതാക്കന്മാർ ഏറ്റം കുറഞ്ഞത് കേരളജനതയുടെ ഒന്നിപ്പിനു വേണ്ടി പ്രസംഗിക്കുകയും പ്രവർത്തിക്കുകയുമാണ് ചെയ്യേണ്ടത്. ഇന്ത്യയിൽ ഇന്നു നടമാടുന്ന ജാതിവ്യത്യാസങ്ങളും ഉച്ചനീചത്വങ്ങളും ജീവനോടിരിക്കുന്ന നാമാരും വരുത്തി വച്ചതല്ല. അനേകതരത്തിലുള്ള വർഗ്ഗവർണ്ണ, ഉച്ചനീചത്വമുള്ള, ശിഥിലീകൃതമായ, അന്ധകാരം നിറഞ്ഞ, പരമ്പരാഗതമായ ശപിയ്ക്കപ്പെട്ട, ഒരു ഭൂവിഭാഗത്തിലാണ് നാം ജനിച്ചുവീണത്. അതിനുകാരണക്കാർ വിദേശികളായ ആര്യന്മാരാണ്. ആർഷസംസ്കാരം എന്ന മഹാസംസ്കാരത്തിന്റെ മഹത്വപൂർണ്ണമായ ദാനമാണ് ഇന്ത്യയിലെ മൂലജാതികളുടെ അടിമത്തം. ഒന്നായി കഴിയേണ്ട ഇന്ത്യൻ ജനതയെ വ്യത്യസ്ത സമൂഹങ്ങളായി കീറിമുറിച്ച് പല തട്ടുകളായി നിർത്തിയിരിക്കുന്നത് ആര്യന്മാരാണ്.

ആര്യന്മാർ മാനവജാതിയെ രണ്ടായിതരംതിരിച്ചു-സവർണ്ണർ എന്നും അവർണ്ണർ എന്നും, സവർണ്ണർ മനുഷ്യരും അവർണ്ണർ ഇരുകാലി മൃഗങ്ങളും. വിദേശികളായ ആര്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാർത്തു എന്നു മാത്രമല്ല, സ്വദേശികളായ ദ്രാവിഡന്മാരെ നിർദ്ദയം കൊന്നുമുടിച്ചും വനാന്തരങ്ങളിലേയ്ക്ക് ഓടിച്ചും ശേഷിച്ചവരെ തൊടാനോ തീണ്ടാനോ പാടില്ലാത്ത മ്ലേച്ഛവർഗ്ഗങ്ങളായി തരംതാഴ്ത്തുകയും ചെയ്തു. ആര്യമതം അഥവാ ഹിന്ദുത്വം അടിമത്തമാണ്. സവർണ്ണരെ നാലായി തരംതിരിച്ചു-ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നിവർ. ബ്രാഹ്മണനുതാഴെ ക്ഷത്രിയർ, ക്ഷത്രിയനു താഴെ വൈശ്യർ, വൈശ്യനുതാഴെ ശൂദ്രർ. ബ്രാഹ്മണൻ ഒഴികെ എല്ലാവരും അടിമകൾ. ഈ നാലു മേൽജാതികൾക്ക് ചവുട്ടിമെതിയ്ക്കുവാൻ ദ്രാവിഡന്മാരായ അവർണ്ണർ. സവർണ്ണരും അവർണ്ണരും അനേകമനേകം കീഴ്ജാതികളായി വിഭജിയ്ക്കപ്പെട്ടു. തമ്മിൽ തമ്മിൽ സമ്പർക്കമോ, സഹകരണമോ ഇല്ലാത്ത മൂവായിരത്തിൽപരം ജാതികളായി ഇന്ത്യൻ സമൂഹം വിഭജിയ്ക്കപ്പെട്ടു. 'ഐകമത്യം മഹാബലം' വിഘടിതമായ ഇന്ത്യ ഏതു ശത്രുവിനും ചവുട്ടി മെതിയ്ക്കാവുന്ന ഒരവസ്ഥ. ഭൂമിയുടെ ചരിത്രത്തിൽ 1947വരെ ഇന്ത്യ ഒരുകാലത്തും ഏക രാഷ്ട്രമായിരുന്നില്ല. ശ്രീരാമൻ അയോദ്ധ്യ എന്ന ചിന്ന രാജ്യത്തിലെ ഒരു രാജാവ്. ശ്രീകൃഷ്ണൻ ഉത്തരമധുര എന്ന ചിന്ന രാജ്യത്തിലെ ഒരു രാജാവ്. അനേക നാട്ടുരാ

www.malankaralibrary.com

ജാക്കന്മാരുടെയും നാടുവാഴികളുടെയും ചിന്ന രാജ്യങ്ങളായി ഇന്ത്യ വിഭജിക്കപ്പെട്ടിരുന്നു. ഇന്ത്യയെ ഏകരാഷ്ട്രമാക്കിത്തീർത്ത തിന്റെ ക്രെഡിറ്റ് ബ്രിട്ടീഷുകാർക്ക് ഉള്ളതാണ്. ഭാരതത്തെ ഏകരാഷ്ട്രമാക്കി യത് അവരാണ്.

എന്നാൽ യുഗായുഗങ്ങളായി നിലനിന്നുവന്ന ഛിദ്രവാസന ഇപ്പോഴും ഇന്ത്യൻ ജനതയുടെ മനസ്സിൽ നിന്ന് മാഞ്ഞുപോയിട്ടില്ല. ഒന്നി ക്കുന്നതിനുപകരം ഭിന്നിയ്ക്കുവാനാണ് ഇന്ത്യാക്കാരന് താത്പര്യം. അതും തുച്ഛലാഭത്തിനുവേണ്ടി. സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ് ഇന്ത്യയെ ഛിന്നഭിന്നമാക്കിയിരുന്നത് സ്വസ്നേഹികളായ, സ്വേച്ഛാധിപതികളായ രാജാക്കന്മാരും നാടുവാഴികളുമായിരുന്നു. സ്വതന്ത്രഭാരതത്തെ ഛിന്ന ഭിന്നമാക്കുന്നത് ഇന്ത്യയിലെ രാഷ്ട്രീയക്കാരാണ്. അവരുടെ കയ്യിലെ വജ്രായുധമാണ് ഹിന്ദുത്വവും ഹിന്ദുരാഷ്ട്രവും. അവർ പഴിചാരുന്നത് പലപ്പോഴും വിദേശികളെയാണുതാനും. ആന്റണിയെ താഴെയിറക്ക ണമെന്ന് കരുണാകരൻ ശഠിച്ചാൽ, വിദേശി എന്തു ചെയ്തിട്ടാണ്? ഉമ്മൻചാണ്ടിയെ താഴെ ഇറക്കണം എന്ന മുരളീധരന്റെ വാശിക്കുപി ന്നിൽ വിദേശ ഇടപെടലുകൾ ഉണ്ടോ? ഇല്ല. അയൽക്കാരൻ സ്വൈര മായി ജീവിക്കുന്നത് ഇന്ത്യാക്കാരന് സുഖിയ്ക്കില്ല. അയൽക്കാരന്റെ ഉറക്കം കെടുത്തിയാലെ അവനു ഉറക്കം വരൂ.

മേൽ പ്രസ്താവിച്ചതു പോലെയുള്ള ഒരു കൂട്ടുകെട്ടാണ് എസ്. എൻ.ഡി.പി.യും എൻ.എസ്സ്.എസ്സും. തമ്മിൽ ഇപ്പോൾ ആലോചനയിൽ ഇരിക്കുന്നത്. ചരിത്രമറിയാവുന്ന ഒരു ഈഴവനും എൻ.എസ്.എസുമായി സഖ്യത്തിന് പോവുകയില്ല. ശൂദ്രർ മറ്റു മൂന്നു മേൽ ജാതികളുടെയും ദാസ്യ സേവകർ മാത്രമാണ്. അവരുമായി മേൽ ജാതികൾ അകലം പാലിച്ചുവരുന്നു. ശൂദ്രൻ ഒരു ബ്രാഹ്മണനോട് ഇത്ര ദൂരത്തിലെ അടു ക്കാവൂ എന്ന് നിയമമുണ്ട്. ശൂദ്രൻ വിദ്യാഭ്യാസം ചെയ്തുകൂടാ, പണം സമ്പാദിച്ചുകൂടാ, തപസ് അനുഷ്ഠിച്ചുകൂടാ എന്നിത്യാദിവിലക്കുകൾ ഉണ്ട്. എന്നാൽ അവർണ്ണരുടെ മേൽ ശൂദ്രന് മേൽകോയ്മ ഉണ്ട്. ബ്രാഹ്മ ണൻ ശൂദ്രനോട് എപ്രകാരം നികൃഷ്ടമായി പെരുമറുന്നോ അതിന്റെ നൂറിരട്ടി നികൃഷ്ടമായി ശൂദ്രൻ അവർണ്ണരോട് ഇടപെടുന്നു.

ആര്യന്മാർ മാത്രമാണ് ഹിന്ദുക്കൾ. അവർണ്ണർ ദ്രാവിഡരാണ്. ആര്യന്മാർ കുടിയേറി പാർത്തവരും ദ്രാവിഡർ ഇന്നാട്ടിലെ മൂലവാസി കളുമാണ്. പത്തു ശതമാനം മാത്രമുള്ള ആര്യന്മാർ തൊണ്ണൂറുശത മാനം വരുന്ന ദ്രാവിഡരെയും അനാര്യന്മാരെയും അടക്കി വാഴുന്നു.

www.malankaralibrary.com

പീഡിതരേ, ഉണരുക. നിങ്ങൾക്കു ലഭ്യമായിരിക്കുന്ന സ്വാതന്ത്ര്യം സംരക്ഷിക്കുക. മേൽ ജാതികളുടെ വഞ്ചനയിൽ കുടുങ്ങാതിരിക്കുക. ഹിന്ദുത്വം അഥവാ ബ്രാഹ്മണ ദുഷ്പ്രഭുത്വം അഥവാ മേൽ ജാതികളുടെ കൊടുംക്രൂരമായ തേർവാഴ്ചയ്ക്ക് അറുതിവരുത്തുക. ആര്യന്മാർ ഇന്ത്യയിലെ തദ്ദേശവാസികളുമായി ഇഴുകി ചേരട്ടെ. ഇന്ത്യയിൽ തുടരണമെങ്കിൽ ഇന്ത്യയുടെ ദേശീയധാരയിൽ വിലയിക്കട്ടെ. വർഗ്ഗ വർണ്ണ, ജാതിഭേദങ്ങൾ തുടച്ചു നീക്കപ്പെടട്ടെ.

സവർണ്ണരുടെ ദൃഷ്ടിയിൽ മ്ലേച്ഛജാതികളിൽപെട്ട ഒരു വിഭാഗമാണ് ഈഴവർ. അവരോടൊപ്പമുള്ള മ്ലേച്ഛ ജാതികളാണ് പറയൻ, പുലയൻ, വെളുത്തേടൻ, മറവൻ, കുറവൻ ഇത്യാദി. ഈഴവർ സംബന്ധം പുലർത്തേണ്ടത് ഈ അവർണ്ണ വർഗ്ഗത്തോടാണ്, അവരെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്ന ശൂദ്രരോടല്ല. നായർ ഈഴവ സഖ്യം ഒരു അവിഹിത ബന്ധമാണ്. അവർണ്ണ വിഭാഗത്തിൽ പെട്ട അനേകരോടല്ലയോ ഈഴവർ മമത പുലർത്തേണ്ടത്? പക്ഷെ, എന്തുകൊണ്ട് ഈഴവരിലെ ഒരുവിഭാഗം എൻ.എസ്.എസിനോട് കൂട്ടുകൂടാൻ ശ്രമിക്കുന്നു? ഇതിലെ പന്തികേട് മനസ്സിലാക്കുവാൻ ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റത്തിന്റെ 'നായർ ഈഴവ ഐക്യം' എന്ന രചനവായിച്ചിരിക്കേണ്ടതാണ്. ഇന്ത്യൻ സമൂഹത്തോട് സ്നേഹമോ പ്രതിബദ്ധതയോ ഉള്ളവർ പിൽക്കാല ചരിത്രമറിയേണ്ടതിന് ഈ പുസ്തകം വാങ്ങുകയും മറ്റുള്ളവർക്ക് വിതരണം ചെയ്യുകയും വേണം. ചരിത്ര സത്യങ്ങൾ മനസ്സിലാക്കി തിരുത്തേണ്ടവതിരുത്തുവാൻ ഈവിധകൃതികൾ എല്ലാവരും, പ്രത്യേകിച്ച് യുവജനങ്ങൾ, വായിച്ച് അറിഞ്ഞിരിയ്ക്കേണ്ടതാണ്. ഇരുപത്തി ഒന്ന് ചെറിയ അദ്ധ്യായങ്ങളിലായി കേരളത്തിന്റെ സാമൂഹ്യ നിലവാരത്തെ വിലയിരുത്തുവാൻ വായനക്കാരെ പ്രാപ്തന്മാരാക്കത്തക്കവണ്ണം ലളിതമായി പ്രധാന പ്രശ്നങ്ങളെ വിവരിച്ചു തരുവാൻ ശ്രീ. ജോൺ കച്ചിറമറ്റത്തിനു സാധിച്ചിരിക്കുന്നു. സമൂഹത്തിന്റെ ഉദ്ധാരണത്തിനും ഉന്നമനത്തിനും ഉതകുന്ന ചിന്തകൾ ഒട്ടും മറച്ചുവയ്ക്കാതെ വെളിച്ചത്തു കൊണ്ടുവരുന്നതിന് ഗ്രന്ഥകാരനെ ദൈവം കരങ്ങളിലെടുത്തു ഉപയോഗിക്കട്ടെ. ഇന്ത്യൻ ജനതയെ സ്നേഹിക്കുന്നവർ ഈവിധ പ്രവർത്തനങ്ങളിൽ ദത്ത ശ്രദ്ധരായിരിയ്ക്കേണ്ടതാണ്. ജയ് ഹിന്ദ്.

14-04-2005
പി.ഒ. ബോക്സ് 55
പെരുമ്പാവൂർ 683542

www.malankaralibrary.com

# ആമുഖം

പാലായിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ദീപനാളം വാരികയുടെ പത്രാധിപർ ഫാ.സെബാസ്റ്റ്യൻ അടപ്പശ്ശേരിൽ ഒരു ദിവസം രാത്രി 10.30ന് ടെലഫോണിൽ എന്നെ വിളിച്ച് നായർ ഈഴവ ഐക്യത്തെപ്പറ്റി സംസാരിച്ചു. നാളെ രാവിലെ തന്നെ ഈ വിഷയത്തെപ്പറ്റി ഒരു ലേഖനം തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു. ലേഖനം തയ്യാറാക്കിക്കൊടുത്തു. പ്രസ്തുത ലേഖനം ദീപനാളം പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് നിരവധി ആളുകൾ ടെലഫോൺ വഴിയും കത്തു മുഖേനയും എന്നെ അഭിനന്ദിക്കുകയുണ്ടായി. കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി നായർ ഈഴവ ഐക്യം എന്ന പേരിൽ ഒരു ഗ്രന്ഥം രചിക്കുന്നതിന് എനിക്ക് ഈ സംഭവം പ്രേരണ നൽകി. നാൽപ്പത് പേജിൽ കവിയാതെ ചെറുഗ്രന്ഥം പ്രസിദ്ധീകരിക്കണമെന്നാണ് ആഗ്രഹിച്ചത്. കഴിഞ്ഞ നൂറ്റിഇരുപത്തഞ്ചുവർഷക്കാലത്തെ നായർ ഈഴവ ഐക്യത്തിന്റെ ചരിത്രം എഴുതിക്കഴിഞ്ഞപ്പോൾ നൂറ്റിനാൽപ്പത്തിനാല് പേജായി. പല സംഭവങ്ങളും വിശദീകരിക്കേണ്ടി വന്നതിനാലാണ് ഇത്രയും ദീർഘമായിപ്പോയത്.

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ നായർ ഈഴവ സമുദായങ്ങൾ യോജിച്ചാണ് പ്രവർത്തിച്ചത്. സമരം വിജയിച്ചുകഴിഞ്ഞപ്പോൾ ഈഴവ സമുദായത്തെ നായർ സമുദായം വഞ്ചിച്ചു. ഈ സംഭവം ഒറ്റ വാചകത്തിൽ എഴുതിയാൽ വായനക്കാർക്ക് പൂർണ്ണമായും കാര്യങ്ങൾ ഗ്രഹിക്കുവാൻ സാധിക്കുകയില്ല. അതുകൊണ്ട് മലയാളി മെമ്മോറിയൽ സമർപ്പിച്ച കാലഘട്ടത്തെ ചരിത്രപരമായി വിശദീകരിക്കേണ്ടത് ആവശ്യമായി വന്നു. ഇതുപോലെതന്നെ എല്ലാ സംഭവങ്ങളും വിശദീകരിക്കേണ്ടി വന്നതുകൊണ്ട് ഈ ഗ്രന്ഥം ഉദ്ദേശിച്ചതിൽ വലുതായി. നായർ ഈഴവ സമുദായങ്ങൾ പല ഘട്ടങ്ങളിലും ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ സന്ദർഭങ്ങളിലും ഈഴവ സമുദായത്തെ നായർ സമുദായം വഞ്ചിക്കുകയാണ് ചെയ്തിട്ടുള്ളത്. ഒരിക്കൽപ്പോലും ഈഴവസമുദായത്തിന്റെ ഉന്നതിക്കുവേണ്ടിയുള്ള പരിശ്രമങ്ങളെ നായർ സമുദായം പിന്തുണച്ചിട്ടില്ല. എന്നും എതിർക്കുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്.

നാമെല്ലാം മനുഷ്യരാണ്. ഏതെങ്കിലും ഒരു അണ്ടനും അടകോടനും വന്ന് ആവേശത്തോടെ വാചകമടിച്ച് വശത്താക്കി ആട്ടിൻപറ്റങ്ങളെപ്പോലെ നമ്മെ മേയ്ക്കാതിരിക്കുവാൻ ഉപയോഗിക്കുവാനാണ് ദൈവം നമുക്ക് യുക്തിചിന്തചെയ്യുവാനുള്ള കഴിവ് നൽകിയിട്ടുള്ളത്. അതുകൊണ്ട് ഭൂതകാല

www.malankaralibrary.com

ത്തിലേയും വർത്തമാനകാലത്തിലേയും സകല വിവരങ്ങളും ശേഖരിച്ച് നല്ല വണ്ണം വിചാരം ചെയ്തു വേണം ഭാവി രൂപപ്പെടുത്തുവാൻ. ഈഴവസമുദായം നായർസമുദായവുമായി യോജിച്ച് പ്രവർത്തിക്കാൻ തയ്യാറാകുമ്പോൾ പഴയകാല ചരിത്രം ശരിക്കുപഠിക്കണം. അല്ലാത്തപക്ഷം കഴിഞ്ഞകാലങ്ങളിലേതുപോലെ ഇനിയും ചതിയിൽപ്പെടുവാൻ ഇടയാകും. ശ്രീ. സ്വാമിവിവേകാനന്ദ സ്വാമികളുടെ "ഭാരതപുനരുദ്ധാരണം" എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു.

"ധർമ്മഗ്രന്ഥങ്ങളുടേയും വിധിനിഷേധങ്ങൾ തീരുമാനിക്കുവാനുള്ള അധികാരത്തിന്റേയും കുത്തകാവകാശം കയ്യടക്കിവച്ചത് ബ്രാഹ്മണരായിരുന്നു. ഭാരതത്തിലെ മറ്റു വംശജരെ ആവർത്തിച്ചാവർത്തിച്ച് നീചരെന്നും മ്ലേച്ഛരെന്നും വിളിച്ച് അവരുടെ ബുദ്ധിയിൽ അവർ അപ്രകാരം തന്നെ എന്നൊരു ധാരണ ബ്രാഹ്മണർ കുത്തിവെച്ചതാണ്. നീ നീചൻ, നീ മ്ലേച്ഛൻ എന്നിങ്ങനെ ഒരാളോട് സ്ഥാനത്തും അസ്ഥാനത്തും രാവും പകലും നിങ്ങൾ പറയുകയാണെങ്കിൽ കാലം ചെല്ലവേ അവൻ സ്വയം അങ്ങനെതന്നെയാണെന്ന് വിശ്വസിക്കുവാൻ നിർബ്ബന്ധിതനാകും. ......................... ഭാരതത്തിലെ പാവങ്ങൾക്ക്, താഴ്ന്നവർക്ക്, പാപികൾക്ക് ആരും സ്നേഹിതരില്ല, സഹായമില്ല. അവർ എങ്ങനെയൊക്കെ ശ്രമിച്ചാലും അവർക്ക് ഉയരുവാൻ കഴിയില്ല. ദിനംതോറും അവർ താഴോട്ട്, കൂടുതൽ താഴോട്ടു മുങ്ങുന്നു. നിഷ്ഠൂരമായ സമുദായം അവരുടെ മേൽ ചൊരിയുന്ന താഡനങ്ങൾ അവരെ വേദനിപ്പിക്കുന്നുണ്ട്. എന്നാൽ ആ താഡനങ്ങൾ, അടികൾ എവിടെനിന്നാണ് വരുന്നതെന്ന് ആ പാവങ്ങൾക്ക് അറിയില്ല. വിറകുവെട്ടുവാനും വെള്ളം കോരുവാനുമായി ജനിച്ച, ജന്മനാ അടിമകളാണ് തങ്ങൾ എന്നവരെ വിശ്വസിപ്പിക്കത്തക്കവിധം നൂറ്റാണ്ടുകളായി വിറകുവെട്ടികളും വെള്ളംകോരികളുമാകാൻ അവർ നിർബ്ബന്ധിതരായിട്ടുണ്ട്. അഹോ കഷ്ടം! ഈ നമ്മുടെ നാട്ടിൽ, വേദന്തം പിറന്ന നാട്ടിൽ, കാലാകാലങ്ങളായി ഈ അവസ്ഥയിൽ മനം മയക്കി നിർത്തപ്പെട്ടവരാണ് നമ്മുടെ ജനത. അവരെ തൊടുന്നത് അശുദ്ധി, അവരുടെ ഒപ്പം ഇരിക്കുന്നത് അശൌചം! ആശയ്ക്കവകാശമില്ലാതെ അവർ പിറന്നു, ആശയില്ലാതെ അവർ ജീവിക്കണം! അതിൻ ഫലമോ? അവർ താഴ്ന്നുമുങ്ങി, മുങ്ങി, മുങ്ങി ഒരു മനുഷ്യന്ന് താഴാവുന്നതിന്റെ നെല്ലിപ്പടിവരെ എത്തിയിരിക്കുന്നു."

ശ്രീ. വിവേകാനന്ദ സ്വാമികളുടെ മേൽപ്പറഞ്ഞവാക്കുകളാണ് ഈ ഗ്രന്ഥരചനയിൽ ആദ്യന്തം എന്നെ നയിച്ചത്. ഇന്ത്യയിലെ ഈഴവരാദി പിന്നോക്കസമുദായങ്ങളും അവർണ്ണരും കഴിഞ്ഞകാലങ്ങളിൽ അനുഭവിച്ച പീഡനങ്ങളുടെ കഥ അവർ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. നായർ ഈഴവ ഐക്യം

www.malankaralibrary.com

വിശാല ഹിന്ദുമുന്നണി തുടങ്ങിയ ചിന്തകളുടെ പുറകേ പരക്കം പായുമ്പോൾ ഈ വക കാര്യങ്ങളെപ്പറ്റി പിന്നോക്കജനവിഭാഗം ശരിക്കു പഠിക്കുകതന്നെ വേണം. ചവിട്ടി താഴ്ത്തപ്പെട്ട ലക്ഷക്കണക്കിനുള്ള അദ്ധ്വാനിക്കുന്ന പാവങ്ങളുടെ ഹൃദയരക്തത്താൽ സുഖലോലുപതയിൽ താലോലിക്കപ്പെട്ട് അവരെക്കുറിച്ച് ഒരിക്കൽപോലും സ്മരിക്കാത്തവരെ ചതിയൻ എന്നാണ് സ്വാമിവിവേകാനന്ദൻ വിളിച്ചത്. തങ്ങളുടെ പ്രതാപത്തിന്റെ, ശക്തിയുടെ ജീവരക്തം ആരൊരുവരുടെ മുഖം അരച്ചുകലക്കിയാണോ ഉണ്ടാക്കിയത്, ആ പാവങ്ങളെക്കുറിച്ച് എപ്പോഴാണ് ചരിത്രത്തിന്റെ ഏതു കാലഘട്ടത്തിലാണ് നിങ്ങളുടെ ആഢ്യന്മാരോ സവർണ്ണരോ പുരോഹിതരോ പ്രഭുക്കന്മാരോ സ്മരിച്ചിട്ടുള്ളത് എന്ന വിവേകാനന്ദന്റെ ചോദ്യം ആവർത്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഈ ഗ്രന്ഥത്തിന് ഒരവതാരിക എഴുതേണ്ടത് ആരാണെന്നുള്ളതിനെപ്പറ്റി ഞാൻ ചിന്തിക്കുകയുണ്ടായി. എനിക്ക് യാതൊരു പരിചയവും ഇല്ലാത്ത അഡ്വ.എം.ജി. മാത്യു അവർകൾ രചിച്ച പല ഗ്രന്ഥങ്ങളും ഞാൻ വായിച്ചിട്ടുണ്ട്. ഈ ഗ്രന്ഥത്തിന് അവതാരിക എഴുതാൻ ഏറ്റവും അനുയോജ്യൻ അഡ്വ. മാത്യു ആണെന്ന് എനിക്ക് ബോദ്ധ്യം വന്നു. ഞാൻ അദ്ദേഹത്തെ സന്ദർശിച്ച് ഒരു അവതാരിക എഴുതണമെന്ന് അഭ്യർത്ഥിച്ചു. അദ്ദേഹം അത് സസന്തോഷം സ്വീകരിച്ചു. ഇന്ത്യയിലെ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെ ഉദ്ധാരണത്തിനുവേണ്ടി ജീവിത ഉഴിഞ്ഞുവച്ച ഒരു വ്യക്തിയാണ് അഡ്വ. എം.ജി. മാത്യു. ഈ ഗ്രന്ഥത്തിന് പണ്ഡിതോചിതമായ അവതാരിക എഴുതിത്തന്ന ശ്രീ. മാത്യുവിനോട് എനിക്കുള്ള നന്ദി പ്രകാശിപ്പിക്കട്ടെ. ഈ ഗ്രന്ഥ രചനയ്ക്ക് പ്രചോദനം നൽകിയ ദീപനാളം വാരികയുടെ പത്രാധിപർ ഫാ. സെബാസ്റ്റ്യൻ അടപ്പശ്ശേരി അവർകളോടും നന്ദി പ്രകാശിപ്പിക്കുന്നു.

ഈ ഗ്രന്ഥത്തിന്റെ ഡി.റ്റി.പി. ജോലി ഭംഗിയായും കൃത്യസമയത്തും തയ്യാറാക്കിതന്ന സി-കാഡ് കമ്പ്യൂട്ടേഴ്സ് (ഈരാറ്റുപേട്ട) പ്രവർത്തകരോടും, ഭംഗിയായി അച്ചടിച്ച് തന്ന ദീപിക ഓഫ്സെറ്റ് പ്രിന്റേഴ്സ് പ്രവർത്തകരോടും നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

**ജോൺകച്ചിറമറ്റം**

രാമപുരം, പിഴക്

14-04-2005

www.malankaralibrary.com

# ഗ്രന്ഥസൂചിക


1. ക്രൈസ്തവവിജ്ഞാനകോശം - ഫാ. ജോർജ് ... ... ... ... ചീഫ് എഡിറ്റർ
2. തിരുവിതാംകൂർസ്വാതന്ത്ര്യസമരചരിത്രം- ശ്രീ. സി.നാരായണപിള്ള
3. കേരളചരിത്രം - ശ്രീ. ശ്രീധരമേനോൻ
4. ഗീതയും ബൈബിളും - അഡ്വ. എം.ജി. മാത്യു പെരുമ്പാവൂർ
5. മതേതരഭാരതത്തിലെ മതഭ്രാന്ത് - അഡ്വ. എം.ജി. മാത്യു പെരുമ്പാവൂർ
6. മതേതരഭാരതവും ഹിന്ദുത്വവും - അഡ്വ. എം.ജി. മാത്യു പെരുമ്പാവൂർ
7. മതപരിവർത്തനം - ഒരു സംവാദം
   (പ്രധാനമന്ത്രിക്ക് ഒരു തുറന്നകത്ത്) - അഡ്വ. എം.ജി. മാത്യു പെരുമ്പാവൂർ
8. കഴിഞ്ഞകാല സ്മരണകൾ ആത്മകഥ ശ്രീ. കുളത്തുശങ്കുപ്പിള്ള
9. എന്റെ ആത്മകഥ ആത്മകഥ ശ്രീ. എം.എൻ. ഗോവിന്ദൻ നായർ
10. ഓർമ്മകളിലൂടെ ആത്മകഥ ശ്രീ. എം.എം. വർക്കി
11. എന്റെ ജീവിതസമരം ആത്മകഥ ശ്രീ. സി.കേശവൻ
12. എന്റെ ജീവിത സ്മരണകൾ ആത്മകഥ ശ്രീ. പി.സി. ജോസഫ് പുവത്തിങ്കൽ
13. എന്റെ ജീവിതയാത്ര ആത്മകഥ ശ്രീ. പി.ജെ. സെബാസ്റ്റ്യൻ
14. ആത്മകഥ ആത്മകഥ ശ്രീ. മന്നത്തുപദ്മനാഭൻ
15. മാർ ളൂയീസ് പഴേപറമ്പിൽ ജീവചരിത്രം ഫാ. ഐ.സി. ചാക്കോ
16. നിധീരിക്കൽമാണിക്കത്തനാർ ജീവചരിത്രം ഫാ. വി.സി. ജോർജ്ജ്
17. സഖാവ് സുഗതൻ ജീവചരിത്രം ശ്രീ. പുതുപ്പള്ളി രാഘവൻ
18. ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും ശ്രീ. ജോൺ കച്ചിറമറ്റം
19. സ്മരണിക സൗത്ത് കേരള ഡയോസീസ്
20. വൈക്കം സത്യാഗ്രഹം ശ്രീ. എൻ.കെ. ജോസ്
21. ഭാരതസഭാചരിത്രം റവ. ഡോ. സേവ്യർകൂടപ്പുഴ
22. ഭാരതപുനരുദ്ധാരണം ശ്രീ. സ്വാമി വിവേകാനന്ദസ്വാമികൾ
23. Re-discovery of India Rev.Dr. Augustine Kachiramattom


www.malankaralibrary.com

## 1

# നായർ ഈഴവ ഐക്യം

സാമ്പത്തികനേട്ടം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നവർ ഇന്ന് സമൂഹത്തിൽ ധാരാളമുണ്ട്. എങ്ങനെയും പണം ഉണ്ടാക്കണമെന്നു മാത്രമാണവരുടെ ലക്ഷ്യം. പണം സമ്പാദിക്കുന്നതിന് ഏതുമാർഗ്ഗവും സ്വീകരിക്കുവാൻ അവർ തയ്യാറാണ്. വിസ തട്ടിപ്പ്, നോട്ടിരട്ടിപ്പ്, പെൺ വാണിഭം തുടങ്ങി പലക്രൂരതകളും ചെയ്യുവാൻ അവർ മടികാട്ടുകയില്ല.

വിസ വാങ്ങികൊടുക്കാമെന്ന് കാണിച്ച് പലരുടെയും അടുത്തുനിന്ന് ആയിരങ്ങൾ വാങ്ങിയതിനുശേഷം മുങ്ങുന്നവരുടെ ചരിത്രം പത്രങ്ങളിൽ പലപ്പോഴും കാണാം. എന്നാലും അത്തരക്കാരുടെ കബളിപ്പിക്കലിൽ വീണ്ടും വീണ്ടും ആളുകൾ ചെന്ന് വീഴുന്നതുകാണാം. എങ്ങിനെയും നേട്ട മുണ്ടാക്കാൻ നിയമരഹിതമായി പ്രവർത്തിക്കുവാൻ അവർ തയ്യാറാണ്. അവ രുടെ ആ മനോഭാവത്തെ തന്ത്രപൂർവ്വം ചൂഷണം ചെയ്യുകയാണ് തട്ടിപ്പുകാർ. ഇരുകൂട്ടരും ചെയ്യുന്നത് തെററാണ്. അതുകൊണ്ട് തട്ടിപ്പ് നടത്തിയവനും തട്ടിപ്പിന് വിധേയമായവനും വിവരം പുറത്ത് ആരും അറിയാതിരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ഈ രഹസ്യം കാക്കൽ കൂടുതൽ തട്ടിപ്പിന് വഴി യൊരുക്കുകയും ചെയ്യുന്നു.

നോട്ടിരട്ടിപ്പ് മറെറാരു തന്ത്രമാണ്. കൊടുക്കുന്ന തുകയുടെ ഇരട്ടി തുക കൊടുക്കും എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് പണം തട്ടിയെടുക്കുകയാണ്. എങ്ങനെ ഇരട്ടിക്കുന്നുവെന്ന് ഒന്നും ചിന്തിക്കാതെ ഇരട്ടിപ്പിക്കുവാൻ രൂപകൊടുക്കും. രൂപാകൊടുക്കുന്നവന്റെ ജീവൻപോലും പലപ്പോഴും നഷ്ട പ്പെടുകയാണ് പതിവ്. ചിലർക്ക് ഒന്നുരണ്ടു നോട്ടുകൾക്ക് അകത്ത് കടലാസ് വച്ച് കളിപ്പിക്കുകയായിരിക്കും പതിവ്. അബദ്ധം പററുന്നവൻ പുറത്ത് പറയുകയില്ല.

നോട്ടിരട്ടിപ്പിക്കലിലെ, കളിപ്പിക്കലുടെ ചരിത്രം പലപ്പോഴും പത്രത്തിൽ കാണാം. എന്നിരുന്നാലും വീണ്ടും വീണ്ടും ആളുകൾ നോട്ടിരട്ടിപ്പിക്കാൻ പോകുന്നു.

നായരീഴവഐക്യം എന്നു കേൾക്കുമ്പോൾ ഈ തട്ടിപ്പിന്റെ കഥയാണ് ആദ്യം ഓർമ്മയിൽ എത്തുക. ഇതിൽ തട്ടിപ്പ് നടത്തുന്നത് എൻ. എസ്സ്.എസ്സും, തട്ടിപ്പിന് വിധേയനാകുന്നത് എന്നും എസ്സ്.എൻ.ഡി.പി. യുമാണ്. എത്ര തട്ടിപ്പിന് വിധേയമായാലും അതുമനസ്സിലാക്കാതെ വീണ്ടും വീണ്ടും തട്ടിപ്പിന് നിന്നു കൊടുക്കുന്നത് പിന്നോക്ക സമുദായങ്ങൾക്ക്

www.malankaralibrary.com

കൂടുതൽ അപകടകരമാകുമെന്നതിൽ സംശയം വേണ്ട. പിന്നോക്ക സമുദായങ്ങളെ മൊത്തകച്ചവടം നടത്തി സമുദായത്തെ വഞ്ചിക്കാൻ ചിലർ നടത്തുന്ന ശ്രമങ്ങളായിരിക്കാമിത്. ആ ശ്രമങ്ങൾക്ക് നേതൃത്വം നൽകുന്ന വർക്ക് ചില താൽക്കാലിക നേട്ടങ്ങളുണ്ടാകാം. ഒരു സമൂഹത്തെ മുഴുവൻ ഒററികൊടുത്തുകൊണ്ട് സ്വന്തം താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുവാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കും.

നൂററാണ്ടുകളായി സവർണ്ണർ അവർണ്ണരോട് ചെയ്ത ദ്രോഹങ്ങൾ എന്തായിരുന്നു? ആ ദുരവസ്ഥയിൽ നിന്ന് പിന്നോക്കജനവിഭാഗങ്ങളെ രക്ഷി ക്കുന്നതിന് മുഖ്യ നേതൃത്വം നൽകിയവർ ആരാണ്? നിയമപരമായി പിന്നോക്കവിഭാഗങ്ങളെ സവർണ്ണരിൽ നിന്ന് മോചിപ്പിച്ചെങ്കിലും പിന്നെയും പിന്നോക്കക്കാരെ ദ്രോഹിക്കാൻ നടത്തിയ ഹീന ശ്രമങ്ങൾ എന്തൊ ക്കെയാണ്? ഹിന്ദു മഹാമുന്നണി, നായരീഴവ ഐക്യം എന്നൊക്കെപ്പറഞ്ഞ് വിശാലഹിന്ദുമുന്നണി കെട്ടിപ്പെടുക്കാനുള്ള സവർണ്ണരുടെ ശ്രമം അവർണ്ണവിഭാഗങ്ങളെക്കൊണ്ട് ന്യൂനപക്ഷ സമുദായങ്ങളെ അധിക്ഷേപി ക്കാനുള്ള നീക്കം മാത്രമല്ലേ? പിന്നോക്ക ജനവിഭാഗങ്ങളുടെ സമഗ്രപുരോഗ തിലക്ഷ്യമാക്കി പ്രവർത്തിച്ച ക്രിസ്ത്യൻ മിഷനറിമാരെ ആരാണ് കഴിഞ്ഞ കാലങ്ങളിൽ ദ്രോഹിച്ചത്? ഹിന്ദു വർഗീയത ഉയർത്തിക്കാട്ടി പിന്നോക്ക വിഭാഗങ്ങളെക്കൊണ്ട് ക്രിസ്ത്യൻ മിഷനറിമാരെ ആക്രമിക്കാൻ നടത്തുന്ന ശ്രമങ്ങളിൽ പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടുന്നത് ശരിയാണോ? മനുഷ്യാ വകാശ സംരക്ഷണത്തിനായി പിന്നോക്ക സമുദായങ്ങൾ നടത്തിയ ജനകീയ സമരങ്ങളോട് സവർണ്ണർ സ്വീകരിച്ച നിലപാട് എന്തായിരുന്നു? ക്ഷേത്ര ങ്ങളിൽ കയറി ആരാധന നടത്താൻ പോലും അവകാശമില്ലാതിരുന്ന പിന്നോ ക്കക്കാരെ ഹിന്ദുക്കളായി അംഗീകരിക്കാൻ തയ്യാറായതിന്റെ ഉദ്ദേശം എന്ത്?

തങ്ങൾ നൂററാണ്ടുകളായി അനുഭവിച്ചു വന്ന ദുരിതങ്ങളുടെ കഥ പഠിക്കാതെ സവർണ്ണർ ഉയർത്തിക്കാട്ടുന്ന വർഗീയതയുടെ പുറകേ പോകുന്ന ഈഴവർക്ക് കൂടുതൽ ദുരിതങ്ങളായിരിക്കും വരാൻ പോകുന്നത്.

കഴിഞ്ഞകാല ചരിത്രത്തിലേക്ക് നമുക്കൊന്ന് കണ്ണോടിക്കാം.

www.malankaralibrary.com

## 2

# ഇന്ത്യയിലെ അവർണ്ണ ഹിന്ദുക്കൾ

അടിമകളും അവഗണിക്കപ്പെട്ടവരുമായ അവശദുർബല ജനവിഭാഗങ്ങളെ ഏത് രാജ്യത്തും കണ്ടെത്താൻ സാധിക്കും. സമൂഹത്തിലെ ഏററം പിന്നോക്കക്കാരാണവർ. എങ്കിലും ഈ പിന്നോക്കാവസ്ഥ ഒരു സ്ഥിരം പ്രതിഭാസമല്ല. കാലത്തിന്റെ തികവിൽ തങ്ങളുടെ സാമൂഹിക നിലവാരം മെച്ചപ്പെടുത്താനും സമൂഹജീവിതത്തിന്റേതായ എല്ലാ കർമ്മരംഗങ്ങളിലും തങ്ങളുടേതായ പങ്ക് വഹിക്കാനും അവർ പ്രാപ്തരായിത്തീർന്നു. അനേകായിരം വർഷങ്ങളായി അവശരും അസ്വതന്ത്രരും അടിമകളുമായി കഴിഞ്ഞുകൂടുന്ന ഒരേയൊരു സമൂഹം മാത്രമേ ഭൂമുഖത്തുള്ളു. അവരാണ് ഇന്ത്യയിലെ അവർണ്ണ ഹിന്ദുക്കൾ. അത്ഭുതമൊന്നും സംഭവിക്കുന്നില്ലെങ്കിൽ അവരുടെ പിന്നോക്കാവസ്ഥയ്ക്ക് ഒരു കാലത്തും അറുതിവരുവാൻ പോകുന്നില്ലന്നതാണ് സത്യം.

നൂററാണ്ടുകൾ നീണ്ടുനിന്ന നിരന്തരയുദ്ധങ്ങളിലൂടെ രാജ്യം മുഴുവൻ വെട്ടിപ്പിടിച്ച് ഇന്ത്യയിൽ ആധിപത്യമുറപ്പിച്ച ആര്യന്മാരുടെ ദൃഷ്ടിയിൽ ദ്രാവിഡരും ആദിവാസികളുമുൾപ്പെടെ തങ്ങൾ കീഴടക്കിയ സകലരും അവർണ്ണരും അപരിഷ്കൃതരുമായിരുന്നു. അതേ സമയം സവർണ്ണരും ശ്രേഷ്ഠന്മാരുമാണ് തങ്ങളെന്നാണ് അവർ സ്വയം അവകാശപ്പെട്ടിരുന്നത്. ആര്യൻ എന്ന പദത്തിന്റെ അർത്ഥം ശ്രേഷ്ഠൻ എന്നാണല്ലോ.

അവർണ്ണർ കഴിവും കരുത്തും ആർജ്ജിച്ച് തങ്ങൾക്കെതിരായി അണിനിരക്കാനും തങ്ങളെ വെല്ലുവിളിക്കാനും ഇടയാകരുതെന്ന് ആര്യന്മാർക്ക് നിർബ്ബന്ധമുണ്ടായിരുന്നു. അതുകൊണ്ട് രാജ്യഭരണവുമായി ബന്ധപ്പെട്ട യാതൊരു ജോലിയും അവർണ്ണർക്ക് നൽകിയിരുന്നില്ല. അവരെ വെറും ആശ്രിതരും ഭൃത്യന്മാരുമായി കണക്കാക്കി താഴ്ന്ന ജോലികൾ മാത്രമേ അവർക്ക് നൽകിയിരുന്നുള്ളു. അതുകൊണ്ടാണ് അവർണ്ണർക്ക് അധഃകൃതർ എന്ന പേരുകൂടി ലഭിച്ചത്.

ഏത് ജോലിയും ചെയ്യാനുള്ള സ്വാതന്ത്ര്യം അധഃകൃതർക്കുണ്ടായിരുന്നില്ല. അവരെ പലപല സമൂഹങ്ങളായി വേർതിരിച്ച് ഓരോ സമൂഹത്തിനും പ്രത്യേകം ജോലികളാണ് നൽകിയിരുന്നത്. തങ്ങളെ ഏല്പിച്ച ജോലിയല്ലാതെ മററൊരു ജോലിയും ചെയ്യാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. പിതാവ് ചെയ്തിരുന്ന ജോലി അവകാശക്രമത്തിന് പുത്രപൗത്രാദികളും ഏറെറടുക്കേണ്ടതായി വന്നുകൂടി. അങ്ങനെയാണ് ഓരോ സമൂഹത്തിനും കുലത്തൊഴിലും കുലത്തൊഴിലിന്റെയടിസ്ഥാനത്തിൽ

www.malankaralibrary.com

ജാതികളുമുണ്ടായത്. ഹീന ജാതിക്കാർ എന്ന പേരിൽ അവർ അറിയപ്പെട്ടു. കുലത്തൊഴിലുപേക്ഷിച്ച് മററൊരുതൊഴിൽ സ്വീകരിക്കുവാൻ ആരെയും അനുവദിച്ചിരുന്നില്ല.

ഹീനജാതിക്കാരായ അവർണ്ണരുടെ ആചാരാനുഷ്ഠാനങ്ങളത്രയും നിർണ്ണയിച്ചിരുന്നത് സവർണ്ണരാണ്. ഓരോ ജാതിക്കും പ്രത്യേകമായ ആചാരങ്ങൾ ഏർപ്പെടുത്തിയും അന്ധവിശ്വാസങ്ങൾ പ്രചരിപ്പിച്ചും ഒരു കാലത്തും ഐക്യപ്പെടുത്താനാവാത്തവിധം അവർണ്ണരെ തിരിച്ചുനിർത്താൻ അവർക്ക് കഴിഞ്ഞിരുന്നു. ഒപ്പംതന്നെ അവരെ അയിത്തക്കാർ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരുമായി കണക്കാക്കി പൊതുസമൂഹത്തിൽ നിന്ന് അകററിനിറുത്തുകയും ചെയ്തിരുന്നു. പൊതുനിരത്തുകളിലൂടെ സഞ്ചരിക്കാൻപോലും അവരെ അനുവദിച്ചിരുന്നില്ല.

അവർണ്ണർ സ്വന്തമായി വസ്തുവകകൾ സമ്പാദിക്കുന്നത് കുററകരമാക്കിയിരുന്നു. മേലാളന്മാർ കനിഞ്ഞ് നൽകിയിരുന്ന കൂലികൊണ്ട് മാത്രം കഴിഞ്ഞുകൊള്ളണമെന്നായിരുന്നു നിയമം അനുശാസിച്ചിരുന്നത്. അടിമകളും ദാസന്മാരുമായ അവർണ്ണർ വിദ്യയഭ്യസിക്കുന്നതിനും നിയമം അനുകൂലമായിരുന്നില്ല. സവർണ്ണനായ ശൂദ്രനെപ്പോലും വിദ്യയഭ്യസിക്കുവാൻ അനുവദിച്ചിരുന്നില്ല. ശുദ്രനും ദാസനാണത്രേ. ദാസനെന്തിന് വിദ്യ എന്നാണ് നിയമദാതാക്കൾക്ക് ചോദിക്കാനുണ്ടായിരുന്നത്. അഭ്യസ്തവിദ്യനായ ശൂദ്രനെ സമൂഹത്തിൽ നിന്നുതന്നെ പുറന്തള്ളുക എന്നാണ് 'മനു' അനുശാസിച്ചിരുന്നത്.

നിയമങ്ങൾ നിർമ്മിച്ചിരുന്നതാകട്ടെ ഭൂമിയിലെ ദേവന്മാരും മതാചാര്യന്മാരുമായിരുന്ന ബ്രാഹ്മണരാണ്. പൂർണ്ണമായും മതനിയമങ്ങളായിരുന്നു അവ. രാജ്യത്തിന്റെ നിയമങ്ങളാക്കിക്കൂടി അവ അംഗീകരിക്കുകയാണുണ്ടായത്. അതികർക്കശങ്ങളായിരുന്ന ഈ നിയമങ്ങളിൽ നിന്ന് അവർണ്ണരായ ആരെയും ഒഴിവാക്കിയിരുന്നില്ല. ഭരണാധികാരികൾക്കെന്നല്ല സവർണ്ണരായ സകലർക്കും അവർണ്ണരെ ശിക്ഷിക്കാൻ അവകാശമുണ്ടായിരുന്നു. നിസ്സാരകുററത്തിനു പോലും വധശിക്ഷ നൽകപ്പെട്ടിരുന്നു. അവർണ്ണരെ കൊല്ലുന്നത് പാപമോ ഹീനകൃത്യമോ ആയി സവർണ്ണർ കണക്കാക്കിയിരുന്നില്ല. സവർണ്ണരിൽ നിന്നും അവർണ്ണർ അനുഭവിക്കേണ്ടി വന്ന പീഢനങ്ങൾ വാക്കുകൾകൊണ്ട് വർണ്ണിക്കാവതല്ല. ആ പീഢനങ്ങളുടെ ചരിത്രം അറിയാവുന്ന ആരും നായരീഴവ ഐക്യം എന്ന് ഉരുവിടുകയില്ല.

മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരും ഒന്നുപോലെ

ഈ ഈരടികൾ അറിയാൻ പാടില്ലാത്ത മലയാളികൾ ഇല്ല. മലയാളികളുടെ ഹൃദയങ്ങളെ എന്നും തരളിതമാക്കിയിട്ടുള്ള ഈരടിക

www.malankaralibrary.com

ളാണിത്. ഉച്ചനീചത്വങ്ങളില്ലാത്ത ഒരു കാലഘട്ടം നമുക്കുണ്ടായിരുന്നു, മനുഷ്യൻ മനുഷ്യനെ പീഡിപ്പിക്കാത്ത ഒരു സുവർണ്ണകാലമായിരുന്നു അത്. കാലപ്രവാഹത്തിന്റെ ഗതിവിഗതികളിൽപ്പെട്ട് ആ സൗഭാഗ്യം നമുക്ക് നഷ്ടപ്പെട്ടു. അതേസ്ഥാനത്ത് അനീതിയും അസമത്വവും നിറഞ്ഞ ഒരു ദുഷിച്ച സാമൂഹ്യവ്യവസ്ഥിതിയുടെ കുരുക്കിൽ നാം വഴുതി വീഴുകയും ചെയ്തു. ജാതിവ്യവസ്ഥ ഇന്ത്യയുടെ മുഴുവൻ ശാപമാണ്. എന്നാൽ ആ വികലസമ്പ്രദായം കേരളത്തിലാണ് ഭീകരസ്വഭാവം കൈക്കൊണ്ടത്.

ആർ. ശങ്കറിന്റെ ജീവചരിത്രം രചിച്ചത് ശ്രീ. എം.കെ. കുമാരനാണ്. ആ ഗ്രന്ഥത്തിൽ (പുറം 35) ഇപ്രകാരം എഴുതിയിരിക്കുന്നു. “കേരളത്തിലും ഇന്ത്യയിലും നാം കാണുന്ന ജാതിവ്യവസ്ഥയുടെ പൂർവ്വരൂപം ചാതുർ വർണ്യമാണ്. ചാതുർവർണ്യത്തിൽ ആരംഭകാലത്ത് നാലു ജാതികൾക്കേ സ്ഥാനമുണ്ടായിരുന്നുള്ളു. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യജാതികൾ ഭരണ കർത്താക്കളും ശൂദ്രർ അവരുടെ സേവകപ്പരിഷകളുമായിരുന്നു. വേദകാല ങ്ങളിൽ ക്ഷയിച്ചുതുടങ്ങിയ ഗോത്രജീവിത സമ്പ്രദായം പാടേ തകരുകയും സമൂഹത്തെ ഉള്ളവരും ഇല്ലാത്തവരുമായി വിഭജിക്കുന്ന ചാതുർവർണ്യ വ്യവസ്ഥ ക്രമേണ പ്രബലപ്പെടുകയും ചെയ്തു. ഈ പരിവർത്തനത്തിന് നേതൃത്വം നൽകിയത് സ്വാർത്ഥതൽപരന്മാരായ വൈദികന്മാരാണെന്നാണ് സ്വാമി വിവേകാനന്ദൻ പറയുന്നത്. ബുദ്ധഭഗവാന്റെ ആവിർഭാവം ഈ വിഷമസന്ധിയിലായിരുന്നു. അദ്ദേഹം ചാതുർവർണ്യത്തെ മാത്രമല്ല, വേദമാഹാത്മ്യത്തെയും വൈദികമേധാവിത്വത്തെയും നിഷേധിച്ചു. ബൗദ്ധാ ദർശങ്ങളുടെ പ്രചാരത്തോടുകൂടി ഇന്ത്യ സകല ജീവിതമണ്ഡലങ്ങളിലും അത്ഭുതകരങ്ങളായ നേട്ടങ്ങൾ കൈവരുത്തി. എന്നാൽ വൈദിക മേധാവിത്വത്തെ ഉന്മൂലനം ചെയ്യുവാൻ ബുദ്ധമതത്തിനു കഴിഞ്ഞില്ല.”

അവർണ്ണർക്ക് മോചനം ലഭിച്ച ഒരു കാലഘട്ടമായിരുന്നു ബുദ്ധമത കാലഘട്ടം. പാവപ്പെട്ടവരുടെ ദുരന്തദുരിതങ്ങളിൽ മനംനൊന്ത് അവരുടെ മോചനത്തിനുവേണ്ടി അധികാരം പോലും വച്ചൊഴിഞ്ഞ സിദ്ധാർത്ഥ രാജകുമാരൻ ശ്രീബുദ്ധനായി മാറിയ കഥ എല്ലാവർക്കും അറിയാം. സ്നേഹ ത്തിന്റെയും സഹാനുഭൂതിയുടെയും അഹിംസയുടെയും കരുണയുടെയും സനാതനമന്ത്രങ്ങളുരുവിട്ടുകൊണ്ടും നാടെങ്ങും സഞ്ചരിച്ച് പാവപ്പെട്ടവരുടെ ജീവിതത്തിൽ വിളക്കേററി വച്ച ആ മഹാത്യാഗിക്ക് എവിടെയും അനുയായി കളുണ്ടായി. ബുദ്ധമതം വളർന്നു വികസിച്ചു. ഇന്ത്യയുടെ ഔദ്യോഗികമത മായി പ്രഖ്യാപിക്കപ്പെട്ടു. ഭാരതത്തിന്റെ ഐശ്വര്യത്തിന്റെ കാലഘട്ട മായിരുന്നു അത്. ഈ കാലഘട്ടത്തിൽ ചാതുർവർണ്ണവ്യവസ്ഥിതി നാമാവശേഷമായി.

ബുദ്ധമതത്തിൽ ഉണ്ടായ പിളർപ്പും നേതൃത്വത്തിന്റെ സ്വാർത്ഥ മോഹവും ആര്യന്മാരുടെ ഉയർത്തെഴുന്നേൽപ്പിന് വീണ്ടും കാരണമായി.

www.malankaralibrary.com

ക്രൂരവും സംഘടിതവുമായ മതപീഡനംകൊണ്ടാണ് ബുദ്ധമതം ഇവിടെ തകർന്നതെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ബുദ്ധമതവിശ്വാസികളായ രാജാക്കന്മാരും ബുദ്ധഭിക്ഷുക്കളും അന്യമതക്കാരോടു കാണിച്ച സഹിഷ്ണുത ഹിന്ദു രാജാക്കന്മാരിൽ നിന്നോ ഹിന്ദുമത പ്രചാരകന്മാരിൽ നിന്നോ ബുദ്ധമതക്കാർക്ക് ലഭിച്ചില്ല. തൽഫലമായി ബുദ്ധമതം അതിന്റെ ജന്മദേശത്തുനിന്ന് പുറന്തള്ളപ്പെട്ടു. അതേതുടർന്ന് ഹിന്ദുമതം കരുത്താർജ്ജിക്കുകയും ഇന്ത്യയുടെ ഔദ്യോഗികമതമായി തീരുകയും ചെയ്തു. അതോടെ വീണ്ടും സവർണ്ണരും അവർണ്ണരുമുണ്ടായി. മനുസ്മൃതിയും ചാണക്യസൂത്രവും വീണ്ടും പ്രാബല്യത്തിൽ വന്നു. ചാതുർവർണ്യത്തിന്റെ ഉയർത്തെഴുന്നേൽപ്പ് ഇന്ന് നിലവിലിരിക്കുന്ന ജാതി സമ്പ്രദായത്തിന് വഴിയൊരുക്കി. നാലുജാതികളുടെസ്ഥാനത്ത് അനേകശതം ജാതികളും ഉണ്ടായി. ഓരോ ജാതിയേയും പ്രത്യേകം പ്രത്യേകം കുററികളിൽ വരിഞ്ഞുകെട്ടി. വളരെ ബോധപൂർവ്വകമായ ഒരു നീക്കമായിരുന്നു ഇത്.

ഈ സാമൂഹിക വ്യവസ്ഥയുടെ പിൻപിൽ നാം കാണുന്നത് ചിലരുടെ സാമ്പത്തിക താൽപര്യങ്ങൾ മാത്രമായിരുന്നു. ജാതിവ്യവസ്ഥ കെട്ടിപ്പടുത്തതിന്റെ പിന്നിലും ഈ സാമ്പത്തിക താല്പര്യം വ്യക്തമായി കാണുവാൻ സാധിക്കും. സ്വാർത്ഥമതികൾ സാമ്പത്തികചൂഷണത്തിന് മതത്തെയും രാഷ്ട്രീയാധികാരത്തെയും ഉപയോഗിക്കുകയും ചെയ്തു. നൂററാണ്ടുകൾ ഈ ജാതിവ്യവസ്ഥയെ നിലനിർത്തിയത് മതത്തിന്റെയും രാഷ്ട്രീയാധികാരത്തിന്റെയും പിന്തുണകൊണ്ട് മാത്രമാണ്.

ഋഗ്വേദത്തിലെ പുരുഷസൂക്തമാണ് ചാതുർവർണ്യത്തിന് ആധാരമായി കണക്കാക്കിയിരിക്കുന്നത്. ബുദ്ധമതപ്രഭാവകാലത്ത് അയിത്തജാതിക്കാരിയായ മുക്കുവത്തിയുടെ മകൻ വ്യാസനാൽ രചിക്കപ്പെട്ട ബ്രഹ്മസൂത്രത്തിൽ ചാതുർവർണ്യത്തെ അരക്കിട്ട് ഉറപ്പിച്ചിരിക്കുകയാണ്. ചാതുർവർണ്യത്തെ ന്യായീകരിക്കുന്ന വ്യാസന്റെ ബുദ്ധിക്കസർത്ത് മുക്കുവത്തിയുടെ മകന്-വ്യാസന് ബ്രാഹ്മണ്യം നേടാവുന്ന സാഹചര്യം ഉണ്ടാക്കിക്കൊടുത്തിരിക്കാം.

## ശങ്കാരാചാര്യരുടെ തത്ത്വചിന്ത

എണ്ണപ്പെട്ട ഒരു തത്വചിന്തകൻ എന്ന നിലയിൽ ലോകമെങ്ങും അറിയപ്പെട്ടിരുന്ന ശങ്കരാചാര്യരാണ് ചാതുർവർണ്യവ്യവസ്ഥിതിയെ അംഗീകരിക്കാൻ പാടുപെട്ട മറെറാരു പ്രതിഭാശാലി. ശൂദ്രന് ഇഹത്തിലും പരത്തിലും രക്ഷയില്ലന്ന് ശങ്കരാചാര്യർ സമർത്ഥിച്ചത് മനസ്മൃതിയുടെ പിൻബലത്തിലാണ്. "ബ്രാഹ്മണരുടെയും മററു ദ്വിജന്മാരുടെയും മേധാവിത്വം ഉറപ്പിക്കുന്നതിനും ശുദ്രന്മാരെ മോചനമില്ലാത്ത അടിമകളാക്കി വയ്ക്കുന്നതിനും വേണ്ടി രചിക്കപ്പെട്ട മനുസ്മൃതിയുടെ മുമ്പിൽ ശങ്കരന്റെ

www.malankaralibrary.com

തമ്പിന്ന കീഴടങ്ങുകയാണ് ചെയ്തതെന്ന്" എം.കെ. കുമാരൻ ആർ ശങ്കരന്റെ ജീവചരിത്രത്തിൽ (പുറം 37) രേഖപ്പെടുത്തിയിട്ടുണ്ട്.

ശ്രുതികളെയും സ്മൃതികളെയും വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യണമെന്നായിരുന്നു അന്നത്തെ ധർമ്മശാസ്ത്രകാരന്മാരുടെ കല്പന. അപ്രകാരം ചെയ്യാത്തവർ കടുത്ത ശിക്ഷകൾക്ക് വിധേയരാകേണ്ടി വന്നു. അദ്വൈതവേദാന്തത്തിന്റെ പ്രചാരകനായ ശങ്കരാചാര്യരും പിന്നീടു വന്ന മതപണ്ഡിതന്മാരും മതപരിഷ്കർത്താക്കളുമെല്ലാം ചാതുർവർണ്യ വ്യവസ്ഥിതിക്ക് വഴങ്ങുകയാണുണ്ടായത്. ഇതിനെതിരെ സ്വതന്ത്രമായി ചിന്തിക്കുന്നതിനോ പ്രവർത്തിക്കുന്നതിനോ ആരും ധൈര്യപ്പെട്ടില്ല. നീതിയല്ലാത്ത ഈ നീതിയെ ആദ്യമായി ചോദ്യം ചെയ്തത് – ജാതിവ്യവസ്ഥകളേയും ചാതുർവർണ്യത്തെയും ഫലപ്രദമായും സംഘടിതമായും എതിർത്തത് ശ്രീനാരായണഗുരുവായിരുന്നു.

ജാതിവ്യവസ്ഥയുടെ ഗുണഭോക്താക്കളായിരുന്ന ചൂഷകവർഗ്ഗത്തിന്റെ സന്തതിപരമ്പരകൾ ജാതിവ്യവസ്ഥകൊണ്ട് ഇന്ത്യയ്ക്ക് വമ്പിച്ച നേട്ടങ്ങൾ ഉണ്ടായി എന്ന് പറയുവാൻ ഇന്നും ധൈര്യം കാണിക്കുന്നുണ്ട്. വേദം പഠിക്കുന്നത് കേൾക്കുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കണമെന്ന് വ്യവസ്ഥ ഏർപ്പെടുത്തിയവരുടെ ചിന്തയെപ്പററി എന്തു പറയുവാനാണ്?

ജാതിവ്യവസ്ഥയുടെ ഭീകരരൂപം വിശദമാക്കിക്കൊടുത്തത് കുമാരനാശാനായിരുന്നു. കേരളത്തിലെ അനുഭവം വച്ചുകൊണ്ടാണ് ജാതിവ്യവസ്ഥയ്ക്കെതിരെ കുമാരനാശാൻ ഗർജ്ജിച്ചത്. ഉത്തരേന്ത്യയിൽ ചാതുർവർണ്യത്തിന്റെ അടിസ്ഥാനം ഉറപ്പിക്കുന്ന ധർമ്മശാസ്ത്രങ്ങളും പുരാണങ്ങളും രചിക്കപ്പെടുകയും ബുദ്ധമതത്തെ നിഷ്കാസനം ചെയ്യുന്നതിനുള്ള ഗൂഢതന്ത്രങ്ങൾ ആവിഷ്ക്കരിക്കപ്പെടുകയും ചെയ്യുന്ന കാലത്ത് ദ്രാവിഡദേശങ്ങളിൽ ജാതിഭേദമോ മതവിദ്വേഷമോ ഉണ്ടായിരുന്നില്ല.

ദക്ഷിണേന്ത്യയിലെ ദ്രാവിഡദേശങ്ങൾ തമിഴകം എന്നാണ് അറിയപ്പെട്ടിരുന്നത്. ചേര–ചോള–പാണ്ഡ്യരാജാക്കന്മാരുടെ കീഴിൽ മൂന്നുമേഖലകളായിട്ടാണ് അന്ന് തമിഴകം വിഭജിക്കപ്പെട്ടിരുന്നത്. ഭിന്നരാജാക്കന്മാരുടെ ഭരണത്തിൽ കീഴിലായിരുന്നുവെങ്കിലും തമിഴകത്തെ ദ്രാവിഡജനതയ്ക്ക് സാമൂഹ്യമായും സാംസ്കാരികമായും ഐക്യരൂപ്യമാണുണ്ടായിരുന്നത്. അവരുടെ പൊതുഭാഷ തമിഴായിരുന്നു. തമിഴ്സംഘസാഹിത്യകൃതികളിൽ നിന്നുമാണ് ക്രിസ്തുവർഷാരംഭശതകങ്ങളിലുള്ള തമിഴകത്തിന്റെ സാമൂഹികവും സാംസ്കാരികവും ഭരണപരവുമായ സ്ഥിതിഗതികളുടെ സാമാന്യരൂപം നമുക്ക് ലഭിക്കുന്നത്. ആര്യബ്രാഹ്മണ മേധാവിത്വത്തിലമർന്നിരുന്ന ഉത്തരേന്ത്യയിലെ സാമൂഹ്യഘടനയേക്കാൾ മെച്ചപ്പെട്ട ഒരു വ്യവസ്ഥിതിയാണ് തമിഴകത്ത് അന്നുണ്ടായിരുന്നത്. തമിഴ

www.malankaralibrary.com

കത്ത് പൊതുവിലും അതിന്റെ ഭാഗമായ കേരളത്തിലും അക്കാലത്ത് ജാതി വ്യവസ്ഥയുണ്ടായിരുന്നില്ല.

ആർ.ശങ്കറിന്റെ ജീവചരിത്രഗ്രന്ഥത്തിലെ ഒരു ഭാഗംകൂടി ഉദ്ധരിക്കട്ടെ (പുറം 40) "നമുക്ക് ഇങ്ങനെ ഒരു നല്ല ഭൂതകാലമുണ്ടായിരുന്നുവെന്ന് അടുത്ത കാലംവരെ നമ്മൾ അറിഞ്ഞിരുന്നില്ല. സംഘകൃതികളുടെ പഠനങ്ങളും അവയെപ്പററിയുള്ള ഗവേഷണങ്ങളും ആരംഭിച്ചത് കഴിഞ്ഞ നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. ദ്രാവിഡജനതയ്ക്ക് അതിവിശിഷ്ടമായ ഒരു ചരിത്രപാരമ്പര്യവും സംസ്കാരവും ഉണ്ടായിരുന്നെന്ന് ആദ്യം വെളിപ്പെടുത്തിയത് സത്യാമ്പേഷികളായ പാശ്ചാത്യപണ്ഡിതന്മാരും ക്രൈസ്തവമിഷണറിമാരുമാണ്. അവർ സത്യം വെളിപ്പെടുത്തിയിട്ടും ദ്രാവിഡവംശജരായ നമ്മളിൽ അധികം പേർക്കും അതു ബോദ്ധ്യമായില്ല. നമുക്കു സംസ്കാരം തന്നതും നമുക്കു ഭാഷയുണ്ടാക്കി തന്നതുമെല്ലാം ആര്യബ്രാഹ്മണരായ നമ്പൂതിരിമാരാണെന്ന് വിശ്വസിക്കാനാണ് നമ്മൾ ഉത്സാഹം കാണിച്ചത്. നമ്പൂതിരിമാർ എഴുതിയുണ്ടാക്കിയ കേരളോല്പത്തികളും കേരളമാഹാത്മ്യവും അബ്രാഹ്മണരായ ചരിത്രകാരന്മാർക്കുപോലും പ്രമാണഗ്രന്ഥങ്ങളായിത്തീർന്നു. കേരളത്തിന്റെ ഉല്പത്തിയെപ്പററിയുള്ള പരശുരാമകഥ ചരിത്രസത്യമാണെന്നു പറയാൻ അധികംപേർക്കും ധൈര്യമില്ല. എന്നാൽ പ്രത്യക്ഷത്തിൽ ആ കഥയെ നിഷേധിക്കുകയും പരോക്ഷമായും അടിസ്ഥാനപരമായും ആ കഥയുടെ ലക്ഷ്യമായ നമ്പൂതിരിമാഹാത്മ്യത്തെ അംഗീകരിക്കുകയുമാണ് നമ്മുടെ പല ചരിത്രകാരന്മാരും ഇന്നും ചെയ്യുന്നത്. ഈ വഴിതെററിയ അപമാനകരമായ ചരിത്രപഠനത്തിന് ഒരു മാററമുണ്ടാക്കിയത് പ്രൊഫസർ ഇളംകുളം കുഞ്ഞൻപിള്ളയാണ്. അദ്ദേഹം കുറെയധികം സത്യങ്ങൾ വെളിപ്പെടുത്തി. അസുഖകരങ്ങളായി ചില സംഗതികൾ ഉറക്കെ വിളിച്ചു പറഞ്ഞു. ഈ അപരാധത്തിന് അദ്ദേഹത്തിന്റെ നേർക്ക് ക്രുദ്ധിച്ച് അസഭ്യവർഷം ചൊരിയുന്ന ചില ചരിത്രഗവേഷകമാനികൾ നിർഭാഗ്യവശാൽ ഇന്നു നമ്മുടെയിടയിലുണ്ട്. പരശുരാമപാരമ്പര്യത്തിന്റെ സ്വാധീനം എത്ര ശക്തമാണെന്ന് ഇതു വ്യക്തമാക്കുന്നു."പ്രമുഖ ചരിത്രകാരനും ഗവേഷകനുമായ ഇളംകുളം കുഞ്ഞൻപിള്ള നമ്മുടെ ഭൂതകാല ജീവിതത്തെപ്പററി പലവിവരങ്ങളും നമുക്ക് നൽകുന്നുണ്ട്. ദ്രാവിഡസംസ്കാരത്തിന്റെ ജീവൻ ജാതിയില്ലായ്മയായിരുന്നുവെന്നും തൊഴിലിനെയും താമസസ്ഥലത്തെയും ആസ്പദമാക്കിയുള്ള വിഭാഗമേ ദ്രാവിഡർക്കിടയിൽ ആദ്യകാലത്തുണ്ടായിരുന്നുള്ളുവെന്നും തീണ്ടലും തൊടീലും ജാതിഭേദവും ഇല്ലാത്ത ഒരു രാജ്യമായിരുന്നു കേരളവും തമിഴ്നാടെന്നും അദ്ദേഹം പറയുന്നുണ്ട്.

പ്രൊഫ. എ. ശ്രീധര മേനോൻ കേരളചരിത്രത്തിൽ എഴുതിയിരിക്കുന്ന ഒരു ഭാഗം ഉദ്ധരിക്കാം. "സംഗ്രഥിത സംസ്കാരത്തിന്റെ വികസനത്തിന്

www.malankaralibrary.com

ആവശ്യമായ അടിസ്ഥാനഘടകങ്ങളെല്ലാം സംഘകാലത്ത് ഉണ്ടായിരുന്നു. അന്ന് സമൂഹം സമുദായങ്ങളായും ജാതികളായും ഖണ്ഡിതമായി വിഭജിക്കപ്പെട്ടിരുന്നില്ല. രൂക്ഷമായ ജാതിവ്യത്യാസമോ സാമൂഹികമായ വേർതിരിക്കലോ അജ്ഞാതമായിരുന്നു. ജനങ്ങൾ സാമൂഹികമായ സ്വാതന്ത്ര്യത്തിലും സമത്വത്തിലും കഴിഞ്ഞുകൂടി. അദ്ധ്വാനത്തിന്റെ അന്തസ്സ് എവിടെയും അംഗീകരിക്കപ്പെട്ടിരുന്നതിനാൽ, തൊഴിലിന്റെ നിലവാരമനുസരിച്ച് ജനങ്ങളെ സാമൂഹികമായി താണവരെന്നോ ഉയർന്നവരെന്നോ തരംതിരിച്ചിരുന്നില്ല. പാണർ, കുറവർ, പറയർ, വേടർ തുടങ്ങിയ സമുദായങ്ങളെ രാജാക്കന്മാരും പ്രഭുക്കന്മാരും ബഹുമാനപൂർവ്വമാണ് പരിഗണിച്ചിരുന്നത്. പരിപൂർണ്ണമായ വിദ്യാഭ്യാസത്തിന് അവർക്ക് അവകാശമുണ്ടായിരുന്നു. പാണന്മാർ ബുദ്ധിപരവും സാംസ്കാരികവുമായ സിദ്ധികളാൽ ബ്രാഹ്മണരേയും അതിശയിപ്പിച്ചു. പരണർ, കപിലർ തുടങ്ങിയ സംഘകാല മഹാകവികൾ പാണന്മാരായിരുന്നു എന്നു പറയപ്പെടുന്നു. ഈ അഭിപ്രായം ശരിയായാലും അല്ലെങ്കിലും അവർ ഉത്തരേന്ത്യയിൽ നിന്നുവന്ന് തമിഴ് പഠിച്ചു കവിതകൾ എഴുതിയ ബ്രാഹ്മണരായിരുന്നില്ലെന്ന കാര്യം തീർച്ചയാണ്. പാണന്മാരെയും മററും ബഹുമാനത്തോടും സൽകാര കൗതുകത്തോടും കൂടിയാണ് രാജാക്കന്മാർ കൊട്ടാരങ്ങളിലേക്കു സ്വാഗതം ചെയ്തിരുന്നത്. പാണന്മാരെ സംരക്ഷിക്കുന്നത് ചേര രാജാക്കന്മാരുടെ കർത്തവ്യങ്ങളിലൊന്നായിട്ടുപോലും കണക്കാക്കിയിരുന്നു. പ്രാചീന സംഘകാലത്ത് തീണ്ടലും തൊടീലും കേരളീയ സമുദായത്തിൽ അറിയപ്പെട്ടിരുന്നുപോലുമില്ല. ചാതുർവർണ്യം അന്നു കേരളത്തിൽ രൂപം കൊണ്ടിരുന്നില്ല എന്നർത്ഥം."

ആര്യബ്രാഹ്മണരോടൊപ്പമാണ് ജാതി ഭ്രാന്ത് കേരളത്തിൽ രൂപം കൊണ്ടത്. സംസ്കൃതപണ്ഡിതന്മാരും ആദ്ധ്യാത്മിക ഗുരുക്കന്മാരും പാടിപുകഴ്ത്തുന്ന വൈദിക സംസ്കാരത്തിന്റെ ഒരു സന്തതിയാണ് ജാതിവ്യവസ്ഥ. ആര്യബ്രാഹ്മണൻമാർ ചാതുർവർണ്യം പഠിപ്പിക്കാനായി അഞ്ചാംശതകം മുതൽ കേരളത്തിൽ എത്തിയിരുന്നു. പ്രൊഫ. പി.എസ്സ്. വേലായുധൻ, കൃഷ്ണാ, ഗോദാവരി നദീതടങ്ങളിൽ നിന്ന് കേരളത്തിൽ വന്ന് അധിവാസവും ആധിപത്യവും ഉറപ്പിച്ച ബ്രാഹ്മണരാണ് ജാതിവ്യവസ്ഥയുടെ ചാതുർവർണ്യവും പ്രചരിപ്പിച്ചതെന്ന് എഴുതിയിട്ടുണ്ട്. ചാതുർവർണ്യത്തിന്റെ ഭീകരസ്വഭാവം കേരളത്തിൽ പ്രകടമാകുന്നത് എട്ടാം ശതകത്തിനും പതിനൊന്നാം ശതകത്തിനും ഇടയ്ക്കാണ്.

ആർ.ശങ്കറിന്റെ ജീവ ചരിത്രത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ (പുറം 42) "എട്ടുമുതൽ പന്ത്രണ്ടു വരെയുള്ള ശതാബ്ദങ്ങൾ കേരള ചരിത്രത്തിലെ ഒരു വലിയ വഴിത്തിരിവിന്റെ കാലഘട്ടമാണ്. സംഘസാഹിത്യത്തിൽ വിവരിക്കുന്ന സമത്വസാഹോദര്യാധിഷ്ഠിതമായ സാമൂഹിക വ്യവസ്ഥിതിയും ബുദ്ധമത പ്രഭാവവും ഈ കാലഘട്ടത്തിലാണ്

www.malankaralibrary.com

അട്ടിമറിക്കപ്പെടുന്നത്. ഇത് ഒരു സാമൂഹിക- സാമ്പത്തിക ഘടനയിൽ നിന്ന് വേറൊരു സാമൂഹിക–സാമ്പത്തിക ഘടനയിലേക്കുള്ള പരിവർത്തന കാലഘട്ടമായിരുന്നു. എട്ടാം ശതാബ്ദം വരെ പഴയ ഗോത്ര ജനാധിപത്യ ത്തിന്റെയും ബുദ്ധമതാദർശങ്ങളുടെയും സ്വാധീനം സമൂഹത്തിൽ സാവധാനം വളർന്നുകൊണ്ടിരുന്ന വർഗ്ഗവൈരുദ്ധ്യങ്ങളെ മയപ്പെടുത്തി യിരുന്നു. ബുദ്ധഭഗവാൻ ഗോത്രസംഘങ്ങളുടെ മാതൃകയിലാണ് ഭിക്ഷു സംഘങ്ങളെ കെട്ടിപ്പെടുത്തിരുന്നത്. കാലക്രമത്തിൽ ചില വ്യതിയാനങ്ങൾ ഉണ്ടായെങ്കിലും ബുദ്ധമതക്കാരുടെ ധർമ്മ സംഘങ്ങൾ ആശാസ്യമായ സ്വാധീനം സാമൂഹിക ജീവിതത്തിൽ ചെലുത്തിയിരുന്നു. ബുദ്ധമതക്കാർ ചാതുർവർണ്യത്തിന്റെയും, വൈദികമേധാവിത്വത്തിന്റെയും ശത്രുക്കളാ യിരുന്നു. അവരുടെ പ്രതിരോധം തകർത്തുകൊണ്ടാണ് ഇന്ത്യയുടെ ഇതര ഭാഗങ്ങളിലെന്നതുപോലെ കേരളത്തിലും വൈദിക ബ്രാഹ്മണർ ആധിപത്യം സ്ഥാപിച്ചത്."

തമിഴകത്ത് പൊതുവിലും കേരളത്തിൽ പ്രത്യേകിച്ചും ബുദ്ധമതം ഒരു പ്രബലശക്തിയായിരുന്നു. അതിനു ബദലായി ഉയർന്നുവന്ന ഭക്തി പ്രസ്ഥാനം സഹ്യപർവ്വതത്തിനപ്പുറത്തുനിന്ന് ഇങ്ങോട്ടും കടന്നുവന്നു. ശൈവ–വൈഷ്ണവ മാതാചാര്യന്മാരുടെ സ്വാധീനം കേരളത്തിലും വ്യാപിച്ചു. ആദിചേരരാജാക്കന്മാരിൽ പലരും ഉറച്ച ബുദ്ധമതവിശ്വാ സികളായിരുന്നു. അവർക്ക് ബുദ്ധമത രാജ്യമായ ശ്രീലങ്കയിലെ രാജാക്ക ന്മാരുമായി ഉററ ബന്ധങ്ങളുണ്ടായിരുന്നു. ചേര രാജാക്കന്മാരുടെ പിന്മുറക്കാരായ രാജാക്കന്മാരും സാമന്തന്മാരായ നാടുവാഴികളും ബുദ്ധമത ക്കാരോടും ശൈവ വൈഷ്ണവ മതക്കാരോടും പ്രീതി കാണിക്കുകയും രണ്ടു കൂട്ടരേയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിരുന്നു. എട്ടാം നൂററാണ്ടുമുതൽ ഈ സ്ഥിതിക്ക് മാററം വന്നുതുടങ്ങി.

ഈ പരിവർത്തന കാലഘട്ടത്തിന് വേറൊരു പ്രത്യേകത കൂടിയുണ്ട്. ഒരു നൂററാണ്ടുകാലം നീണ്ടുനിന്ന ചേര ചോള യുദ്ധവും സഹ്യപർവ്വത ത്തിനപ്പുറത്തുനിന്ന് കേരളത്തിലേക്കു കടന്നുവന്ന് കൊലയും കൊള്ളി വയ്പും കവർച്ചയും നടത്തിയ മറവന്മാരുടെ തുടരെത്തുടരെയുള്ള ആക്രമണങ്ങളും കേരളത്തിൽ അരാജകത്വാവസ്ഥ സൃഷ്ടിച്ചു. അതോടു കൂടി പഴയവ്യവസ്ഥിതി തകർന്നു. മതരംഗത്ത് ശൈവവൈഷ്ണവ ഭക്തി പ്രസ്ഥാനത്തിനും അതിന്റെ നേതൃത്വം വഹിച്ച ബ്രാഹ്മണർക്കും മുൻകൈ ലഭിച്ചു. ബുദ്ധജൈനമതങ്ങൾ തകർന്നു. സമ്പത്തും രാഷ്ട്രീയാധികാരവും ഒരു ന്യൂനപക്ഷത്തിന്റെ കൈകളിൽ അമർന്നു. അത് ഫ്യൂഡൽ വ്യവസ്ഥയുടെ ആവിർഭാവമായിരുന്നു.

കേരളത്തിൽ ഫ്യൂഡൽ വ്യവസ്ഥയുടെ പ്രബലമായ അടിത്തറ ജാതിവ്യവസ്ഥയായിരുന്നു. ഈ വ്യവസ്ഥയാകട്ടെ, സാമൂഹിക

www.malankaralibrary.com

ബന്ധങ്ങളുടെയും ഉല്പാദന ബന്ധങ്ങളുടെയും ആകെത്തുകയായിരുന്നു.

ആര്യബ്രാഹ്മണരുടെ ഇരച്ചുകയററത്തോടുകൂടി കേരളീയർ രണ്ടായി വിഭജിക്കപ്പെട്ടു. ബ്രാഹ്മണരും അവരോടടുത്ത കൂട്ടരും ഒരു വശത്തും ബ്രാഹ്മണമതത്തെ എതിർത്തവർ മറുവശത്തുമായി. ശൈവ-വൈഷ്ണവ ഭക്തി പ്രസ്ഥാനങ്ങളുടെ അനുയായികൾ ബ്രാഹ്മണരോടടുത്തപ്പോൾ ജൈനരും ബൗദ്ധരും ബ്രാഹ്മണമതത്തെ എതിർത്തു. ഒരു കൂട്ടർ ഹിന്ദുമതക്കാർ മറേറക്കൂട്ടർ ഹിന്ദുമതത്തിന്റെ പരിധിക്കുപുറത്തുള്ളവർ. ഹിന്ദുമതം സ്വീകരിച്ചവർ വർണ്ണങ്ങളായി തിരിക്കപ്പെട്ടു. രാജാക്കന്മാരെ ക്ഷത്രിയരായി സ്വീകരിച്ചപ്പോൾ ബ്രാഹ്മണമതത്തെ പിൻതുടർന്ന മററെല്ലാരെയും ശൂദ്രരാക്കി.

ചാതുർവർണ്യത്തിന്റെയടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത ജാതി വ്യവസ്ഥയുടെ ഭീകരരൂപം ദൃശ്യമാകുന്നത് കേരളത്തിലാണ്. ഇവിടുത്തെ ജാതിവ്യവസ്ഥ ഇവിടുത്തെ ജന്മിത്വത്തെയും നാടുവാഴിത്തത്തെയും അരക്കിട്ട് ഉറപ്പിച്ചു. ജാതിവ്യവസ്ഥ നിലനിർത്തുവാൻ ശ്രമിച്ചത് ഫ്യൂഡൽ സംവിധാനത്തിന്റെ താങ്ങും തണലും ജാതിവ്യവസ്ഥയാണെന്നറിയാവുന്നതുകൊണ്ടായിരുന്നു.

നിലവിലുള്ള അന്ധവിശ്വാസങ്ങളും മതാനുഷ്ഠാനങ്ങളും ഉപയോഗപ്പെടുത്തി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ ചൂഷണം ചെയ്യുകയും അടക്കി ഭരിക്കുകയും ചെയ്യുന്നതിൽ ഭരണവർഗ്ഗം വിജയിച്ചു. ഇവിടുത്തെ നമ്പൂതിരിമേധാവിത്വം ഫ്യൂഡൽ വ്യവസ്ഥ നടപ്പിൽ വരുത്തുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചത് ചാണക്യന്റെ അർത്ഥശാസ്ത്രമാണ്. പഴയ ഗോത്രജനാധിപത്യത്തെ തകർത്ത് രാജവാഴ്ചനടപ്പിൽ വരുത്തുവാനുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളുമാണ് ഈ അർത്ഥശാസ്ത്രത്തിലുള്ളത്.

പന്ത്രണ്ടാം നൂററാണ്ടായപ്പോഴേക്കും നമ്പൂതിരിമാർ സർവ്വശക്തരും സർവ്വാധികാരികളുമായി തീർന്നു. അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും മതത്തിന്റെ പരിരക്ഷനൽകി കേരളത്തിന്റെ ഭൗതീകവും ആദ്ധ്യാത്മികവുമായ മണ്ഡലങ്ങളിൽ നമ്പൂതിരിമാർ ആധിപത്യം ഉറപ്പിച്ചു. ആ കാലത്ത് നാടുവാണിരുന്ന രാജാക്കന്മാർക്കുപോലും പിഴയിടുവാൻ നമ്പൂതിരിമാർ ധൈര്യം കാണിച്ചു.

## അവർണ്ണർ നൽകേണ്ടിവന്ന നികുതികൾ

അക്കാലത്ത് സവർണ്ണരായിരുന്നു മുഴുവൻ ഭൂവുടമകളും. അവർണ്ണർ അവരുടെ അടിമകളായിരുന്നു. രാജാക്കന്മാർക്കും മുകളിലായിരുന്നു നമ്പൂതിരിമാരുടെ സ്ഥാനം. അതുകൊണ്ട് നമ്പൂതിരിമാരുടെ വസ്തുക്കൾക്ക് നികുതി ഏർപ്പെടുത്തിയിരുന്നില്ല. തന്മൂലം രാജാക്കന്മാർ താണജാതിക്കാരു

www.malankaralibrary.com

ടെമേൽ ദുർവ്വഹമായ അനേകം നികുതികൾ ചുമത്തി. കരം ഈടാക്കുന്ന തിനുവേണ്ടി കടുത്ത മർദ്ദനമുറകൾ ഏർപ്പെടുത്തി. സാമ്പത്തിക ചൂഷ ണവും സാമൂഹികമായ മർദ്ദനവും ക്രൂരമായിരുന്നു. ജാതിയുടെ പേരിലുള്ള അയിത്താചരണം മാനുഷിക മൂല്യങ്ങളെയെല്ലാം ചവിട്ടിമെതിച്ചു. അന്നത്തെ നികുതിപിരിവിനെപ്പററി പ്രമുഖ ചരിത്രകാരനായ എ. ശ്രീധരമേനോൻ കേരള ചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"പ്രാചീനകാലം മുതൽ തിരുവിതാംകൂറിൽ അതിരൂക്ഷമായിത്തീർന്ന ഒരു നികുതി സമ്പ്രദായമാണ് തലക്കരം, മുലക്കരം, തളൈക്കാണം, ഏണി ക്കാണം, മേനിപ്പൊന്ന് മുതലായവ. ജനിച്ചുപോയി എന്ന കുററത്തിനുള്ള ശിക്ഷയാണ് തലക്കരം. സ്ത്രീ തൊഴിലാളികൾ കൊടുക്കേണ്ടത് മുലക്കരം. ചെത്തുതൊഴിലാളികൊടുക്കേണ്ട നികുതി തളൈക്കാണം. തെങ്ങുകേററ ക്കാരുടെ നികുതി ഏണിക്കാണം. ആഭരണം അണിയുന്നതിനുള്ള നികുതി മേനിപ്പൊന്ന്. എന്തെങ്കിലും കാരണം പറഞ്ഞ് പിന്നോക്ക സമുദായങ്ങളുടെ മേൽ നികുതി ചുമത്തുകയെന്നതായിരുന്നു രാജ്യത്തിന് വരവുണ്ടാക്കാൻ ഒരേ ഒരു മാർഗ്ഗം. താണ ജാതിക്കാർ വിവാഹം നടത്തണമെങ്കിൽ ഒരു നിശ്ചിത തുക നാടുവാഴിക്ക് കൊടുക്കണമായിരുന്നു എന്നല്ല തങ്ങളുടെ പൊട്ടക്കുടിലുകളുടെ പേരിൽ പോലും അവർ നികുതി കൊടുക്കണമായി രുന്നു. അരി, ചക്ക്, വള്ളം, വല, വണ്ടി എന്നിവയിലെല്ലാം നികുതി ഏർപ്പെടു ത്തിയിരുന്നു."

തിരുവിതാംകൂറിൽ ഈ നികുതിപിരിവ് അതിരൂക്ഷമായിത്തീർന്നു. മരിച്ചുപോയവരുടെ പേരിലുള്ള തലക്കരം കൊടുക്കുവാൻ ജീവിച്ചിരുന്നവർ നിർബ്ബന്ധിതരായി. നികുതി പിരിവ് മൂലം പലരും അന്യനാടുകളിലേക്ക് ഒളിച്ചോടി. സി.എസ്സ്. ആഗൂർ എഴുതിയ തിരുവിതാംകൂർ ചർച്ച് ഹിസ്റ്ററിയിൽ 1807–ാമാണ്ട് ചാന്നാന്മാരിൽ നിന്നും ഈഴവരിൽ നിന്നുമായി 88044 രൂപയും ചാന്നന്മാർ ചെത്തിയിരുന്ന പനയുടെ പാട്ടം തളൈക്കാണമായി 18523–രൂപായും ചെട്ടികളിൽ നിന്ന് തലക്കരമായി 4623 രൂപായും ഈടാക്കി യിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളചരിത്രത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ "കൃഷിപ്പണി ക്കുവേണ്ടി ഭൂമിയുമായി ബന്ധപ്പെടുത്തി ഭൂവുടമകൾ സൂക്ഷിച്ചിരുന്ന അടിമ കൾക്ക് കണക്കുണ്ടായിരുന്നില്ല. കന്നുകാലികളെപ്പോലെ അവരെ ക്രയവിക്രയം ചെയ്തിരുന്നു. അടിമകളെ കൊല്ലാൻപോലുമുള്ള ജന്മിമാരുടെ അവകാശത്തെക്കുറിച്ച് ചോദിക്കാനും പറയാനും ആരുമുണ്ടായിരുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ എന്തെങ്കിലും ജീവിതാവകാശമുള്ള മനുഷ്യരോടെന്ന നിലയ്ക്കായിരുന്നില്ല അടിമകളോട് പെരുമാറിപ്പോന്നത്. കറവപ്പശുക്കളെ സൂക്ഷിക്കുക, നല്ലവസ്ത്രം ധരിക്കുക, വാഹനങ്ങളിൽ സഞ്ചരിക്കുക, ഓടുമേഞ്ഞ വീടുകളിൽ താമസിക്കുക, ഓട്ടുപാത്രങ്ങളുപയോഗിക്കുക

www.malankaralibrary.com

മുതലായ സാധാരണ ജീവിതത്തിന്റെ സൗകര്യങ്ങളൊന്നും അവർ അറിഞ്ഞിരുന്നില്ല. കേരളത്തിൽ നിന്ന് മൗറീഷ്യസ് മുതലായ സ്ഥലങ്ങളിലേയ്ക്ക് അടിമകളെ കച്ചവടം നടത്തിയിരുന്നു. ഒരു അടിമയ്ക്ക് 14 രൂപവരെ ലഭിച്ചിരുന്നുവെന്നാണ് കണക്കുകളിൽ കാണുന്നത്. ഇങ്ങനെ കച്ചവടം നടത്തുമ്പോൾ ഭാര്യയെ ഭർത്താവിൽ നിന്നും വേർപെടുത്തി വിഭിന്ന സ്ഥലങ്ങളിലേക്ക് കച്ചവടം നടത്തിയിരുന്നു. അടിമകളെ പട്ടിണിക്കിടുവാനും മർദ്ദിക്കുവാനും എന്തിന് കൊല്ലുന്നതിനുപോലും ഉള്ള അവകാശം ഉടമസ്ഥന്മാർക്കുണ്ടായിരുന്നു. അന്ന് തിരുവിതാംകൂറിൽ ഉണ്ടായിരുന്ന ഒരു ലക്ഷത്തി അറുപതിനായിരം അടിമകളിൽ നാല്പത്തിയൊരായിരം അടിമകൾ സർക്കാർ വക അടിമകളായിരുന്നു. അടിമകളിൽ നിന്നും തലവരിയായി 165000 പണം സർക്കാരിന് ലഭിക്കുകയും ചെയ്തിരുന്നു."

ഈ അടിമകളും മനുഷ്യരാണെന്നും അവർക്കും മറ്റുള്ളവരെപ്പോലെ ജീവിക്കാനുള്ള അവകാശമുണ്ടെന്നും അവരുടെ ദുരിതങ്ങൾക്ക് അറുതി വരുത്തണമെന്നും കാണിച്ച് തിരുവിതാംകൂർ മഹാരാജാവിന് ക്രിസ്ത്യൻ മിഷനറിമാർ 1847–ൽ നിവേദനം സമർപ്പിച്ചു. അടിമവ്യാപാരം നിർത്തൽ ചെയ്യുന്നതിന് അടിമകൾക്ക് സ്വാതന്ത്ര്യം നൽകണമെന്നും അവരുടെ ഉദ്ധാരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും മിഷനറിമാർ ആവശ്യപ്പെട്ടു.

തിരുവിതാംകൂറിലെ കൊച്ചിയിലെയും ജന്മിമാരും ഭൂവുടമകളും ഈ നീക്കത്തെ ശക്തിയായി എതിർത്തു. രാജകുടുംബങ്ങളിൽ വൻ സ്വാധീനമുണ്ടായിരുന്ന സവർണ്ണഹിന്ദുക്കൾ അടിമകളെ മോചിപ്പിച്ചാൽ തങ്ങളുടെ കൃഷി ഭൂമിയിൽ വേലചെയ്യുവാൻ ആളുകളെ കിട്ടുകയില്ലെന്നും രാജ്യം കടുത്ത സാമ്പത്തിക തകർച്ചയിലേക്ക് നീങ്ങുമെന്നും വാദിച്ചു. അവരുടെ സമ്മർദ്ദത്തിന്റെ മുൻപിൽ സർക്കാർ ഒരു നിലപാടെടുക്കുവാൻ ധൈര്യം കാണിച്ചില്ല. അടിമകളും മനുഷ്യരാണെന്ന് സമ്മതിക്കുവാൻ പോലും സവർണ്ണഹിന്ദുക്കൾ തയ്യാറായില്ല. 1854–ൽ അടിമവ്യാപാരം നിർത്തലാക്കിക്കൊണ്ടും അവർക്ക് സ്വത്ത് സമ്പാദിക്കാൻ അനുവാദം നൽകിക്കൊണ്ടും അടിമ ഏർപ്പാട് ശിക്ഷാർഹമായ ക്രിമിനൽ കുറ്റമായി പ്രഖ്യാപിച്ചു കൊണ്ടും മഹാരാജാവ് വിളംബരം ചെയ്തു.

ഈ കാലഘട്ടത്തിൽ കൊച്ചിയിലും ഏതാണ്ട് 40000 അടിമകൾ ഉണ്ടായിരുന്നു. അതിൽ 9000 അടിമകൾ സർക്കാർ വകയായിരുന്നു. 1854–ൽ അടിമവ്യാപാരം നിരോധിച്ചുകൊണ്ട് മഹാരാജാവ് ഉത്തരവ് പുറപ്പെടുവിച്ചു. അടിമകളുടെ കുട്ടികളെ സ്കൂളിൽ ചേർത്ത് പഠിപ്പിക്കുവാൻ സാഹചര്യം ഉണ്ടായി. ആയിരത്തിലധികം അടിമക്കുട്ടികൾ ഒരു വർഷത്തിനകം സ്കൂളിൽ ചേർന്ന് പഠനം ആരംഭിച്ചു. താണജാതിക്കാർ വിദ്യാഭ്യാസത്തിലും സാമ്പത്തിക നിലയിലും ഉയരുന്നത് തങ്ങളുടെ പ്രതാപത്തിന് ഒരു

www.malankaralibrary.com

വെല്ലുവിളിയായിത്തീരുമെന്നു കരുതിയ സവർണ്ണർ മിഷനറിമാരുടെ എല്ലാ നീക്കങ്ങളെയും എതിർക്കുകയും അവരെ മർദ്ദിക്കുവാൻ ശ്രമിക്കുകയും ചെയ്തു. എല്ലാ വെല്ലുവിളികളെയും നേരിടുവാനും അധഃസ്ഥിതവർഗ്ഗത്തിന്റെ വിമോചനത്തിനുവേണ്ടി പോരാടുവാനും ക്രൈസ്തവമിഷനറിമാർ തയ്യാറായി.

## ചാന്നാർ ലഹള

ഈഴവരുൾപ്പെടെയുള്ള താണജാതികളിലെ സ്ത്രീകൾ മാറ് മറയ്ക്കരുതെന്നും സവർണ്ണരെ കാണുമ്പോൾ സ്ത്രീകൾ മാറിൽ നിന്ന് മേൽമുണ്ട് എടുത്ത്മാററി ആചാരം ചെയ്യണമെന്നതുമായിരുന്നു നിലവിലിരുന്ന നിയമം. ഈ നിയമത്തിനെതിരെ ആദ്യമായി നിലകൊണ്ടത് വിദ്യാഭ്യാസം ലഭിച്ച് ക്രിസ്തുമതം സ്വീകരിച്ച ചാന്നാർ സ്ത്രീകളായിരുന്നു. അവർ മാറുമറച്ച് പൊതുനിരത്തുകളിൽ കൂടി സഞ്ചരിച്ചു തുടങ്ങി. ഇത് വലിയ പ്രക്ഷോഭണത്തിന് ഇടനൽകി. മാറുമറച്ചു നടന്ന ചാന്നാർ സ്ത്രീകളെ വഴിയിൽവച്ച് മർദ്ദിക്കുവാനും മേൽമുണ്ട് ബലമായി വലിച്ചുകീറികളയുവാനും സവർണ്ണഹിന്ദുയുവാക്കൾ തയ്യാറായി. 1828–ൽ പൊട്ടിപ്പുറപ്പെട്ട ഈ ലഹളയെത്തുടർന്ന് ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുന്നത് നിയമവിരുദ്ധമാണെന്ന് 1829 ഫെബ്രുവരി 3–ാം തീയതി സർക്കാർ പ്രഖ്യാപിച്ചു. താണജാതിക്കാരായ സ്ത്രീകൾ മാറുമറയ്ക്കരുതെന്നും ക്രിസ്തുമതം സ്വീകരിക്കുന്ന താണജാതിക്കാർ, മേൽജാതി ഹിന്ദുക്കളോട് മതപരിവർത്തനത്തിന് മുൻപ് വർത്തിച്ചതുപോലെ പ്രവർത്തിക്കണമെന്നും ഞായറാഴ്ചകളിൽ കൂലിയില്ലാത്ത വേല (ഊഴിയം) ചെയ്തുകൊള്ളണമെന്നും ഉത്തരവിൽ കർശനമായി നിർദ്ദേശിച്ചിരുന്നു. ഈ കിരാതമായ നിയമത്തിനെതിരെ മിഷനറിമാർ നടത്തിയ സമരം ഐതിഹാസികമായിരുന്നു. മിഷനറിമാരുടെ സ്കൂളുകളിൽ വിദ്യയഭ്യസിച്ചിരുന്ന ചാന്നാർ സ്ത്രീകൾ സംസ്ക്കാരബോധമുള്ളവരായിത്തീർന്നു. അവർ മാന്യമായ രീതിയിൽ വസ്ത്രധാരണം ചെയ്തുതുടങ്ങി. സവർണ്ണഹിന്ദുക്കളെ ഇതു വല്ലാതെ ക്ഷോഭിപ്പിച്ചു. മാറുമറച്ച സ്ത്രീകളെ പൊതുസ്ഥലങ്ങളിൽ വച്ചു പോലും സവർണ്ണഹിന്ദുക്കൾ കഠിനമായി മർദ്ദിക്കുകയും അവരുടെ വസ്ത്രം ഉരിഞ്ഞുമാററി അപമാനിക്കുകയും ചെയ്തിരുന്നു. ചാന്നാർ സ്ത്രീകളെ വിദ്യാഭ്യാസം ചെയ്യിച്ച്, അവരെ സംസ്ക്കാരസമ്പന്നരാക്കുകയും മാറുമറച്ച് നടക്കാൻ പ്രേരിപ്പിക്കുകയും ചെയ്തത് മിഷനറിമാരായതുകൊണ്ട് അവരുടെ നേരെയും ആക്രമണം നടത്തി. അടിമകളുടെ മോചനത്തിനു കാരണക്കാർ ക്രൈസ്തവരായതിനാൽ തിരുവിതാംകൂറിൽ ക്രൈസ്തവമർദ്ദനം അതിന്റെ ഭീകരരൂപത്തിൽത്തന്നെ നടന്നു. ഭീഷണികൊണ്ടും സർക്കാരിൽ സ്വാധീനം ചെലുത്തിയും കീഴ്ജാതിക്കാരെ വീണ്ടും തങ്ങളുടെ അടിമത്തത്തിലേക്ക് കൊണ്ടുവരാമെന്നാണ് സവർണ്ണഹിന്ദുക്കൾ വ്യാമോഹിച്ചത്.

www.malankaralibrary.com

ക്രിസ്ത്യൻ മിഷനറിമാർ തിരുവിതാംകൂർ സർക്കാരിനു നൽകിയ നിവേദനങ്ങൾക്കൊന്നും ഫലമുണ്ടായില്ല. പരിഷ്കൃതാശയനായ ദിവാൻ സർ.ടി. മാധവറാവുവിന് പോലും സവർണ്ണഹിന്ദുക്കളെ നിലയ്ക്കുനിറുത്തുവാൻ സാധിച്ചില്ല. ഗത്യന്തരമില്ലാതെ ഇവിടുത്തെ ക്രിസ്ത്യാനികൾ മദ്രാസ് ഗവർണ്ണർക്കു സങ്കടഹർജി സമർപ്പിച്ചു. സർ ചാറൽസ് ട്രവില്യനായിരുന്നു മദ്രാസ് ഗവർണ്ണർ. അദ്ദേഹം നേരിട്ട് ഇതേപ്പററി അന്വേഷണം നടത്തി. സത്യം കണ്ടെത്തിയ ഗവർണ്ണർ, റസിഡണ്ട് കല്ലന് എഴുതിയ കത്തിൽ "സത്യവും നീതിയും മാത്രമല്ല, മനുഷ്യത്വത്തെപ്പററിയുള്ള നമ്മുടെ പൊതുവായ എല്ലാ വികാരങ്ങളും പൂർണ്ണമായി ഒരു ഭാഗത്തു മാത്രമുള്ള ഒരു കേസ് ഇതിനുമുൻപൊരിക്കലും എന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെന്നും ഇത്തരമൊരു സന്ദർഭത്തിൽ നാം ഒരു ഉറച്ച നിലപാട് സ്വീകരിക്കുന്നില്ലെങ്കിൽ പരിഷ്കൃതലോകം മുഴുവൻ നമ്മെ നോക്കി ലജ്ജിക്കുമെന്നും" എഴുതി. എന്നുതന്നെയുമല്ല ചിന്താസ്വാതന്ത്ര്യത്തിനും പ്രവർത്തനസ്വാതന്ത്ര്യത്തിനും മൗലികമായ സ്വാതന്ത്ര്യത്തിനും എതിരായിട്ടുള്ള തിരുവിതാംകൂർ മഹാരാജാവിന്റെ 1829–ലെ ഉത്തരവ് ഒരു പരിഷ്കൃതമഹാരാജാവിന് ഒരിക്കലും ഭൂഷണമായിരിക്കുകയില്ലെന്ന് തറപ്പിച്ചു പറയുകയും ചെയ്തു. ഇതു സംബന്ധിച്ച് തിരുവിതാംകൂർ മഹാരാജാവിന് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുവാൻ റസിഡന്റ് ജനറൽ കല്ലന് നിർദ്ദേശം നൽകുകയും ചെയ്തു.

മദ്രാസ് ഗവർണ്ണറുടെ ഉഗ്രമായ താക്കീതിനെത്തുടർന്ന് 1859 ജൂലൈ 26–ാം തീയതി തിരുവിതാംകൂർ മഹാരാജാവ് പുറപ്പെടുവിച്ച വിളംബരത്തിൽ "ചാന്നാർ സ്ത്രീകൾ മാറുമറയ്ക്കുന്നതിനെതിരായി 1829–ൽ പുറപ്പെടുവിച്ച വിളംബരം മൂലം ഉളവായിട്ടുള്ള സങ്കടം ശ്രദ്ധയിൽപ്പെട്ടിരിക്കുന്നതിനാലും, യാതൊരുത്തർക്കും സങ്കടം ഉണ്ടാകാത്തവിധം എല്ലാ ജനങ്ങളോടും ഒന്നുപോലെ വർത്തിക്കുക നമുക്ക് ഹിതമായിരിക്കുന്നതിനാലും ഏതു മതവിശ്വാസത്തിലും പെട്ട ചാന്നാർ സ്ത്രീകൾ പരുക്കൻ തുണികൊണ്ട് മാറുമറയ്ക്കുന്നതിന് പൂർണ്ണസ്വാതന്ത്ര്യം ഉണ്ടായിരിക്കും" എന്ന് പ്രത്യേകം രേഖപ്പെടുത്തുകയും ചെയ്തു. സവർണ്ണഹിന്ദുക്കളുടെ വസ്ത്രധാരണത്തിൽ നിന്ന് വ്യത്യസ്തമായിരിക്കണം ചാന്നാർ സ്ത്രീകളുടെ വസ്ത്രധാരണമെന്ന് വിളംബരത്തിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും അത്തരം നിയന്ത്രണങ്ങൾക്ക് യാതൊരു വിലയും ആരും കല്പിക്കുകയുണ്ടായില്ല. അക്കാലത്ത് സമൂഹത്തിൽ നിലനിന്ന ഏററവും വലിയ സാമൂഹിക തിന്മയായിരുന്നു അയിത്താചരണം. താണജാതിക്കാർക്ക് പൊതു നിരത്തുകളിൽ നടക്കാൻ അനുവാദമുണ്ടായിരുന്നില്ല. തീണ്ടൽപ്പാട് കടന്ന് ഒരു സവർണ്ണനെ സമീപിക്കുന്ന അയിത്തജാതിക്കാരനെ അപ്പോൾത്തന്നെ വെട്ടിവീഴ്ത്തുന്ന പതിവ് നിലനിന്നിരുന്നു. താണ ജാതിക്കാരെ കണ്ടാൽ തിരിച്ചറിയുന്നതിനുവേണ്ടി അവർ ശരീരം അരയ്ക്കുമേൽ മറയ്ക്കരുതെന്നായിരുന്നു നിയമം. നല്ല വസ്ത്രം ധരിക്കുന്നതിനോ, ആഭരണം ധരിക്കുന്നതിനോ ഒന്നും താണജാതിക്കാരെ

www.malankaralibrary.com

അനുവദിച്ചിരുന്നില്ല. ബ്രാഹ്മണാധിക്യം അടിച്ചേൽപ്പിച്ച ഈ വ്യവസ്ഥിതി രാജസ്ഥാനത്തിന്റെ പിന്തുണയോടുകൂടി സമൂഹത്തിൽ പടർന്നുപിടിച്ചു. അയിത്തം ഹിന്ദുമതത്തിന്റെ ഒരു അവിഭാജ്യഘടകമായി കണക്കാക്കിയിരുന്നതിനാൽ അയിത്താചരണത്തിനെതിരായ ഏതു നീക്കവും ഹിന്ദുമതത്തിനെതിരായ നീക്കമായി വ്യാഖ്യാനിക്കുമായിരുന്നു. ഈ സാഹചര്യത്തിൽ ക്രിസ്ത്യാനികൾക്ക് അയിത്താചരണത്തിനെതിരെ ശബ്ദമുയർത്തുവാനും ബോധവത്ക്കരണം നടത്തുവാനും മാത്രമേ സാദ്ധ്യമാകുമായിരുന്നുള്ളു.

ക്രൈസ്തവർ പ്രചരിപ്പിച്ച വിദ്യാഭ്യാസത്തിന്റെ ഫലമായി അധഃകൃത സമുദായങ്ങളിൽ സ്വാതന്ത്ര്യബോധവും ആത്മധൈര്യവും വളർന്നു. ക്രൈസ്തവമതം സ്വീകരിച്ച അധഃകൃതർ ഉന്നതവിദ്യാഭ്യാസം സിദ്ധിച്ച് ഉന്നത ഉദ്യോഗങ്ങൾ സ്വീകരിച്ച് ഉന്നതനിലയിൽ എത്തുകയും ചെയ്തത് അധഃകൃതവർഗ്ഗക്കാരുടെയിടയിൽ ഒരു ഉയിർത്തെഴുന്നേല്പിനുള്ള കളമൊരുക്കി. ക്രിസ്തുമതത്തിൽ അയിത്തം ഇല്ലായിരുന്നതുകൊണ്ട് ക്രിസ്തുമതം സ്വീകരിച്ച തീണ്ടൽ ജാതിക്കാരുടെ തീണ്ടൽ ഇല്ലാതായി. അതുകൊണ്ടാണ് പറയസമുദായാംഗമായിരുന്ന ഡോ.പീററർ ലക്ഷ്മണനെ ശ്രീമൂലം തിരുനാൾ മഹാരാജാവ് തന്റെ സ്വന്തം ഭിഷഗ്വരനായും ഡർബാർ ഫിസിഷ്യനായും നിയമിച്ചത്. മതപരിവർത്തനം മൂലം ലഭിച്ച ഈ സാമൂഹ്യോന്നമനത്തെ ലക്ഷ്യംവച്ച് ധാരാളം തീണ്ടൽജാതിക്കാർ ക്രിസ്തുമതത്തെ ആശ്ലേഷിച്ചു. ഇത് ഹിന്ദുമതത്തിൽ ഒരു പുനർചിന്തനത്തിനു വഴിയൊരുക്കി. ക്രിസ്തുമതത്തിലേക്കുള്ള ഒഴുക്ക് തടയുന്നതിനുവേണ്ടിത്തന്നെ അയിത്തത്തിന്റെ കാർക്കശ്യം കുറയ്ക്കാൻ സവർണ്ണർ നിർബന്ധിതരായി. അങ്ങനെ മനുഷ്യത്വത്തിന്റെ മഹനീയത അംഗീകരിക്കുവാൻ സവർണ്ണരെ ക്രൈസ്തവമിഷനറിമാരുടെ പ്രവർത്തനങ്ങൾ പ്രേരിപ്പിച്ചു.

അയിത്തത്തിന്റെ കാർക്കശ്യം കുറഞ്ഞെങ്കിലും താഴ്ന്നജാതിക്കാർക്ക് ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ ചില റോഡുകളിൽകൂടി സഞ്ചരിക്കുന്നതിനോ അനുവാദമുണ്ടായിരുന്നില്ല. ക്ഷേത്രപ്രവേശനത്തിനും സഞ്ചാരസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ശ്രമങ്ങൾ ആണ് പിന്നീട് നടന്നത്. ക്രൈസ്തവമിഷനറിമാരുടെ സാമൂഹികരംഗത്തെ പ്രവർത്തനങ്ങളാണ് വൈക്കം സത്യാഗ്രഹത്തിനും വർഷങ്ങൾക്കുശേഷം ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കുന്നതിനും പ്രേരണ നൽകിയത്. ക്രൈസ്തവർ, സമൂഹത്തിന്റെ മുഴുവൻ സമഗ്രമോചനം ലക്ഷ്യമാക്കിയാണു പ്രവർത്തിച്ചത്.

സാമ്പത്തികചൂഷണങ്ങളെക്കാളും അതീവക്രൂരമായിരുന്നു സാമൂഹികമായ മർദ്ദനം. ജാതിയുടെ പേരിലുള്ള അയിത്താചരണം മാനുഷികമൂല്യങ്ങളെയെല്ലാം ചവുട്ടിമെതിച്ചു.

തീണ്ടലിലും തൊടീലിലും മാത്രമല്ല ജാതികൃതമായ ഉച്ചനീചത്വങ്ങൾ

www.malankaralibrary.com

നിലവിലിരുന്നത്. ജീവിതത്തിലും ഭാഷയിലും വേഷഭൂഷാദികളിലും എല്ലാം ആ ഉച്ചനീചത്വങ്ങൾ ചെന്നെത്തി. ശൂദ്രന് നമ്പൂതിരിയെ ദേവനെന്നോ, തിരുമേനി എന്നോ വിളിക്കാം. നമ്പൂതിരിയോട് സംസാരിക്കുന്ന നായരുടെ മലയാള ഭാഷയിൽ ഞാൻ എന്ന പദമില്ല. അടിയൻ എന്ന പദം മാത്രമേയുള്ളു. നായർ താമസിക്കുന്നത് വീട്ടിലല്ല, കുപ്പാട്ടിലാണ്, നമ്പൂതിരി താമസിക്കുന്നത് മനയ്ക്കലും. ആ നായർ ഒന്നും കുടിക്കുന്നില്ല മോന്തുകയാണ്. നായർ തിന്നുന്നത് അരിയല്ല കല്ലരിയാണ്. അയാളുടെ കൈയിലുള്ള പണം ഉറുപ്പികയല്ല ചെമ്പുതട്ടാണ്. അയാൾ ഉടുക്കുന്നത് തുണിയല്ല പഴന്തുണിയാണ്. അയാൾ ദേഹശുദ്ധി വരുത്തുന്നത് "കുളി"ച്ചിട്ടല്ല, നനഞ്ഞിട്ടാണ്. അയാൾക്ക് ഭക്ഷണമില്ല 'കരിക്കാടി' യെ ഉള്ളു. അയാൾ വിശ്രമിക്കുന്നത് കിടന്നിട്ടല്ല "നടുനിവർത്തിയാണ്." നായർ ചിന്തിക്കുന്നത് മനസുകൊണ്ടല്ല പഴമനസ്സുകൊണ്ടാണ്. അതേസമയത്ത് നമ്പൂതിരി മനയ്ക്കലെ കുളത്തിൽ നീരാടി അമൃതേത്തും കഴിഞ്ഞ് പള്ളിക്കുറുപ്പുകൊള്ളുന്ന തിരുമനസ്സാണ്. അടിയനും, ഏറാനും, എഴുന്നെള്ളത്തും, കൽപനയും, പഴങ്കാലും വിടകൊള്ളലും എന്നുവേണ്ട മനുഷ്യനെ അധഃപതിപ്പിക്കുന്ന ഭാഷാപ്രയോഗങ്ങൾ നിരവധിയാണ്.

താണജാതിക്കാർക്ക് പൊതുനിരത്തുകളിൽ സഞ്ചരിക്കാനോ ചെരിപ്പോ കുടയോ വിലപ്പെട്ട ആഭരണങ്ങളോ ഒന്നും ധരിക്കുവാനോ അവകാശമുണ്ടായിരുന്നില്ല. കുടപിടിക്കാൻ ബ്രാഹ്മണർക്ക് മാത്രമേ അവകാശമുണ്ടായിരുന്നുള്ളു. ഉയർന്ന ജാതിക്കാരെ കാണുമ്പോൾ മാറുമറയ്ക്കുന്ന വസ്ത്രം എടുത്തുമാററി ആദരവ് പ്രകടിപ്പിക്കാൻ സ്ത്രീകൾ ബാദ്ധ്യസ്ഥരായിരുന്നു.

അയിത്തം ഹിന്ദുസമുദായത്തെ ആകമാനം ബാധിച്ച ഒരു മഹാരോഗമായിരുന്നു. അയിത്തം താഴ്ന്ന ജാതിക്കാരായ ഈഴവർക്കോ ഹരിജനങ്ങൾക്കോ മാത്രം ഉള്ളതായിരുന്നില്ല. അയിത്തത്തിൽ നിന്നും ഒഴിവാക്കാവുന്നത് ബ്രാഹ്മണരെ മാത്രമാണ്. മന്നത്തു പത്മനാഭന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "കോടാനുകോടി ജനങ്ങളുള്ള ഇന്ത്യയിൽ വിരലിൽ എണ്ണാൻ മാത്രമുള്ള ബ്രാഹ്മണനുവേണ്ടിയാണ് ഈ ദുരിതങ്ങളെല്ലാം വരുത്തിവച്ചതെന്ന് പറയേണ്ടിവന്നതിൽ വ്യസനമുണ്ട്. ബ്രാഹ്മണന്റെ ബുദ്ധിസാമർത്ഥ്യത്തെക്കാൾ അബ്രാഹ്മണന്റെ ബുദ്ധിശൂന്യതയെയാണ് ഞാൻ അത്ഭുതത്തോടും വ്യസനത്തോടും കൂടിവീക്ഷിക്കുന്നത്. പുലയനും പറയനും തീണ്ടതീണ്ടലുണ്ട്. അവർ തമ്മിലും തീണ്ടലുണ്ട്. അതിൽ കുറഞ്ഞ തീണ്ടൽ ഈഴവനാണ്. ആശാരിക്കും മൂശാരിക്കും തീണ്ടലുണ്ട്" ഇങ്ങനെയുള്ളവരെയെല്ലാം അവർണ്ണർ എന്ന മഹാവലയത്തിൽ ഉൾപ്പെടുത്തി എങ്കിലും, അവർ ആ വലയത്തിനുള്ളിൽ ഒന്നായിതീർന്ന് ശക്തിസംഭരിക്കാൻ ഇടയാകാത്തവണ്ണം, തീണ്ടലിന്റെ നീളഭേദവും

www.malankaralibrary.com

തൊഴിലിന്റെ വ്യത്യാസവുംകൊണ്ട് അന്യോന്യം പൊരുത്തമുള്ളവരല്ലാതാക്കിത്തീർത്തു. നായർ മുതൽ നമ്പൂരി വരെയുള്ളവർ സവർണ്ണവിഭാഗത്തിൽപ്പെട്ടവരാണ്. അവർ തമ്മിലും തൊട്ടുകൂടായ്മ എന്ന ചെറുതീണ്ടലുണ്ട്. വീരശൂരന്മാരും ക്ഷത്രിയവംശജന്മാരും കേരളത്തിന്റെ ഉടമസ്ഥരും അധികാരികളും എന്ന അഭിമാനിക്കുന്നവരുമായ നായന്മാരെ അഗ്രജന്മാരായ ബ്രാഹ്മണർക്കുമാത്രമല്ല അന്തരാളവർഗത്തിൽപ്പെട്ട തമ്പുരാക്കന്മാർക്കും, വാര്യർക്കും, പിഷാരടിക്കുമെല്ലാം തീണ്ടലുണ്ട്. നായരെ തൊട്ടാൽ അവരെല്ലാം കുളിക്കണമെന്നായിരുന്നു വ്യവസ്ഥ. പുലയനെ തൊട്ടാലും തീണ്ടിയാലും അതിൽകവിഞ്ഞൊന്നും വേണമെന്നില്ല. ഇതെല്ലാം ഹിന്ദുസമുദായത്തിലെ എല്ലാവിഭാഗങ്ങളും സന്തോഷപൂർവ്വം സ്വീകരിച്ചത്, അവരവർക്ക് തീണ്ടലുള്ള മററൊരുകൂട്ടർ താഴെയുണ്ടെന്നുള്ള സമാധാനം കൊണ്ടുമാത്രമാണ്. സർവ്വാധിപതിയായ രാജാവിനെയും ബ്രാഹ്മണന് തീണ്ടൽ ഉണ്ടെന്ന് അവരെക്കൊണ്ടും സമ്മതിപ്പിച്ച്, അതിന്റെ സംരക്ഷണത്തിനുവേണ്ടിയാണ് ഭരണം നടത്തുന്നതെന്ന് വിശ്വസിപ്പിച്ച കൗശലപ്പണി നിമിത്തം തങ്ങൾ തീണ്ടൽ ജാതിക്കാരാണെന്നുള്ള വസ്തുത അറിയാതിരുന്നു പോയെന്നെയുള്ളു. പുലയന് 64 അടി, ഈഴവന് 12 അടി, നായർക്ക് മൂന്നാലടി, രാജാവിന് രണ്ടടി എന്നിങ്ങനെ അടിക്കു വ്യത്യാസമുണ്ടെന്നല്ലാതെ എല്ലാവർക്കും തീണ്ടൽ ഉണ്ടെന്നു തന്നെയല്ലെ അർത്ഥം. തൊടീൽ മൂത്തതാണ് തീണ്ടൽ. അല്ലാതെ വ്യത്യാസമൊന്നുമില്ല അയിത്തതിന്റെ അർത്ഥവിവരണത്തിൽ തീണ്ടലും തൊടീലും ഉൾപ്പെടുന്നു.

താണജാതിക്കാർക്ക് പൊതുനിരത്തുകളിൽ സഞ്ചാരസ്വാതന്ത്ര്യമോ, ക്ഷേത്രങ്ങളിൽ പ്രവേശനമോ ഉണ്ടായിരുന്നില്ല. ഈ വ്യവസ്ഥിതിയെ കാത്തുസൂക്ഷിക്കുകയായിരുന്നു രാജധർമ്മം. രാഷ്ട്രീയാധികാരത്തിന്റെ പിൻബലംകൊണ്ടാണ് നമ്പൂതിരിമാർ ഈ മേധാവിത്വം നിലനിർത്തിയിരുന്നത്.

ഇവിടുത്തെ അധഃകൃതവർഗ്ഗക്കാരുടെ മുന്നണിയിൽ ഉയർന്ന സ്ഥാനമായിരുന്നു ഈഴവനുണ്ടായിരുന്നതും. ജാതിവ്യവസ്ഥയിൽ സവർണ്ണർക്കും അധഃകൃതർക്കും നടുക്കായിരുന്നു ഈഴവരുടെ സ്ഥാനം. ഈഴവസമുദായം തങ്ങളുടെ മനുഷ്യാവകാശങ്ങൾ വീണ്ടെടുക്കുന്നതിന് പല ശ്രമങ്ങളും കാലാകാലങ്ങളിൽ നടത്തിയിരുന്നു. ശ്രീനാരായണഗുരുവും ശ്രീനാരായണധർമ്മ പരിപാലനസംഘവും ഈഴവരുടെ സാമൂഹ്യപുരോഗതിക്ക് വേഗത വർദ്ധിപ്പിച്ചു.

www.malankaralibrary.com

## 3

# അവർണ്ണരുടെ സാമൂഹ്യനില

അവർണ്ണരിൽതന്നെ മൂവായിരത്തിൽപരം വിഭാഗങ്ങൾ ഉണ്ട്. മരയാശാരി, കല്ലാശാരി, തട്ടാൻ, കൊല്ലൻ, ചെമ്പുപണിക്കാരൻ, പിച്ചള പണിക്കാരൻ, കുശവൻ, പാണൻ, ചെരുപ്പുകുത്തി, മരംവെട്ടുകാരൻ, കൈനോട്ടക്കാരൻ, കണിയാൻ, ക്ഷുരകൻ, പതിയാൻ, തണ്ടാൻ, വെളുത്തേടൻ, വേടൻ, അറവുകാരൻ, വേലൻ, മരയ്ക്കാർ, മുക്കുവൻ, തോട്ടി, പറയൻ, പുലയൻ, ഈഴവൻ, ചാന്നാൻ, മറവൻ, കുറുവൻ എന്നിങ്ങനെ മൂവായിരത്തിലധികം വിഭാഗങ്ങൾ ഉണ്ട്. ഈ വിഭാഗങ്ങൾ തമ്മിൽ തമ്മിൽ കൂടിക്കലരുകയില്ല. മിശ്രവിവാഹത്തിലും മിശ്രഭോജനത്തിലും അവർ പങ്കുകാരാകുകയില്ല. ഓരോ കൂട്ടർക്കും പ്രത്യേകം ദേവന്മാരുണ്ട്. തൊട്ടുകൂടാത്ത ഈ ജാതികൾ അവരവർക്ക് വേണ്ടി തിരിച്ചിരിക്കുന്ന ഗ്രാമങ്ങളിൽ സമൂഹമായി വളരുന്നു.

അവർണ്ണരുടെ അന്നത്തെ സാമൂഹ്യനിലയെപ്പററി പ്രത്യേകം പഠിക്കേണ്ടിയിരിക്കുന്നു. അഡ്വക്കേററ് എം.ജി. മാത്യു രചിച്ച മതേതരഭാരതവും ഹിന്ദുത്വവും എന്ന ഗ്രന്ഥത്തിൽ (പുറം 14–16) ഇപ്രകാരം പറയുന്നു. “ഹിന്ദുക്കളുടെ പരമോന്നത ദൈവം വിഷ്ണുവാണെന്ന് പറയപ്പെടുന്നു. വിഷ്ണുവിനെ ബ്രഹ്മം, പരബ്രഹ്മം, പരമാത്മാവ്, പരമപുരുഷൻ, ഹരി എന്നെല്ലാം പറയുന്നു. വിഷ്ണു ശ്രീകൃഷ്ണനായും ശ്രീരാമനായും മററും പല അവതാരങ്ങൾ എടുത്തിട്ടുണ്ട്.

ശ്രീകൃഷ്ണൻ മനുഷ്യജാതിയെ രണ്ടായി തിരിച്ചു. സവർണ്ണർ എന്നും അവർണ്ണർ എന്നും. സവർണ്ണർ മനുഷ്യരാണ്. അവർണ്ണർ അധമരാണ്, അധഃകൃതരാണ്. സവർണ്ണർക്ക് വിവിധ ഗുണങ്ങളുണ്ട്. സത്യം, രജസ്, തമസ് എന്നീ തൃഗുണങ്ങളെ അടിസ്ഥാനപ്പെടുത്തി സവർണ്ണരെ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നീ നാലു വർണ്ണങ്ങളായി തിരിച്ചു. അവർണ്ണർക്ക് ഒരു ഗുണവുമില്ലെന്ന് ശ്രീകൃഷ്ണൻ വിധിച്ചു. അധമരായ അവർണ്ണരെ സവർണ്ണർ തൊട്ടുകൂടാ, തീണ്ടിക്കൂടാ എന്ന് വിധിച്ചു. സവർണ്ണർ അവർണ്ണരോട് മനുഷ്യത്വരഹിതമായ, മൃഗീയമായ രീതിയിലാണ് പെരുമാറിയിരുന്നത്. അവർണ്ണർ മനുഷ്യഗുണമില്ലാത്ത മൃഗങ്ങളായി പരിഗണിക്കപ്പെട്ടു. അത്ഭുതമെന്നു പറയട്ടെ ഇന്ത്യയിലെ ജന കോടികളിൽ ബഹുഭൂരിപക്ഷംപേരും അവർണ്ണരാണ്.

വിഷ്ണുവിന് അവർണ്ണരോട് ശത്രുതാ മനോഭാവമാണ്. അദ്ദേഹം അവരെ വെറുക്കുന്നു. അദ്ദേഹത്തിന് അവർണ്ണർ മനുഷ്യജീവികളല്ല. അവർ ഒരു ഗുണവുമില്ലാത്ത ഇരുകാലി മൃഗങ്ങളാണ്. അതിനാൽ അവരോടുള്ള

www.malankaralibrary.com

പെരുമാററം മൃഗങ്ങളോടുള്ളതിനേക്കാൾ നികൃഷ്ടമായിരുന്നു. വിഷ്ണുവിന് അവരുടെ സാന്നിദ്ധ്യം സഹിച്ചുകൂടാ. അവർ ക്ഷേത്രപരിസരങ്ങളിൽ പോകാൻ പാടില്ല. ഭഗവാന്റെ സാന്നിദ്ധ്യത്തിൽ എത്തുകയോ ഭഗവാനുള്ള യാതൊന്നിനെയും സ്പർശിക്കുകയോ ചെയ്യരുത്. തന്റെ ഇഷ്ടന്മാരായ ബ്രാഹ്മണരെ അവർണ്ണർ സമീപിച്ചുകൂടാ. ഒരു ബ്രാഹ്മണന്റെ മേൽ അവർണ്ണന്റെ നിഴലെങ്കിലും വീണാൽ, ബ്രാഹ്മണൻ അശുദ്ധനാകും. അവർണ്ണർ ചാതുർവർണ്ണത്തിൽപ്പെട്ട ആരെയും സ്പർശിച്ചു കൂടാ. അവർ തൊട്ടു കൂടാത്തവരാണ്.

അതുകൊണ്ട് ബ്രാഹ്മണർ പുറത്തു പോകുന്നത് "മാറിക്കോ, മാറിക്കോ" എന്നർത്ഥമുള്ള "ഹോയ്, ഹോയ്" എന്ന് ആശ്രിതരെകൊണ്ട് വിളിച്ചു പറഞ്ഞുകൊണ്ടാണ്. ഈ ശബ്ദം കേട്ടാൽ അധഃകൃതർ അകലേയ്ക്കു മാറിക്കൊള്ളണം. സവർണ്ണരിൽ ആരെങ്കിലും അവർണ്ണരെ സ്പർശിക്കുവാൻ ഇടയായാൽ അയാൾ അശുദ്ധനാകും. അവർണ്ണർ അമ്പലം തീണ്ടിയാൽ അവിടുത്തെ ദേവത ഓടി പൊയ്കളയും.

ഇന്ത്യയിലെ അവർണ്ണർക്ക് ഗാന്ധിജി മാസ്മര ശക്തിയുള്ളതും, മോഹിപ്പിക്കുന്നതും എന്നാൽ വശ്യമായതുമായ ഒരു പേരു നൽകി. അദ്ദേഹം അവരെ ഹരിജനങ്ങൾ എന്നു വിളിച്ചു. അതിന്റെ അർത്ഥം ഹരിയുടെ അഥവാ വിഷ്ണുവിന്റെ ജനങ്ങൾ എന്നാണ്. അങ്ങേയററം ഔന്നത്യമുള്ള ഒരു നാമമാണെങ്കിലും ഹരിജനങ്ങൾക്ക് ഹരിയുമായി യാതൊരു ബന്ധവുമില്ല. കഴിഞ്ഞ അനേക നൂററാണ്ടുകളായി ഹരി പാവപ്പെട്ട ഈ അധഃകൃത വർഗത്തോട് ശത്രുത കാട്ടി വന്നു. വയലുകളിൽ എല്ലു മുറിയെ അവരെക്കൊണ്ട് പണി ചെയ്യിച്ചു. പക്ഷേ, അവർ കൂലിയ്ക്ക് അർഹരായിരുന്നില്ല. ഉഴുക, വിതയ്ക്കുക, കള പറിയ്ക്കുക, കൊയ്യുക എല്ലാം അവരുടെ ജോലിയാണ്. എങ്കിലും വിളയുടെ ഒരംശം പോലും അവർക്ക് അവകാശപ്പെട്ടതായിരുന്നില്ല. മരങ്ങളും, ചെടികളും നട്ടു വളർത്തേണ്ടത് അവരാണ്. എങ്കിലും അവർ അതിന്റെ ഫലങ്ങൾ അനുഭവിക്കാൻ അർഹരല്ല.

സുപ്രസിദ്ധ കവിയായ ചങ്ങമ്പുഴ, മലയപ്പുലയൻ തന്റെ മാടത്തിനടുത്ത് ഒരു വാഴ നട്ടു വളർത്തിയതിനെക്കുറിച്ചും, കുലപാകമായപ്പോൾ തമ്പ്രാക്കളുടെ ആൾക്കാർ വന്ന് മലയപ്പുലയന്റെയും, മാടത്തിലെ കരുമാടിക്കുട്ടൻമാരുടെയും ഹൃദയങ്ങൾ ഭേദിച്ചുകൊണ്ട് ആ കുല വെട്ടിക്കൊണ്ടു പോയതിനെക്കുറിച്ചും തന്റെ "വാഴക്കുല" എന്ന പദ്യശകലത്തിൽ വിവരിച്ചിരിക്കുന്നു. ഭൂമിയും സമ്പത്തുക്കളും ബ്രാഹ്മണർക്കും മററു സവർണ്ണർക്കും മാത്രമുള്ളതാണ്. അധഃകൃതരായ അവർണ്ണർ സവർണ്ണരുടെ അടിമകൾ മാത്രം.

തൊട്ടുകുടാത്തവരോട് ഹിന്ദു ദൈവങ്ങൾക്ക് ശത്രുതയാണ്. എങ്കിലും അവർണ്ണർ വിയർപ്പൊഴുക്കി ഉല്പാദിപ്പിക്കുന്ന ധാന്യം, നെയ്യ്,

www.malankaralibrary.com

എണ്ണ, ശർക്കര, പൂക്കൾ, പഴങ്ങൾ മുതലായവ ആ ദൈവങ്ങൾക്കും സവർണ്ണർക്കും വളരെ പ്രിയമാണ്. ഈ ദൈവങ്ങളും മേൽക്കിട ജാതികളും അധഃകൃത വർഗങ്ങളോട് തീരെ നന്ദിയില്ലാത്തവരാണ്. എന്നിട്ടും അവർ ഉല്പാദിപ്പിക്കുന്ന ആഹാരസാധനങ്ങൾക്കും നെയ്യ്, എണ്ണ, പഴങ്ങൾ, പൂക്കൾ മുതലായവയ്ക്കും നീചരെന്ന് എണ്ണപ്പെടുന്ന ജാതികളെയാണ് ആശ്രയിക്കുന്നത്.

ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിക്കാറുള്ള വിഗ്രഹങ്ങൾ നിർമ്മിക്കുന്നത് അവർണ്ണരാണ്. എന്നിട്ടും പ്രതിഷ്ഠിക്കപ്പെട്ടു കഴിഞ്ഞാൽ ദൈവങ്ങളുടെ നിർമ്മാതാക്കൾ ഈ ദൈവങ്ങളുടെ അടുത്ത് ചെല്ലുകയോ, വിഗ്രഹങ്ങളെ സ്പർശിക്കുകയോ ചെയ്യരുത് എന്നാണ് വിലക്ക്. ഈ ശില്പികളുടെ സാന്നിദ്ധ്യം വിഗ്രഹങ്ങളെ അശുദ്ധമാക്കും പോലും. വിഗ്രഹങ്ങളെ അലങ്കരിക്കുന്നതിനുള്ള വിലയേറിയ വസ്ത്രങ്ങളും, ആഭരണങ്ങളും, അലങ്കാര വസ്തുക്കളുമെല്ലാം നിർമ്മിക്കുന്നത് അധഃകൃത വർഗങ്ങളാണെങ്കിലും ഇതേ ജനങ്ങൾ അവയുടെ സമീപത്തു ചെന്നുകൂടാ എന്നാണ് വിലക്ക്."

ഈ സാഹചര്യത്തിൽ ഹരിജനങ്ങളെ ഹിന്ദുക്കളായി കണക്കാക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. അവർ ഹിന്ദുക്കളല്ല. ഉയർന്നജാതികളുടെ സേവനത്തിനായി അടിമത്വത്തിൽ അമർത്തപ്പെട്ടിരിക്കുന്നവിഭാഗമത്രേ. ഹിന്ദുക്കളും ഹിന്ദുദേവീദേവന്മാരും അവരെ വെറും അടിമകളാക്കി മാത്രമേ കണക്കാക്കുന്നുള്ളു.

സവർണ്ണർ അവർണ്ണരെ ഹിന്ദുക്കൾ എന്ന് വിളിക്കുന്നത് കാര്യസാദ്ധ്യത്തിനുവേണ്ടിയാണ്. കായബലവും കരവിരുതും കർമ്മകുശലതയുമുള്ള അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ മതത്തിന്റെ പേരുപറഞ്ഞ് അടക്കിനിറുത്തുവാനുള്ള സവർണ്ണരുടെ ഒരു തന്ത്രം മാത്രമാണിത്.

അവർണ്ണരുടെയും ശൂദ്രരുടെയുംമേൽ ആധിപത്യം സ്ഥാപിക്കാൻ മേൽജാതികൾ കെട്ടിച്ചമച്ചകഥയാണ് വർണ്ണാശ്രമം. ലോകസൃഷ്ടി നടത്തിയപ്പോൾ ബ്രഹ്മാവിന്റെ മുഖത്തുനിന്നും ജനിച്ചവൻ ബ്രാഹ്മണൻ എന്നും, മാറിടത്തുനിന്നും ജനിച്ചവൻ ക്ഷത്രിയർ എന്നും, തുടകളിൽ നിന്ന് ജനിച്ചവർ വൈശ്യർ എന്നും, പാദങ്ങളിൽ നിന്നും ജനിച്ചവർ ശൂദ്രരെന്നും അറിയപ്പെടുന്നു. ഈ സൃഷ്ടികർമ്മത്തെ കേന്ദ്രീകരിച്ചുള്ളതാണ് വർണ്ണാശ്രമകഥ. ഈ നാലുകൂട്ടർ സവർണ്ണർ–മനുഷ്യർ ആണ്. ഇവർക്കു പുറമെയുള്ളവരെ മനുഷ്യരായി ഗണിച്ചിട്ടുപോലുമില്ല. ബ്രാഹ്മണരുടെ പരമാധികാരം സംരക്ഷിക്കുവാൻ വേണ്ടിയാണ് ഈ കഥകളെല്ലാം തട്ടിക്കൂട്ടിയത്.

മതേതരഭാരതവും ഹിന്ദുത്വവും എന്ന ഗ്രന്ഥത്തിൽ നിന്ന് ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. (പുറം 19–21)

"ദണ്ഡനീതി" ഇപ്രകാരം പറയുന്നു. "ഒരു ക്ഷത്രിയൻ ഒരു ബ്രാഹ്മ

www.malankaralibrary.com

ണനെ നിന്ദിച്ചാൽ നൂറു പണം പിഴയിടും. വൈശ്യർ നിന്ദിച്ചാൽ 200 പണമാണ് പിഴ. ശൂദ്രനാണെങ്കിൽ അവൻ വധശിക്ഷയ്ക്കർഹനാണ്. ഒരു ബ്രാഹ്മണൻ ഒരു ക്ഷത്രിയനെ നിന്ദിച്ചാൽ 10 പണമാണ് പിഴ. ശൂദ്രൻ വൈശ്യനെയാണ് നിന്ദിച്ചതെങ്കിൽ 25 പണം പിഴ കൊടുക്കണം. ബ്രാഹ്മണൻ ശൂദ്രനെയാണ് നിന്ദിച്ചതെങ്കിൽ പിഴ 12 പണമേയുള്ളൂ. ശൂദ്രൻ ക്ഷത്രിയനെ നിന്ദിച്ചാൽ അവന്റെ ജിഹ്വ ഛേദിച്ചു കളയണം. ശൂദ്രൻ ബ്രാഹ്മണർക്കു ധർമ്മോപദേശം ചെയ്താൽ അവന് ഇഷ്ടമുള്ള ശിക്ഷ കൊടുക്കാവുന്നതാണ്.

ശൂദ്രൻ ബ്രാഹ്മണനോട് ഏതംഗം കൊണ്ട് അപരാധം ചെയ്തുവോ ആ അംഗം ഉടൻ ഛേദിച്ചു കളയണം. ബ്രാഹ്മണനെ തുപ്പിയാൽ തുപ്പുന്നവന്റെ രണ്ടു ചുണ്ടുകളും ഛേദിച്ചു കളയണം. ബ്രാഹ്മണന്റെ ദേഹത്ത് മൂത്രം വീഴ്ത്തിയാൽ വീഴ്ത്തുന്നവന്റെ ലിംഗം ഛേദിച്ചു കളയണം. ശൂദ്രൻ അന്യജാതിക്കാരുടെ ഇരിപ്പിടത്തിൽ കയറി ഇരുന്നാൽ ശൂദ്രന്റെ ആസനം ഛേദിച്ചുകളയണം." (അഗ്നി പുരാണം 227)

ഹിന്ദുക്കൾ ശൂദ്രരുടെ മേൽ അടിച്ചേൽപ്പിച്ചിരുന്ന അടിമത്തത്തിന്റെ ആഴമറിയണമെങ്കിൽ "മനുസ്മൃതി" വായിച്ചാൽ മതിയാകും. മനു പറയുന്നു:–

"ധനം സമ്പാദിക്കുന്നതിൽ സമർത്ഥനായാലും ശൂദ്രൻ പണം സമ്പാദിച്ചു വയ്ക്കരുത്." എന്തെന്നാൽ ധനവാനായിത്തീർന്ന ശൂദ്രൻ (ശാസ്ത്ര ജ്ഞാനമില്ലായ്കയാൽ ധന മദം കൊണ്ട്) ശാസ്ത്ര വിരുദ്ധമായി ആചരിച്ചും, ബ്രാഹ്മണ സേവ ഉപേക്ഷിച്ചും ബ്രാഹ്മണരെ തന്നെ പീഡിപ്പിക്കും. (10:129)

ബ്രാഹ്മണന് ദാസനായ ശൂദ്രന്റെ പണം നിർവ്വിശങ്കം സ്വായത്തമാക്കാം. അവന് സ്വന്തമായി ധനം ഇല്ലല്ലോ. അവന്റെ ധനം സ്വാമിക്ക് എടുക്കാവുന്നതത്രേ. (ബലമായി ദാസന്റെ ധനമെടുത്താലും ബ്രാഹ്മണനെ രാജാവ് ശിക്ഷിക്കരുത് എന്ന് സാരം) (8:417)

"ലോകത്തിലുള്ളതെല്ലാം ബ്രാഹ്മണന്റെ സ്വന്തം സ്വത്താകുന്നു. ശ്രേഷ്ഠതകൊണ്ടും, കുലീനത്വംകൊണ്ടും ബ്രാഹ്മണൻ സകലതും ലഭിക്കുവാൻ അർഹിക്കുന്നു." (1:100)

"യജമാനൻ ഉപേക്ഷിച്ചാലും ശൂദ്രൻ ദാസ്യത്തിൽ നിന്ന് മുക്തനാകുന്നില്ല, എന്തെന്നാൽ ശൂദ്രന് ദാസ്യം ജന്മനായുള്ളതാണ്. അവനെ അതിൽ നിന്ന് മോചിപ്പിക്കാൻ ആർക്ക് കഴിയും?" (8:414)

"ജാതിപ്പേര് കൂട്ടി വിളിച്ച് ബ്രാഹ്മണനെ നിന്ദിക്കുന്ന ശൂദ്രന്റെ വായിൽ പത്തംഗുലം നീളമുള്ള പഴുപ്പിച്ച ഇരുമ്പാണി തറയ്ക്കണം" (8:271)

www.malankaralibrary.com

"അഹങ്കാരംകൊണ്ട് ബ്രാഹ്മണനെ കാർക്കിച്ചു തുപ്പുന്ന ശൂദ്രന്റെ രണ്ടു ചുണ്ടും രാജാവ് ഛേദിപ്പിക്കണം. ബ്രാഹ്മണന്റെ മേൽ മൂത്ര വിസർജ്ജനം ചെയ്താൽ ലിംഗവും, ശബ്ദത്തോടെ അധോവായു വിട്ടാൽ ഗുദവും ഛേദിക്കണം" (8:282)

"ചെറിയതായാലും, വലിയതായാലും അഗ്നിയുടെ മഹത്വം അതുപോലെ തന്നെ. വിദ്വാനായാലും വിദ്യാവിഹീനനായാലും ബ്രാഹ്മണ നിലുള്ള ദൈവത്വം മഹത്വമേറിയതും തന്നെ" (9:317)

ശ്രീ. ശങ്കരാചാര്യർ തന്റെ 'ലഘുധർമ്മപ്രകാശികയിൽ' ഇപ്രകാരം പറയുന്നു.

"ശൂദ്രൻ സദാ സമയവും ബ്രാഹ്മണരുടെ സേവ ചെയ്യുവാൻ കാത്തു നിന്നുകൊണ്ട് ബ്രാഹ്മണരെ സന്തോഷിപ്പിക്കണം. അവൻ ശകാരിച്ചാൽ മറുത്തു പറയരുത് (11:2:6)

ശൂദ്രൻ ശാസ്ത്രം പഠിക്കരുത്. വേദാക്ഷരം കേൾക്കരുത്. ഉദയത്തിനു മുൻപ് കുളിക്കരുത്. തപസു ചെയ്യുകയോ, മന്ത്രം ജപിക്കുകയോ അരുത്" (11:2:8)

"ശൂദ്രൻ ഗോഭസ്മം ധരിക്കാൻ പാടില്ല. ബ്രാഹ്മണരുടെ അടുപ്പിലെ ചാരമേ ധരിയ്ക്കാവൂ" (11:2:17)

"ഒരു ദ്വിജനെ അധിക്ഷേപിക്കുകയോ, ദേഹോപദ്രവം ഏല്പിക്കു കയോ ചെയ്യുന്ന ശൂദ്രൻ ഏതു അവയവം മൂലം അവൻ കുററം ചെയ്തുവോ അതിനെ വെട്ടിക്കളയണം. ശൂദ്രൻ വേദമന്ത്രോച്ചാരണം കേട്ടാൽ അവന്റെ ചെവികളിൽ അരക്കോ, ഈയമോ ഉരുക്കിയൊഴിക്കണം. അവൻ വേദമന്ത്രം മനഃപാഠമാക്കിയാൽ അവന്റെ ശരീരം മുഴുവനും വെട്ടിക്കഷണമാക്കണം" (ഗൌതമ XII)

"ഉയർന്ന ജാതിയിലുള്ളവരെപ്പററി ഒരു ശൂദ്രൻ എന്തെങ്കിലും ചീത്ത പറഞ്ഞാൽ അവന്റെ നാക്ക് അറുക്കണം. താനും അവരെപ്പോലെ യോഗ്യനാ ണെന്ന് നടിച്ചാൽ അവനെ അടിയ്ക്കണം." (ആപസ്തംബാ 111-10)

ശൂദ്രൻ ഒരുനാളും അടിമത്തത്തിൽ നിന്ന് സ്വതന്ത്രനാകാതിരിക്കാൻ പുരോഹിതന്മാർ ഉണ്ടാക്കിയ അനേക ചട്ടങ്ങളുടെ ചില ഉദാഹരണങ്ങൾ മാത്രമാണ് മേൽ പ്രസ്താവിക്കപ്പെട്ടവ. ശൂദ്രരെ പീഡിപ്പിച്ചു വന്ന ബഹു വിധങ്ങളെക്കുറിച്ചും അവർക്ക് വിരോധമുണ്ടായിരുന്ന അനേക നിയമങ്ങളെ ക്കുറിച്ചും ധാരാളമായി വിവരിക്കുവാനുണ്ട്. അവർ മേൽജാതിക്കാരുടെ അടിമകൾ മാത്രമായിരുന്നു. അവരെ ഹിന്ദുക്കൾ എന്ന് പറയുന്നത് ശരിയല്ല. അവർ ഹിന്ദുക്കളുടെ അടിമകൾ മാത്രം.

www.malankaralibrary.com

## 4

# മലയാളി മെമ്മോറിയൽ

നൂററിപ്പതിനാലു വർഷങ്ങൾക്കുമുമ്പ് തിരുവിതാംകൂർ രാജ്യത്തു നടന്ന ഒരു ബഹുജന പ്രക്ഷോഭണമാണ് മലയാളി മെമ്മോറിയൽ. വിശാല ഹിന്ദുമുന്നണി കെട്ടിപ്പടുക്കുവാനുള്ള പ്രസ്താവനാനീക്കങ്ങൾ നടന്നു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ എല്ലാ ജാതിയിലും എല്ലാ സമുദായ ത്തിലും പെട്ടവർ ചേർന്ന് നടത്തിയ മലയാളി മെമ്മോറിയൽ സമർപ്പണ പ്രക്ഷോഭണത്തിന്റെ പരിസമാപ്തിയെപ്പററി അറിഞ്ഞിരിക്കുന്നത് ഉചിതമാ യിരിക്കും.

"രാഷ്ട്രീയസ്വാതന്ത്ര്യത്തിനും ജനാധിപത്യാവകാശങ്ങൾക്കും സാമൂഹ്യനീതിക്കുംവേണ്ടി ഇന്ത്യയിൽ ആദ്യമായി നടന്ന ബഹു ജനപ്രക്ഷോഭണമാണ് മലയാളി മെമ്മോറിയൽ. ജാതിമതവർണ്ണ വിവേചന ത്തിനെതിരായി രാജ്യത്ത് ആദ്യം നടന്ന ബഹുജനമുന്നേററമായിരുന്നു അത്.

നൂറു വർഷങ്ങൾക്കുമുമ്പ് കൃത്യമായി പറഞ്ഞാൽ 1891 ജനുവരി 11-ന് തിരുവിതാംകൂർ മഹാരാജാവിനും ദിവാൻജിക്കും മുമ്പാകെ വിവിധ ജാതിമത വിഭാഗത്തിൽപ്പെടുന്ന 10037 പേർ ഒപ്പിട്ട് സമർപ്പിച്ച ഭീമഹർജിയാണ് മലയാളി മെമ്മോറിയൽ. തിരുവിതാംകൂർ ഭരണത്തിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകണം എന്നതായിരുന്നു മെമ്മോറിയലിൽ പ്രധാനമായും ആവശ്യപ്പെട്ടത്.

ജാതിവ്യവസ്ഥ കൊടികുത്തി വാണിരുന്ന 19-ാം നൂററാണ്ടിന്റെ ഉത്ത രാർദ്ധത്തിലാണ് ഇത്തരമൊരു ജനകീയ മുന്നേററമുണ്ടായത്. ഈഴവർ ഉൾപ്പെടെയുള്ള അവർണ്ണർക്ക് സ്കൂൾ പ്രവേശനം നൽകുന്ന കാര്യം പോലും സ്വപ്നം കാണാൻ കഴിയാതിരുന്ന കാലമായിരുന്നു അത്. സ്വാത ന്ത്ര്യസമരസേനാനിയും മുൻമുഖ്യമന്ത്രിയുമായിരുന്ന സി. കേശവന്റെ ഭാഷ യിൽ 'തൊഴും തോറും തൊഴിക്കുകയും തൊഴിക്കും തോറും തൊഴുകയും' ചെയ്യുകയല്ലാതെ അവർണ്ണർക്ക് വ്യവസ്ഥാപിതമായ അവകാശങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. തീണ്ടാപ്പാടകലെ മാത്രം മാററിനിർത്തിയിരുന്ന ഈഴവരുൾപ്പെടെയുള്ള മലയാളികൾക്ക് തിരുവിതാംകൂർ ഭരണത്തിൽ പങ്കാ ളിത്തം നൽകണമെന്ന ആവശ്യത്തിന്റെ അലയൊലികൾ കടലുകടന്ന് ഇംഗ്ലണ്ടുവരെയെത്തി." (നൂറു വർഷം പിന്നിട്ട മലയാളി മെമ്മോറിയൽ പുറം 1)

www.malankaralibrary.com

## മലയാളി മെമ്മോറിയലിന്റെ കാരണങ്ങൾ

ആധുനിക തിരുവിതാംകൂറിന്റെ ശില്പിയായ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദിഗ്വിജയത്തിന് സഹായിച്ചത് രാമയ്യൻ എന്ന തമിഴ് ബ്രാഹ്മണനും ഡിലനായി എന്ന യൂറോപ്യൻ കത്തോലിക്കനും ആയിരുന്നു. എന്നാൽ അതിൽനിന്നും രാഷ്ട്രീയ മുതലെടുപ്പ് നടത്തിയത് രാമയ്യൻ മാത്രമാണ്. അദ്ദേഹത്തിന്റെ ബന്ധുക്കളും ആശ്രിതരുമായ അനേകം തമിഴ് ബ്രാഹ്മണർ തിരുവിതാംകൂറിൽ എത്തിച്ചേരുകയും രാജഭരണത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. 19–ാം നൂററാണ്ടിന്റെ ഉത്തരാർദ്ധമായപ്പോഴേക്കും തിരുവിതാംകൂറിലെ പ്രധാന ഉദ്യോഗങ്ങളെല്ലാം അവരുടെ കൈകളിലായി. തിരുവിതാംകൂറിലെ ഉയർന്ന ഉദ്യോഗങ്ങളെല്ലാം തമിഴ് ബ്രാഹ്മണരുടെ കുത്തകയായി തീരുകയും മലയാളികൾക്ക് സർക്കാർ സർവ്വീസിൽ പ്രവേശനം നിഷേധിക്കുകയും ചെയ്ത കാലഘട്ടത്തിൽ ദുർവഹമായ ഈ ബ്രാഹ്മണമേധാവിത്വത്തെ തച്ചുടയ്ക്കുവാനും മണ്ണിന്റെ മക്കൾക്ക് രാജ്യഭരണത്തിൽ ഉള്ള അവകാശം പുനഃസ്ഥാപിക്കാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ മലയാളമണ്ണിന്റെ മക്കൾ നിർബന്ധിതരായി.

പരദേശബ്രാഹ്മണ മേധാവിത്വത്തിനെതിരായി പോരാടുവാൻ പ്രേരണ നൽകിയവരിൽ പ്രമുഖൻ സ്വാതിതിരുനാൾ മഹാരാജാവിന്റെ ഭരണകാലത്ത് റസിഡണ്ടായിരുന്ന ജനറൽ കല്ലൻ ആയിരുന്നു. തിരുവിതാംകൂറിൽ ഒരു ഉന്നതഉദ്യോഗസ്ഥന്റെ ഒഴിവ് വന്നാൽ തൽസ്ഥാനത്ത് ഒരു പരദേശബ്രാഹ്മണനെ നിയമിക്കുക എന്ന ഏർപ്പാടാണ് നിലവിലിരുന്നത്. 1847–ൽ ഒരു ഒന്നാം ജഡ്ജിയുടെ ഒഴിവ് വന്നപ്പോൾ ഒരു പരദേശബ്രാഹ്മണനെ ആ സ്ഥാനത്ത് നിയമിക്കുവാൻ രാജാവ് തയ്യാറായി. കോയമ്പത്തൂർ മുൻസിപ്പിനെ ആ തസ്തികയിൽ നിയമിക്കുന്നതിനായി വിട്ടുതരണമെന്ന് മഹാരാജാവ് ജനറൽ കല്ലനോടാവശ്യപ്പെട്ടു. തിരുവിതാംകുറിൽ തന്നെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ ഉള്ളപ്പോൾ വെളിയിൽ നിന്ന് ആളുകളെ ഇറക്കുമതി ചെയ്യേണ്ട ആവശ്യമില്ലെന്ന് കല്ലൻ മറുപടികൊടുത്തു.

“പരദേശബ്രാഹ്മണൻ തിരുവിതാംകൂർ സർവ്വീസിൽ തങ്ങളുടെ ബന്ധുക്കളെ തിരുകിക്കയററിയിരുന്നതിലും കല്ലന് എതിർപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് 1845–ൽ ദിവാൻ റെഡ്ഡി റാവുവിന്റെ ബന്ധുക്കളെ മുഴുവൻ സർവ്വീസിൽനിന്ന് നീക്കം ചെയ്യുവാൻ റസിഡണ്ട് ഉത്തരവിട്ടത്. തിരുവിതാംകുറിലെ അഭ്യസ്തവിദ്യർക്ക് തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുളവാക്കാൻ ഇത് സഹായിച്ചു.” (മലയാളി മെമ്മോറിയൽ പുറം 4)

സംഭാഷണത്തിലും വസ്ത്രധാരണത്തിലും ജാതിയും മതവും തിരിച്ചറിയാനുള്ള നിഷ്കർഷ നിലനിർത്താൻ പാടുപെട്ടിരുന്ന കാല

www.malankaralibrary.com

മായിരുന്നു അത്. ഈഴവർ ഉൾപ്പെടെയുള്ള അവർണ്ണർക്ക് പൊതു വഴിപോലും ഉപയോഗിക്കാൻ അനുവാദമില്ലായിരുന്നു. മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈഴവരാദിയായ പിന്നോക്കക്കാർക്ക് പ്രവേശനമേ അനുവദിച്ചിരുന്നില്ല.

ബ്രിട്ടീഷുകാർ നേരിട്ടു ഭരിച്ചിരുന്ന ബ്രിട്ടീഷ് മലബാറിൽ ഈഴവർക്ക് സ്കൂളുകളിൽ പ്രവേശനം നൽകുകയും സർക്കാർ സർവ്വീസിൽ സവർണ്ണ–അവർണ്ണ ഭേദമെന്യേ കൂടുതൽ മലയാളികൾക്ക് പ്രവേശനം നൽകുകയും ചെയ്തിരുന്നു. ബ്രിട്ടീഷ് മിഷനറിമാർ സ്ഥാപിച്ച തലശ്ശേരിയിലെ ബ്രണ്ണൻ കോളേജ് ജാതി–വർഗഭേദം കൂടാതെ ഏവർക്കും തുറന്നുകൊടുത്തത് തിരുവിതാംകൂർകാരെ തങ്ങളുടെ അവകാശങ്ങളെക്കുറിച്ച് ബോധമുള്ള വരാക്കിത്തീർത്തു. ടിപ്പുവിന്റെ ആക്രമണത്തിനുശേഷം മലബാറിന്റെ ഭരണകർത്താക്കളായി മാറിയ ബ്രിട്ടീഷുകാർ ജാതിയാചരണത്തിന് എതിരായ നിലപാടാണ് സ്വീകരിച്ചത്. തിരുവിതാംകൂർ ഭരണത്തിൽ ബ്രിട്ടീഷുകാർ പിടിമുറുക്കുകയും ബ്രിട്ടീഷ് മാതൃകയിലുള്ള ഭരണക്രമം നടപ്പിലാക്കുകയും ചെയ്തതോടെ ഹിന്ദു ധർമ്മ ശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള നീതി നിർവ്വഹണം ബലഹീനമായി.

ദീർഘകാലമായി സുറിയാനി കത്തോലിക്കർ വിദേശാധിപത്യത്തിനെതിരെ സമരം നടത്തിക്കൊണ്ടിരുന്ന കാലഘട്ടമായിരുന്നു അത്. സുറിയാനികൾ സുറിയാനികൾക്ക് എന്ന മുദ്രാവാക്യം തിരുവിതാംകൂറിൽ അലയടിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂർ തിരുവിതാംകൂറുകാർക്ക് എന്നു മലയാളി മെമ്മോറിയലിലൂടെ പ്രഖ്യാപിക്കുന്നതിനു സുറിയാനിക്കാരുടെ ഈ മുദ്രാവാക്യം സ്വാധീനം ചെലുത്തി. കേരളത്തിലെ ബ്രാഹ്മണമേധാവിത്വംപോലെ ലത്തീൻമിഷനറിമാരുടെ ഭരണനുകത്തിൽനിന്നും കുതറിമാറാൻ മലയാളത്തനിമയുടെ ഏററവും കരുത്തുററ വക്താക്കളായ സുറിയാനിക്കാർ അഭിലഷിക്കുകയും അതിനുവേണ്ടി സഭാമണ്ഡലത്തിൽ നിരവധി നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിക്കുകയും ചെയ്തു. അതൊരു പ്രസ്ഥാനത്തിന്റെയും ആധുനികവത്ക്കരണത്തിന്റെയും നാന്ദിയായി മലയാളികൾ കണ്ടു.

ഈ കാലഘട്ടത്തെപ്പററി ശ്രീ. എം. കെ. കുമാരൻ രചിച്ച ശ്രീ. ആർ. ശങ്കറിന്റെ ജീവചരിത്രഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:(പുറം 75) "തിരുവിതാംകൂർ ഭരണസംവിധാനത്തിലെ വേറൊരു നാഴികക്കല്ല് സർ ടി.മാധവരായരുടെ ഭരണകാലമാണ്. 1858 മുതൽ 1872 വരെ അദ്ദേഹം ദിവാൻ പദം വഹിച്ചു. തിരുവിതാംകൂറിൽ ഭൂപരിഷ്കാരം ആദ്യമായി ഏർപ്പെടുത്തിയത് ഈ ദിവാൻജിയാണ്. 1861 ൽ സിവിലും ക്രിമിനലുമായ വ്യവഹാരക്രമങ്ങളെ സംബന്ധിച്ച് ബ്രിട്ടീഷ് നിയമസംഹിതകൾ ഉചിതമായ

www.malankaralibrary.com

ഭേദഗതികളോടെ തിരുവിതാംകൂറിൽ നടപ്പിലാക്കി. സ്മാൾ കാസ് കോടതികൾ സ്ഥാപിച്ചു. സർക്കാർ അഞ്ചൽ പബ്ലിക് സർവ്വീസായി മാററി. ഇത്തരം ഭരണപരിഷ്കാരങ്ങളുടെ ഫലമായി സർക്കാരുദ്യോഗസ്ഥരുടെ സംഖ്യയും പ്രാധാന്യവും പടിപടിയായി വർദ്ധിച്ചു. രാജാ കേശവദാസൻ, വേലുത്തമ്പി മുതലായവരുടെ ഭരണകാലത്ത് സർക്കാരുദ്യോഗങ്ങളിൽ അധിക പങ്കും ലഭിച്ചത് നായന്മാർക്കായിരുന്നു. 1847 ആയപ്പോഴേക്കും സംഖ്യയിൽ നായന്മാർക്ക് സർക്കാർ സർവ്വീസിൽ ഉള്ള പ്രാമുഖ്യം അപ്രതിരോധ്യമായി. മരുമക്കത്തായ നായർ തറവാടുകളിലെ അംഗങ്ങൾ മൂന്നിലൊരു ശതമാനത്തിന്റെ ബന്ധുവെങ്കിലും സർക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു നിലയിൽ ഉണ്ടായിരുന്നു.... ഈ പദവി നൽകുന്ന നേട്ടത്തേക്കാൾ അതു നൽകിയിരുന്ന അന്തസ്സുകൊണ്ട് ബഹുഭൂരിപക്ഷം നായന്മാരും അവ അഭികാമ്യമായി കരുതി. അതിൽ അധികാരത്തിന്റെ പ്രശ്നവും അടങ്ങിയിരുന്നു..." പുതിയ ഭരണരീതി നടപ്പിലുണ്ടായിരുന്ന കാലങ്ങളിൽ നായന്മാർക്കു സർക്കാർ സർവ്വീസിൽ ലഭിച്ച പ്രാമാണ്യം ക്രമേണ നഷ്ടപ്പെട്ടു തുടങ്ങി. പരദേശബ്രാഹ്മണരുടെ ഇരച്ചുകയററമായിരുന്നു അതിനു കാരണം. ഈസ്റ്റിന്ത്യാകമ്പനിയുടെ പുറമെ പരദേശങ്ങളിൽനിന്ന് ബ്രാഹ്മണർ ഇങ്ങോട്ടു കയറിത്തുടങ്ങി. പ്രധാനപ്പെട്ട സ്ഥാനങ്ങളിലെല്ലാം അവർ പ്രതിഷ്ഠയുറപ്പിച്ചു. ബ്രിട്ടീഷുകാരുടെയും തിരുവിതാംകൂർ മഹാരാജാവിന്റെയും പ്രീതി നേടുകയും ഭരണചക്രം തിരിക്കുന്ന മുഖ്യശക്തിയായി പരിണമിക്കുകയും ചെയ്തു.

## പരദേശബ്രാഹ്മണരുടെ സ്വാധീനം

മാധവറാവുവിന്റെ ഭരണകാലം അവസാനിക്കുമ്പോൾ പരദേശബ്രാഹ്മണരുടെ പ്രാമാണ്യം ഉച്ചകോടിയിലെത്തിക്കഴിഞ്ഞിരുന്നു. ഉദ്യോഗസ്ഥന്മാർ എന്ന നിലയ്ക്കു മാത്രമല്ല ബ്രാഹ്മണർ എന്ന നിലയ്ക്കും അവർ ജനങ്ങളുടെ ഭക്ത്യാദരങ്ങൾ നേടി. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ട് ഏററം നേട്ടമുണ്ടായത് അവർക്കായിരുന്നു. 1868–69ൽ തിരുവിതാംകൂർ സർവ്വീസിൽ 9 ബിരുദധാരികളായ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. മദ്രാസ് കോളേജിൽനിന്ന് ബിരുദംനേടി പുറത്തു വന്ന ബ്രാഹ്മണരിൽ ഒരു നല്ല വിഭാഗത്തിന്റെ അഭയകേന്ദ്രം തിരുവിതാംകൂറായിരുന്നു...... തിരുവനന്തപുരത്ത് ഒരു കോളേജ് ഉണ്ടായെങ്കിലും അതിന്റെ പ്രയോജനം കൂടുതലും കരസ്ഥമാക്കിയത് പരദേശബ്രാഹ്മണർ തന്നെയായിരുന്നു. 1880 മുതൽ 89 വരെ തിരുവനന്തപുരം മഹാരാജാസ് കോളേജിൽനിന്നും 157 പേർ ഡിഗ്രി എടുത്തു പുറത്തു വന്നു. അവരിൽ 77 പേർ പരദേശബ്രാഹ്മണരായിരുന്നു.

ഇംഗ്ലീഷിലുള്ള ഉയർന്ന വിദ്യാഭ്യാസം സർക്കാർ സർവ്വീസിലേക്കുള്ള

www.malankaralibrary.com

പ്രവേശനത്തിന്റെ മുഖ്യ മാനദണ്ഡമായതോടുകൂടി പരദേശ ബ്രാഹ്മണരുടെ മുന്നേററം അപ്രതിരോധ്യമായിത്തീർന്നു. 1890-ൽ മുൻ ദിവാൻ ടി. മാധവറാവുവിന്റെ ബന്ധുവായ ടി. രാമറാവു ദിവാൻജിയായി. അന്നത്തെ നാലു ദിവാൻ പേഷ്കാരന്മാരിൽ മൂന്നു പേരും ബിരുദധാരികളായ പരദേശബ്രാഹ്മണരായിരുന്നു. ഹൈക്കോടതികളിലെയും ജില്ലാകോടതികളിലെയും പതിനെട്ട് ജഡ്ജിമാരുടെ സ്ഥാനങ്ങളും അവരാണ് വഹിച്ചിരുന്നത്. ലൈസൻസുള്ള 231 വക്കീലന്മാരും, പ്ലീഡർമാരിൽ 145 പേരും മററാരുമായിരുന്നില്ല. ഇരുപത്തിയൊൻപത് തഹസിൽദാർമാരിൽ പതിനഞ്ചുപേരും മുപ്പത് ഇംഗ്ലീഷ് ഹൈസ്ക്കുൾ ഹെഡ്മാസ്റ്റർമാരിൽ പതിനേഴുപേരും പരദേശബ്രാഹ്മണരായിരുന്നു."(പുറം 76) അന്നത്തെ ഉദ്യോഗസ്ഥിതി മനസ്സിലാക്കുവാൻ എം.കെ. കുമാരന്റെ ഈ വാക്കുകൾ സഹായകരമാണ്.

1870കളിൽ നായന്മാരും ഉന്നതവിദ്യാഭ്യാസം നേടി. സർക്കാർ സർവ്വീസിൽ ഉന്നതസ്ഥാനങ്ങൾ നേടി. സർക്കാർ സർവ്വീസിലെ പ്രതിമാസം 50 രൂപയിൽ കൂടുതലുള്ള ഉദ്യോഗസ്ഥന്മാരിൽ നാലിലൊന്ന് നായന്മാരായിത്തീർന്നു. എന്നാൽ ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഈ നാലിലൊന്ന് സീററുകൊണ്ട് തൃപ്തിപ്പെടാനായില്ല. ജനസംഖ്യയിൽ പരദേശബ്രാഹ്മണരെക്കാൾ 17 മടങ്ങ് കൂടുതലുള്ള നായന്മാർ ഏതാണ്ട് നാലിലൊരു ഭാഗം ഉദ്യോഗംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. പരദേശ ബ്രാഹ്മണമേധാവിത്വത്തിനെതിരെ ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിച്ച നായന്മാർ ശബ്ദമുയർത്തി. എന്നുതന്നെയുമല്ല, സമൂഹത്തിന്റെമേൽ കെട്ടിവച്ച ബ്രാഹ്മണഭക്തിയേയും അവർ എതിർത്തു. ബ്രാഹ്മണരെ സൗജന്യമായി തീററിപ്പോററുന്ന ഊട്ടുപുര സമ്പ്രദായവും ചോദ്യം ചെയ്യപ്പെട്ടു. പരദേശ ബ്രാഹ്മണരുടെ ഉദ്യോഗസ്ഥമേധാവിത്വവും സാമ്പത്തികരംഗത്ത് അവർ നടത്തുന്ന ചൂഷണങ്ങളും വിമർശനവിധേയമായി.

പരദേശബ്രാഹ്മണരെ വരത്തന്മാരും ചൂഷകന്മാരും എന്ന് നായർ സമുദായ നേതാക്കൾ ആക്ഷേപിച്ചു. ബുദ്ധിവൈഭവംകൊണ്ടും പരീക്ഷ യോഗ്യതകൊണ്ടുമാണ് തങ്ങൾ ഈ സ്ഥാനത്തിരിക്കുന്നതെന്നു പരദേശ ബ്രാഹ്മണരും തിരിച്ചടിച്ചു. ഒരു നായർ എന്നെങ്കിലും എം.എ. പരീക്ഷ പാസ്സായാൽ താൻ അന്ന് തന്റെ മേൽമീശ എടുത്തുകളയുമെന്ന് ഒരു പരദേശബ്രാഹ്മണൻ തുറന്നു പറയുകയും ചെയ്തു.

ഇങ്ങനെ പരദേശബ്രാഹ്മണരും നായന്മാരും തമ്മിൽ വഴക്കടിക്കുന്ന കാലത്ത് തിരുവിതാംകൂറിൽ നിലനിന്ന ബ്രാഹ്മണമേധാവിത്വം അവസാനിപ്പിക്കുന്നതിന് ഒരു സംഘടിത മുന്നേററം ഉണ്ടാകണമെന്നു നിധീരിക്കൽ മാണിക്കത്തനാർ ആഗ്രഹിച്ചു. പാറായിൽ അവിരാവർക്കിത്തരകന്റെ ഊററമായ പിന്തുണയും ലഭിച്ചു. ഈ നേതാക്കന്മാർ എല്ലാ മതത്തിലും

www.malankaralibrary.com

ജാതിയിലും പെട്ട നേതാക്കന്മാരെക്കണ്ട് ഇതിനെപ്പററി ആലോചിച്ചു. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കിയ തിരുവനന്തപുരത്തെ മലയാളി സഭാംഗങ്ങൾ മലയാളി മെമ്മോറിയൽ സമർപ്പണത്തിനായി മുന്നോട്ടുവന്നു. മലയാളി സഭാംഗങ്ങൾ നായന്മാരായിരുന്നു. എങ്കിലും മെമ്മോറാണ്ട സമർപ്പണം നായർ മെമ്മോറിയലായി തരംതാഴരുതെന്ന് അവർ ആഗ്രഹിക്കുകയും ചെയ്തു. അതിനുവേണ്ടി നിധീരിക്കൽ മാണിക്കത്തനാരുമായി ബന്ധപ്പെട്ട് ഒരു സംയുക്തനീക്കം ആരംഭിച്ചു. രാജ്യത്തിന്റെ നാനാ ഭാഗങ്ങളിലും മഹായോഗങ്ങൾ സംഘടിപ്പിച്ചു. ഒപ്പുശേഖരണം നടത്തി. മാണിക്കത്തനാരുടെ വലംകൈയ്യായി നിന്ന പാറായിൽ വർക്കിത്തരകൻ ആളും അർത്ഥവും നൽകി മെമ്മോറിയലിന്റെ പറവൂർ സമ്മേളനം വിജയിപ്പിച്ചു. മലയാളി സോഷ്യൽ യൂണിയന്റെയും മലയാളി സഭയുടെയും അംഗമായ പി. അയ്യപ്പൻപിള്ളയുടെ വീട്ടിലാണ് മെമ്മോറിയലിന്റെ കരടുരൂപം തയ്യാറാക്കാൻ ആദ്യ ആലോചനായോഗം നടന്നത്. ഒപ്പുശേഖരണത്തിൽ സി. കൃഷ്ണപിള്ള സജീവമായി പരിശ്രമിച്ചു. പാറായിൽ തരകനെപ്പോലെ മലയാളി മെമ്മോറിയലിനു സാമ്പത്തിക സഹായം നൽകിയതിൽ പ്രമുഖനായിരുന്നു കാവാലം നീലകണ്ഠപ്പിള്ള. രാഷ്ട്രീയ പ്രക്ഷോഭണത്തിന്റെ നടുനായകത്വം വഹിച്ച ജി. പരമേശ്വരൻ പിള്ള, ഈഴവസമുദായ നേതാവായിരുന്ന ഡോ. പല്പു, ഭൂവുടമയായ നാഞ്ചിനാട്ട് വെള്ളാളൻ, പി.എസ്. ശിവൻപിള്ള, ദത്തുകുടുംബംവഴി ആലപ്പുഴയുടെ പ്രിയങ്കരനായിത്തീർന്ന സിറിയക് നിധീരി, കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള തുടങ്ങിയവർ മെമ്മോറിയൽ സമർപ്പണത്തിനു സജീവ നേതൃത്വം നൽകി.

## നയജ്ഞനനായ മാണിക്കത്തനാർ

മലയാളി മെമ്മോറിയലിൽ 10028 പേർ ഒപ്പിട്ടു. നായരും ക്രിസ്ത്യാനിയും ഈഴവനും മുസ്ലീമും എല്ലാം ഒപ്പിട്ടവരിൽ ഉൾപ്പെടുന്നു. ഒപ്പുശേഖരണവാർത്ത അറിഞ്ഞതോടെ ഒപ്പിട്ടവരെ അതിൽനിന്നു പിൻമാററുവാൻ കൗണ്ടർ മെമ്മോറിയലുകാർ എത്തി. മെമ്മോറിയൽ സമർപ്പണം തകർക്കാൻ രാജാധികാരത്തിന്റെ പിൻബലത്തോടെ ശക്തമായ പ്രവർത്തനം നടന്നു. പഠിച്ച പണി പതിനെട്ടും നോക്കി. ആ ഭീമഹർജിയിലെ ഒരു വാചകം കുത്തിപ്പൊക്കി അതിന്റെ പേരിൽ വിവിധസമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിച്ചു മെമ്മോറാണ്ടസമർപ്പണം തടയാനായിരുന്നു അവരുടെ നീക്കം. ആ ഭീമഹർജിയിലെ ഒരു വാചകത്തിൽ, രാജ്യസ്നേഹം കൂടുതൽ നായന്മാർക്കാണെന്ന് ഒരു ധ്വനിയുണ്ടായിരുന്നു. രാജ്യസ്നേഹത്തിൽ ഓരോരുത്തരും മുമ്പിലെന്നു വരുത്താൻ കിണഞ്ഞ് ഉത്സാഹിച്ചിരുന്ന ഒരു കാലം. ഓരോരുത്തരും അവരവരുടെ ചരിത്രം പൊക്കിപ്പിടിച്ചു വാദകോലാഹലങ്ങളുയർത്തി. ഈ പ്രതിസന്ധിയിൽനിന്ന് രക്ഷനേടാനുള്ള

www.malankaralibrary.com

മാർഗ്ഗമാലോചിച്ച് അവർ മാണിക്കത്തനാരെ സമീപിച്ചു. മാണിക്കത്തനാർ കണ്ടത്തിൽ വർഗ്ഗീസ് മാപ്പിളയുമായി ബന്ധപ്പെട്ടു. ഇതേപ്പറ്റി ചർച്ചചെയ്യുവാൻ ഒരു മഹാസമ്മേളനം കോട്ടയം പബ്ലിക് ലൈബ്രറിയിൽ വിളിച്ചുകൂട്ടി. അഭിഭാഷകരും മെത്രാന്മാരും സമുദായനേതാക്കളുമടക്കം ഒട്ടേറെ പ്രതിനിധികൾ പങ്കെടുത്ത ആ യോഗത്തിൽ നയജ്ഞനായ മാണിക്കത്തനാരായിരുന്നു മുഖ്യപ്രസംഗകൻ. യോഗം ആരംഭിച്ചപ്പോൾ ബഹളം ആരംഭിച്ചു. മെമ്മോറിയലിലെ വിവാദവാചകം പിൻവലിക്കണമെന്ന് ഒരു കൂട്ടർ, എന്തുവന്നാലും പിൻവലിക്കുകയില്ലായെന്ന് മററു ചിലർ.

മാണിക്കത്തനാർ എഴുന്നേററു. അദ്ദേഹത്തിന്റെ വാഗ്ധോരണി തിരുനക്കരെ മുഴങ്ങി: "നാമെല്ലാം സഹോദരന്മാരാണ്, മലയാളികളാണ്, ഈ മെമ്മോറിയൽ നമ്മുടെ മാനിഫെസ്റ്റോയാണ്. ഒരച്ഛന്റെ മക്കളിൽ ഒരാൾ തനിക്കാണ് അച്ഛനോട് കൂടുതൽ കൂറെന്നു പറഞ്ഞാൽ മററു മക്കൾ പരിഭവിക്കുമോ? അങ്ങനെ പറയാൻ ഏതൊരു മക്കൾക്കും അവകാശമില്ലേ?'' മാണിക്കത്തനാരുടെ യുക്തിപൂർവ്വകമായ ആ വാക്കുകൾ കരഘോഷത്തോടെ സദസ്സ് സ്വീകരിച്ചു. എല്ലാ ഭിന്നതകളും തീർന്നു.

നിധീരിക്കൽ മാണിക്കത്തനാരോ മെത്രാന്മാരോ മെമ്മോറിയലിൽ ഒപ്പുവച്ചില്ല. അവർ സമുദായത്തിന്റെ ആദ്ധ്യാത്മികനേതാക്കളായിരുന്നത് കൊണ്ട്. മെമ്മോറിയൽ മഹാരാജാവിന്റെ കല്പനപ്രകാരം ദിവാനെ ഏല്പിച്ച് ചർച്ച ചെയ്യാൻ ജി. പരമേശ്വരൻപിള്ള, കെ.പി. പത്മനാഭമേനോൻ, അഡ്വ. സിറിയക് നിധീരി, എം.കെ. പത്മനാഭപിള്ള, പി.എസ്സ്. ശിവൻപിള്ള, കാവാലം നീലകണ്ഠപ്പിള്ള എന്നിവരെയാണ് തിരഞ്ഞെടുത്തത്.

ദിവാൻ മെമ്മോറിയലിലെ കാര്യങ്ങൾ വിശദമായി ചർച്ച ചെയ്തു. മെമ്മോറാണ്ടം കൊടുക്കുവാൻ തിരഞ്ഞെടുക്കപ്പെട്ട ആറുപേരും പൊതുജന മദ്ധ്യത്തിലേക്കിറങ്ങി മുഖ്യമായി ആറു യോഗങ്ങൾ സംഘടിപ്പിച്ചു. ജനപ്രതിനിധികൾ ജനകീയപ്രശ്നങ്ങൾ ചർച്ചചെയ്ത് അഭിപ്രായസമന്വയം സാധിക്കുന്ന ഈ നടപടി ഇന്ത്യയൊട്ടാകെ പ്രസിദ്ധി നേടി. സമുദായങ്ങളും അവയുടെ ശാഖകളും മതേതരജനാധിപത്യസ്ഥിതിസമത്വത്തിലേക്ക് നയിക്കുന്ന മാനവിക ചർച്ചകൾക്ക് തുടക്കം കുറിച്ചത് ഇതോടുകൂടിയാണ്. നാഗർകോവിൽ യോഗത്തിൽ പി.എസ്സ്. ശിവൻപിള്ളയും തിരുവനന്തപുരം യോഗത്തിൽ ആംഗ്ലോ ഇന്ത്യൻ സമുദായ നേതാവ് ടി.എഫ്. ലോയിഡും, കൊല്ലത്തെ യോഗത്തിൽ നിയമസഭാംഗമായ കെ. നീലകണ്ഠപ്പിള്ളയും ആലപ്പുഴ യോഗത്തിൽ കുമാരമംഗലത്ത് നീലകണ്ഠൻ നമ്പൂതിരിപ്പാടും അദ്ധ്യക്ഷത വഹിച്ചു. പാറായിൽ തരകന്റെ നേതൃത്വത്തിൽ നടന്ന പറവൂർ സമ്മേളനത്തിൽ ഇടവകവികാരി ഫാ. ഹിലാരിയൻ അദ്ധ്യക്ഷത വഹിച്ചപ്പോൾ കോട്ടയം യോഗത്തിൽ ബിഷപ്പ് തോമസ് മാർ അത്താനാ

www.malankaralibrary.com

സ്യോസ് അദ്ധ്യക്ഷനും നിധീരിക്കൽ മാണിക്കത്തനാർ മുഖ്യപ്രസംഗക നുമായി. സി.എം.എസ്. സഭക്കാർ യോഗത്തിൽ കൂടുതലായി പങ്കെടുത്തു.

പതിനായിരത്തി ഇരുപത്തിയെട്ടു പേരാണ് ആദ്യം ഒപ്പിട്ടതെങ്കിലും 1891 ജനുവരി ഒന്നിന് മെമ്മോറിയൽ സമർപ്പിക്കുമ്പോൾ ഒപ്പിട്ടവരുടെ എണ്ണം 10037 ആയി ഉയർന്നിരുന്നു.

മലയാളി മെമ്മോറിയലിനെതിരായി സംഘടിപ്പിച്ച മെമ്മോറിയലിന് നേതൃത്വം നൽകിയത് വക്കീൽ ഇ. രാമയ്യരും ആർ രാമനാഥറാവു വുമായിരുന്നു.

മലയാളി മെമ്മോറിയൽ സമർപ്പണത്തിന് ദീപിക ദിനപ്പത്രം ഊററമായ പിന്തുണ നൽകുകയുണ്ടായി. മലയാളി മെമ്മോറിയലിനുശേഷം സർക്കാർ ഉദ്യോഗങ്ങൾ മലയാളികൾക്കു കരഗതമായെങ്കിലും അത് അനീതിപൂർവ്വമായ നായർ മേധാവിത്വത്തിൽ അവസാനിച്ചു. ക്രിസ്ത്യാനി കൾക്കും മുസ്ലീങ്ങൾക്കും ഈഴവർക്കും തിയർ, കുറവർ, പുലയർ, പറയർ തുടങ്ങിയ അവർണ്ണ ജനവിഭാഗങ്ങൾക്കും സർക്കാർ സർവ്വീസ് വീണ്ടും മരീചികയായി മാറി. ദിവാൻ എസ്സ്. ശങ്കരസുബ്ബയ്യൻ മലയാളി സഭയെ കൈയ്യിലെടുത്ത് ക്രിസ്ത്യാനികളെയും ഈഴവരെയും വിരോധികളാക്കി. നായർ സമുദായത്തിന് കൂടുതൽ ഉദ്യോഗങ്ങൾ നൽകി അനുരഞ്ജിപ്പിച്ചു.

മലയാളി മെമ്മോറിയലിന്റെ കാതൽ തിരുവിതാംകൂറിലെ എല്ലാ ജനവിഭാഗങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം സർക്കാർ സർവ്വീസിൽ ലഭിക്കുകയെന്നതായിരുന്നു. ദിവാനുമായി കൂട്ടുകെട്ടുണ്ടാക്കി കൂട്ടത്തിൽനിന്ന് സമരം ചെയ്ത എല്ലാവരെയും തഴഞ്ഞ് നായർ സമുദായം ഉദ്യോഗങ്ങൾ തരപ്പെടുത്തിയെടുത്തു. ഒരു മുന്നണിയായി നിന്ന് സമരം ചെയ്ത് വിജയിച്ചപ്പോൾ കൂട്ടത്തിൽ നിന്ന് സമരം ചെയ്ത ഈഴവർക്ക് സർക്കാർസർവ്വീസിൽ ജോലി കൊടുക്കരുതെന്നാണ് നായന്മാർ വാദിച്ചത്. അതോടെ പ്രഥമ നായർ-ഈഴവ-അധഃകൃത-അഹിന്ദു കൂട്ടുകെട്ട് തകർന്നു. ഇന്ന് നായർ ഈഴവസഖ്യത്തെപ്പററി വാതോരാതെ പ്രസംഗിക്കുമ്പോൾ ഈ വഞ്ചനയുടെ ചരിത്രം അറിയാവുന്ന ശരാശരി ഈഴവൻ എങ്ങനെ നായർ സമുദായത്തെ വിശ്വാസത്തിലെടുക്കും.?

www.malankaralibrary.com

5

# ഈഴവമെമ്മോറിയൽ

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ ഡോ. പൽപ്പുവും മററ് ഈഴവ പ്രമാണികളും സജീവമായി പങ്കെടുക്കുകയുണ്ടായി. ഈഴവരുടെ അവകാശവാദങ്ങൾക്ക് തുടർന്നും നേതൃത്വം നൽകിയത് ഡോ. പൽപ്പു തന്നെയാണ്. ഈഴവസമുദായത്തിന്റെ ഭൗതികമായ ഉയർച്ചയ്ക്കും പുരോഗതിക്കും ഡോ. പൽപ്പുവിനെപ്പോലെ പ്രയത്നിച്ചിട്ടുള്ളവരായി മററാരുമില്ലെന്നു പറയാം. മലയാളി മെമ്മോറിയലിന് ഒപ്പു ശേഖരിക്കുന്നതിനും പണം സംഭരിക്കുന്നതിനും ഈഴവർ കാര്യമായി സഹകരിച്ചിരുന്നു. പ്രക്ഷോഭണ ഫണ്ടിലേക്ക് ഏററവും വലിയ തുകയായ നൂററിഒന്നു രൂപാ സംഭാവന ചെയ്തതും ഒരു ഈഴവ പ്രമാണിയായിരുന്നു.

തിരുവിതാംകൂറിലെ ഈഴവർ വളരെ താമസിച്ചാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ താൽപര്യം കാണിച്ചത്. ഈഴവർ പരമ്പരാഗതമായി ഏർപ്പെട്ടിരുന്ന വൈദ്യം, ജോത്സ്യം മുതലായ തൊഴിലുകൾക്കാവശ്യം സംസ്കൃതപാണ്ഡിത്യമായിരുന്നു. ഇംഗ്ലീഷ് പഠനംകൊണ്ട് സർക്കാർ സർവ്വീസിൽ ജോലിക്കു കയറാൻ സാധിക്കുമായിരുന്നു. എന്നാൽ സർക്കാരുദ്യോഗം ഈഴവർക്ക് നിഷേധിക്കപ്പെട്ടിരുന്നതിനാൽ ഇംഗ്ലീഷ് പഠനത്തിൽ അവർ താത്പര്യം കാണിച്ചില്ല.

അക്കാലത്ത് ഇംഗ്ലീഷ് വിദ്യാഭ്യാസം നേടിയ സഹോദരന്മാരായിരുന്നു വേലായുധനും ഡോ. പൽപ്പുവും. ബി.എ. ബിരുദം നേടിയ വേലായുധന് തിരുവിതാംകുറിൽ ഒരു ജോലിയും നൽകിയില്ല. നിരാശനായ വേലായുധൻ മദ്രാസ് സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചു. പ്രശസ്തമാംവിധം സേവന മനുഷ്ഠിച്ച വേലായുധനെ റാവു ബഹദൂർ ബഹുമതി നൽകിയാദരിച്ചു. ഡപ്യൂട്ടികളക്ടർപദം വരെ അദ്ദേഹത്തിന് പ്രമോഷൻ ലഭിച്ചു. അദ്ദേഹത്തിന്റെ സഹോദരൻ പൽപ്പു മെട്രിക്കുലേഷൻപരീക്ഷ പാസ്സായതിനുശേഷം തിരുവിതാംകൂറിൽ മെഡിക്കൽ വിദ്യാഭ്യാസം നടത്താൻ ആഗ്രഹിച്ചു. പക്ഷെ അതിനനുവാദം ലഭിച്ചില്ല. മദ്രാസിൽ എത്തി മെഡിക്കൽ കോളേജിൽ ചേർന്ന് എൽ.എം. എസ്. പരീക്ഷ പാസ്സായി. തിരുവിതാംകുറിൽ ജോലി ലഭിക്കാതെ വന്നതിനാൽ മദ്രാസിൽ എത്തി ജോലി സ്വീകരിച്ചു. പിന്നീട് മൈസൂർ സർവ്വീസിലും ജോലി ചെയ്തു. മദ്രാസിലെയും മൈസൂറിലെയും സേവനകാലത്ത് ഈഴവരുടെ ദയനീയസ്ഥിതിയെപ്പററി ഇംഗ്ലീഷ് പത്രങ്ങളിൽ തുടരെ തുടരെ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. തിരുവിതാംകൂർ മഹാരാജാവിനും മദ്രാസ് ഗവൺമെന്റിനും ബ്രിട്ടീഷ് റസിഡണ്ടിനും

www.malankaralibrary.com

ഈഴവരുടെ പ്രശ്നങ്ങൾ രേഖപ്പെടുത്തി നിവേദനം സമർപ്പിച്ചു.

ഈ കാലഘട്ടത്തിലാണ് മലയാളി മെമ്മോറിയൽ സമർപ്പണം നടക്കുന്നത്. ആ സംരംഭത്തിൽ സജീവമായി പങ്കെടുക്കുന്നതിന് പൽപ്പുവിന് സാധിച്ചു. മലയാളി മെമ്മോറിയൽ ഈഴവരുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഇതിന് എല്ലാററിനെയും കാൾ കഷ്ടതരമായിട്ടുള്ളത് മാസം അഞ്ചുരൂപയോ അതിന് മേലോ ശമ്പളമുള്ള ഒരു ഈഴവനെങ്കിലും തിരുവിതാംകൂർ സർവ്വീസിൽ ഇല്ലെന്നുള്ളതാണ്. ബുദ്ധിമാന്മാരും വിദ്യാഭ്യാസം ചെയ്തിട്ടുള്ളവരുമായ ആളുകൾ അവരിൽ ഇല്ലാഞ്ഞിട്ടല്ല. മലബാറിൽ ഏററവും ഉയർന്ന ഉദ്യോഗങ്ങളിൽ ഇവരുടെ ജാതിക്കാർ പലരും ഇരിപ്പുണ്ട്."

എം.കെ. കുമാരൻ രചിച്ച ആർ. ശങ്കർ ജീവചരിത്രത്തിൽ (പേജ് 91) ഇപ്രകാരം എഴുതിയിരിക്കുന്നു. "മെമ്മോറിയലിന് ദിവാൻ രാമരായർ കൊടുത്ത ഇണ്ടാസിൽ ഈഴവർ അവരുടെ കുലവൃത്തികളായ തെങ്ങു ചെത്ത്, കയർപിരിപ്പ്, നെയ്ത്ത്, കച്ചവടം മുതലായവകൊണ്ട് സന്തുഷ്ടരായി കഴിഞ്ഞുകൂടുകയാണെന്നും ഹർജിക്കാരുടെ എണ്ണം പെരുപ്പിച്ചു കാണിക്കാൻ അവരെയും കൂടി ഹർജിയിൽ ആകർഷിച്ചു ചേർത്തിട്ടുള്ളതാണെന്നും അവരിൽ ഉൽക്കൃഷ്ടപരീക്ഷാവിജയികൾ രണ്ടുപേർ മാത്രമേ ഉള്ളുവെന്നും കോളേജുക്ലാസ്സിൽ പഠിക്കുന്നവരും ദുർലഭമാണെന്നും ബഹുമാനകരമായ സർക്കാർ ഉദ്യോഗം വഹിക്കുവാൻ അവരുടെ സമുദായസ്ഥിതി പ്രതിബന്ധമായിരിക്കുന്നു" എന്നും മററും പ്രസ്താവിച്ചിരുന്നു.

ദിവാൻജിയുടെ ഇണ്ടാസ് ഈഴവരെ കുണ്ഠിതപ്പെടുത്തിയെങ്കിലും അന്നത്തെ നിലയ്ക്ക് ഒരു പ്രക്ഷോഭണം അസാദ്ധ്യമായിരുന്നു. സമുദായാഭിമാനികൾ ദിവാന്റെ ഇണ്ടാസിലടങ്ങിയിരിക്കുന്ന ദ്രോഹബുദ്ധിയും അപമാനവും നിശ്ശബ്ദമായി സഹിച്ചു. എന്നാൽ പൽപ്പു അങ്ങനെ അടങ്ങിയിരിക്കുകയോ നിരാശപ്പെടുകയോ ചെയ്യുന്ന ആളായിരുന്നില്ല.

രാമരായരുടെ ഇണ്ടാസിലെ അനീതിയും അധർമ്മവും ചൂണ്ടിക്കാണിച്ചുകൊണ്ട് ഡോ. പൽപ്പു 1895 മേയ് മാസം 13-ാം തീയതി അന്നത്തെ ദിവാൻ ശങ്കരസുബ്ബയ്യർക്ക് ഒരു മെമ്മോറിയൽ അയച്ചു. സർക്കാർ സ്കൂളുകളിൽ ഈഴവർക്ക് പ്രവേശനം അനുവദിക്കാതെ അവരെ വിദ്യാവിഹീനരെന്ന് പറയുന്നത് അന്യായമാണെന്നും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന മുസ്ലീംങ്ങൾക്ക് ബ്രിട്ടീഷ് ഗവൺമെന്റ് ചെയ്യുംപോലെ യാതൊരു പ്രോത്സാഹനവും ഈഴവർക്ക് തിരുവിതാംകൂർ ഗവൺമെന്റ് ചെയ്തിട്ടില്ലെന്നും നേരെ മറിച്ച് ഈഴവരുടെ വിദ്യാഭ്യാസാഭിലാഷത്തിന് അവർക്ക് സ്കൂൾ പ്രവേശനം നൽകാതെ ഗവൺമെന്റ് പ്രതിബന്ധമുണ്ടാക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ഗവൺമെന്റിന്റെ പ്രോത്സാഹനം

www.malankaralibrary.com

കൊണ്ടല്ലാതെ സർക്കാരുദ്യോഗത്തിന് പ്രാപ്തരാക്കി തീർക്കുന്ന ഉന്നത വിദ്യാഭ്യാസത്തിന് ഒരു സമുദായത്തിലും പുരോഗതി ഉണ്ടാവുക സാദ്ധ്യമല്ലെന്നും വളരെ യുക്തിയുക്തമായി ആ മെമ്മോറിയലിൽ പ്രസ്താവിച്ചിരുന്നു. ആ മെമ്മോറിയലിൽ അദ്ദേഹം ചെയ്തിരുന്ന എത്രയും മിതമായ അപേക്ഷ എല്ലാ സർക്കാർ വക സ്കൂളുകളും ഈഴവർക്ക് തുറന്നുകൊടുക്കണമെന്നും ഈഴവരിൽനിന്ന് ക്രിസ്തുമതമോ ഇസ്ലാം മതമോ സ്വീകരിച്ചു പോകുന്നവർക്ക് നൽകിവരുന്ന ഉദ്യോഗങ്ങളെങ്കിലും മതം മാറാത്ത ഈഴവർക്ക് കൊടുക്കണമെന്നുമായിരുന്നു.

ഡോ. പൽപ്പു അയച്ച മെമ്മോറിയലിന് ഒരു മറുപടിപോലും ദിവാൻ നൽകിയില്ല. സെപ്ററംബർ മാസത്തിലും നവംബർ മാസത്തിലും റിമയിന്റർ അയച്ചിട്ടും പ്രയോജനമുണ്ടായില്ല. 1896 – ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് എത്തി ദിവാൻജിയെ കണ്ടു. ദിവാൻ ശങ്കരസുബ്ബയ്യർ വളരെ സന്തോഷപൂർവ്വം അദ്ദേഹത്തെ സ്വീകരിച്ച് പറഞ്ഞ മറുപടി ആർ. ശങ്കറിന്റെ ജീവചരിത്രത്തിൽ (പേജ് 92) ചേർത്തിട്ടുണ്ട്. അത് താഴെ ചേർക്കുന്നു. “സർക്കാർ സ്കൂളുകളിൽ ഈഴവർക്ക് പ്രവേശനം കൊടുത്താൽ അതിൽ പഠിക്കുന്ന ഉയർന്ന ജാതി ഹിന്ദുക്കൾ സ്കൂൾ വിട്ടുപോകുമെന്നും അതിനാൽ ഈഴവർക്ക് ആവശ്യമുള്ള സ്ഥലങ്ങളിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിച്ചുകൊടുക്കാമെന്നും മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കും പ്രവേശനമുള്ള ഡിപ്പാർട്ടുമെന്റുകളിൽ ഈഴവർക്കും ഉദ്യോഗം കൊടുക്കാൻ വിരോധമില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ആയിടയ്ക്ക് ബി.എ. പാസ്സായ ഒരു ഈഴവൻ ക്രിസ്ത്യാനികൾക്ക് പ്രവേശനമുണ്ടായിരുന്ന ഹൈക്കോടതിയിൽ ഒഴിവുണ്ടായിരുന്ന ഒരു പകർപ്പെഴുത്ത് ഗുമസ്തന്റെ ജോലിക്ക് അപേക്ഷിച്ചു. “ഈഴവന് ജോലി കൊടുക്കാൻ കീഴ്നടപ്പ് പ്രതിബന്ധമായിരിക്കുന്നു” എന്ന് ഹൈക്കോടതി ഇണ്ടാസ് കൊടുത്തു. സ്പെഷ്യൽ സ്കൂൾ അനുവദിക്കാമെന്ന് ദിവാൻജി വാഗ്ദാനം ചെയ്തതു കേട്ട് ഈഴവരുടെ ഇടയിൽനിന്നും തുരുതുരെ അപേക്ഷകൾ ചെന്നു. എങ്കിലും ആകെ രണ്ട് ഈഴവ പ്രൈമറി സ്കൂളുകൾ മാത്രമാണ് അഞ്ചും ആറും ഉറുപ്പിക ശമ്പളത്തിൽ ഈരണ്ട് അദ്ധ്യാപകരെയും നിയമിച്ച് ഈഴവർക്ക് അനുവദിച്ചുകൊടുത്തത്.”

ഗവൺമെന്റിന്റെ മനോഭാവത്തിൽ അതൃപ്തിപൂണ്ട ഈഴവർ സംഘടിതപ്രക്ഷോഭണത്തിന് തയ്യാറെടുത്തു. മൈസൂറിൽനിന്നും അവധിയെടുത്ത് തിരുവിതാംകൂറിൽ എത്തി ഈഴവപ്രമാണികളുമായി ആലോചിച്ച് ഒരു ഈഴവമെമ്മോറിയൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു. ഡോ. പൽപ്പുവിന്റെ നേതൃത്വത്തിൽ ഒരു സംഘം തിരുവിതാംകൂർ മുഴുവൻ സഞ്ചരിച്ച് മെമ്മോറിയലിനെപ്പററി വിശദീകരിക്കുകയും ഒപ്പുശേഖരണം നടത്തുകയും ചെയ്തു. മലയാളി മെമ്മോറിയലിൽ 10037 പേരാണ് ഒപ്പിട്ടിരുന്നതെങ്കിൽ

www.malankaralibrary.com

ഈഴവമെമ്മോറിയലിൽ 13176 പേരുടെ ഒപ്പ് ശേഖരിക്കുവാൻ സാധിച്ചു. 1896 സെപ്റ്റംബർ മാസത്തിൽ ഈഴവമെമ്മോറിയൽ മഹാരാജാവിന് സമർപ്പിച്ചു. വിദ്യാഭ്യാസം ജാതിഭേദം കൂടാതെ എല്ലാ ജാതിയിൽപ്പെട്ട വർക്കും അനുഭവിക്കാനുള്ള അനുവാദം നൽകണമെന്നും തങ്ങളുടെ കുട്ടികൾക്കും തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ പ്രവേശനം നൽകണ മെന്നുമായിരുന്നു ഈ മെമ്മോറിയലിൽ ആവശ്യപ്പെട്ടിരുന്നത്. സമുദായിക രീതികളെയും ഐക്യത്തെയും അതിലംഘിക്കുന്നതായതിനാൽ ഈ ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്നാണ് അന്നത്തെ ദിവാൻ ശങ്കര സുബ്ബയ്യൻ ഹർജിക്കു നൽകിയ മറുപടി. തീണ്ടൽ നിലനിന്നിരുന്ന കാലത്ത് അവർണ്ണർക്ക് പ്രവേശനം നൽകിയാൽ മററു സവർണ്ണ വിദ്യാർത്ഥികൾക്ക് വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നായിരുന്നു മറുപടിയുടെ രത്നച്ചുരുക്കം. ഡോ. പൽപ്പുവും ദിവാനുമായി മുമ്പ് സംസാരിച്ചപ്പോൾ പറഞ്ഞ സ്പെഷ്യൽ സ്കൂളുകളും അനുവദിക്കാമെന്ന് ദിവാൻ പറയുകയും ചെയ്തു. ഇതിനെ തുടർന്ന് 1897 ജൂലൈ 19-ന് ഹെർബർട്ട് റോബർട്ട്സ് ബ്രിട്ടീഷ് പാർലമെന്റിൽ ഈ പ്രശ്നം ഉന്നയിച്ചു. പ്രശ്നം പരിഹരിക്കാൻ സഭ മദ്രാസ് റസിഡണ്ടിനോടാവശ്യപ്പെട്ടു. കഴ്സൺ പ്രഭു വ്യക്തിപരമായി ഈഴവസമുദായത്തോട് സഹതപിച്ചുവെങ്കിലും നാട്ടുരാജ്യങ്ങളുടെ ദൈനംദിനകാര്യങ്ങളിൽ തന്റെ ഗവൺമെന്റ് ഇടപെടുകയില്ലെന്നു പറഞ്ഞ് പ്രശ്നത്തിൽനിന്നും ഒഴിഞ്ഞു മാറി. ഈ മെമ്മോറിയലുകൊണ്ടും പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ നേതാക്കൾ സംസ്ഥാനമൊട്ടുക്ക് ശാഖകളോടുകൂടിയ ഒരു ഈഴവസഭ ഉണ്ടാക്കുന്നതിന് നിശ്ചയിച്ചു. ആ സഭയുടെ നേതൃത്വത്തിൽ വിജയംവരെ പ്രക്ഷോഭണം നടത്താനും തീരുമാനിച്ചു. നാടാകെ സഞ്ചരിച്ചു സംഘടനാപ്രവർത്തനം നടത്താൻ അവർ ഇറങ്ങിപ്പുറപ്പെട്ടു. സമുദായാംഗങ്ങളിൽനിന്നും വേണ്ടത്ര പ്രോത്സാഹനം ലഭിക്കായ്കയാൽ നിരാശനായി ഡോ. പൽപ്പു കഴിഞ്ഞുകൂടി. അങ്ങനെയിരിക്കെയാണ് സ്വാമി വിവേകാനന്ദനെ ഡോ. പൽപ്പു സന്ദർശിക്കുന്നത്. സമുദായത്തിന്റെ ദയനീയാവസ്ഥയെപ്പററി സ്വാമി വിവേകാനന്ദനോട് ഡോ. പൽപ്പു വിവരിച്ചു. വിവേകാനന്ദൻ നൽകിയ ഉപദേശം പൽപ്പുവിന് ഉണർവ്വ് നൽകി. മതമാകുന്ന കൈപ്പടിയിൽ പിടിച്ചല്ലാതെ ഇന്ത്യയെ ഉദ്ധരിക്കാൻ സാദ്ധ്യമല്ലെന്നും, ഈഴവരുടെ ഉന്നതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തുന്നതിന് ആദ്യമായി ഒരു ഗുരുവിനെ കണ്ടു പിടിച്ച് അദ്ദേഹത്തിന്റെ നേതൃത്വം സ്വീകരിച്ചു പ്രവർത്തിക്കണമെന്നുമായിരുന്നു സ്വാമിയുടെനിർദ്ദേശം.

ഡോ. പൽപ്പു ശ്രീ.നാരായണഗുരുവിനെ സന്ദർശിച്ചു. ശ്രീനാരായണ ധർമ്മപരിപാലനസംഘത്തിന്റെ രൂപീകരണത്തിന് ഈ സന്ദർശനം സഹായകരമായി. 1903-ൽ ആരംഭിച്ച ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക ജനറൽ സെക്രട്ടറി കുമാരനാശാനായിരുന്നു. ഈഴവസമുദായത്തിന്

www.malankaralibrary.com

പിന്നീടുണ്ടായിട്ടുള്ള എല്ലാ പുരോഗതിയുടെയും പിന്നിൽ ഈ പ്രസ്ഥാനത്തെ ദർശിക്കുവാൻ സാധിക്കും. എസ്സ്. എൻ.ഡി.പി. യോഗത്തിന്റെ സ്ഥാപകജനറൽ സെക്രട്ടറി കുമാരനാശാനായിരുന്നു. സർക്കാർ സർവ്വീസിൽ ഈഴവർക്കുള്ള പ്രാതിനിദ്ധ്യക്കുറവ് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ കുമാരനാശാൻ ശ്രമിച്ചു. യോഗത്തിന്റെ മുഖപത്രമായ വിവേകോദയത്തിന്റെ പംക്തികളിൽ കുമാരനാശാൻ എഴുതിയ ലേഖനങ്ങൾ ബഹുജനശ്രദ്ധ പിടിച്ചുപററി. തിരുവിതാംകൂറിലെ മാത്രമല്ല കേരളമൊട്ടാകെ വ്യാപിച്ചു കിടക്കുന്ന ഈഴവ സമുദായത്തിന്റെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ചതിൽനിന്നും തിരുവിതാംകൂറിലെ ഈഴവരാണ് കൂടുതൽ ദുരിതമനുഭവിക്കുന്നതെന്ന് ആശാൻ മനസ്സിലാക്കി. കൊച്ചിയിലെയും മലബാറിലെയും ഭരണാധികാരികളുടെ നീതിബോധത്തെ ആശാൻ പ്രശംസിക്കുകയും ചെയ്തു. മലബാറിലെ തീയർക്ക് ഉന്നത ഉദ്യോഗങ്ങൾ ലഭിക്കുകയും ആ സ്ഥാനം വളരെ ഭംഗിയായി കൈകാര്യം ചെയ്യുകയും ചെയ്തുവെന്ന് മദ്രാസ് ഗവർണ്ണറുടെ എക്സിക്യൂട്ടീവ് കൗൺസിൽ മെമ്പർ കോസൽസ്റ്റുവർട്ട് പറയുകയുണ്ടായി. തിരുവിതാംകൂറിൽ നടക്കുന്ന അനീതി വെളിപ്പെടുത്തി പൊതുജനാഭിപ്രായം പ്രകടിപ്പിക്കുകയായിരുന്നു ആശാൻ ചെയ്തത്. ഈ രീതിയിലുള്ള ന്യായവാദങ്ങളൊന്നും തിരുവിതാംകൂർ സർക്കാർ ചെവിക്കൊണ്ടില്ല.

ആശാനുശേഷം യോഗത്തിന്റെ ജനറൽ സെക്രട്ടറിയായത് വിപ്ലവകാരിയായ ടി.കെ മാധവൻ ആയിരുന്നു. അദ്ദേഹം പിൽക്കാലത്ത് പൗരസമത്വവാദപ്രക്ഷോഭണത്തിന് നേതൃത്വം നൽകി.

www.malankaralibrary.com

# 6

# പൗരസമത്വവാദപ്രക്ഷോഭണം

മലയാളി മെമ്മോറിയലിനുശേഷം മലയാളികൾക്ക് സർക്കാർ ഉദ്യോഗങ്ങൾ കരഗതമായെങ്കിലും അത് അനീതിപൂർവ്വകമായ നായർ മേധാവിത്വത്തിൽ അവസാനിക്കുകയാണ് ചെയ്തത്. ഈഴവർക്കും മുസ്ലീംങ്ങൾക്കും ക്രൈസ്തവർക്കും തീയർ, കുറവർ, പുലയർ, പറയർ തുടങ്ങിയ അവർണ്ണരായ ഹൈന്ദവ വിഭാഗങ്ങൾക്കും സർക്കാർ സർവ്വീസ് വീണ്ടും മരീചികയായി അവശേഷിച്ചു. രാജ്യത്തിന് ഗണ്യമായ സംഭാവന ചെയ്തിട്ടുള്ള അവർണ്ണഹിന്ദുക്കളെയും ക്രൈസ്തവരെയും ഈഴവരെയും അവഗണിച്ചുകൊണ്ടുള്ള ഭരണനയത്തെ നായർ സമുദായം പിന്താങ്ങുകയാണ് ചെയ്തത്. നായന്മാർ അല്ലാത്തവർക്കും ഇവിടെ ചില അവകാശങ്ങൾ ഉണ്ടെന്ന് അംഗീകരിക്കാൻ നായർസമുദായം തയ്യാറായില്ല.

ആർ. ശങ്കറിന്റെ ജീവചരിത്രം രചിച്ചത് കമ്യൂണിസ്റ്റുകാരനായ എം.കെ. കുമാരനാണ്. ആ ജീവചരിത്രത്തിലെ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ. (പുറം 85,86) "......ഫാ. എമ്മാനുവൽ നിധീരി നസ്രാണി ദീപിക എന്ന പത്രം 1887–ൽ ആരംഭിച്ചു. അധികം കഴിയുന്നതിനു മുമ്പ് മലയാളമനോരമ കമ്പനിയും മനോരമ പത്രവും സ്ഥാപിതമായി. 1893–ൽ തിരുവിതാംകൂറിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന പത്തു പത്രങ്ങളും ക്രിസ്ത്യാനികളുടേതായിരുന്നു. ക്രിസ്ത്യാനികൾ പ്രത്യേകവിഭാഗങ്ങളായിട്ടാണെങ്കിലും സംഘടനാശീലം വളർത്തിയതും അവകാശവാദങ്ങൾക്കുവേണ്ടിയുള്ള ശേഷി സംഭരിച്ചതും ഈ കാലഘട്ടത്തിലാണ്.

തങ്ങൾക്കും ചില പ്രയോജനങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെയാണ് ക്രിസ്ത്യാനികളും ഈഴവരും മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ ഭാഗഭാക്കുകളായത്. ആ പ്രക്ഷോഭണം യഥാർത്ഥത്തിൽ ഒരു ദേശീയ പ്രക്ഷോഭണമാണെന്ന് അവർ വിശ്വസിക്കുകയോ നായർ നേതാക്കന്മാർ അവരെ വിശ്വസിപ്പിക്കുകയോ ചെയ്തു. നായർ നേതാക്കന്മാരുടെ കൂട്ടത്തിൽ യഥാർത്ഥ ദേശീയവാദികളായി ജി. പരമേശ്വരൻപിള്ളയെപ്പോലെ ചുരുക്കം ചിലർ ഉണ്ടായിരുന്നുവെങ്കിലും ഭൂരിപക്ഷം നായർ നേതാക്കന്മാരും തങ്ങളുടെ സാമുദായിക താല്പര്യങ്ങൾക്കു മാത്രമേ വില കല്പിച്ചിരുന്നുള്ളു. ദിവാൻ ശങ്കര സുബ്ബയ്യരും നായർ നേതാക്കന്മാരും തമ്മിൽ ഒരു ധാരണയുണ്ടായപ്പോൾ ജെ.പി.യെപ്പോലുള്ളവർ പുറംതള്ളപ്പെട്ടു. വിശാല വീക്ഷണമുള്ള മറ്റൊരു നേതാവായിരുന്നു സി. കൃഷ്ണപിള്ള. അദ്ദേഹവും പുതിയ സാഹചര്യത്തിൽ ഒറ്റപ്പെടുക മാത്രമല്ല, സർക്കാരിന്റെ വിദ്വേഷത്തിന് പാത്രമായി പല ദ്രോഹങ്ങൾക്കും ഇരയാവുകയും ചെയ്തു.

www.malankaralibrary.com

മലയാളി മെമ്മോറിയൽ പ്രക്ഷോഭണം ഒരു വഞ്ചനയായിരുന്നുവെന്ന വിവരം നായരിതരസമുദായങ്ങളുടെ മനസ്സിൽ വളർന്നുവന്നു. ഒപ്പുശേഖരണത്തിനും പ്രക്ഷോഭത്തിനും വലംകൈയ്യായിനിന്നു പ്രവർത്തിച്ച ഡോ. പൽപ്പു താനൊരു വ്യർഥാശ്രമത്തിലാണെന്ന് മനസ്സിലാക്കുകയും 1896–ൽ ഒരു ഈഴവ മെമ്മോറിയൽ തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തു.

സർക്കാർ സർവ്വീസിലെ പ്രാതിനിധ്യം സംബന്ധിച്ച് ഈ സന്ദർഭത്തിൽ ഏററവും കൂടുതൽ അക്ഷമരായത് ക്രിസ്ത്യാനികളാണ്. സാമ്പത്തിക ശക്തിയും വിദ്യാഭ്യാസാഭിവൃദ്ധിയും ക്രിസ്ത്യാനികളിൽ പുതിയ അഭിനിവേശങ്ങൾ ജനിപ്പിച്ചു. അവരിൽ ആത്മവിശ്വാസവും അവകാശ ബോധവും വളർന്നു. നായന്മാർ തങ്ങളെ വഞ്ചിക്കുകയാണ് ചെയ്തതെന്ന് ക്രൈസ്തവ പത്രങ്ങൾ തുറന്നു പറയാൻ തുടങ്ങി. .... പരദേശബ്രാഹ്മണരുമായി ചേർന്ന് ഭരണാധികാരവും രാഷ്ട്രീയാധികാരവും കൈയ്യടക്കുക എന്ന നായർ പ്രമാണിമാരുടെ നയത്തെ ക്രൈസ്തവ പത്രങ്ങൾ നിശിതമായി വിമർശിച്ചു. ........ ക്രിസ്ത്യാനികളുടെ അവകാശവാദങ്ങളിൽ മുഖ്യനേതൃത്വം വഹിച്ചത് പത്രങ്ങളും ചില മിഷനറിമാരുമാണ്. അവർ ഉദ്യോഗസ്ഥന്മാരുടെ സമുദായം തിരിച്ചുള്ള പട്ടികയും വിവിധ തസ്തികകളിൽ ക്രിസ്ത്യാനികൾക്കുള്ള പ്രാതിനിധ്യവും എടുത്തു കാണിച്ച് തങ്ങൾ അനുഭവിക്കുന്ന അനീതിയുടെ കാഠിന്യം വെളിപ്പെടുത്തി. ഉയർന്ന തസ്തികകൾ അധികവും കൈവശപ്പെടുത്തിയിരുന്നത് പരദേശബ്രാഹ്മണന്മാരും നായന്മാരുമാണ്. താണ തസ്തികകളിൽപോലും ക്രിസ്ത്യാനികളുടെ പങ്ക് നാമമാത്രമായിരുന്നു."

ക്രിസ്ത്യാനികൾക്കും ഈഴവർക്കും അവർണ്ണർക്കും സർക്കാർ സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകാതിരിക്കാൻ സവർണ്ണ സമുദായങ്ങൾ ഉയർത്തിപ്പിടിച്ചിരുന്ന ന്യായം ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണച്ചുമതല സർക്കാരിനായിരുന്നുവെന്നതാണ്. ഹൈന്ദവക്ഷേത്രങ്ങളുടെ ഭരണച്ചുമതല പരോക്ഷമായിപ്പോലും ഈഴവന്റെയോ ക്രിസ്ത്യാനികളുടെയോ അവർണ്ണഹിന്ദുവിന്റെയോ കൈകളിൽ വന്നുചേരുന്നത് സമചിത്തതയോടെ വീക്ഷിക്കുവാൻ അവർക്ക് സാധിച്ചില്ല. ഈ ദേവസ്വം നൂലാമാല സർക്കാരിൽനിന്നും അടർത്തിയെറിയാതെ തങ്ങൾക്കു രക്ഷയില്ലെന്ന് അഹിന്ദുക്കളും അവർണ്ണഹിന്ദുക്കളും മനസ്സിലാക്കി. 1918 മാർച്ച് 19ന് ദീപിക ഇപ്രകാരം എഴുതി. "ദേവസ്വം വക ചിലവുകൾ അതിൽനിന്നുള്ള വരവുകൊണ്ടു മാത്രം നടത്തപ്പെടുന്നതെങ്കിൽ തൽസംബന്ധമായ ഉദ്യോഗങ്ങൾ അന്യജാതിക്കാർക്ക് ആവശ്യപ്പെടുവാനോ ആഗ്രഹിക്കുവാനോ പാടില്ലെന്നുള്ളത് ന്യായം തന്നെ. എന്നാൽ നാനാജാതിമതസ്ഥരുടെ വക പണം കൂടി ചിലവുചെയ്ത് ഈ സ്ഥാപനങ്ങൾ നടത്തപ്പെടുന്ന കാലത്തോളം അവർക്കും ഇതിൽ മേൽപ്പറഞ്ഞ ഉദ്യോഗങ്ങൾ ആവശ്യപ്പെടാവുന്നതും അങ്ങനെ ഇതരരാജ്യങ്ങളിൽ നടന്നുവരുന്നതുമാണ്. ഇപ്പോഴത്തെ

www.malankaralibrary.com

നിലയിൽ അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും റവന്യൂവകുപ്പിൽ പ്രവേശനം അനുവദിക്കുവാൻ പാടില്ലെന്നുതന്നെയാണ് ശാഠ്യമെങ്കിൽ അതിന് ഹേതുവായ ദേവസ്വത്തെ റവന്യൂവകുപ്പിൽനിന്ന് വേർതിരിക്കുകയല്ലയോ ഗവൺമെന്റ് ചെയ്യേണ്ടത്?"

തുടർന്ന് ദീപികയും മലയാള മനോരമയും എഴുതിയ മുഖപ്രസംഗങ്ങളും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളും ഈഴവരിലും ക്രിസ്ത്യാനികളിലും അവർണ്ണഹിന്ദുക്കളിലും സമരാവേശം പകർന്നു.

സർക്കാർ സർവ്വീസിലെ പ്രാതിനിദ്ധ്യം സംബന്ധിച്ച് ഈ സന്ദർഭത്തിൽ ഏററം കൂടുതൽ അക്ഷമരായത് ക്രൈസ്തവരും ഈഴവരുമായിരുന്നു. ഈഴവർ 1896-ൽ ഒരു മെമ്മോറിയൽ സമർപ്പിച്ച കാര്യം മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഇന്ത്യൻ ഭരണഘടനയുടെ കീഴിൽ സമത്വവും സ്വാതന്ത്ര്യവും അനുഭവിക്കുന്ന ഇന്നത്തെ തലമുറയ്ക്ക് പൗരസമത്വവാദപ്രക്ഷോഭണത്തിന്റെ ആവശ്യകത മനസ്സിലാക്കണമെങ്കിൽ അന്നത്തെ രാഷ്ട്രീയനിലവാരം അല്പമെങ്കിലും അറിഞ്ഞിരിക്കണം.

നിയമനിർമ്മാതാവും നിയമപാലകനും അന്ന് മഹാരാജാവ് മാത്രമായിരുന്നു. അദ്ദേഹത്തെ ഉപദേശിച്ചിരുന്ന പ്രധാന ഉദ്യോഗസ്ഥന്മാരെല്ലാം നായന്മാർ. മഹാരാജാവിന്റെ ഭാര്യ ഒരു നായർ വനിത. ആ വഴിക്കും ആ സമുദായത്തിന് പ്രാമുഖ്യം ലഭിച്ചിരുന്നു. നിയമങ്ങൾ എഴുതി ഉണ്ടാക്കുന്നവരും അത് വ്യാഖ്യാനിക്കുകയും നടപ്പിൽ വരുത്തുകയും ചെയ്യുന്നവരും നായന്മാർ മാത്രമായിരുന്നതിനാൽ മററു സമുദായത്തിൽപ്പെട്ടവർക്ക് നീതി ലഭിക്കുകയില്ലെന്ന് വന്നിരുന്നു. ഉദ്യോഗത്തിന്റെ പ്രൗഢിയും ശമ്പളവുമെന്നതിലധികമായി ഈ നീതിയുടെ കാര്യത്തിലായിരുന്നു അഹിന്ദുസമുദായത്തിന്റെ ഉത്ക്കണ്ഠ മുഴുവൻ. ഉയർന്ന ഉദ്യോഗസ്ഥന്മാർ സ്വജനപക്ഷപാതികളാവുമ്പോൾ മററുള്ളവർക്ക് നാട്ടിൽ അഭിമാനാവഹമായ സ്ഥാനം ലഭിക്കുകയില്ലെന്ന് വ്യക്തമാണല്ലോ.

ഈ നായർ മേധാവിത്വം കൈയ്യടക്കിവച്ചിരുന്നത് ഭരണരംഗം മാത്രമായിരുന്നില്ല. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അവർ ആധിപത്യം പുലർത്തിപ്പോന്നു. രാജ്യചരിത്രംതന്നെ സ്വസമുദായത്തിന്റെ മേന്മ പാടുന്നതിന് ഉള്ള ഒരു ഉപാധിയായി അവർ മാററി എഴുതി. നായന്മാർ രാജ്യസ്നേഹികളെന്നും അനായന്മാർ രാജ്യദ്രോഹികളെന്നും വരത്തക്ക വിധമുള്ള കള്ളച്ചരിത്രങ്ങൾ അവർ നിർമ്മിച്ച് സർക്കാർ സഹായത്തോടെ പ്രചരിപ്പിച്ചു. അവർ എഴുതുന്ന ചപ്പുചവറുകൾ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളാക്കി. എല്ലാവരും പഠിക്കുവാൻ ഏർപ്പാടാക്കി. ഹിന്ദുമത സംബന്ധമായ ഏതു കൃതിയും സാഹിത്യവും ക്രിസ്തുമതസംബന്ധമായവ മതവുമെന്ന ലേബൽ ഒട്ടിച്ച് അവർ മാററി നിറുത്തി. എന്തിന് അക്കാലത്തെ

www.malankaralibrary.com

ഏതെങ്കിലും ഒരു ചരിത്രം പരിശോധിച്ചാൽ ക്രിസ്ത്യാനികൾ എന്നൊരു കൂട്ടരോ ഈഴവരെന്ന ഒരു വിഭാഗമോ, ഇവിടെ ജീവിച്ചിരുന്നുവെന്നതിന് യാതൊരു തെളിവും ലഭിച്ചെന്ന് വരുകയില്ല. അങ്ങനെ മററുള്ളവരെ രാഷ്ട്രീയമായും സാംസ്കാരികമായും അടിമത്തത്തിൽ വച്ചുകൊണ്ടിരിക്കുന്നതിന് നായർ മേധാവിത്വത്തിന് സാധിച്ചു.

നായർ സമുദായത്തിന്റെ എല്ലാ എതിർപ്പുകളെയും അതിജീവിച്ചുകൊണ്ട് റവന്യൂ ദേവസ്വം വിഭജനപ്രക്ഷോഭണം മുന്നോട്ടു നീങ്ങി. എം.കെ. കുമാരൻ രചിച്ച ആർ. ശങ്കറിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉദ്യോഗപ്രാതിനിധ്യത്തിന്റെ രണ്ടാം ഘട്ടം ക്രിസ്ത്യാനികൾ മുൻകൈയ്യെടുത്തു നടത്തിയ പൗരസമത്വവാദമാണ്. മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തെ പരദേശബ്രാഹ്മണർ എതിർത്തതുപോലെ പൗരസമത്വവാദത്തെ നായന്മാർ എതിർത്തു. ഈ രണ്ടു കൂട്ടരും സമുദായ പ്രാതിനിദ്ധ്യവാദത്തെ എതിർത്തത് ദേശീയതയുടെയും കാര്യക്ഷമതയുടെയും പേരിലായിരുന്നു."

പൗരസമത്വവാദം എന്ന പേരിൽ സർക്കാർ സർവ്വീസിലെ പ്രാതിനിദ്ധ്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം 1918–ൽ ആണ് ആരംഭിച്ചത്. അതിന്റെ നേതാക്കൾ അഭിഭാഷകപ്രമുഖനായ ഇ.ജെ.ജോൺ, ജോൺ നിധീരി, ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ മുതൽ പേരായിരുന്നു. ഈഴവരെ പ്രതിനിധീകരിച്ച് ടി.കെ. മാധവൻ പൗരസമത്വവാദപ്രക്ഷോഭണത്തിന് നേതൃത്വം നൽകി. കോട്ടയത്ത് ഇ.ജെ.ജോൺ വക്കീലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന മഹായോഗത്തിൽ ടി.കെ. മാധവൻ ഉജ്ജ്വലത്തായ ഒരു പ്രസംഗത്തോടുകൂടി ഈഴവരുടെ പിന്തുണ പ്രഖ്യാപിച്ചു. ദിവാൻജിയെ കാണാൻ നിയോഗിച്ച നിവേദകസംഘത്തിൽ മാധവനും അംഗമായിരുന്നു.

1921–ൽ നിയമസഭ വിഘടനം ചെയ്യപ്പെട്ട സന്ദർഭത്തിൽ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ച പൗരാവകാശ സമത്വപ്രമേയം പ്രശ്നത്തിന് കൂടുതൽ ആക്കവും തൂക്കവും നൽകുക തന്നെ ചെയ്തു. രാജ്യമാസകലം ആഞ്ഞടിച്ച പ്രക്ഷോഭണത്തിന്റെയും ബഹുജനമുന്നേററത്തിന്റെയും ഫലമായി അന്നത്തെ ദിവാൻ ടി. രാഘവയ്യ റവന്യു ദേവസ്വം വകുപ്പ് വിഭജിക്കുന്നതാണെന്ന് പ്രഖ്യാപിച്ചു. അതേവർഷം ആഗസ്റ്റ് 17–ാം തീയതി അത് പ്രാവർത്തികമാകുമെന്നും പ്രഖ്യാപിച്ചു. റവന്യു വകുപ്പിൽ അഹിന്ദുക്കൾക്കും അവർണ്ണഹിന്ദുക്കൾക്കും ഉണ്ടായിരുന്ന വിലക്ക് നീക്കപ്പെട്ടു. ഇത്തരുണത്തിൽ ആ ഉത്തരവ് പിൻവലിക്കുവാൻ സവർണ്ണ സമുദായങ്ങൾ ഒളിഞ്ഞും തെളിഞ്ഞും സർവ്വശക്തിയുപയോഗിച്ച് ശ്രമിക്കുകയുണ്ടായി. ഈയവസരത്തിൽ ദീപിക മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. "റവന്യൂ–ദേവസ്വം വിഭജനം ഭരണസൗകര്യത്തിനും ക്ഷേത്രപ്രവേശ

www.malankaralibrary.com

നത്തിനും അവശ്യമാണെന്ന് പല ഹിന്ദുക്കളും അഭിപ്രായപ്പെട്ടിട്ടുള്ളതാണെങ്കിലും ചില ഉദ്യോഗങ്ങൾ അതുമൂലം ക്രിസ്ത്യാനികൾക്കും ലഭ്യമാകുമെന്നുകണ്ട് പ്രസ്തുത വിഭജനത്തെ വെറുക്കുകയും തദ്വാരാ ക്രിസ്ത്യാനികളെ പഴിക്കുകയും ചെയ്തവരുണ്ട്. വിഭജനം സാധിതപ്രായമായ സ്ഥിതിക്ക് അത് ദേവസ്വങ്ങളുടെ കാര്യക്ഷമമായ നിർവ്വഹണത്തിന് തക്കതെന്ന് എല്ലാവരും പ്രകീർത്തിക്കുകയും ചെയ്യുന്നു. പൗരാവകാശ സമത്വം, ക്ഷേത്രപ്രവേശനവിളംബരം ഇവ സംബന്ധിച്ച വാദങ്ങൾ ഇനിയും അവസാനിച്ചിട്ടില്ലെങ്കിലും അവക്ക് ആധാരമായിട്ടുള്ള മൂലതത്വങ്ങൾ ബഹുജനസമ്മതങ്ങളാകയാൽ അവ ഇനി വർഗീയ സമരത്തിന് ഹേതുവായി ശോഭിക്കുമെന്ന് വിചാരിക്കേണ്ടതില്ല."

സവർണ്ണസമുദായങ്ങൾ വീണ്ടും പ്രക്ഷോഭണങ്ങളിലേക്ക് നീങ്ങിയപ്പോൾ ദീപികയുടെ പത്രാധിപരായിരുന്ന തെങ്ങുംമുട്ടിൽ വർഗ്ഗീസ് മാപ്പിള ഇപ്രകാരം പ്രസ്താവിച്ചു. "ദിവാൻ മി. രാഘവയ്യായുടെ പരിഷ്കാരങ്ങളിൽ സർവ്വപ്രധാനമായത് റവന്യൂ ദേവസ്വം വിഭജനമാകുന്നു. സമർത്ഥനും ധീരനുമായ ദിവാൻജിയുടെ ഈ ഉചിതകൃത്യം അഹിന്ദുക്കളും അവർണ്ണ ഹിന്ദുക്കളും ആജീവനാന്തം കൃതജ്ഞതയോടെ സ്മരിക്കും. തിരുവിതാംകൂർ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടേണ്ട ഒരു മഹനീയ കൃത്യമാണിതെന്ന് ഏതു രാജ്യനിവാസികൾക്കും സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല."

1922 ആഗസ്റ്റ് 17–ന് റവന്യൂ – ദേവസ്വം വകുപ്പ് വിഭജനം പ്രാവർത്തികമായി. അവഗണിക്കപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും മോചനദിനമാണ് ആഗസ്റ്റ് 17.

പൗരസമത്വവാദത്തെ മുന്നണയിൽനിന്ന് നയിച്ച നേതാക്കന്മാരിൽ പ്രമുഖനായിരുന്ന ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനെപ്പററി ചിത്രമെഴുത്ത് കെ.എം. വർഗ്ഗീസ് ഇപ്രകാരം എഴുതിയിരിക്കുന്നു. "പൗരസമത്വവാദത്തെ മുന്നണിയിൽനിന്ന് നയിച്ച നേതാക്കന്മാരിൽ പ്രമുഖനായിരുന്നു അദ്ദേഹം. തിരുവിതാംകൂറിലെ അവർണ്ണവിഭാഗത്തിൽപ്പെട്ട ഹിന്ദുക്കളും അഹിന്ദുക്കളുമായ അവശസമുദായങ്ങൾക്ക് രാജ്യത്തെ റവന്യൂവകുപ്പിലും പട്ടാള വകുപ്പിലും പ്രവേശനം സിദ്ധിക്കാൻ അദ്ദേഹം രാജ്യത്തിന്റെ ഒരററം മുതൽ മറേറയററം വരെ സിംഹനാദം മുഴക്കി. നായന്മാർ ഒഴിച്ചുള്ള ഇവിടുത്തെ എല്ലാ സമുദായങ്ങളെയും ഒരേ രംഗത്ത് തടുത്ത് പിടിച്ച് കൈയോട് കൈ കോർത്ത് നിൽക്കുവാൻ കുഞ്ഞിത്തൊമ്മന്റെ ആത്മശുദ്ധിയും വാക്കുകളും വളരെയധികം പ്രയോജകീഭവിച്ചിരുന്നു."

ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഇതായിരുന്നു കുഞ്ഞി

www.malankaralibrary.com

ത്തൊമ്മന്റെ അനസ്യൂതമായ മുറവിളി. കത്തോലിക്കർക്കു മാത്രമല്ല, കത്തോലിക്കരെപ്പോലെ രാഷ്ട്രീയമായി പിന്നോക്കം നിന്ന ഇതരസമുദായങ്ങൾക്കുവേണ്ടിയും അദ്ദേഹം തന്റെ ഗംഭീരസ്വരമുയർത്തി. തിരു–കൊച്ചി മന്ത്രിയായിരുന്ന വി. മാധവന്റെ വാക്കുകൾ ശ്രദ്ധിക്കുക. "അദ്ദേഹം കത്തോലിക്കരുടെ അവകാശങ്ങൾക്കുവേണ്ടി പോരാടിയപ്പോൾ കത്തോലിക്കരെപ്പോലെ അവശതയനുഭവിക്കുന്ന ഇതരസമൂഹങ്ങൾക്കുവേണ്ടികൂടി പോരാടുകയായിരുന്നു. അവശതയനുഭവിക്കുന്ന ഇതരസമുദായങ്ങളുടെ ആവലാതികൾ ശക്തിപ്പെടാതിരുന്ന ഒരു കാലഘട്ടത്തിലാണ് കുഞ്ഞിത്തൊമ്മന്റെ സിംഹഗർജ്ജനം ഈ രാജ്യത്ത് മുഴങ്ങിത്തുടങ്ങിയത്."

കേരള കൗമുദി എഴുതിയിരിക്കുന്നു "സർക്കാർ സർവ്വീസിലെ സാമുദായിക പ്രാതിനിധ്യത്തിനുവേണ്ടി അനസ്യൂതം വാദിച്ചിട്ടുള്ള ദേഹമായിരുന്നു അദ്ദേഹം. ആ ഒററക്കാരണത്താൽ ഇവിടുത്തെ പിന്നോക്ക സമുദായങ്ങൾ അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നു." ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നം എഴുതിയിരിക്കുന്നു. "ഓരോ സമുദായത്തിനും പബ്ലിക് സർവ്വീസിലും പ്രതിനിധിസഭകളിലുമുള്ള പ്രാതിനിധ്യവിഹിതം നിയമസഭയിലെ അനേകം ചോദ്യങ്ങൾവഴി അദ്ദേഹം വെളിച്ചത്തുകൊണ്ടുവന്നു. അങ്ങനെ കത്തോലിക്കരോടും മററ് അവശസമുദായങ്ങളോടും ഗവൺമെന്റ് അനുവർത്തിച്ചു പോരുന്ന ചിററമ്മ നയത്തിന്റെ വിപുലതയും ഗർഹണീയതയും അദ്ദേഹം പ്രകടമാക്കി." പൗരസമത്വവാദപ്രക്ഷോഭണത്തിന് ഫലമുണ്ടായി. റവന്യൂ ദേവസ്വം വിഭജനം നടന്നു. ക്രിസ്ത്യാനികൾക്കും ഈഴവർക്കും മുസ്ലീങ്ങൾക്കും റവന്യൂവകുപ്പിൽ ഉദ്യോഗങ്ങൾ കിട്ടുമെന്നായി. ചിലർക്ക് കിട്ടുകയും ചെയ്തു. അങ്ങനെ റവന്യൂവകുപ്പിൽ കയറിപ്പററിയ അവർണ്ണഹിന്ദുക്കളും അഹിന്ദുക്കളുമായവരിൽ എത്രപേർ തങ്ങൾക്കുവേണ്ടി നിരവധി ക്ലേശങ്ങൾ സഹിച്ച് വഴി വെട്ടിത്തെളിച്ച ക്രൈസ്തവനേതാക്കളെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ പങ്കെടുത്ത ഇതര സമുദായങ്ങളെ നായർ സമുദായം വഞ്ചിച്ചു. ഈഴവ മെമ്മോറിയലിലൂടെ അവകാശങ്ങൾ നേടിയെടുക്കുവാൻ ശ്രമിച്ചപ്പോൾ ആ ശ്രമങ്ങളെ നായർ സമുദായം എതിർത്തു. റവന്യൂ ദേവസ്വം വിഭജനപ്രക്ഷോഭണത്തിലൂടെ ഈഴവരാദിയായവർ റവന്യൂ സർവ്വീസിൽ പ്രവേശിക്കാൻ നടത്തിയ എല്ലാ നീക്കങ്ങൾക്കുമെതിരെ നായർ സമുദായം നിലകൊണ്ടു. ആ നായർ സമുദായവുമായി കൂട്ടുകൂടാനാണ് വെള്ളാപ്പള്ളി നടേശൻ എസ്.എൻ.ഡി.പി. യോഗത്തെ ഉപയോഗിക്കുന്നത് ഇത് നിർഭാഗ്യകരമാണ്. ഈഴവർ കഴിഞ്ഞ കാലചരിത്രം പഠിക്കണം. ചരിത്രത്തിൽനിന്നും കാര്യങ്ങൾ വിലയിരുത്തുവാനുള്ള ശക്തി ഈഴവസമുദായത്തിനുണ്ടാകണം.

www.malankaralibrary.com

## 7

# മിശ്രഭോജനസദ്യയും നായരീകരണപ്രമേയവും

ജാതിവ്യവസ്ഥ ഇന്ത്യയുടെ മുഴുവൻ ഒരു ശാപമാണെന്നും ആ വികല സമ്പ്രദായം കേരളത്തിലെപ്പോലെ മററൊരിടത്തും അത്ര ഭീകരസ്വഭാവം കൈക്കൊണ്ടിരുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. കേരളത്തിലും ഇന്ത്യയിലും ഇന്നു കാണുന്ന ജാതി വ്യവസ്ഥയുടെ പൂർണ്ണരൂപം ചാതുർവർണ്യമാണ്. ചാതുർവർണ്യത്തിൽ ആരംഭകാലത്ത് 4 ജാതികൾക്കു മാത്രമേ സ്ഥാനമുണ്ടായിരുന്നുള്ളു. ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യജാതികൾ ഭരണകർത്താക്കളും ശൂദ്രർ അവരുടെ സേവകപ്പരിഷകളുമായിരുന്നു. വേദകാലങ്ങളിൽ ക്ഷയിച്ചുതുടങ്ങിയ ഗോത്രജീവിതസമ്പ്രദായം പാടെ തകരുകയും സമൂഹത്തെ ഉള്ളവരും ഇല്ലാത്തവരുമായി വിഭജിക്കുന്ന ചാതുർവർണ്യവ്യവസ്ഥ ക്രമേണ ബലപ്പെടുകയും ചെയ്തു.

നൂററാണ്ടുകളായി നിലനിന്ന ചാതുർവർണ്യവ്യവസ്ഥയെ എതിർക്കുവാനും അവർണ്ണർക്ക് സാമൂഹ്യനീതി നേടികൊടുക്കുവാനും ഒരു സവർണ്ണനും മുമ്പോട്ടു വന്നില്ല. അവർണ്ണരെ മനുഷ്യരായിപോലും അംഗീകരിക്കാൻ സവർണ്ണർ തയ്യാറായില്ല. എണ്ണപ്പെട്ട ഒരു തത്വചിന്തകൻ എന്ന നിലയിൽ അറിയപ്പെട്ട ശങ്കരാചാര്യർ ചാതുർവർണ്യവ്യവസ്ഥയെ സാധൂകരിക്കുകയാണ് ചെയ്തതതെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഈ സന്ദർഭത്തിൽ അവർണ്ണരോട് കനിവ് കാട്ടുകയും അവരും മനുഷ്യരാണെന്ന് അംഗീകരിക്കുകയും ചെയ്ത ഒരു മഹാനായിരുന്നു എ.കെ.പിള്ള. എ.കെ.പിള്ളയെപ്പററി കുമ്പളത്തുശങ്കുപ്പിള്ള തന്റെ ആത്മ കഥയിൽ (പേജ് 31) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തെ ആദരിച്ചുകൊണ്ട് കോടതികളിൽ നിന്നും ഇറങ്ങിവന്നവർ ഇന്ത്യൻനാഷണൽ കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിക്കാനും തുടങ്ങി"

അക്കാലത്ത് ഇവിടെ നിന്നും ഉപരിവിദ്യാഭ്യാസത്തിനുവേണ്ടി ഇംഗ്ലണ്ടിൽ താമസിച്ചുപഠിച്ചുകൊണ്ടിരുന്ന എ.കെ.പിള്ളയും തന്റെ വിദ്യാലയം വിട്ടിറങ്ങി. രാജ്യത്തിന്റെ മോചനത്തിനുവേണ്ടിയുള്ള പ്രക്ഷോഭണപരിപാടികളിൽ പ്രവർത്തിക്കുവാൻ തീരുമാനിച്ചു. ഇംഗ്ലണ്ടിൽ നിന്നും എ.കെ.പിള്ള നേരേ ഗാന്ധിജിയുടെ സമീപത്തേക്ക് തിരിച്ചു. "ഞാൻ എന്തു ചെയ്യണം?" കർമ്മധീരനായ എ.കെ. പിള്ള ഗാന്ധിജിയോട് ചോദിച്ചു.

www.malankaralibrary.com

"നിങ്ങൾ നിങ്ങളുടെ നാട്ടിൽ പോയി പ്രവർത്തിക്കുക" മഹാത്മാഗാന്ധി എ.കെ. പിള്ളയോട് ഉപദേശിച്ചു.

എണ്ണായിരത്തിലധികം രൂപക്ക് വസ്തുക്കൾ പണയപ്പെടുത്തിക്കൊണ്ട് ബാരിസ്റ്റർ പരീക്ഷ പാസ്സാകാൻവേണ്ടി ഇംഗ്ലണ്ടിൽ പോയി പഠിച്ചുകൊണ്ടിരുന്ന എ.കെ. പിള്ള കരുനാഗപ്പള്ളി താലൂക്കിലുള്ള തേവലക്കര എന്ന സ്ഥലത്ത് കണ്ടോലിൽ കുടുംബത്തിലെ ഒരു അംഗമായിരുന്നു.

ഗാന്ധിജിയുടെ ഉപദേശവും സ്വീകരിച്ചുകൊണ്ട് തിരുവിതാംകൂറിലെത്തിയ എ.കെ.പിള്ള കോൺഗ്രസ്സ് പ്രവർത്തനത്തിൽ ഏർപ്പെട്ടു. കോൺഗ്രസ്സ് സംഘടന അന്ന് കേരളത്തിൽ ഇല്ലായിരുന്നു. എന്നു തന്നെയുമല്ല ആ സംഘടനയിൽ ചേർന്നു പ്രവർത്തിക്കാൻ ആരും ധൈര്യപ്പെട്ടിരുന്നുമില്ല. പല യുവാക്കളേയും അദ്ദേഹം സംഘടനയിലേക്കു ക്ഷണിച്ചു. അങ്ങനെ രാഷ്ട്രീയപ്രവർത്തനത്തിലേക്ക് ഇറങ്ങിച്ചെന്ന ഒരു യുവാവായിരുന്നു എ.കെ. പിള്ള.

കോൺഗ്രസ്സ് പ്രവർത്തനത്തോടൊപ്പം വർഗ്ഗവർണ്ണ വിവേചനത്തിനെതിരെയും പ്രവർത്തിക്കുവാൻ എ.കെ. പിള്ള തയ്യാറായി. അക്കാലത്ത് സവർണ്ണർ അവർണ്ണരോട് കാട്ടിയ എല്ലാ ക്രൂരതകളും ശരിയാണെന്ന് വാദിക്കുന്നവരായിരുന്നു സവർണ്ണർ. എ.കെ. പിള്ള അതിൽനിന്നും വ്യത്യസ്തനായിരുന്നു. അന്ന് എ.കെ. പിള്ളയെപ്പോലെ ചിന്തിക്കുന്ന സവർണ്ണർ കൈവിരലിൽ എണ്ണാൻ പോലും ഇല്ലായിരുന്നുവെന്നതാണ് സത്യം. വർണ്ണവിവേചനത്തിനെതിരെയുള്ള പ്രവർത്തനങ്ങളിൽ ഒന്നായി എ.കെ.പിള്ള കണ്ടത് മിശ്രഭോജനസദ്യകൾ നടത്തുക എന്നുള്ളതായിരുന്നു.

ഈ തീരുമാനത്തെപ്പററി കുമ്പളത്തു ശങ്കുപ്പിള്ള തന്റെ ആത്മകഥയിൽ (പേജ് 38) ഇപ്രകാരം എഴുതിയിരിക്കുന്നു.

"എ.കെ. പിള്ളയുടെ വീട്ടിൽ വച്ച് പന്തി ഭോജനസദ്യ നടത്താനും തീരുമാനമെടുത്തു. ശ്രീ പിള്ളയുടെ വന്ദ്യമാതാവിന്റെ ഷഷ്ട്യബ്ദപൂർത്തി ദിവസം പന്തിഭോജനവും പ്ലാൻ ചെയ്തു"

പന്തിഭോജനം നടത്തിക്കുക എന്നുള്ളതാണ് ഷഷ്ട്യബ്ദപൂർത്തി സദ്യയുടെ മുഖ്യലക്ഷ്യമെന്നറിഞ്ഞ സവർണ്ണപ്രമാണികളും അവരുടെ മാമൂൽ പ്രവർത്തകരും അയിത്താചാരക്കാരും മററും ഞങ്ങൾക്ക് ഭ്രാന്താണെന്ന് പറഞ്ഞു പരത്തി. ഞങ്ങളാസദ്യയ്ക്കുണ്ണാതാക്കാൻ പലരും വന്ന് ശ്രമിക്കുകയും ചെയ്തു.

"തൊടീലും തീണ്ടലുമുള്ള ജാതിക്കാരൊത്തിരുന്ന് ഉണ്ണരുത്. നിങ്ങൾ നല്ല കുടുംബത്തിൽപ്പെട്ടയാളാണ്", പല നായർ പ്രമാണിമാരും എന്നെ

www.malankaralibrary.com

ഉപദേശിച്ചു. ഞങ്ങൾ ഉണ്ണാൻ തീരുമാനിച്ചു വന്നവരാണ്. നിങ്ങൾക്ക് വേണമെങ്കിൽ ഉണ്ടാൽമതി. ഞങ്ങൾ ഉണ്ണും. പിന്തിരിപ്പൻ ഉപദേശിമാർ എന്റെ മറുപടിയും കേട്ട് മടങ്ങിപ്പോയി. എന്നോടും മററും ഇങ്ങനെവന്ന് ഉപദേശിക്കാൻ കാരണം 'ഭ്രഷ്ട്'കല്പിച്ച് സമുദായത്തിൽ നിന്ന് എന്നെയും മററും അകററിനിർത്താൻ സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടുമാത്രമായിരുന്നു.

സവർണ്ണന്മാർ കുറവായിരുന്നു എങ്കിലും ആ പന്തിഭോജനസദ്യയിൽ അഞ്ഞൂറിലധികം ആളുകൾ ഊണുകഴിച്ചു. പറയരും കുറവരും പുലയരുമെല്ലാമായി പന്തലിൽ ഞങ്ങൾ നിരന്നിരുന്ന് ഉണ്ണുന്നത് മററു പുരയിടങ്ങളിൽ നിന്ന് നിരവധി നായർ പ്രമാണിമാർ സൂക്ഷ്മപരിശോധന നടത്തുന്നുണ്ടായിരുന്നു.

എ.കെ.പിള്ളയുടെ മാതാവും ഞങ്ങളോടൊത്തിരുന്ന് സദ്യയുണ്ണുന്ന ചിത്രം ഇന്നും എന്റെ ഹൃദയത്തിൽ അന്നത്തേപ്പോലെതന്നെ തെളിഞ്ഞു നിൽപ്പുണ്ട്."

ഈ മിശ്രഭോജനസദ്യ തുടർന്നു നടത്താൻ സാധിച്ചില്ല. സവർണ്ണ നായന്മാരുടെ എതിർപ്പ് അത്രശക്തമായിരുന്നു.

## നായരീകരണ പ്രമേയം

മിശ്രഭോജനസദ്യനടത്തി സവർണ്ണ സമുദായാംഗങ്ങളുടെയിടയിൽ ഒരു കോളിളക്കം സൃഷ്ടിച്ച എ.കെ.പിള്ള ചാതുർവർണ്ണ്യ വ്യവസ്ഥിതിക്കെതിരെ തുടർന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. ചവറയിൽ വച്ച് 1931–ൽ നടന്ന നായർ മഹാസമ്മേളനത്തെ കരുവാക്കി ചാതുർവർണ വ്യവസ്ഥിതിയുടെ ദൂഷ്യഫലങ്ങൾ വിശദീകരിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ചവറ സമ്മേളനം മൂന്നു ദിവസം നീണ്ടുനിൽക്കുന്നതായിരുന്നു.

ഒന്നാംദിവസം രാവിലെ ചേർന്ന സമ്മേളനത്തിലാണ് പ്രമേയങ്ങൾ തയ്യാറാക്കുക. സബ്ജക്ററ് കമ്മററി അവതരിപ്പിച്ച പല പ്രമേയങ്ങളും അവിടെ അംഗീകരിച്ചു. ആ സമ്മേളനത്തിൽ എ.കെ.പിള്ള അവതരിപ്പിച്ച നായരീകരണ പ്രമേയം ഒരു കോളിളക്കം തന്നെ സൃഷ്ടിച്ചു. നിരവധി വാദകോലാഹലങ്ങളും ആശയക്കുഴപ്പങ്ങളും എ.കെ. പിള്ളയുടെ നായരീകരണ പ്രമേയം വരുത്തിവച്ചു. ഈ സംഭവത്തെപ്പററി കുമ്പളത്തു ശങ്കുപ്പിള്ള തന്റെ ആത്മകഥയിൽ (പേജ് 174) ഇപ്രകാരം എഴുതിയിരിക്കുന്നു. "പുലയനും പറയനും അധഃകൃതവർഗ്ഗത്തിൽപ്പെട്ട മററെല്ലാ ആളുകളും നായരാകുക. അസമത്വങ്ങൾക്കങ്ങെനെയുമൊരു പോംവഴി ഉണ്ടാക്കുക. അതായിരുന്നു ശ്രീ. എ.കെ. പിള്ള അവതരിപ്പിച്ച നായരീകരണ പ്രമേയത്തിന്റെ ഉള്ളടക്കം .............. പുലയൻ നായരായാൽ നായന്മാരുടെ കുടുംബ

www.malankaralibrary.com

ത്തിൽ നിന്നും പെണ്ണുകൊടുക്കുമോ? നായർ യുവാക്കൾ പറച്ചിയെ പരസ്യ മായി വിവാഹംകഴിക്കുമോ? എന്നു തുടങ്ങി പലവിധ വാദപ്രതിവാദങ്ങളും ആ പ്രമേയത്തെച്ചൊല്ലി ഉയർന്നുവന്നു. പൊതു സമ്മേളനത്തിൽ ഈ പ്രമേയത്തെപ്പററി തീരുമാനിക്കാം എന്നുള്ള ഒരു രമ്യനിർദ്ദേശത്തോടുകൂടി അന്ന് ആ പ്രമേയം മൂന്നാംദിവസത്തേക്കു മാററി വച്ചു."

എ.കെ.പിള്ള തന്റെ നായരീകരണ പ്രമേയം പാസ്സാക്കിയെടുക്കുന്ന തിനുള്ള ശ്രമങ്ങൾ നടത്തി. കാര്യമായ സഹകരണം സമ്മേളനാംഗങ്ങളിൽ നിന്നുമുണ്ടായില്ല. തുടർന്നുള്ള സംഭവവികാസങ്ങളെപ്പററി കുമ്പളത്തു ശങ്കുപ്പിള്ള എഴുതുന്നു. (ആത്മകഥ പേജ് 175)

"അവസാനദിവസത്തെ പൊതുസമ്മേളനമായപ്പോഴേക്കും സമ്മേ ളനപ്പന്തലും സമീപസ്ഥലങ്ങളും ജനതതിയെക്കൊണ്ട് നിറയപ്പെട്ടു. എങ്ങും ജനങ്ങളാണ്. ആണും പെണ്ണും വൃദ്ധനും വയോവൃദ്ധനും എന്നുവേണ്ട ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽപ്പെട്ട മഹാജനങ്ങൾ. ആട്ടവും പാട്ടും കൂത്തും ഓട്ടൻതുള്ളലും പരിചകളിയുമെല്ലാം കണ്ട ആളുകൾ, പൊതുസമ്മേളനത്തിന്റെ തുടക്കത്തിനുവേണ്ടി കാത്തിരിക്കുകയാണ്."

അമ്പാട്ട് ശിവരാമമേനോൻ തന്നെയായിരുന്നു പൊതുസമ്മേള നാദ്ധ്യക്ഷൻ, സബ്ജക്ററ് കമ്മിററിയിൽ അവതരിപ്പിച്ച് പാസ്സാക്കിയ പ്രമേയ ങ്ങളും സമുദായോദ്ധാരണത്തിന് ഉത്തേജനം നൽകുന്ന മററുനിരവധി നിർദ്ദേശങ്ങളും പലരുമവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചു. പലതുമതിൽ പാസ്സായി. ഒന്നാംദിവസം അവതരിപ്പിക്കപ്പെടുകയും മാററിവയ്ക്കപ്പെ ടുകയും ചെയ്ത നായരീകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ശ്രീ എ.കെ. പിള്ള ഉജ്ജ്വലമായി പ്രസംഗിച്ചു. ശ്രീ. എം.എൻ.നായർ എ.കെ. പിള്ളയുടെ പ്രമേയത്തെ അനുകൂലിച്ചു. എതിർപ്പും അനുകൂലവും സമ്മേളനനഗറിൽ തലപൊക്കി. ചിന്താക്കുഴപ്പം പലരിലും ഉദയം ചെയ്തു. അപശബ്ദങ്ങളു ടെയും വാദകോലാഹലങ്ങളുടെയും ചേരിതിരിവുകളുടെയും ഒരു രംഗം മുഖരിതമായി. സ്ത്രീകൾ യാതൊരു അഭിപ്രായവും പറയാതെ ഒഴിഞ്ഞ കന്നുമാറി.

ശ്രീ. എ.കെ.പിള്ളയുടെ നായരീകരണ പ്രമേയം പുരോഗമന പരമാണെന്നും തത്വദീക്ഷയുൾക്കൊള്ളുന്നുണ്ടെന്നും പക്ഷെ, ഈ സമ്മേളനത്തിൽ അതു പാസ്സാക്കാൻ പ്രയാസമാണെന്നും അദ്ധ്യക്ഷൻ റൂൾ ചെയ്തു. വീണ്ടും അടുത്ത സമ്മേളനത്തിലേക്ക് ഈ പ്രമേയം മാററിവച്ചു. പിന്നീട് നായർ മഹാസമ്മേളനത്തിൽ അങ്ങനെയൊരു പ്രമേയം ഒരിക്കലും ചർച്ചക്കുപോലും വന്നിട്ടുള്ളതായി അറിവില്ല.

www.malankaralibrary.com

## 8

# വൈക്കം സത്യാഗ്രഹം

നായരീഴവ ഐക്യം സ്വപ്നം കണ്ടുകൊണ്ട് നടക്കുന്ന വെള്ളാപ്പള്ളി നടേശൻ അത് പ്രാവർത്തികമാക്കുന്നതിന് എന്തു ചരിത്രവും രചിക്കുവാൻ തയ്യാറാകുമെന്നതിന് തെളിവാണ് പെരുന്നയിൽപോയി നടത്തിയ പ്രസംഗം. വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും നായരീഴവ ഐക്യം ഉണ്ടായിരുന്നുവെന്നാണ് നടേശൻ പ്രസംഗിച്ചത്. നായരും ഈഴവരും തമ്മിൽ യഥാർത്ഥ സഹകരണം ഉണ്ടായിരുന്നുവെങ്കിൽ ഒററ ദിവസംകൊണ്ട് പ്രശ്നംപരിഹരിക്കാവുന്നതേ ഉണ്ടായിരുന്നുള്ളു. ഈ പ്രശ്നത്തെപ്പററി ഡോ.എം.എസ്സ്. ജയപ്രകാശ് നായർ ഈഴവ ഐക്യം വഞ്ചനയുടെ തുടർക്കഥ എന്ന ശീർഷകത്തിൽ മാധ്യമം പത്രത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും നായരീഴവ ഐക്യം ഉണ്ടായിരുന്നുവെന്ന് വെള്ളാപ്പള്ളി നടേശൻ പെരുന്നയിൽ പോയി പ്രസംഗിച്ചത് ചരിത്രമറിയാത്തതുകൊണ്ടുള്ള വിവരക്കേടാണ്. ടി.കെ.മാധവനാണ് വൈക്കം സത്യാഗ്രഹത്തിന് നേതൃത്വംകൊടുത്തത്. കാക്കനാഡാ കോൺഗ്രസ്സിൽ മാധവന്റെ അയിത്തോച്ചാടന പ്രമേയത്തെ എതിർത്ത ഗാന്ധിക്ക് മുസ്ലീം നേതാവായിരുന്ന മൗലാനാ മുഹമ്മദലി കൊടുത്ത ചുട്ടമറുപടിയാണ് പിന്നീട് മാധവനെ തുണച്ചത്. പക്ഷെ അതിസമർത്ഥമായി ഗാന്ധിയും നായർലോബിയും ചേർന്ന് സമരത്തെ പൊളിക്കുകയാണുണ്ടായത്. വൈക്കം ക്ഷേത്രത്തിലേക്കുള്ള പ്രധാനവഴി താണജാതിക്കാർക്ക് തുറക്കുക, തീണ്ടപ്പലകമാററുക, എന്നീ ആവശ്യ ങ്ങളാണ് സത്യാഗ്രഹികൾ ഉന്നയിച്ചത്. ഈ രണ്ട് ആവശ്യങ്ങളും അംഗീകരി ക്കാതെയാണ് സമരം തീർന്നത്. വൈക്കം സത്യാഗ്രഹത്തെ അനുകൂലിച്ച് മന്നം നടത്തിയ സവർണ്ണജാഥ തിരുവനന്തപുരത്തെത്തിയപ്പോൾ സമരം പൊളിയുകയാണുണ്ടായത്. വരാൻപോകുന്ന മാററത്തിന്റെ ഭാഗത്ത് ഞങ്ങളും ഉണ്ടായിരുന്നുവെന്ന് വരുത്തിതീർക്കുകയായിരുന്നു സവർണ്ണ ജാഥയുടെ ലക്ഷ്യം. ആത്മാർത്ഥമായ സഹകരണമായിരുന്നു അതെങ്കിൽ അവർണ്ണർക്ക് വിലക്കിയിരുന്ന വഴികൾ തുറപ്പിക്കാൻ മന്നത്തിന് കഴിയു മായിരുന്നു. പ്രധാനവഴി തുറന്നുകൊടുക്കാതെ ക്രൈസ്തവരും മുസ്ലീങ്ങളും ഉപയോഗിച്ചിരുന്നവഴിയെ അവർണ്ണർക്ക് പോകാമെന്നാണ് തീരുമാനമായത്. ക്രിസ്തുവിന്റെ വഴിയും ഇസ്ലാമിന്റെ വഴിയുമാണ് നല്ലതെന്ന് പൊന്നു തമ്പുരാന്മാർ പറഞ്ഞത് അവർണ്ണർ സ്വീകരിച്ചു. നൂറുകണക്കിന് കുടുംബ ങ്ങൾ ക്രിസ്തുമാർഗ്ഗവും ഇസ്ലാംമാർഗ്ഗവും സ്വീകരിച്ച് മോചനം നേടി." ഇങ്ങനെ മോചനം നേടിയ ന്യൂനപക്ഷങ്ങളെ അധിക്ഷേപിക്കുവാനാണ്

www.malankaralibrary.com

നാരായണപണിക്കർ വെള്ളാപ്പള്ളിയെ ഉപയോഗിക്കുന്നത്. വൈക്കം സത്യഗ്രഹത്തിൽ ഗാന്ധിജിയും സവർണ്ണരും പങ്കെടുത്തത് ആ സത്യഗ്രഹത്തെ പൊളിക്കുന്നതിനുവേണ്ടി തന്നെയായിരുന്നുവെന്ന് പറയാം.

ഈ ലേഖകൻ രചിച്ച ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ വൈക്കം സത്യാഗ്രഹത്തെപ്പററി (പേജ് 163–167) എഴുതിയിരിക്കുന്ന ഭാഗം ഈയവസരത്തിൽ സ്മരിക്കുന്നത് സമുചിതമായിരിക്കും അവ താഴെ ചേർക്കുന്നു.

അഖിലേന്ത്യാതലത്തിൽ ശ്രദ്ധ പിടിച്ചുപററിയ ഒരു സമരമായിരുന്നു വൈക്കം സത്യാഗ്രഹം. ഈ സത്യാഗ്രഹത്തെപ്പററി ആധുനിക ചരിത്രകാരന്മാർ പല വിധത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വൈക്കം സത്യാഗ്രഹം അയിത്ത ജനങ്ങളുടെ ക്ഷേത്രപ്രവേശനവിളംബരമായിരുന്നുവെന്ന ചിലരുടെ വാദഗതികൾ ശരിയല്ലെന്നും മഹാത്മജിയടക്കം സവർണ്ണർ, അതിസമർത്ഥമായ ഒരു ഗൂഢാലോചന നടത്തുകയാണ് വൈക്കം സത്യാഗ്രഹത്തിലൂടെ ചെയ്തതെന്നും ശ്രീ.എൻ.കെ. ജോസിനെപ്പോലുള്ള ചരിത്രകാരന്മാർ പ്രസ്താവിക്കുന്നു.

വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കാൻ എത്തിച്ചേർന്ന മഹാത്മജി, വൈക്കത്ത് എത്തി ബ്രാഹ്മണരെ സന്ദർശിച്ചതും മററും മഹാത്മജി സവർണ്ണതാൽപര്യത്തിനുവേണ്ടി നിലകൊണ്ടു എന്ന വാദഗതി ഉയർന്നുവരുവാൻ ഇടയാക്കിയിട്ടുണ്ട്. വൈക്കം സത്യാഗ്രഹത്തിനുശേഷം 1931–ൽ യംഗ്ഇന്ത്യായിൽ ഗാന്ധിജി ഇപ്രകാരം എഴുതി "അയിത്തക്കാർക്ക് മററാരെയുംപോലെ അവകാശമുണ്ടായിരിക്കും. എങ്കിലും ആരെയെങ്കിലും തൊടുവാൻ ഒരു ബ്രാഹ്മണനെയും നിർബ്ബന്ധിക്കുകയില്ല. തന്നെ മററാരും തൊട്ടുകൂടന്ന് വയ്ക്കാൻ അയാൾക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും. സ്വന്തം കിണറും സ്വന്തം കുളവും സ്വന്തം സ്കൂളും സ്വന്തം ക്ഷേത്രവും സാധിക്കാവുന്ന മറെറന്തും അയാൾക്ക് ഉണ്ടായിരിക്കും" വൈക്കം സത്യാഗ്രഹം കഴിഞ്ഞ് ഏഴു വർഷത്തിനുശേഷം ഗാന്ധിജിയുടെ അഭിപ്രായമിതാണ്. ഏതായാലും മഹാത്മജിയും സവർണ്ണ ഹിന്ദുക്കളും വൈക്കം സത്യാഗ്രഹത്തിന്റെ മുൻപന്തിയിൽ നിന്ന് ഈ മുന്നേററത്തെ മുക്കിക്കൊല്ലുകയായിരുന്നെന്ന് ചിന്തിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്.

വൈക്കം സത്യാഗ്രഹത്തിലെ പുലയ പങ്കാളിത്തം എന്ന എൻ.കെ. ജോസിന്റെ ഗ്രന്ഥത്തിന്റെ അവതാരിക എഴുതിയിരിക്കുന്നത് മുൻമന്ത്രി പി.കെ. രാഘവനാണ്. അവതാരികയിലെ ഒരു ഭാഗം താഴെച്ചേർക്കുന്നു. "വസ്തുത എന്തുതന്നെയായാലും 603 ദിവസം നീണ്ടുനിന്ന വൈക്കം സത്യാഗ്രഹം അഖിലേന്ത്യാതലത്തിൽ ശ്രദ്ധപിടിച്ചു പററിയ ഒരു സംഭവമായിരുന്നു. അക്കാലത്തെ അധഃസ്ഥിതരുടെ സ്ഥിതി പുതിയ തലമുറയ്ക്ക് ഉൾക്കൊള്ളാനോ സങ്കല്പിക്കാനോ കഴിയുകയില്ല. കേരളത്തിൽ മാത്രമല്ല

www.malankaralibrary.com

ഭാരതത്തിലുടനീളം അവർണ്ണന്റെ നില അതായിരുന്നു. ജാതി അതിന്റെ എല്ലാ ക്രൂരതകളോടും കൂടി അഴിഞ്ഞാടിയ കാലമായിരുന്നു അത്. ഇവിടെ ശ്രീനാരായണഗുരുവും ഭാരതം ദർശിച്ച സാമൂഹ്യവിപ്ലവകാരികളിലെ മുൻനിരക്കാരനായ ശ്രീ. അയ്യൻകാളിയുമെല്ലാം നടത്തിയ ധീരമായ പോരാട്ടങ്ങളെ ആ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. പൊതുവഴിയെ നടക്കാൻ, മാറുമറയ്ക്കാൻ, കല്ലമാല മാററാൻ, അക്ഷരം പഠിക്കാൻ അധസ്ഥിതത്വം അവസാനിപ്പിക്കാൻ ഒക്കെയായിരുന്നു ആ പോരാട്ടങ്ങൾ. സംഘബലം സ്വരൂപിച്ചായിരുന്നു അവർ ആ പോര് സംഘടിപ്പിച്ചത്. രൂപത്തിലും ഭാവത്തിലും വിദ്യയിലും സ്വത്തിലും ശുചിത്വത്തിലും ജാതിഹിന്ദുക്കൾക്ക് സമന്മാരായിട്ടും എന്തേ ഈഴവർ അയിത്തക്കാരായി എന്ന് ഗാന്ധിജി സമ്മേളനത്തിൽ ഉറക്കെ ചോദിച്ചതും ഇവിടമാണ് ജാതിയുടെ ഭ്രാന്താലയം എന്ന് സ്വാമി വിവേകാനന്ദൻ കേരളത്തിൽനിന്ന് പ്രവചിച്ചതും അക്കാലത്തായിരുന്നു. ചാതുർവർണ്ണ്യത്തിന് പുറത്തുള്ളവരെല്ലാം ഇവിടെ വഞ്ചകരും അതുകൊണ്ടുതന്നെ ഹീനരും മ്ലേച്ഛരും ചണ്ഡാലന്മാരുമൊക്കെയായിരുന്നു. അവരെ തല്ലാനും കൊല്ലാനും വിൽക്കാനും വിലയ്ക്കുവാങ്ങാനും ജാതിശ്രേണിയിൽപ്പെട്ടവർക്ക് അവകാശമുണ്ടായിരുന്നു. അതാണ് ശ്രുതികളുടെയും സ്മൃതികളുടെയും കൽപ്പന. ഗാന്ധിജി പ്രചരിപ്പിക്കുവാൻ ശ്രമിച്ചതുപോലെ ജാതി ഇവിടെ വിലങ്ങനെയല്ല കുത്തനെയാണ് ഇന്നും നിലനിൽക്കുന്നത്."

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ടുവേണം വൈക്കം സത്യാഗ്രഹത്തെ വിലയിരുത്തുവാൻ. വഞ്ചനയാണെങ്കിലും അല്ലെങ്കിലും 603 ദിവസം നീണ്ടുനിന്ന വൈക്കം സത്യാഗ്രഹത്തിന് രൂപം കൊടുത്തത് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സായിരുന്നു. അയിത്തോച്ചാടനത്തിനായിട്ടുള്ള എല്ലാ പ്രവർത്തനങ്ങളും കോൺഗ്രസ് സംഘടനയ്ക്ക് ഗുണകരമായിത്തീരുകതന്നെ ചെയ്യുമെന്ന് അവർ കണക്കുകൂട്ടി. അയിത്തം മാററുക എന്ന മുദ്രാവാക്യത്തിന്റെ പുറകിലൂടെ കോൺഗ്രസിലേക്ക് ആളെ ചേർക്കാമെന്ന് അന്ന് കോൺഗ്രസ് പ്രവർത്തകർ ഒരുപക്ഷേ വിചാരിച്ചുകാണും. അതിൽ അവരെ കുററപ്പെടുത്തേണ്ട കാര്യമില്ല. എന്നാൽ വൈക്കം സത്യാഗ്രഹം തുടങ്ങിവച്ചതിനുശേഷം വൈക്കം സത്യാഗ്രഹത്തെ വർഗ്ഗീയവൽക്കരിക്കാൻ മഹാത്മജിയടക്കമുള്ളവർ പരിശ്രമിച്ചത് അങ്ങേയററം അപലപനീയമാണ്.

1923-ൽ കാക്കിനാടയിൽ മൗലാനാ മുഹമ്മദ് മൗലവിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ വാർഷിക സമ്മേളനം അയിത്തോച്ചാടന പ്രവർത്തനങ്ങൾ കോൺഗ്രസ്സ് ഏറെറടുത്തു നടത്തണമെന്ന് തീരുമാനിക്കുകയുണ്ടായി. ആ സമ്മേളന തീരുമാനത്തിന്റെ വെളിച്ചത്തിൽ കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മററി, അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ ഒരു കമ്മററിയെ തിരഞ്ഞെടുത്തു. ആ കമ്മററി കേരളവ്യാപകമായ പര്യടനം നടത്തി

www.malankaralibrary.com

സഞ്ചാരസ്വാതന്ത്ര്യം, ക്ഷേത്രപ്രവേശനം തുടങ്ങിയ കാര്യങ്ങളെപ്പററി പ്രചരണം നടത്തി. തുടർന്നായിരുന്നു സത്യാഗ്രഹം. 1924 മാർച്ച് 30-ാം തീയതി ആരംഭിച്ച സത്യാഗ്രഹസമരം 603 ദിവസം നീണ്ടുനിന്നു. 1100-ാമാണ്ട് മകരം 23-ാം തീയതി തിരുവിതാംകൂറിലെ പ്രജാസഭയിൽ ശ്രീ. എൻ. കുമാരൻ അവതരിപ്പിച്ച സഞ്ചാര സ്വാതന്ത്ര്യപ്രമേയത്തെ അനുകൂലിച്ച് ഫാ.വെട്ടിക്കാപ്പള്ളി, മിസ്ററർ പോൾ വി.ഡാനിയേൽ, മി.ജോൺ നിധീരി, ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ, കെ.സി. മാമ്മൻ മാപ്പിള തുടങ്ങിയവർ സംസാരിച്ചു. സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കണമെന്നിവർ അഭിപ്രായപ്പെട്ടപ്പോൾ മി. സുബ്ബയ്യൻ, മി.രാജരാജവർമ്മ, മി.എസ്.കൃഷ്ണയ്യർ തുടങ്ങിയവർ പ്രജാസഭയിൽ പ്രമേയത്തെ എതിർത്തു സംസാരിച്ചു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് ഒരു ജനാധിപത്യസംഘടനയായിരുന്നു. ആ സംഘടനയാണ് അയിത്തോച്ചാടന പ്രവർത്തനം കോൺഗ്രസ്സിന്റെ പ്രധാനപ്രവർത്തനമായി അംഗീകരിച്ചത്. അതനുസരിച്ചാണ് അയിത്തോച്ചാടനസമിതി രൂപീകരിച്ച് വ്യാപകമായ പ്രചരണം നടത്തിയത്. കോൺഗ്രസ്സിന്റെ അഖിലേന്ത്യാനേതാക്കന്മാർ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുക്കാൻ വൈക്കത്തെത്തിച്ചേരുകയും ചെയ്തു. ആനിബസന്റ് രൂപീകരിച്ച ഹോംറൂൾ പ്രസ്ഥാനത്തിലൂടെ ഒരു തീവ്രവാദിയായി പ്രവർത്തനം ആരംഭിച്ച ബാരിസ്റ്റർ ജോർജ്ജ് ജോസഫ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു ഘടകം കേരളത്തിൽ രൂപീകരിക്കുവാൻ മുൻ നിന്നു പ്രവർത്തിച്ചു. കോൺഗ്രസ്സിന്റെ സന്ദേശം ജനങ്ങളിലെത്തിക്കുവാൻ അയിത്തോച്ചാടന പ്രവർത്തനം സഹായകരമാകുമെന്ന് ജോർജ്ജ് ജോസഫ് മനസ്സിലാക്കി. വൈക്കം സത്യാഗ്രഹ സമരത്തിൽ പങ്കെടുത്ത് അദ്ദേഹം അറസ്ററു വരിച്ച് ജയിലിൽ പോയി. ഭജേതരം മാത്തുണ്ണി, കുരുവിള മാത്യു, പൂവത്തുംമൂട്ടിൽ സെബാസ്റ്റ്യൻ തുടങ്ങിയവരും സത്യാഗ്രഹമനുഷ്ഠിച്ച് അറസ്റ്റു വരിച്ചു. നിരവധി സവർണ്ണനേതാക്കളും സത്യാഗ്രഹസമരത്തിൽ അണിചേർന്നു.

ക്രൈസ്തവനേതാക്കളിൽ പലരും പ്രജാസഭയിൽ സഞ്ചാരസ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു. എം.എം. വർക്കിയെപ്പോലുള്ള സാമൂഹ്യ പരിഷ്കർത്താക്കൾ സഞ്ചാരസ്വാതന്ത്ര്യസമരത്തെ അനുകൂലിച്ചുകൊണ്ട് ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചു. സത്യാഗ്രഹസമരത്തിൽ ബാരിസ്റ്റർ ജോർജ് ജോസഫിനെപ്പോലുള്ള ക്രൈസ്തവ നേതാക്കളുടെ സാന്നിദ്ധ്യം മഹാത്മജിയിൽ അമർഷം ഉളവാക്കി. സത്യാഗ്രഹത്തിന്റെ ആരംഭം മുതൽ ഗാന്ധിജി സ്വീകരിച്ച നിലപാട് വിവാദപരമായിത്തീർന്നിരുന്നു. സത്യാഗ്രഹത്തിൽ പങ്കെടുത്ത ജോർജ് ജോസഫിനെ ശാസിച്ച് സമരത്തിൽ നിന്നും മാററി നിർത്തി ഹിന്ദുക്കളുടെയിടയിലെ ഒരു പ്രശ്നമാണിതെന്നും അതുകൊണ്ട് ഹിന്ദുക്കൾ മാത്രം ഈ സമരത്തിൽ പങ്കെടുത്താൽ മതിയെന്നുമായിരുന്നു ഗാന്ധിജിയുടെ നിലപാട്. സത്യാഗ്രഹത്തിൽ പങ്കെടുത്തവരെ

www.malankaralibrary.com

ക്കൊണ്ട് ഹിന്ദു സമുദായാംഗമാണെന്ന് പ്രതിജ്ഞ എടുപ്പിക്കണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അംഗീകാരത്തോടും തീരുമാനത്തോടും കൂടി നടത്തപ്പെട്ട ഈ പ്രക്ഷോഭണത്തിൽ എല്ലാ കോൺഗ്രസ്സുകാർക്കും പങ്കെടുക്കാൻ അവകാശമുണ്ടായിരുന്നു. അതിൽ നിന്നും ജാതിയുടെയും മതത്തിന്റെയും പേരിൽ ആരെയും പങ്കെടുപ്പിക്കാതിരിക്കുവാൻ സാധിക്കുമായിരുന്നില്ല. എന്നാൽ ഗാന്ധിജിയുടെ നിലപാട് വൈക്കം സത്യാഗ്രഹത്തെ വർഗീയവൽക്കരിക്കുകയാണ് ചെയ്തത്.

ഗാന്ധിജിയുടെ ശാസനയെത്തുടർന്ന് സത്യാഗ്രഹസമരത്തിൽ നിന്നു പിന്മാറിയ ജോർജ് ജോസഫ് സമരത്തിന്റെ പിൻപിൽ നിന്ന് എല്ലാ പ്രോത്സാഹനങ്ങളും നൽകി. ലക്ഷ്യത്തിലെത്തിക്കുവാൻ സ്വയം ശൂന്യനാകാൻ അദ്ദേഹം തയ്യാറായിരുന്നു. അദ്ദേഹത്തിന്റെ ശ്രമഫലമായി രാജഗോപാലാചാരി, ദീനബന്ധു സി.എഫ്. ആൻഡ്രൂസ്, ആചാര്യ വിനോബാഭാവെ തുടങ്ങിയവരെ വൈക്കത്ത് കൊണ്ടുവന്ന് ഈ പ്രശ്നം ഒരു അഖിലേന്ത്യാ പ്രശ്നമായി വളർത്തിയെടുക്കുകയും അഖിലേന്ത്യാ ശ്രദ്ധയാകർഷിക്കുന്നതിന് ഇട നൽകുകയും ചെയ്തു. പഞ്ചാബിൽ നിന്നും സർദാർ ലാബ്സിംഗിന്റെ നേതൃത്വത്തിൽ 15 സിക്കുകാരുടെ ഒരു പ്രതിനിധി സംഘത്തെ വൈക്കത്തെത്തിക്കുവാൻ വേണ്ട അണിയറ പ്രവർത്തനങ്ങൾ നടത്തിയത് ബാരിസ്റ്റർ ജോർജ് ജോസഫും സർദാർ കെ.എം. പണിക്കരും, ടി.കെ. മാധവനുമായിരുന്നു. ആവശ്യത്തിനു പണവുമായിട്ടാണ് അകാലിദൾ വൈക്കത്തുവന്നത്. പ്രതിദിനം ആയിരംപേർക്ക് ഭക്ഷണം കൊടുക്കാനുള്ള ഒരു ഭക്ഷണശാല അകാലിദൾ തുറന്നു.

തമിഴ്നാട്ടിലെ അന്നത്തെ കോൺഗ്രസ് നേതാവായിരുന്ന ഇ.വി. രാമസ്വാമി നായ്ക്കരെ വൈക്കത്ത് കൊണ്ടുവന്ന് സമരനേതൃത്വം ഏല്പിച്ചതിന്റെ പിൻപിലും തന്ത്രശാലിയായ ജോർജ് ജോസഫ് ആയിരുന്നു പ്രവർത്തിച്ചത്. കെ.പി. കേശവമേനോനെപ്പോലെയുള്ളവർ ഗാന്ധിജിയുടെ നിലപാടിനോട് വിയോജിപ്പുള്ളവരായിരുന്നുവെങ്കിലും അത് പ്രകടിപ്പിക്കുവാൻ സാധിച്ചില്ല. എന്നാൽ അടിപതറാതെ സമരത്തിന്റെ മുന്നണിയിൽ നിന്ന് ററി.കെ. മാധവനും, ഇ.വി. രാമസ്വാമി നായ്ക്കരും നേതൃത്വം നൽകി. ഇതിന്റെയെല്ലാം പിൻപിൽ ബാരിസ്റ്റർ തന്നെയാണ് പ്രവർത്തിച്ചിരുന്നത്.

അകാലിദളുടെയും തമിഴ്നാട് നേതാക്കളുടെയും ആര്യസമാജം പ്രവർത്തകരുടെയും സാന്നിദ്ധ്യം ഗാന്ധിജി ഇഷ്ടപ്പെട്ടിരുന്നില്ല. അവരെയെല്ലാം തിരിച്ചയയ്ക്കണമെന്ന നിലപാട് ആയിരുന്നു ഗാന്ധിജി സ്വീകരിച്ചത്. ആര്യസമാജം പ്രവർത്തകനായിരുന്ന ശ്രദ്ധാനന്ദസ്വാമികൾ ഗാന്ധിജിയെ സവർണ്ണതീവ്രവാദി നേതാവ് എന്ന് വിശേഷിപ്പിച്ചു. അകാലിദളുടെയും മററും സാന്നിദ്ധ്യം ഇവിടെയുണ്ടാകണമെന്നായിരുന്നു

www.malankaralibrary.com

സത്യാഗ്രഹികളുടെ ആഗ്രഹം. അകാലിദളേയും മററും ഇവിടെ നിറുത്തുന്നതിന് സമ്മതം വാങ്ങാൻ ടി.കെ. മാധവനും കുറൂർ നമ്പൂതിരിപ്പാടും കൂടി ബോംബെയിൽ ചെന്ന് ഗാന്ധിജിയെ സന്ദർശിച്ചു. ഗാന്ധിജി അതനുവദിച്ചില്ല. അങ്ങനെ കോൺഗ്രസ്സിന്റെ കാക്കനാട സമ്മേളന തീരുമാനം കോൺഗ്രസ്സുകാർക്ക് വിജയിപ്പിക്കുവാൻ സാധിച്ചില്ല. സത്യാഗ്രഹത്തിൽ നിന്നും മതത്തിന്റെ പേരിൽ മനുഷ്യസ്നേഹികളായ ഒട്ടേറെപ്പേരെ മാററി നിറുത്തിയത് ഒരിക്കലും അംഗീകരിക്കാവുന്നതല്ല. വൈക്കത്തുനിന്നും തിരികെപ്പോയ ഇ.വി. രാമസ്വാമി നായ്ക്കർ കോൺഗ്രസിന്റെ പ്രാഥമികാംഗത്വം പോലും രാജിവച്ചു. അകാലിദൾ കോൺഗ്രസിൽ നിന്നും അകലുവാനും ഇത് ഇടയാക്കി.

കോൺഗ്രസ്സിനുള്ളിൽ വളർന്നുവന്ന ജാതിമനോഭാവങ്ങൾ കണ്ട് മനംമടുത്ത് ബാരിസ്റ്റർ ജോർജ്ജ് ജോസഫ് കോൺഗ്രസിൽ നിന്നും രാജിവച്ചു. താൻ സർവ്വാധിപതിയായാൽ വിദേശമിഷനറിമാരെ ഇന്ത്യയിൽ നിന്ന് തുരത്തും എന്നർത്ഥം വരത്തക്കവിധം ഗാന്ധിജി പ്രഖ്യാപിച്ചത് ഇക്കാലത്തായിരുന്നു. ഗാന്ധിജിയുടെ ഈ അഭിപ്രായത്തെ ഖണ്ഡിച്ചു കൊണ്ട് ജോർജ് ജോസഫ് ലേഖനമെഴുതി. ഗാന്ധിജിക്ക് ഹിന്ദുക്കളുടെ രക്ഷയാണ് സർവ്വപ്രധാനതാല്പര്യമെന്ന് അദ്ദേഹം സമർത്ഥിച്ചു. ഗാന്ധിജി വൈക്കം സത്യാഗ്രഹത്തിൽ നിന്നും പിന്തിരിപ്പിച്ചിട്ടും അതിന്റെ പിൻപിൽ നിന്ന് ശക്തി പകർന്നുകൊടുത്ത ബാരിസ്റ്റർ ജോർജ് ജോസഫിന്റെ സേവനങ്ങൾ ശരിക്കും വിലയിരുത്തപ്പെട്ടിട്ടില്ല. ചിറേറഴത്ത് ശങ്കുപ്പിള്ള നിയമം ലംഘിച്ച് സത്യാഗ്രഹം അനുഷ്ഠിച്ചപ്പോൾ അദ്ദേഹത്തെ അറസ്റ്റു ചെയ്ത് ജയിലിലേക്ക് കൊണ്ടുപോകുന്ന അവസരത്തിൽ യാത്രയാക്കാൻ കൂടിയ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചത് മിസ്സസ്സ് ബാരിസ്റ്റർ ജോർജ് ജോസഫായിരുന്നു. അന്നു ആ മഹതി നടത്തിയ പ്രസംഗം വൈക്കം സത്യാഗ്രഹസമരത്തിലെ ജ്വലിക്കുന്ന അദ്ധ്യായമാണ്.

വൈക്കം സത്യാഗ്രഹത്തിന്റെ പ്ലാററിനം ജൂബിലി വർഷമായിരുന്നു 1999. മുൻപൊരിക്കലും ഉണ്ടാകാത്ത വിധത്തിലാണ് ഇത്തവണ ജൂബിലിയാഘോഷിച്ചത്. എല്ലാ സമുദായ രാഷ്ട്രീയ സംഘടനകളും പ്രത്യേകം പ്രത്യേകം ജൂബിലി ആഘോഷിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ സകലജനവിഭാഗങ്ങളുംകൂടി സംയുക്തമായി ആഘോഷിക്കുകയായിരുന്നല്ലോ വേണ്ടിയിരുന്നത്. അത് സാധിച്ചില്ല. തന്മൂലം ചരിത്രം ഓരോ വിഭാഗത്തിന്റേതുമായി മാററി എഴുതി.

വൈക്കം സത്യാഗ്രഹത്തെപ്പററി നിഷ്പക്ഷമായി പഠിക്കുന്നവർ, ഗാന്ധജിയുടെ ഇടപെടലും സവർണ്ണരുടെ ജാഥയുമെല്ലാം ഒരു പ്രഹസന മാണെന്ന് സമ്മതിക്കും അത് ഈഴവസമൂഹം ഒന്നാകെ പറഞ്ഞാലും വെള്ളാപ്പള്ളി എൻ.എസ്സ്.എസ്സ്. പറയുന്നത് മാത്രമേ കേൾക്കുകയുള്ളു.

www.malankaralibrary.com

# 9

# ഗുരുവായൂർ സത്യാഗ്രഹം

കാക്കനാഡായിൽ ചേർന്ന കോൺഗ്രസ്സ് സമ്മേളന തീരുമാനത്തിന്റെയടിസ്ഥാനത്തിലാണല്ലോ വൈക്കം സത്യാഗ്രഹം നടന്നത്. കോൺഗ്രസ്സ് തീരുമാനമനുസരിച്ച് വൈക്കം സത്യാഗ്രഹത്തെ വിജയിപ്പിക്കുവാനുള്ള കടമ കോൺഗ്രസ്സുകാർക്കുണ്ടായിരുന്നു. എന്നാൽ ആ സമരത്തിൽ ഹിന്ദുക്കൾ മാത്രമേ പങ്കെടുക്കാവൂ എന്ന് ഗാന്ധിജി നിർദ്ദേശിച്ചു. അങ്ങനെ ആ മഹാസമരത്തെ ഗാന്ധിജി വർഗ്ഗീയവൽക്കരിച്ചു.

1931 മേയ് മാസത്തിൽ കോൺഗ്രസ്സ് സമ്മേളനം നടന്നത് വടകരയിലായിരുന്നു. അഖില ഭാരത ചർക്കാ സംഘത്തിന്റെ ഒരു ശാഖ കേരളത്തിൽ തുടങ്ങുവാൻ തീരുമാനിച്ചതും ക്ഷേത്രപ്രവേശനത്തിനുള്ള ശ്രമം വേണമെന്ന് തീരുമാനിച്ചതും വടകര സമ്മേളനമാണ്. വടകര സമ്മേളനത്തിൽ ഇതു സംബന്ധിച്ച് പ്രമേയം അവതരിപ്പിച്ചത് കേളപ്പനായിരുന്നു. ഹിന്ദു സമുദായത്തിലെ ഒരു വലിയ വിഭാഗത്തിന് ക്ഷേത്രങ്ങളിൽ കടക്കുവാൻ പാടില്ല. ഇതിന് കോൺഗ്രസുകാരും അപരാധികളാണ് എന്നു പറഞ്ഞുകൊണ്ടാണ് കേളപ്പൻ ഈ പ്രമേയം അവതരിപ്പിച്ചത്. ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹം ആരംഭിക്കുവാൻ തീരുമാനിക്കുകയും അതോടനുബന്ധിച്ച് ഒരു പൊതുയോഗം നടത്താൻ തീരുമാനിക്കുകയും ചെയ്തു. പൊതുയോഗത്തിൽ പങ്കെടുക്കുവാൻ പോയ നേതാക്കളെയും അനുയായികളെയും പോലീസ് തടഞ്ഞു പോലീസുദ്യോഗസ്ഥർ കേളപ്പന്റെ കൂടെയുള്ളവരുടെ ജാതി ഏതാണെന്ന് കേളപ്പനോടു ചോദിച്ചു. ജാതി നിശ്ചയമില്ലന്നായിരുന്നു കേളപ്പന്റെ മറുപടി.

ബോംബെയിൽ ചേർന്ന കോൺഗ്രസ്സ് പ്രവർത്തന കമ്മററി യോഗത്തിൽ കേളപ്പൻ ഇക്കാര്യം വിശദീകരിച്ചു. ഗുരുവായൂർ സത്യാഗ്രഹം നടത്താൻ ഗാന്ധിജിയുടെയും പ്രവർത്തകകമ്മററിയുടെയും അനുമതിയും വാങ്ങിയാണ് കേളപ്പൻ കേരളത്തിലേക്ക് പുറപ്പെട്ടത്.

കേരളത്തിലെ കോൺഗ്രസ്സുകാരിൽ ബഹുഭൂരിപക്ഷവും ക്ഷേത്രപ്രവേശനത്തിനെതിരായിരുന്നു. കേളപ്പൻ, എ.കെ. ഗോപാലൻ, മൊയാരുത്തു ശങ്കരൻ തുടങ്ങിയവർ നാടാകെ നടന്ന് ക്ഷേത്ര പ്രവേശനത്തിനനുകൂലമായി പ്രചരണം നടത്തി. യാഥാസ്ഥിതകരും ഇളകിവശായി. ക്ഷേത്രപ്രവേശനത്തിനെതിരായി അവർ വലിയ ഒരു യോഗവും സംഘടിപ്പിച്ചു. സത്യാഗ്രഹത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടന്നു. 500 സ്വയം സേവകന്മാരായിരുന്നു ആദ്യത്തെ ലക്ഷ്യം. സർദാർ വല്ലഭായി

www.malankaralibrary.com

പട്ടേലും കസ്തൂർബാ ഗാന്ധിയും കേളപ്പന്റെ ശ്രമങ്ങളെ അനുമോദിച്ചുകൊണ്ട് കത്തയച്ചു.

വടക്കേമലബാറിൽ നിന്ന് എ.കെ. ഗോപാലൻ ടി.സുബ്രഹ്മണ്യം തിരുമുമ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരു പ്രചരണജാഥ ഒക്ടോബർ 2-ന് ആരംഭിച്ചു. കേളപ്പൻ ഉത്ഘാടനം ചെയ്ത ജാഥയ്ക്ക് നാടാകെ ഗംഭീര സ്വീകരണം ലഭിച്ചു. ക്ഷേത്രത്തിലേക്കു നീങ്ങിയ സമരഭടന്മാരെയും അയിത്തക്കാരെയും ക്ഷേത്രാധികാരികൾ തടഞ്ഞു. ഇരുവിഭാഗങ്ങളും പൊതുയോഗം നടത്തി. ഗുരുവായൂർ സത്യാഗ്രഹം അഖിലേന്ത്യാതലത്തിൽ പ്രശസ്തിനേടി. ഡിസംബർ 26-ന് എ.കെ. ഗോപാലനെ യാഥാസ്ഥിതികർ മർദ്ദിച്ചു. സത്യാഗ്രഹികൾ ഈ മർദ്ദനമുറകൾ ക്ഷമയോടെ സഹിച്ചു. ക്ഷേത്രപരിസരത്ത് തടഞ്ഞുകെട്ടിയ വേലി ആരോ ചിലർ പൊളിച്ചത് കൂടുതൽ സംഘർഷത്തിനിട നൽകി. ക്ഷേത്രം ഉടമകൾ ക്ഷേത്രം അടച്ചിട്ടു. കേളപ്പൻജി ജന്മശതാബ്ദി ഉപഹാരമായി കെ.ഭീമൻനായർ രചിച്ച കുട്ടികളുടെ കേളപ്പൻ എന്ന ഗ്രന്ഥത്തിൽ (പേജ് 39) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ കാലത്താണ് ഗാന്ധിജി വട്ടമേശസമ്മേളനം കഴിഞ്ഞ് മടങ്ങി വന്നതും തുടർന്ന് അറസ്റ്റിലായതും. തന്മൂലം സഹനസമരപരിപാടിക്ക് ശക്തി കൂടി. ആയിരക്കണക്കിനാളുകൾ ജയിലിലായി. ഗുരുവായൂർ സത്യാഗ്രഹം തുടരട്ടെയെന്നും അതിൽ പങ്കെടുക്കുന്നവർ സഹനസമരത്തിൽ പങ്കുകൊള്ളേണ്ടതില്ലെന്നുമായിരുന്നു ഗാന്ധിജി നിർദ്ദേശിച്ചത്. കോൺഗ്രസ്സിന്റെ ബാദ്ധ്യതയിൽ നിന്നും ക്ഷേത്ര സത്യാഗ്രഹത്തെ ഒഴിവാക്കുകയും അതിനായി കേളപ്പന്റെ നേതൃത്വത്തിൽ ഒരു കമ്മററിയുണ്ടാക്കുകയും ചെയ്തു."

ഗാന്ധിജിയുടെ ചുവടുമാററമാണ് ഇവിടെ കാണുന്നത്. കോൺഗ്രസ്സിന്റെ വടകര സമ്മേളനത്തിൽ നിന്നും തലയൂരാനുള്ള നീക്കമാണ് ഗാന്ധിജി നടത്തിയത്. ജനുവരി 28-ന് ക്ഷേത്രം വീണ്ടും തുറന്നു. അതോടെ നാലു നടയിലേയ്ക്കും സത്യാഗ്രഹം വ്യാപിപ്പിച്ചു. ക്ഷേത്രത്തിൽ നിന്ന് 50 വാര അകലംവരെ കടക്കരുതെന്ന് തദ്ദേശമജിസ്ട്രേട്ടിന്റെ വക ഒരു നിരോധനാജ്ഞ ക്ഷേത്രഉടമകൾ സമ്പാദിച്ചു.

ബ്രിട്ടീഷ് ഭരണാധികാരികൾ അവർണ്ണഹിന്ദുക്കൾക്ക് പ്രത്യേകമായ നിയോജകമണ്ഡലങ്ങൾ നൽകുന്നതിനുള്ള നിയമം കൊണ്ടുവന്നു. ഇതിനെതിരെ ഗാന്ധിജി ഉപവാസം നിശ്ചയിച്ചു. 1932 സെപ്ററംബർ 21-ന് ഉപവാസം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചു. നാട്ടിലുടനീളം വലിയ കോളിളക്കം ഉണ്ടായി. അവർണ്ണർക്ക് ലഭിച്ച ഈ നേട്ടത്തെ എന്തിന് ഗാന്ധിജി എതിർത്തു? അവർണ്ണരെ സമൂഹധാരയിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്ന ഗാന്ധിജി ഈ പ്രത്യേക നിയോജക

www.malankaralibrary.com

മണ്ഡലത്തെ സ്വാഗതം ചെയ്യുകയായിരുന്നു ചെയ്യേണ്ടത്. അവർണ്ണരെ സമൂഹധാരയിലേക്കു കൊണ്ടുവരണമെന്ന് പ്രഖ്യാപിക്കുന്ന ഗാന്ധിജി പ്രത്യേകനിയോജകമണ്ഡലത്തെ സ്വാഗതം ചെയ്യുകയും പടിപടിയായി അവർണ്ണരുടെ വളർച്ചയ്ക്ക് പ്രവർത്തിക്കുകയും ചെയ്യുകയായിരുന്നു വേണ്ടിയിരുന്നത്.

ഗാന്ധിജി ഉപവാസമനുഷ്ഠിക്കുന്ന ആ സമയത്തുതന്നെ ക്ഷേത്ര ഉടമകളുടെ മനസ്സുമാററുന്നതിന് ഒരു ഉപവാസം സംഘടിപ്പിക്കുവാൻ കേളപ്പന്റെ നേതൃത്വത്തിലുള്ള സത്യാഗ്രഹകമ്മററിയും നിശ്ചയിച്ചു. ഇതോടനുബന്ധിച്ച് കേളപ്പൻ പുറപ്പെടുവിച്ച പ്രസ്താവനയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ഗുരുവായൂർ സത്യാഗ്രഹം ആരംഭിച്ച് 10 മാസമായെങ്കിലും ലക്ഷ്യം സഫലമാകുന്ന ആ സുദിനം വിദൂരമായിത്തന്നെയിരിക്കുന്നു. ഈ അവസരത്തിൽ അതു സാധിക്കാത്തപക്ഷം അടുത്ത് സാധിക്കുന്ന കാര്യം പ്രയാസമാണ്. ഞാൻ ചെയ്യുന്നത് എന്റെ കർത്തവ്യമാണെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുള്ളതുകൊണ്ടും എന്റെ ഈ അപരാധം ക്ഷമിക്കണമെന്ന് പ്രാർത്ഥിച്ചുകൊണ്ടും ഞാൻ നിരാഹാര വ്രതം ആരംഭിക്കുന്നു." കേളപ്പൻജി ജന്മശതാബ്ദി ഉപഹാരത്തിൽ (പുറം 40) ഇപ്രകാരം എഴുതിയിരിക്കുന്നു. "ഉപവാസത്തിന്റെ തലേനാൾ കൂടിയ ഒരു യോഗത്തിൽവെച്ച് അദ്ദേഹം ഇത്രയും കൂടിപ്പറഞ്ഞു." "അധഃകൃതർക്കുവേണ്ടി മരിക്കുവാൻ കഴിയുമെങ്കിൽ എന്റെ ജീവിത സാഫല്യം വന്നു എന്ന് ഞാൻ സമാധാനിക്കും." ശ്രോതാക്കൾ കണ്ണീരൊഴുക്കിക്കൊണ്ടാണ് ആ പ്രസംഗം കേട്ടത്. സെപ്ററംബർ 21-ന് കാലത്ത് ക്ഷേത്രനടയിലേക്ക് ഉപവാസത്തിന് നടന്നു നീങ്ങുന്ന ആ ത്യാഗിവര്യനെ ദുഃഖാർത്തരായ ആയിരങ്ങൾ നോക്കിനിന്നു. കെട്ടിയിരുന്ന പന്തൽ നീക്കം ചെയ്തു. മഴയും മഞ്ഞും വെയിലും ഏററു കൊണ്ടു നടത്തിയ ആ തപസ്സിനെ എങ്ങനെ വിവരിക്കാനാണ്. പത്തു ദിവസം ഇങ്ങനെ കഴിഞ്ഞിട്ടും വേണ്ടപ്പെട്ടവർ അനങ്ങിയില്ല. ആ ജീവൻ അപായമേഖലയിലേക്കു കടന്നതോടെ സർവ്വത്ര യോഗങ്ങളും പ്രമേയങ്ങളും അപേക്ഷകളും ഉണ്ടായി. സാമൂതിരിക്ക് കമ്പികളുടെയും കത്തുകളുടെയും പ്രവാഹം. ഒരു കൃഷ്ണഭട്ട് സാമൂതിരി കോവിലകത്തിനടുത്തും ഉപവാസം ആരംഭിച്ചു.

ക്ഷേത്രപ്രവേശനത്തിന് അനുകൂലമായ ഒരു വലിയ സമ്മേളനം പ്രസിദ്ധനായ മധുസൂദനൻ തങ്ങളുടെ അദ്ധ്യക്ഷതയിൽ ഗുരുവായൂർ വച്ചു തന്നെ കൂടി. പലരും പ്രസംഗിച്ചു. ക്ഷേത്രത്തിനകത്തുതന്നെ സവർണ്ണ ഹിന്ദുക്കളുടെ ഒരു നിരാഹാരസത്യാഗ്രഹത്തിന് പരിപാടിയുണ്ടായി. ആദ്യത്തെ ദിവസം 25 പേർ. പിന്നെ എണ്ണം വർദ്ധിച്ചു. തന്മൂലം ക്ഷേത്രത്തിനകത്തും അസ്വസ്ഥത വർദ്ധിച്ചു.

www.malankaralibrary.com

കോൺഗ്രസ്സ് തീരുമാനമനുസരിച്ച് വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത കോൺഗ്രസ്സുകാരെ ഹിന്ദുക്കളല്ലെന്ന കാരണത്താൽ സമരത്തിൽ പങ്കെടുപ്പിക്കാതിരുന്ന ഗാന്ധിജി പെട്ടെന്ന് ഒരു അടവെടുത്തു. ഗാന്ധിജിയുടെ ചുവടുമാററമായിരുന്നു അത്. ഉപവാസം നിർത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗാന്ധിജിയുടെ കമ്പിസന്ദേശം വന്നു. നിർത്തിവയ്ക്കണമെന്ന് നിർദ്ദേശിക്കാൻ പറഞ്ഞ കാര്യങ്ങൾ രണ്ടാണ്. ഒന്ന് ഉപവാസം ആരംഭിക്കുന്നതിന് മുൻപ് ഗാന്ധിജിയോടാലോചിച്ചില്ല. രണ്ട് ക്ഷേത്രാധികാരികൾക്ക് മുന്നറിയിപ്പ് നൽകിയില്ല. ചുവടുമാറിചവിട്ടാൻ ഗാന്ധിജി കണ്ടുപിടിച്ച ന്യായങ്ങളായിരുന്നു ഇത്.

കോൺഗ്രസ്സിന്റെ ബാദ്ധ്യതയിൽ നിന്ന് ക്ഷേത്രസത്യാഗ്രഹത്തെ തന്ത്രപൂർവ്വം നേരത്തെ ഒഴിവാക്കിയ ഗാന്ധിജി, കേളപ്പന്റെ നേതൃത്വത്തിലുള്ള ഉപവാസസമരത്തെയും അങ്ങനെ തന്ത്രപൂർവ്വം ഒഴിവാക്കി. മൂന്നുമാസത്തിനകം ക്ഷേത്രം അധഃകൃതർക്കായി തുറന്നില്ലങ്കിൽ തന്റെ അനുമതിയോടെ ഉപവാസം ആരംഭിക്കുമെന്ന് ഉടമസ്ഥരെ അറിയിക്കുവാൻ ഗാന്ധിജി ഉപദേശിക്കുകയും ചെയ്തു. അങ്ങനെ ഒക്ടോബർ 2–ാം തീയതി ഉപവാസം അവസാനിപ്പിച്ചു. മൂന്നുമാസത്തിനകം തന്റെ അനുമതിയോടെ ഉപവാസം ആരംഭിക്കുമെന്ന് അറിയിച്ച ഗാന്ധിജി മൂന്നല്ല, മുപ്പതുമാസം കഴിഞ്ഞിട്ടും ഗുരുവായൂർ സത്യാഗ്രഹത്തെപ്പററി ഒരക്ഷരംപോലും ഉരിയാടിയില്ല. ഡോ.എം.എസ്സ്. ജയപ്രകാശ് മാധ്യമം പത്രത്തിലെഴുതിയ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. “തെണ്ടൻ നായരും മണ്ടൻ ചോവോനും എന്ന് പണ്ടാരോ പറഞ്ഞത് എത്രയോ ശരിയായിരിക്കുന്നു. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ കാര്യവും തഥൈവ. ദേശീയ സമരം നയിക്കുന്നത് സവർണരാണെന്നും ഗുരുവായുർ സത്യാഗ്രഹം സവർണ്ണർക്കെതിരാണെന്നും പിൻവലിക്കണമെന്നും സാക്ഷാൽമഹാത്മാഗാന്ധി തന്നെ കേളപ്പനെ അറിയിക്കുകയാണുണ്ടായത്. അതോടെ സമരം അവസാനിച്ചു.”

വെള്ളാപ്പള്ളി നടേശൻ ഗുരുവായൂർ സത്യാഗ്രഹത്തിലും വൈക്കം സത്യാഗ്രഹത്തിലും നായരീഴവ ഐക്യം ഉണ്ടായിരുന്നുവെന്ന് പരിസരം മറന്നാണ് സംസാരിക്കുന്നത്. 1946–ൽ മദ്രാസ് നിയമസഭ പാസ്സാക്കിയ നിയമത്തെത്തുടർന്നാണ് ഗുരുവായൂർ ക്ഷേത്രം അവർണ്ണർക്ക് തുറന്നുകൊടുത്തത്. 1931–ൽ ആരംഭിച്ച സമരം 1946വരെ നീട്ടിക്കൊണ്ടു പോകുവാൻ നായർ സഹകരണം സഹായിച്ചുവെന്ന് ചുരുക്കം.

വെള്ളാപ്പള്ളി നടേശൻ ഭാവന ചെയ്യുന്ന നായരീഴവ ഐക്യത്തിന്റെ പരിസമാപ്തിയും ഇതുപോലെ തന്നെയാകും സംശയമില്ല.

www.malankaralibrary.com

## 10

# നിവർത്തനപ്രക്ഷോഭണം

പൗരാവകാശങ്ങൾ നേടിയെടുക്കുന്നതിനും അവശതകൾ പരിഹരിക്കുന്നതിനും പുറമേനിന്നുള്ള പ്രക്ഷോഭണത്തോടൊപ്പം പ്രതിനിധി സഭകളിൽ കയറിപ്പററി അവിടെ നിന്നുകൂടി വാദിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന ചിന്ത ജനങ്ങളിൽ രൂപമെടുത്തു. അന്നത്തെ വോട്ടവകാശസമ്പ്രദായവും നിയോജകമണ്ഡല വിഭജനവും കത്തോലിക്കർക്കും ഈഴവർക്കും മുസ്ലീം ങ്ങൾക്കും മററ് അവർണഹിന്ദുക്കൾക്കും അർഹമായ പ്രാതിനിദ്ധ്യം ലഭിക്കത്തക്ക തരത്തിലല്ലായിരുന്നു. പോരെങ്കിൽ തിരഞ്ഞെടുപ്പ് കാലത്ത് തിരുവിതാംകൂറിൽ വർഗീയത കൊടികുത്തിവാഴുകയും ചെയ്തിരുന്നു. അതിനാൽ നിയമസഭകളിൽ കടന്നു കൂടുവാൻ സാധിച്ചവർ ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യത്തിനു വേണ്ടി ഉഗ്രസമരം നടത്തിയിരുന്നു. ഇതിന് നേതൃത്വം നൽകിയ ഷെവ.ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മൻ ഇതര സമുദായങ്ങളുടെ മാത്രമല്ല സ്വന്തസമുദായത്തിൽപ്പെട്ടവരുടെപോലും പരിഹാസത്തിന് വിധേയമായിരുന്നു. ജനപ്രതിനിധിസഭകളിലും സർക്കാർ സർവ്വീസിലും ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം ലഭിക്കുന്നതിനു വേണ്ടി നടത്തിയ സമരത്തെപ്പററി നാം അറിഞ്ഞിരിക്കണം. അതേ സമയം തിരുവിതാംകൂറിലെ നിയമസഭകളുടെ ചരിത്രവും മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ ചരിത്രത്തിലാദ്യമായി ഒരു നിയമ നിർമ്മാണ സഭ ആരംഭിച്ചത് തിരുവിതാംകൂറിലാണ്. 1888–ൽ ആരംഭിച്ച നിയമനിർമ്മാണ സഭ ലജിസ്ലേററീവ് കൗൺസിൽ എന്ന പേരിലാണ് അറിയപ്പെട്ടത്. അഖിലേന്ത്യാതലത്തിൽ തിരുവിതാംകൂറിന് പ്രശസ്തിനേടിക്കൊടുത്ത നിയമനിർമ്മാണ സഭയുടെ രൂപീകരണം പൗരാവകാശലബ്ധിക്കുവേണ്ടിയുള്ള പ്രക്ഷോഭണം നടത്തുവാൻ തിരുവിതാംകൂർ ജനതയ്ക്ക് പ്രചോദനം നൽകി. അഞ്ചു ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും മൂന്ന് അനുദ്യോഗസ്ഥാംഗങ്ങളും ഉൾപ്പെടെ 8 പേരായിരുന്നു സഭയിലെ അംഗങ്ങൾ. തിരഞ്ഞെടുപ്പ് തത്വം അംഗീകരിച്ചിരുന്നുമില്ല. കൂടുതൽ അധികാരത്തിനു വേണ്ടിയുള്ള ജനങ്ങളുടെ മുറവിളി ഉയർന്നുകൊണ്ടിരുന്നു. തൽഫലമായി 1898–ൽ നിയമനിർമ്മാണസഭ പരിഷ്കരിച്ചു. 22 വർഷക്കാലം പരിഷ്കരണത്തിന് വിധേയമാകാതെ ആ നിയമനിർമ്മാണ സഭ നിലകൊണ്ടു. ഇതേസമയം 1904–ൽ 100 അംഗങ്ങളുള്ള ശ്രീമൂലം പ്രജാസഭ രൂപവത്കരിക്കുകയും പ്രജാസഭയിലെ 77 അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. തെരഞ്ഞെടുപ്പ് തത്വം അംഗീകരിച്ചത്

www.malankaralibrary.com

ജനാധിപത്യത്തിലേക്കുള്ള വലിയൊരു കാൽവയ്പായിട്ടാണ് ഇന്ത്യ മുഴുവൻ ദർശിച്ചത്. നിവേദന സമർപ്പണത്തിനുള്ള അവകാശമല്ലാതെ മററ് യാതൊരു അവകാശവും സഭയിലെ അംഗങ്ങൾക്ക് ഉണ്ടായിരുന്നില്ല. അധികം താമസിയാതെ ശ്രീമൂലം പ്രജാസഭ നിർത്തിക്കളഞ്ഞു. ലജിസ്ലേററീവ് കൗൺസിലിന് കൂടുതൽ അധികാരം വേണമെന്നുള്ള മുറവിളി ഉയർന്നുകൊണ്ടിരുന്നു. തന്മൂലം 1920–ൽ നിയമനിർമ്മാണസഭ വീണ്ടും പരിഷ്ക്കരിച്ചു. ഗവൺമെന്റിന്റെ ബഡ്ജററിനെപ്പററി ചർച്ച ചെയ്യാനും നിയമസഭയിൽ ചോദ്യങ്ങൾ ചോദിക്കാനുമുള്ള അവകാശം അംഗങ്ങൾക്കു ലഭിച്ചു. കൂടുതൽ അധികാരങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണം വീണ്ടും തുടർന്നു. തൽഫലമായി തിരഞ്ഞെടുപ്പുവഴി അനുദ്യോഗസ്ഥ ഭൂരിപക്ഷമുള്ള ഒരു നിയമസഭ 1921–ലെ ഭരണപരിഷ്കാരത്തോടുകൂടി നിലവിൽ വന്നു. 1932–വരെ ആ പരിഷ്ക്കാരം നിലനിന്നു. അതിനിടെ നാലു തിരഞ്ഞെടുപ്പുകൾ നടന്നു. കരംതീരുവയുടെ അടിസ്ഥാനത്തിലായിരുന്നു വോട്ടവകാശം. നിയമസഭാപ്രാതിനിദ്ധ്യം പൗരന്മാരിൽ രണ്ടരശതമാനത്തിനു മാത്രമേ ലഭിക്കുകയുള്ളുവെന്ന വസ്തുത ഈ തിരഞ്ഞെടുപ്പുകളിൽ നിന്നും വ്യക്തമായി. അന്നത്തെ സമ്മതിദാനയോഗ്യതയും നിയോജകമണ്ഡല വിഭജനവും പൊതുവെ വളരെ തുച്ഛമായ ഒരു വിഭാഗത്തിനുമാത്രം പൗരാവകാശം ലഭിക്കത്തക്കതായിരുന്നുവെന്നതിനും പുറമേ ആ ചെറിയവിഭാഗം തന്നെ സാമുദായികമായി സവർണ്ണ ഹിന്ദുക്കളിൽ മാത്രം ഉൾപ്പെടുന്നവരുമായിരുന്നുവെന്ന് അനുഭവപ്പെട്ടു. 1922–ലെ തിരഞ്ഞെടുപ്പിൽ 8.68 ലക്ഷം ജനസംഖ്യ ഉണ്ടായിരുന്ന നായന്മാർക്ക് 12 സീററ് ലഭിച്ചപ്പോൾ നായന്മാരേക്കാൾ കൂടുതൽ ജനസംഖ്യ ഉണ്ടായിരുന്ന ഈഴവർക്ക് (8.69 ലക്ഷം) ഒരാളിനെ പോലും നിയമസഭയിലേക്ക് അയയ്ക്കാൻ സാധിച്ചില്ല. നായന്മാരുടെ ഇരട്ടിജനസംഖ്യ ഉണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് (16.04 ലക്ഷം) 7 പേരെ മാത്രമേ നിയമസഭയിലേക്ക് അയയ്ക്കാൻ സാധിച്ചുള്ളു. 3.53 ലക്ഷം ജനസംഖ്യയുള്ള മുസ്ലീംങ്ങൾക്കും 9.17 ലക്ഷം ജനസംഖ്യയുള്ള അവർണ്ണ ഹിന്ദുക്കൾക്കും ഒരാളിനെപ്പോലും നിയമസഭയിലേക്ക് തിരഞ്ഞെടുത്തയയ്ക്കുവാൻ സാധിച്ചില്ല. അതേസമയം 4.79 ലക്ഷം മാത്രം ജനസംഖ്യയുള്ള സവർണ്ണഹിന്ദുക്കൾക്ക് 4 പേരെ നിയമസഭയിലേക്കയയ്ക്കുവാൻ സാധിച്ചു.

1925–1928, 1931 എന്നീ വർഷങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ നായന്മാർക്ക് യഥാക്രമം 13,14,15 പ്രതിനിധികളെ തിരഞ്ഞെടുത്തയയ്ക്കുവാൻ സാധിച്ചു. അവരേക്കാൾ ജനസംഖ്യയുള്ള ഈഴവർക്കും ഈ മൂന്നു തിരഞ്ഞെടുപ്പുകളിലും ഒരാളെപ്പോലും നിയമസഭയിലേയ്ക്കയക്കുവാൻ സാധിച്ചില്ല. മുസ്ലീങ്ങൾക്ക് 1928–ൽ മാത്രം ഒരാളെ നിയമസഭയിലേക്ക് അയയ്ക്കാൻ സാധിച്ചു. അവർണ്ണഹിന്ദുക്കൾക്കാകട്ടെ 1931–ലെ തിരഞ്ഞെടുപ്പിൽ മാത്രം ഒരാളെ നിയമസഭയിലേക്ക് തിരഞ്ഞെടുത്തയയ്ക്കാൻ

www.malankaralibrary.com

സാധിച്ചു. ജനസംഖ്യയിൽ വളരെ കുറവുള്ള സവർണ്ണ ഹിന്ദുക്കൾക്ക് യഥാക്രമം 3, 2, 3 പേരെ തിരഞ്ഞെടുക്കാൻ സാധിച്ചു. അന്നത്തെ നിയോജക മണ്ഡലവിഭജനവും വോട്ടവകാശരീതിയും നായന്മാർക്കും സവർണ്ണ ഹിന്ദുക്കൾക്കും മാത്രം പ്രവേശനം ലഭിക്കുന്ന രീതിയിലായിരുന്നു.

ഈ കാലഘട്ടത്തിൽ സർക്കാർ സർവ്വീസിലും പ്രാതിനിധ്യം താഴെ പറയുന്ന വിധമായിരുന്നു. 16.04 ലക്ഷം ജനസംഖ്യയുള്ള ക്രിസ്ത്യാനികളിൽ നിന്നും 4042 ഉദ്യോഗസ്ഥന്മാർ സർവ്വീസിൽ ഉണ്ടായിരുന്നപ്പോൾ 8.68 ലക്ഷമുള്ള നായന്മാരിൽ നിന്ന് 13435 പേർ സർക്കാർ സർവ്വീസിൽ ഉണ്ടായിരുന്നു. 4.79 ലക്ഷം ജനസംഖ്യയുള്ള സവർണ്ണഹിന്ദുക്കളിൽ നിന്നും 5257 പേരും 8.69 ലക്ഷം ജനസംഖ്യയുള്ള ഈഴവരിൽ നിന്നും 913 പേരും 3.53 ലക്ഷമുള്ള മുസ്ലീംങ്ങളിൽ നിന്നും വെറും 613 പേരും 9.17 ലക്ഷം ജനസംഖ്യയുണ്ടായിരുന്ന അധഃകൃതരിൽ നിന്നും 422 പേരും .03 ലക്ഷമുള്ള മററു ജാതിക്കാരിൽ നിന്നും വെറും 83 പേരും മാത്രമാണ് സർക്കാർ സർവ്വീസിലുണ്ടായിരുന്നത്.

ക്രൈസ്തവർ, ഈഴവർ, മുസ്ലീംങ്ങൾ മററ് അധഃകൃതജാതിക്കാർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രതിനിധി സഭകളിലും സർക്കാർ സർവ്വീസിലും ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നുവെന്ന് മേൽവിവരിച്ച സ്ഥിതി വിവരകണക്കുകൾ വെളിപ്പെടുത്തുന്നു.

1932–ൽ ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ് അധികാരം ഏറെറടുത്തു. അദ്ദേഹം സർ.സി.പി.യെ തന്റെ ഉപദേഷ്ടാവായി നിയമിച്ചു. റീജൻസി ഭരണകാലത്ത് റീജൻസിഭരണം അവസാനിപ്പിക്കുവാൻ ജൂണിയർ മഹാറാണിയുടെ താല്പര്യപ്രകാരം നായന്മാരുടെ നേതൃത്വത്തിൽ നടന്ന ഒപ്പിടീൽ പ്രസ്ഥാനത്തിൽ കത്തോലിക്കർ സഹകരിച്ചില്ല. തന്മൂലം വൈരാഗ്യബുദ്ധിയോടെയാണ് ജൂണിയർ മഹാറാണിയും സർ.സി.പി.യും കത്തോലിക്കരോട് പെരുമാറിയത്. 1932 ജൂൺ 2–ന് പ്രഖ്യാപിച്ച ഭരണ പരിഷ്കാരവും ഈഴവ ക്രൈസ്തവ മുസ്ലീം സമുദായങ്ങൾക്ക് ഗുണകരമല്ലന്ന് കേരളത്തിലെ ജനസമുദായങ്ങൾക്ക് ബോദ്ധ്യമായി.

ഈ അവഗണനകൾ അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1932 ഒക്ടോബർ 15–ന് കവടിയാർ കൊട്ടാരത്തിലെത്തി ശ്രീചിത്തിരതിരുനാൾ മഹാരാജാവിന് ഒരു നിവേദനം സമർപ്പിച്ചു. 1921 മുതൽ 1931 വരെ നടന്ന നാലു തിരഞ്ഞെടുപ്പുകളെ വിശകലനം ചെയ്തുകൊണ്ട് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം എല്ലാ സമുദായങ്ങൾക്കും നിയമനിർമ്മാണ സഭയിൽ ലഭ്യമാക്കണമെന്നതായിരുന്നു മെമ്മോറാണ്ടത്തിന്റെ രത്നച്ചുരുക്കം. ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം എല്ലാ സമുദായങ്ങൾക്കും കൊടുക്കേണ്ടതാണെന്ന തത്വത്തെ അടിസ്ഥാനമാക്കി ബഹു

www.malankaralibrary.com

അംഗ നിയോജകമണ്ഡലങ്ങളിൽ സീററുകൾ റിസർവ് ചെയ്യണമെന്ന സൃഷ്ടിപരമായ ഒരു പരിഷ്കാരപദ്ധതിയും ഈ നിവേദനത്തിലൂടെ സമർപ്പിച്ചിരുന്നു.

തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി കത്തോലിക്കാ കോൺഗ്രസ്സ് രൂപീകരിച്ച സ്റ്റേററ് കത്തോലിക്കാ കോൺഗ്രസ്സ് നേതാക്കളായ പ്രസിഡന്റ് എൻ.വി. ജോസഫ്, സെക്രട്ടറി എ.സി. കുര്യാക്കോസ്, ശ്രീ. എ.ജെ. ജോൺ, ഇ.പി. വർഗ്ഗീസ്, ജോസഫ് ചാഴികാടൻ എന്നിവർ ചേർന്നാണ് ചരിത്രപ്രസിദ്ധമായ ഈ മെമ്മോറാണ്ടം സമർപ്പിച്ചത്. അന്നുവരെ നിയമസഭാപ്രാതിനിദ്ധ്യത്തിനായി തിരുവിതാംകൂറിലെ പല സമുദായങ്ങളും നിവേദനങ്ങളും മെമ്മോറാണ്ടങ്ങളും സമർപ്പിച്ചിട്ടുണ്ട്. എങ്കിലും അവയെല്ലാം അവരവരുടെ സമുദായ പ്രാതിനിദ്ധ്യം മാത്രമാണ് ആവശ്യപ്പെട്ടത്. എന്നാൽ കത്തോലിക്കാ കോൺഗ്രസ്സാണ് എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം വേണമെന്ന് ആദ്യമായി ആവശ്യപ്പെട്ടത്. ഇന്ത്യ മുഴുവൻ പ്രശംസ പിടിച്ചുപററിയ നിവേദനമായിരുന്നു അത്. സർക്കാരിൽ നിന്നും ഈ നിവേദനത്തിന് ഒരു മറുപടിപോലും ലഭിച്ചില്ല. അവശ സമുദായങ്ങളെ ഒന്നിപ്പിക്കുന്നതിന് ഇതു സഹായിച്ചു. വലിയ ഒരു ജനകീയ മുന്നേററത്തിന് ഇത് കളമൊരുക്കി. അവർ സംയുക്തരാഷ്ട്രീയകോൺഗ്രസ്സ് രൂപീകരിച്ചു.

## സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സ്

തിരുവിതാംകുറിലെ ഓരോ സമുദായവും അതതു സമുദായങ്ങളുടെ മാത്രം താൽപര്യം സംരക്ഷിക്കുവാൻ ശ്രമിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് എല്ലാ സമുദായങ്ങളുടെയും താൽപര്യസംരക്ഷണത്തിനുവേണ്ടി കത്തോലിക്കാ കോൺഗ്രസ്സ് മഹാരാജാവിന് നിവേദനം സമർപ്പിച്ചത്. ആ നിവേദനത്തിലെ ഉള്ളടക്കം ഇന്ത്യ ഒട്ടാകെ പ്രശംസിക്കപ്പെട്ടു. കത്തോലിക്കാ കോൺഗ്രസ്സിന്റെ ഈ നടപടി അവശസമുദായങ്ങളെ ഒന്നിപ്പിക്കുന്നതിന് സഹായകരമായി. തിരുവിതാംകൂറിലെ രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് അവശസമുദായങ്ങളുടെ പ്രതിനിധികളുടെ ഒരു സമ്മേളനം വിളിച്ചു കൂട്ടുവാൻ തീരുമാനിച്ചു. 1108 ധനു 3-ാം തീയതി (1932 ഡിസംബർ) തിരുവനന്തപുരം എൽ.എം. എസ്സ്. ഹാളിൽ ചേർന്ന യോഗത്തിൽ വിവിധ ക്രൈസ്തവസഭാവിഭാഗങ്ങളിലെയും എസ്സ്.എൻ.ഡി.പി. യോഗത്തിന്റെയും മുസ്ലീം സർവ്വീസ് ലീഗിന്റെയും മുസ്ലീം അസോസിയേഷന്റെയും പ്രതിനിധികൾ പങ്കെടുത്തു. പ്രസ്തുത യോഗം താഴെ കാണുന്ന പ്രമേയം അംഗീകരിച്ചു. "തിരുവിതാംകൂർ സംസ്ഥാനത്തെ നിയമസഭയുടെ രണ്ടു മണ്ഡലങ്ങളിലും വിവിധ സമുദായങ്ങൾക്ക് അവരുടെ സംഖ്യാബലമ

www.malankaralibrary.com

നുസരിച്ച് സ്ഥാനങ്ങൾ ക്ലിപ്തപ്പെടുത്തിക്കൊടുക്കേണ്ടതാണ്." മറ്റൊരു പ്രമേയം വഴി സമസ്ത തിരുവിതാംകൂർ രാഷ്ട്രീയസമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് സംയുക്ത സമുദായ നേതാക്കൾ പുറപ്പെടുവിച്ച പ്രസ്താവനയിൽ "നമ്മുടെ രാഷ്ട്രീയ ആവശ്യങ്ങളുടെ സംസ്ഥാപനത്തിനുവേണ്ടി നാം അടുത്തു വരുന്ന തിരഞ്ഞെടുപ്പുകളിൽ നിസ്സഹരിക്കുവാൻ നിർബന്ധിതരായിത്തീരാവുന്നതുമാണ്" എന്ന് പറയുകയും ചെയ്തിരുന്നു. സംയുക്ത സമുദായ നേതാക്കളുടെ പ്രസ്താവനയിലെ ഈ വാചകം പിന്നീടുണ്ടായ നിവർത്തനപ്രമേയത്തിന്റെ വിത്തു തന്നെയായിരുന്നു. എൽ.എം. എസ്സ്. ഹാളിൽ സമ്മേളിച്ച സംയുക്ത കക്ഷികൾ അവശ സമുദായങ്ങളുടെ ഭാവി നടപടിയെപ്പറ്റി അവസാന നിശ്ചയം ചെയ്യുന്നതുവരെ നിയമസഭാതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥികളാകാൻ ആഗ്രഹിക്കുന്നവർ ആ ശ്രമങ്ങളിൽ നിന്നും പിന്തിരിയണമെന്ന് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ഈ അഭ്യർത്ഥനയെ മാനിക്കാതെ അസമത്വ സമുദായങ്ങളിലെ അവസരവാദികൾ സ്ഥാനാർത്ഥികളായി രംഗപ്രവേശം ചെയ്യാൻ തുടങ്ങി. ജനുവരി 6-ാം തീയതി ദീപിക മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതി "............. എന്നാൽ അസമത്വ സമുദായങ്ങൾക്ക് ഉന്നതസ്ഥാനങ്ങളിലും സ്വാധീനക്കുറവും ഈ സമുദായങ്ങളുടെ ഓഹരികൂടി കൈയിൽ വച്ച് അനുഭവിച്ചുവരുന്നവരുടെ ശക്തിയും ആലോചിച്ചാൽ ഇതിൽ അധികമൊന്നും ആശ്ചര്യപ്പെടുവാനില്ല. അസമത്വ സമുദായങ്ങളിൽ ഏകോപിച്ചുനിന്ന് പ്രക്ഷോഭണം നടത്തുന്നപക്ഷം ഇന്നത്തെ ദുരനുഭവം നീണ്ടുനിൽക്കുകയില്ല. വിജയത്തിനുള്ള കാലം അത്യാസന്നമാക്കാമെന്നുള്ളതിൽ തെല്ലും സംശയിക്കേണ്ടതില്ല. ഏതാദൃശമായ ഒരു സന്ദർഭത്തിൽ അസമത്വ സമുദായങ്ങളിൽപ്പെട്ട ആളുകൾ പ്രതിനിധി സഭകളിലേക്ക് സ്ഥാനാർത്ഥികളായി തുടരെ മുന്നോട്ടു വരികയും പ്രയത്നം നടത്തുകയും ചെയ്യുന്നത് കഷ്ടമെന്നേ പറയേണ്ടതുള്ളു. തങ്ങൾക്ക് ശരിയായ പ്രാതിനിദ്ധ്യമില്ലാത്ത സഭയിൽ സംബന്ധിക്കുവാൻ ബദ്ധപ്പെടുന്നത് ഗുണത്തിലധികം ദോഷത്തിനാണ് ഇടവരുത്തുന്നതെന്നുള്ള വസ്തുതയെ സ്ഥാനാർത്ഥികളിൽ ഒരു കൂട്ടർ തീരെ വിസ്മരിച്ചു കളയുന്നു......... അസമത്വ സമുദായങ്ങളുടെ പ്രക്ഷോഭണത്തിന്റെ അടുത്തപടി എന്തായിരിക്കുമെന്നുള്ളത് ഗവൺമെന്റിൽ നിന്നും ഇതിന് ലഭിക്കുന്ന മറുപടിയെ ആശ്രയിച്ചിരിക്കുമെന്ന് എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്. വെറും നീതിക്കുവേണ്ടിയുള്ള ഈ പ്രക്ഷോഭണം ഗവൺമെന്റ് നിർദ്ദയം അവഗണിക്കാനാണ് ഭാവമെങ്കിൽ പ്രതിനിധി സഭകളോട് പരിപൂർണ്ണമായി നിസ്സഹരിക്കേണ്ട ഒരു പതനത്തിൽ അസമത്വ സമുദായങ്ങൾ എത്താതിരിക്കുകയില്ല..............."

വിവിധ സമുദായ സംഘടനാ പ്രതിനിധികളുടെ തീരുമാനമനുസരിച്ച് ജനുവരി 9-ാം തീയതി സംയുക്തകക്ഷികൾ ദിവാൻജിയെക്കണ്ട് വീണ്ടും

www.malankaralibrary.com

നിവേദനം നടത്തി. ആ നിവേദനത്തിനും അനുകൂലമായ മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ സംയുക്തരാഷ്ട്രീയ സമിതിയിൽപെട്ട സമുദായങ്ങളുടെ പ്രതിനിധികളുടെയും അവശസമുദായങ്ങളിൽ നിന്ന് സ്ഥാനാർത്ഥികളായി നിൽക്കുന്നവരുടെയും ഒരു സംയുക്തസമ്മേളനം 1933 ജനുവരി 25-ന് തിരുവനന്തപുരത്ത് എൽ.എം. എസ്സ്. ഹാളിൽ ചേർന്നു. സമരം കൂടുതൽ ശക്തമാക്കുവാൻ തീരുമാനമെടുത്തു.

അവശ സമുദായങ്ങളുടെ പ്രക്ഷോഭണം കാട്ടുതീപോലെ ആളിക്കത്തുവാൻ തുടങ്ങി. അതേസമയം അവശ സമുദായങ്ങളിൽ നിന്നും ഏതാനും പേരെ സ്ഥാനാർത്ഥികളാക്കാൻ ചില നേതാക്കൾ ശ്രമിച്ചു. ആ സന്ദർഭത്തിൽ ദീപിക അവസരം പാഴാക്കിയാൽ എന്ന ശീർഷകത്തിൽ ഒരു മുഖപ്രസംഗം എഴുതി ആ മുഖപ്രസംഗത്തിൽ ഇപ്രകാരം എഴുതി. “അസമത്വം അനുഭവിക്കുന്ന സമുദായം യോജിച്ചു നിന്ന് പ്രക്ഷോഭണങ്ങൾ നടത്തേണ്ട സന്ദർഭം ഇതിന് മുമ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ അന്നൊക്കെയും തുല്യ ദുഃഖിതർ തന്നെ അവരവർക്ക് രക്ഷകിട്ടുമെന്ന് വ്യാമോഹിച്ച് പല തട്ടുകളിൽ നിന്നതിന്റെ ഫലമാണിതെന്ന് ഇപ്പോഴെങ്കിലും ബോദ്ധ്യമുണ്ടെന്നു തോന്നുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ ക്രിസ്ത്യാനികൾ, ഈഴവർ, മുഹമ്മദീയർ എന്നിവർ ഒന്നിച്ചു കൂടിയാൽ മഹാഭൂരിപക്ഷം വരുമെങ്കിലും അവർ യോജിച്ചുനിന്ന് ക്ഷോഭിക്കില്ലെന്നുള്ള ധൈര്യത്തിന്റെ കൂടുതൽ കൊണ്ടാണ് ഇപ്പോഴത്തെ ഭരണപരിഷ്കാരപദ്ധതി ഈ വിധത്തിൽ രൂപവൽക്കരിച്ചതെന്ന് പറയേണ്ടിയിരിക്കുന്നു. ഇത്രവലിയ ഒരടി, ഇത്ര നഗ്നമായി എല്ലാവരെയും കൂട്ടിയടിച്ചിരിക്കുന്ന അവസരത്തിലെങ്കിലും അസമത്വക്കാർ യോജിച്ച്നിന്ന് പ്രവർത്തിച്ചില്ലെങ്കിൽ ഇനി ഒരു കാലത്തും യോജിപ്പുണ്ടാവുകയില്ല. അസമത്വം അനുഭവിക്കുന്നവരുടെ അവശതകൾ പരിഹരിക്കപ്പെടുകയുമില്ല. അസമത്വസമുദായങ്ങൾ യോജിച്ച് നിന്ന് വല്ലതും ചില ആനുകൂല്യങ്ങൾ സ്വീകരിക്കുകയല്ല, അവശതകൾ പൂർണ്ണമായി പരിഹരിക്കപ്പെടുന്നതുവരെ തന്റേടത്തോടുകൂടി യത്നിക്കുകയാണ് വേണ്ടത്. ഈ അവസരം പാഴാക്കിയാൽ ഭാവിയിൽ വളരെക്കാലത്തേക്കുകൂടെ അവശതകൾ അനുഭവിക്കുവാനുള്ള മാർഗ്ഗം ഇപ്പോഴെ ശരിയാക്കുകയാണ് ചെയ്യുന്നത്. ഇത് ആത്മാഹൂതിക്ക് തുല്യമായ പ്രവർത്തിയാണെന്ന് പറയേണ്ടിയിരിക്കുന്നു. ഈ ആപത്തിൽ തങ്ങളുടെ ഭാവിസന്താനങ്ങളെയും പതിക്കുവാൻ തിരുവിതാംകൂറിലെ അസമത്വ സമുദായക്കാർ അത്രയ്ക്ക് അന്ധതയുള്ളവരായിരിക്കുമോ?”

ജനുവരി 25-ാം തീയതിയിലെ സമ്മേളനം രാഷ്ട്രീയമായ എല്ലാ പ്രശ്നങ്ങളും പരിഹരിച്ചുകിട്ടുന്നതുവരെ അസമത്വം അനുഭവിക്കുന്ന സമുദായക്കാർ നിയമസഭാ തിരഞ്ഞെടുപ്പുകളിൽ നിവർത്തന നയം അനുഷ്ഠിക്കണമെന്നുള്ള പ്രമേയം പ്രൗഢമായ ഒരു പ്രസംഗത്തോടുകൂടി

www.malankaralibrary.com

ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചു. മൂന്നു സമുദായങ്ങളുംകൂടിച്ചേർന്ന് സംയുക്തരാഷ്ട്രീയ കോൺഗ്രസ്സ് രൂപവത്കരിക്കരിക്കുകയും ചെയ്തു. സംയുക്ത രാഷ്ട്രീയകോൺഗ്രസ്സിന്റെ പ്രസിഡണ്ടായി ഇ.ജെ. ജോണും ജനറൽ സെക്രട്ടറിയായി എൻ.വി. ജോസഫും ജോ.സെക്രട്ടറിമാരായി പി.കെ.കുഞ്ഞ്, സി. കേശവൻ, കെ.റ്റി. തോമസ് എന്നിവരും ഖജാൻജിയായി എ.വി. ജോർജ്ജും തിരഞ്ഞെടുക്കപ്പെട്ടു.

തിരുവനന്തപുരത്തുചേർന്ന വിവിധ സമുദായപ്രതിനിധികളുടെ യോഗം നിവർത്തനപ്രമേയം അംഗീകരിച്ചെങ്കിലും ഓരോ സമുദായവും പ്രത്യേകം പ്രത്യേകം യോഗം ചേർന്ന് നിവർത്തന പ്രമേയം അംഗീകരിക്കണമെന്ന് തീരുമാനിച്ചിരുന്നു. ഇതനുസരിച്ച് ആദ്യമായി യോഗം ചേർന്ന് നിവർത്തനപ്രമേയം അംഗീകരിച്ചത് പാലായിൽവച്ച് കത്തോലിക്കാ സമുദായമായിരുന്നു. വൈക്കത്തുചേർന്ന കത്തോലിക്കാ സമ്മേളനം നടന്ന അതേ പന്തലിൽ വച്ചാണ് ഈഴവരും നിവർത്തനപ്രമേയം അംഗീകരിച്ചത്. നിവർത്തന യോഗങ്ങൾ ഒന്നിനുപുറമേ ഒന്നായി നിരോധിച്ചുകൊണ്ടിരുന്നു. തിരുവിതാംകൂറിൽ നടത്താൻ നിശ്ചയിച്ചിരുന്ന കത്തോലിക്കാകോൺഗ്രസ്സ് വാർഷികം കൊച്ചിയിൽ വച്ച് നടത്തേണ്ടി വന്നു.

ബ്രിട്ടീഷുകാർക്കെതിരെ നിസ്സഹകരണ പ്രസ്ഥാനം രൂപംകൊണ്ട സന്ദർഭമായിരുന്നു അത്. നിവർത്തനവും നിസ്സഹകരണവും ഒന്നു തന്നെയാണെന്ന് സ്ഥാപിച്ച് വൈസ്രോയി വെല്ലിംഗ്ടൺ പ്രഭുവിനെ നിവർത്തനക്കാർക്ക് എതിരാക്കുവാനാണ് സർ.സി.പി.യും നായർ നേതാക്കളും ശ്രമിച്ചത്. നിവർത്തനപദ വിവാദം കൊടുംപിരികൊണ്ട സന്ദർഭത്തിലാണ് വെല്ലിംഗ്ടൺ പ്രഭു തിരുവിതാംകൂർ സന്ദർശിക്കുന്നത്. പ്രഭുവിനെ വശത്താക്കി നിവർത്തനക്കാരെ തകർക്കാൻ നടത്തിയ സമരം തന്ത്രപരമായ ഇടപെടൽ മുഖാന്തിരം നിവർത്തനക്കാർ തടഞ്ഞു. തുടർന്ന് സി.പി. പ്രതികാരത്തിന്റെ കരുക്കൾ നീക്കി, മർദ്ദന മുറകൾ വ്യാപിപ്പിച്ചു. എല്ലാ മർദ്ദനമുറകളെയും അതിജീവിച്ച് സമരം തുടർന്നു. 1934 ഉടനീളം സംഘർഷാത്മകമായിരുന്നു. സി.കേശവൻ അടക്കമുള്ളവരെ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. തുറങ്കിലടക്കപ്പെട്ട രാജ്യദ്രോഹിയായ സി.കേശവൻ രാഷ്ട്രീയമായി പതിന്മടങ്ങ് ശക്തനായി. സംയുക്തരാഷ്ട്രീയസഭയും അതോടൊപ്പം ശക്തമായി.

സംയുക്തരാഷ്ട്രീയ സമിതിയുടെ നിവേദനങ്ങളെ അവഗണിച്ച് നടന്ന തിരഞ്ഞെടുപ്പിന്റെ ഫലപ്രഖ്യാപനത്തോടെ ഭരണപരിഷ്കാരത്തിന്റെ പൊള്ളത്തരം എല്ലാവർക്കും ബോദ്ധ്യമായി. സംയുക്ത രാഷ്ട്രീയ മഹാസഭയുടെ സുശക്തമായ പ്രക്ഷോഭണത്തിന്റെ മുൻപിൽ ഗവൺമെന്റ് മുട്ടുമടക്കി. മഹാസഭ ഉന്നയിച്ച അവകാശങ്ങൾ അംഗീകരിച്ചുകൊണ്ട് സമ്മതിദാന തത്വങ്ങളെക്കുറിച്ച് വിസ്തരിച്ചുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും

www.malankaralibrary.com

നിയോജകമണ്ഡലങ്ങളെ ക്രമപ്പെടുത്തി പൂർണ്ണമായ ഒരു പദ്ധതി തയ്യാറാക്കുന്നതിനുമായി ലോ കോളേജ് പ്രിൻസിപ്പൽ ഇ.സുബ്രഹ്മണ്യ അയ്യരെ കമ്മീഷണറായി നിയമിച്ചുകൊണ്ട് 1935 ആഗസ്റ്റ് 17-ാം തീയതി ഒരു പ്രസ്കമ്മ്യൂണിക്കേ പ്രസിദ്ധീകരിച്ചു. 1936 ആഗസ്റ്റ് 16-ാം തീയതി സർക്കാരിന് റിപ്പോർട്ടു സമർപ്പിച്ചു. ആ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംയുക്ത രാഷ്ട്രീയ മഹാജനസഭയ്ക്കും സ്വീകാര്യമായിരുന്നു. പുതിയ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുവാൻ സർക്കാർ നീക്കങ്ങൾ ആരംഭിക്കുകയും ദിവാൻപേഷ്ക്കാർ ആയിരുന്ന എം.കെ. നീലകണ്ഠയ്യരെ നിയോജകമണ്ഡലങ്ങൾ തിരിക്കുന്നതിനും വോട്ടർപട്ടിക തയ്യാറാക്കുന്നതിനും നിയോഗിക്കുകയും ചെയ്തു. നിവർത്തന പ്രക്ഷോഭത്തിനിടയ്ക്ക് ദിവാനായി നിയമിക്കപ്പെട്ടിരുന്ന സർ മുഹമ്മദ് ഹബീബുള്ളയാണ് സംയുക്തസമുദായങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് നേതൃത്വം വഹിച്ചത്. പുതിയ ഭരണ പരിഷ്കാരത്തെ തുടർന്ന് അദ്ദേഹം ദിവാൻ സ്ഥാനത്തുനിന്ന് വിരമിക്കുകയും 1936 ഒക്ടോബർ 8-ാം തീയതി സർ.സി.പി. രാമസ്വാമി അയ്യർ ദിവാനായി ചാർജ്ജെടുക്കുകയും ചെയ്തു.

ക്ഷേത്രപ്രവേശന വിളംബരം നടത്തിയത് നിവർത്തനപ്രക്ഷോഭണത്തെ തകർക്കുകയെന്ന ലക്ഷ്യത്തോടെയായിരുന്നു. ഈഴവരോടുള്ള താല്പര്യത്തിന്റെ പേരിലൊന്നും ആയിരുന്നില്ല. നിവർത്തനപ്രക്ഷോഭണത്തെ എതിർത്തത് നായർ ലോബിയുടെ സമ്മർദ്ദംകൊണ്ട് മാത്രമായിരുന്നു.

## ഈഴവരെ തഴയുന്നു

മലയാളി മെമ്മോറിയൽ പ്രക്ഷോഭണത്തിൽ ഈഴവരെകൂടി പങ്കെടുപ്പിച്ച് ശക്തി കാണിച്ച് നായന്മാർ പ്രക്ഷോഭണം വിജയിപ്പിച്ചു. സമരം ജയിച്ചു കഴിഞ്ഞപ്പോൾ ഈഴവരെ തഴഞ്ഞു. പൗരസമത്വവാദപ്രക്ഷോഭണത്തെയും നിവർത്തന പ്രക്ഷോഭണത്തെയും എതിർത്ത് ഈഴവരുടെ അവകാശങ്ങളെ നിഷേധിക്കാൻ നായന്മാർ ശ്രമിച്ചു. രാജാധികാരത്തെ സ്വാധീനിച്ച് ഈഴവരെ മർദ്ദിച്ചൊതുക്കുവാൻ ശ്രമിച്ചത് നായന്മാരായിരുന്നു.

നിവർത്തന പ്രക്ഷോഭണം ജയിച്ചുകഴിഞ്ഞപ്പോൾ ഈഴവരോടായി എൻ.എസ്സ്.എസ്സിന്റെ രോഷം. എങ്ങനെയും അടുത്ത തിരഞ്ഞെടുപ്പിൽ ഈഴവരെ പൊളിക്കാനാണ് അവർ ശ്രമിച്ചത്. നിവർത്തനപ്രക്ഷോഭണത്തിന്റെ പേരിൽ ക്രിസ്ത്യാനികളോടായിരുന്നു എൻ.എസ്സ്.എസ്സി.ന് കടുത്ത വിരോധം. പ്രക്ഷോഭണം ജയിച്ചു കഴിഞ്ഞപ്പോൾ ക്രിസ്ത്യാനികളെ കൂട്ടുപിടിച്ചാണെങ്കിലും ഈഴവരെ തകർക്കണമെന്നായിരുന്നു നായർ

www.malankaralibrary.com

നേതാക്കളുടെ ചിന്ത.

പബ്ലിക് സർവ്വീസിൽ പ്രാതിനിദ്ധ്യം കൊടുക്കുക, ഉദ്യോഗങ്ങൾക്കുവേണ്ടിയുള്ള പ്രത്യേകപരീക്ഷകൾ നടത്തുക, ഉദ്യോഗങ്ങൾക്ക് ഒരു നിയന്ത്രണം വരുത്തുക, ഇതിന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷനെ നിയമിക്കുക, അതുപോലെ ജനസംഖ്യാനുപാതികമായി ഉദ്യോഗങ്ങൾ സംവരണം ചെയ്യുക, നിയമസഭയിൽ ജനസംഖ്യാനുപാതികമായി പ്രാതിനിദ്ധ്യം വിവിധ സമുദായങ്ങൾക്ക് ലഭിക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുക തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഭരണപരിഷ്കാരം ഏർപ്പെടുത്തിയത് നിവർത്തനപ്രക്ഷോഭണത്തിന്റെ ഫലമായിട്ടായിരുന്നു.

ഈ ഭരണപരിഷ്കാരം എൻ.എസ്സ്.എസ്സിനെ വല്ലാതെ രോഷാകുലരാക്കി. അനർഹമായി അനേകവർഷങ്ങൾ കൈവശംവച്ചുകൊണ്ടിരുന്ന അധികാരം മററുള്ളവർക്ക് പങ്കുവയ്ക്കാനുള്ള സൗമനസ്യം അപ്പോഴും നായർ സർവ്വീസ് സൊസൈററി കാണിച്ചില്ല. ഗവൺമെന്റിനെ എല്ലാക്കാര്യത്തിലും പിന്താങ്ങിക്കൊണ്ടിരുന്ന നായർ സർവ്വീസ് സൊസൈററി ഗവൺമെന്റുമായി അകലുവാൻ തുടങ്ങി. പുരോഗമനവാദികളായ ഏതാനും നായർ പ്രമാണികൾ പുതിയ ഭരണപരിഷ്കാരത്തെ സ്വാഗതം ചെയ്തെങ്കിലും എൻ.എസ്സ്.എസ്സ്. അവരുടെ എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എങ്ങനെയെങ്കിലും നായർ സമുദായത്തിന്റെ താൽപര്യം സംരക്ഷിക്കുവാൻ ഏത് ഹീനമാർഗ്ഗവും സ്വീകരിക്കുവാൻ അവർ തയ്യാറായി. അവരെപ്പോലെ അവസരവാദപരമായി മററു സമുദായങ്ങളും പ്രവർത്തിക്കുമെന്നാണവർ ചിന്തിച്ചത്. നിവർത്തനപ്രക്ഷോഭണത്തിന്റെ പേരിൽ സി.പി.യുടെയും നായർ സമുദായത്തിന്റെയും വിമർശനം മുഴുവൻ സിറിയൻ ക്രിസ്ത്യൻ സമുദായത്തിന്റെ മേലായിരുന്നു. എന്നാൽ അതെല്ലാം വിസ്മരിച്ച് സിറിയൻ ക്രിസ്ത്യൻ സമുദായവുമായി ഒരു മുന്നണിയുണ്ടാക്കി ആസന്നമായ തിരഞ്ഞെടുപ്പിനെ നേരിടുവാൻ നായർ സർവ്വീസ് സൊസൈററി ആഗ്രഹിച്ചു. അതിനുവേണ്ടിയുള്ള ആദ്യത്തെ ആലോചനായോഗം തിരുവനന്തപുരത്തു ചേർന്നു.

സിറിയൻ ക്രിസ്ത്യൻ സമുദായവും നായർ സമുദായവും യോജിച്ചുകൊണ്ട് തെരഞ്ഞെടുപ്പിൽ മത്സരിച്ചാൽ ഭൂരിപക്ഷം സീററും കരസ്ഥമാക്കുവാൻ സാധിക്കുമെന്നായിരുന്നു സൊസൈററിയുടെ വാദം. നിവർത്തനപക്ഷത്തായിരുന്ന–നിവർത്തനപ്രസ്ഥാനത്തിന് ശക്തി പകർന്ന–സിറിയൻ ക്രിസ്ത്യൻ വിഭാഗം ഏതാനും സീററുകൾ ലഭിക്കുന്നതിനുവേണ്ടി സഹോദരസമുദായങ്ങളെ വഞ്ചിച്ച് എൻ.എസ്സ്.എസ്സിന്റെ കൂട്ടത്തിൽ കൂട്ടുമെന്നാണവർ പ്രതീക്ഷിച്ചത്. മഞ്ഞപ്പിത്തം ബാധിച്ചവൻ നോക്കുന്ന

www.malankaralibrary.com

തെല്ലാം മഞ്ഞച്ചിരിക്കുമെന്നാണല്ലോ പറയുന്നത്. അതുപോലെ എൻ.എസ്സ്.എസ്സ്. രണ്ടു സീററു ലഭിക്കുന്നതിനുവേണ്ടി എന്തു വേഷവും കെട്ടുന്നതുപോലെ സിറിയൻ ക്രിസ്ത്യൻ സമൂഹവും ചെയ്യുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചത്. സംവരണം ചെയ്തുമാററിയിട്ടുള്ള സീററുകൾ ഒഴിച്ചുള്ള എല്ലാ സീററുകളും നായർ സമുദായവും സിറിയൻ ക്രിസ്ത്യൻ വിഭാഗവും കൂടി വീതിച്ചെടുക്കുകയെന്നതായിരുന്നു സൊസൈററിയുടെ പദ്ധതി. ആ നിർദ്ദേശം സിറിയൻ ക്രിസ്ത്യൻ സമുദായവും ആദ്യമേതന്നെ തള്ളി. സമുദായങ്ങളെ തമ്മിൽ തല്ലിച്ച് രാജ്യത്ത് വീണ്ടും അനർത്ഥവും കുഴപ്പവുമുണ്ടാക്കുന്ന ഇത്തരം പ്രവണതകൾ ശരിയല്ലെന്ന് യോഗത്തിൽ പലരും വാദിച്ചു. ഈ യോഗത്തിൽ സംബന്ധിച്ച സിറിയൻ ക്രിസ്ത്യൻ നേതാക്കളായിരുന്ന ഇ.ജെ.ജോണും, എ.എ. പോളും ഈ നീക്കത്തിൽ സംതൃപ്തി പ്രകടിപ്പിച്ചില്ല. തന്മൂലം തീരുമാനമൊന്നുമെടുക്കാതെ യോഗം പിരിഞ്ഞു. എങ്കിലും ഈ കാര്യത്തെപ്പററി ചർച്ചചെയ്യുവാൻ മന്നത്തു പത്മനാഭപിള്ള, ഉണിച്ചക്കൻ വീട്ടിൽ ശ്രീ പരമേശ്വരപിള്ള, കോട്ടൂർ കൃഷ്ണപിള്ള മുതലായവർ മുൻകൈയ്യെടുത്ത് കൊല്ലത്ത് ഒരു യോഗം വിളിച്ചുകൂട്ടി. നായർ സർവ്വീസ് സൊസൈററിയുടെ ആ യോഗത്തിലും തീവ്രമായ ചർച്ച നടന്നു. നായർ സമുദായം ഒററക്കു നിൽക്കുന്നത് ദോഷകരമാണെന്നും സിറിയൻ ക്രിസ്ത്യാനികളുമായി യോജിച്ച് തിരഞ്ഞെടുപ്പിൽ മത്സരിക്കുകയാണ് വേണ്ടതെന്നുമുള്ള കുഞ്ഞുകൃഷ്ണപിള്ളയുടെ വാദത്തെ കുമ്പളത്തു ശങ്കുപ്പിള്ള, കെ.പി. നീലകണ്ഠപ്പിള്ള തുടങ്ങിയവർ എതിർത്തു. അവസാനം വോട്ടിനിട്ടു. ക്രിസ്ത്യൻ-നായർ കൂട്ടുകെട്ട് എന്ന ആശയം പരാജയപ്പെട്ടു. ശ്രീകുമ്പളത്തു ശങ്കുപ്പിള്ള തന്റെ ആത്മകഥയിൽ പറയുന്നു. "ഇതൊരു കളിക്കച്ചവടമാണ്. കുറേപ്പേർക്ക് ഉദ്യോഗവും മററു സ്ഥാനമാനങ്ങളും കരസ്ഥമാക്കാൻ വേണ്ടിയുള്ള ഏർപ്പാടാണ്. അതിനെ അനുകൂലിക്കാൻ എന്നെപ്പോലെയുള്ളവർക്ക് സാദ്ധ്യമല്ല."

ജസ്റ്റിസ് ശ്രീ ദാനിയേലിനെപ്പോലെ ഏതാനും സിറിയൻ ക്രിസ്ത്യാനികൾ ഈ കൂട്ടുകെട്ടിനെ അനുകൂലിച്ചെങ്കിലും സമുദായത്തിൽ യാതൊരു ചലനവും സൃഷ്ടിക്കാൻ അവരുടെ പ്രവർത്തനത്തിന് സാധിച്ചില്ല. ക്രിസ്ത്യൻ സമുദായത്തോടൊത്തുപ്രവർത്തിച്ച ഈഴവസമുദായത്തെയും മുസ്ലീം സമുദായത്തെയും വഞ്ചിച്ചുകൊണ്ട് നായർ സമുദായവുമായി സിറിയൻ ക്രിസ്ത്യൻ സമുദായം ഏതാനും സീററുകൾക്കുവേണ്ടി കൂട്ടുകൂടുമെന്ന് വിചാരിച്ച എൻ.എസ്സ്.എസ്സിന്റെ കണക്കുകൂട്ടലുകൾ സിറിയൻ ക്രിസ്ത്യൻ സമുദായം തകർത്തു.

സിറിയൻ ക്രിസ്ത്യൻ സമുദായത്തെ സാമ്പത്തിക സംവരണത്തിനുവേണ്ടിയുള്ള സമരത്തിൽ പങ്കുകാരാക്കാൻ ഇവിടുത്തെ നായർ സമുദായം ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ആ

www.malankaralibrary.com

കൂട്ടുകെട്ടിൽ സിറിയൻ ക്രിസ്ത്യൻ സമുദായം പെടാതിരിക്കുന്നത് അടിച്ചമർത്തപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ജനവിഭാഗത്തോടുള്ള പ്രതിബദ്ധതകൊണ്ടുമാത്രമാണ്. ഏതാനും ഉദ്യോഗങ്ങൾക്കുവേണ്ടി – സ്വാർത്ഥലാഭത്തിനുവേണ്ടി സിറിയൻ ക്രിസ്ത്യൻ സമൂഹം ചുവടുമാററി ചവിട്ടിയിട്ടില്ലന്നും ഒരിക്കലും ചുവടുമാറി ചവിട്ടുകയില്ലന്നും ഏവരും മനസ്സിലാക്കുന്നത് നന്ന്.

പുതിയ ഭരണപരിഷ്ക്കാരമനുസരിച്ചുള്ള തിരഞ്ഞെടുപ്പ് 1937 ഏപ്രിൽ മേയ് മാസങ്ങളിൽ നടന്നു. സംയുക്ത രാഷ്ട്രീയ മഹാജനസഭയും സവർണ്ണ രാഷ്ട്രീയ മേധാവിത്വവും തമ്മിൽ നടന്ന ആ പോരാട്ടത്തിൽ സംയുക്ത രാഷ്ട്രീയസഭയിൽ വിജയം കരസ്ഥമാക്കി. നിവർത്തനപ്രക്ഷോഭകർക്കെതിരായി തിരുവിതാംകൂർ ഗവൺമെന്റ് മർദ്ദനമുറകൾ അഴിച്ചുവിട്ടപ്പോൾ എൻ.എസ്സ്.എസ്സ്. ആ മർദ്ദനത്തിന് കൂട്ടു നിൽക്കുകയാണ് ചെയ്തത്. സംയുക്ത രാഷ്ട്രീയ സമിതിയിലെ പല അംഗങ്ങളും തങ്കശ്ശേരിയിൽ കയറി ഒളിവിൽ പോയി.

മനുഷ്യാവകാശ സംരക്ഷണത്തിനായി ഈഴവർ സമരം ചെയ്തപ്പോഴെല്ലാം സർക്കാർ പക്ഷത്തുനിന്ന് ഈഴവരുടെ സമരത്തെ അടിച്ചമർത്തുവാൻ കുട്ടുകൂടിയ എൻ.എസ്സ്.എസ്സിനോടാണ് എസ്സ്.എൻ.ഡി.പി. ഇന്ന് കൈകോർക്കാൻ തീരുമാനിച്ചിരിക്കുന്നത്.

www.malankaralibrary.com

# 11

# ക്ഷേത്രപ്രവേശന വിളംബരം

ഈഴവരാദിയായ പിന്നോക്കക്കാർ ക്ഷേത്രപ്രവേശനത്തിനു വേണ്ടി വാദിക്കാൻ തുടങ്ങിയിട്ട് നാളുകളേറെയായി. വൈക്കം സത്യാഗ്രഹത്തിലും ഗുരുവായൂർ സത്യാഗ്രഹത്തിലും ഈ ആവശ്യം ഉന്നയിച്ചിരുന്നു. ഈ പ്രക്ഷോഭണത്തോട് സവർണ്ണഹിന്ദുക്കൾക്ക് അനുഭാവം ഉണ്ടെന്ന് കാണിക്കാൻ ശ്രമിക്കുകയും ചെയ്തിരുന്നു. മന്നത്തുപത്മനാഭന്റെ നേതൃത്വത്തിൽ നടന്ന സവർണ്ണ ജാഥയും ഗുരുവായൂർ മന്നത്തിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭണങ്ങളും നായർ സമുദായം ഈ പ്രക്ഷോഭണത്തെ മുക്കിക്കൊല്ലാൻ വേണ്ടിനടത്തിയ അടവുകളായിരുന്നു.

അധഃകൃതരുടെ ക്ഷേത്രപ്രവേശനത്തെ ഇവിടെ എതിർക്കുന്നത് സവർണ്ണർ മാത്രമായിരുന്നു. ആ സവർണ്ണർ മനസ്സുവച്ചാൽ സർക്കാരിനെക്കൊണ്ട് ഇരുപത്തിനാലുമണിക്കൂറിനകം ക്ഷേത്രപ്രവേശനമനുവദിപ്പിക്കാൻ സാധിക്കുമായിരുന്നു. അതിന് ശ്രമിക്കാതെ സമരത്തിന്റെ മുൻപിൽ കയറി നിന്ന് പ്രക്ഷോഭകാരിയുടെ വേഷമിട്ടത് കൊടുംവഞ്ചനയായിരുന്നു.

നിവർത്തനപ്രക്ഷോഭണം തിരുവിതാംകൂറിനെ ഇളക്കിമറിച്ച സംഭവമായിരുന്നു. ഈഴവരെയും പിന്നോക്കക്കാരെയും സമരത്തിൽ നിന്നും പിന്മാറ്റുന്നതിനുവേണ്ടിയാണ് ക്ഷേത്രപ്രവേശനവിളംബരം പ്രഖ്യാപിച്ചത്. അതുകൊണ്ടും ഈഴവർ സംയുക്ത രാഷ്ട്രീയ കോൺഗ്രസ്സിൽ അടിയുറച്ചുനിന്നു. ഡോ.എം.എസ്. ജയപ്രകാശ് മാധ്യമം പത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "1936-ൽ ക്ഷേത്രപ്രവേശനം കൊടുത്തതാകട്ടെ, നിവർത്തനപ്രക്ഷോഭണം തകർക്കാനുള്ള തന്ത്രത്തിന്റെ ഒരു ഭാഗമായിരുന്നു. അന്നത്തെ എസ്.എൻ.ഡി.പി. യോഗം ജനറൽസെക്രട്ടറി സി.കേശവനെ ജയിലിൽ ഇട്ടുകൊണ്ടാണ് ക്ഷേത്രപ്രവേശനവിളംബരം നടത്തിയത്. ഈഴവർ മതം മാറുമെന്നു പ്രഖ്യാപിച്ചതുകൊണ്ടാണ് ക്ഷേത്രപ്രവേശനവും മററ് ആനുകൂല്യങ്ങളും അന്നു നൽകിയത്. അതിനുശേഷവും സാമൂഹിക നീതിക്കായി കൈക്കൊണ്ട എല്ലാ നടപടികളെയും നിർവീര്യമാക്കുന്ന സമീപനമാണ് എൻ.എസ്.എസ്. കൈക്കൊണ്ടത്. ഗുരുവായൂർ ക്ഷേത്രപ്രവേശനം പിന്നെയും പത്തുവർഷം കൂടി നീട്ടിക്കൊണ്ടുപോകുവാൻ നായന്മാരുടെ തന്ത്രത്തിന് സാധിച്ചു. ഗുരുവായൂർ സത്യാഗ്രഹമിരുന്ന എ.കെ. ഗോപാലനെ ഗാന്ധിജി ഇടപെട്ടാണ് സത്യാഗ്രഹത്തിൽ നിന്നും പിന്തിരിപ്പിച്ചത്. തൽഫലമായി ക്ഷേത്രപ്രവേശനത്തിന് ഒന്നര ദശാബ്ദം കൂടികാത്തിരിക്കേണ്ടിവന്നു.

www.malankaralibrary.com

## 12

# ഒരേ പാതയിൽ – ഭിന്നസ്വരത്തിൽ

എൻ.എസ്സ്.എസ്സും എസ്.എൻ.ഡി.പിയും കീരിയും പാമ്പും പോലെയാണ് കഴിഞ്ഞകാലങ്ങളിൽ പെരുമാറിയത്. അയിത്തം നിലനിർത്താനും മനുഷ്യാവകാശധ്വംസനം തുടരുവാനുമാണ് എൻ.എസ്സ്.എസ്സ് എപ്പോഴും ശ്രമിച്ചിരുന്നത്. കിട്ടിയ സന്ദർഭങ്ങളെല്ലാം ഈഴവരുടെ ഡിമാന്റുകൾ അംഗീകരിപ്പിക്കാതിരിക്കാൻ നായർ സമുദായം കിണഞ്ഞു പരിശ്രമിച്ചുകൊണ്ടിരുന്നു. മലയാളി മെമ്മോറിയൽ സമരകാലത്ത് മാത്രമാണ് ഇരുവിഭാഗവും ഒന്നിച്ചു പ്രവർത്തിച്ചത് എന്നിട്ടും നായർ സമുദായം ആ പ്രക്ഷോഭണം വിജയിച്ചപ്പോൾ ഈഴവസമുദായത്തെ തഴയുകയാണുണ്ടായത്.

നിവർത്തന പ്രക്ഷോഭണത്തിനുശേഷം ഉള്ള ഏതാണ്ട് ഒരു വ്യാഴവട്ടക്കാലം നായർസമുദായവും ഈഴവസമുദായവും ഒരേ പാതയിലാണ് സഞ്ചരിച്ചത്. ഒരേ പാതയിലാണ് നീങ്ങിയതെങ്കിലും ഇരുവിഭാഗങ്ങളുംകൂടി യോജിച്ച് ഒരു പ്രവർത്തനവും നടത്തിയിട്ടില്ല. നിവർത്തനപ്രക്ഷോഭണത്തിനുശേഷമാണല്ലോ സ്റ്റേററ് കോൺഗ്രസ്സ് രൂപീകരിക്കുന്നത്. തുടർന്ന് സ്റ്റേററ് കോൺഗ്രസ്സ് ഉത്തരവാദഭരണത്തിനുവേണ്ടിയുള്ള പ്രക്ഷോഭണവും ആരംഭിച്ചു. സ്റ്റേററ് കോൺഗ്രസ്സിനോടും ഉത്തരവാദഭരണപ്രക്ഷോഭണത്തോടും നായർ സമുദായവും ഈഴവസമുദായവും ഒരേനിലപാടാണ് സ്വീകരിച്ചത്. എങ്കിലും അവർ സഹകരിച്ച് പ്രവർത്തിച്ചില്ല. സർ. സി.പി. രാമസ്വാമി അയ്യർ ഭീകരഭരണം നടത്തിയപ്പോൾ സ്റ്റേററ് കോൺഗ്രസ് പ്രവർത്തകരെ തല്ലിച്ചതക്കുവാൻ എൻ.എസ്സ്.എസ്സും, എസ്സ്.എൻ.ഡി.പി.യും കൂട്ടുകൂടി. അവർ സംയുക്തമായി ഒരു നീക്കവും നടത്തയിട്ടില്ല. സി.പി.യെ പ്രീതിപ്പെടുത്തുന്നതിൽ ഇരു കൂട്ടരും മത്സരിച്ചു. ഇരുകൂട്ടരും സി.പി.ക്ക് മംഗളപത്രം സമർപ്പിച്ചു. എൻ.എസ്സ്.എസ്സ്. ഒരു പടികൂടി മുന്നോട്ടു നീങ്ങി സി.പി.യുടെ പ്രതിമ സ്ഥാപിച്ചു. ഒരേ പാതയിൽ നായർ ഈഴവ സമുദായങ്ങൾ സഞ്ചരിച്ചപ്പോഴും ഭിന്നസ്വരത്തിലാണ് സംസാരിച്ചിരുന്നത്. സി.പി.യെ പ്രീതിപ്പെടുത്തുന്നതിൽ ഇരുകൂട്ടരും മത്സരിച്ചുവെന്നതാണ് സത്യം.

സർ. സി.പി. പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ ശ്രമിച്ചപ്പോൾ അതിന് നായർ ഈഴവ സമുദായങ്ങൾ പിന്തുണ നൽകി. ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് കളമൊരുക്കുവാൻവേണ്ടി നായർ സമുദായത്തിന്റെയും ഈഴവസമുദായത്തിന്റെയും പ്രൈമറി സ്കൂളുകൾ സർക്കാരിലേക്ക് സറണ്ടർ ചെയ്തു കൊടുത്തു. ക്രൈസ്തവ സമുദായത്തെ ഒററപ്പെടുത്തുക ലക്ഷ്യം മാത്രമായിരുന്നു ഇരുകൂട്ടർക്കും.

www.malankaralibrary.com

ഇവിടെ നടന്ന ജനകീയസമരങ്ങളും വിശിഷ്യ ഉത്തരവാദിത്വഭരണ പ്രക്ഷോഭണവും ക്രൈസ്തവരുടെ സമരമാണെന്ന് വ്യാഖ്യാനിക്കാൻ എൻ.എസ്സ്.എസ്സ് കിണഞ്ഞു പരിശ്രമിച്ചു.

അതേ സമയം എൻ.എസ്സ്.എസ്സും എസ്സ്.എൻ.ഡി.പിയും സി.പി യോടൊത്തുനിന്ന് കുറേ കോളേജുകളും സ്കൂളുകളും നേടിയെടുത്തു. കോളേജുകൾ സ്ഥാപിക്കാൻ എൻ.എസ്സ്.എസ്സിനും എസ്സ്.എൻ.ഡി.പിക്കും സി.പി. ഏക്കർ കണക്കിന് സ്ഥലം പതിച്ചുകൊടുക്കുകയും ലക്ഷക്കണക്കിന് രൂപാ നൽകുകയും ചെയ്തു. സി.പിയുടെ ഭരണകാലത്ത് സി.പിയോടൊത്തുനിന്ന് സ്കൂളുകളും കോളേജുകളും നേടിയെടുക്കുന്നതിൽ ഇരുസമുദായങ്ങളും മത്സരിച്ചു. വിജയം ഇരുകൂട്ടർക്കും.

സ്വാതന്ത്ര്യം കിട്ടിയപ്പോൾപോലും എസ്സ്.എൻ.ഡി.പി. സ്വതന്ത്ര തിരുവിതാംകൂർവാദവുമായി മുന്നോട്ടു നീങ്ങുകയാണ് ചെയ്തത്. എൻ.എസ്സ്.എസ്സും അതുതന്നെ ചെയ്തു. മന്നത്തു പത്മനാഭപിള്ള സ്വാതന്ത്ര്യം കിട്ടുമെന്ന് ബോദ്ധ്യമായപ്പോൾ സ്റ്റേററ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിൽ പങ്കെടുത്ത് അറസ്റ്റു വരിച്ച് സ്വാതന്ത്ര്യസമരസേനാനിയായി!

ബ്രിട്ടീഷ് ചക്രവർത്തിയുടെ ഏതെങ്കിലും ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ള രാജാക്കന്മാർക്ക് ബ്രിട്ടനുമായി സഖ്യത്തിലേർപ്പെടുന്നതിന് മുമ്പ് എന്തെല്ലാം പരമാധികാരങ്ങൾ ഉണ്ടായിരുന്നോ അവ, അവർ ഒഴിഞ്ഞു പോകുമ്പോൾ തിരിച്ചുകിട്ടുമെന്നും ആ ന്യായമനുസരിച്ച് സ്വതന്ത്രമായി നിൽക്കാനോ ഇന്ത്യൻ യൂണിയനിൽ ചേരാനോ നാട്ടുരാജ്യങ്ങൾക്ക് അവകാശമുണ്ടെന്നുമായിരുന്നു അവരുടെ വാദഗതി. ഈ ന്യായവാദത്തെ മുറുകെപിടിച്ചുകൊണ്ടാണ് സി.പി. രാമസ്വാമി അയ്യർ സ്വതന്ത്രതിരുവിതാംകൂർ വാദവുമായി മുന്നോട്ടുവന്നത്. അദ്ദേഹം തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യം അങ്ങനെ പ്രഖ്യാപിക്കുകയും പാക്കിസ്ഥാനിൽ തിരുവിതാംകൂറിനെ പ്രതിനിധീകരിക്കുന്ന ഒരു അംബാസിഡറെ നിയമിക്കുകയും ചെയ്തു.

സി.പി.യുടെ ഈ നടപടി തെററാണെന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും തിരുവിതാംകൂറിലെ സ്റ്റേററ് കോൺഗ്രസ്സും പ്രസ്താവിച്ചു. ഹൈദ്രാബാദിലെ നൈസാമും ഭോപ്പാലിലെ നവാബും, സി.പി.യുടെ അഭിപ്രായക്കാരായിരുന്നു. ഈ മൂന്ന് ഭരണാധികാരികളും കൂടെ സംയുക്തമായി മുന്നോട്ടു നീങ്ങി. നവാബിന് ഒരു ലക്ഷം രൂപാ പ്രചരണ ചിലവിനായി സി.പി. നൽകുകയും ചെയ്തു. സ്വാതന്ത്ര്യത്തിലേക്കുള്ള ഇന്ത്യയുടെ പുരോഗതി മനസ്സിലാക്കിക്കൊണ്ടിരുന്ന തിരുവിതാംകൂർ ജനത ഒരന്ത്യസമരത്തിനുള്ള കളമൊരുക്കലായിരുന്നു. ഗാന്ധിജിയുടെ അനുവാദവും വാങ്ങി സ്റ്റേററ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ എറണാകുളം

www.malankaralibrary.com

കേന്ദ്രമാക്കി ഒരു മൂന്നാം സമരമുഖം തുറന്നു. മർദ്ദനവും ഭീഷണിയും കഷ്ടപ്പാടുമായിക്കഴിഞ്ഞിരുന്ന ജനത സി.പിയുടെ വെല്ലുവിളിയെ നേരിടുവാൻ തയ്യാറായി.

സ്വതന്ത്ര തിരുവിതാംകൂർ വാദവുമായി മുന്നോട്ടു നീങ്ങിയ സി.പി. സർവ്വ മെഷീനറികളുമുപയോഗിച്ച് തന്റെ പ്രഖ്യാപനത്തിന് സാധുതയുണ്ടാക്കാൻ വേണ്ടി പരിശ്രമിച്ചു. ആളും അർത്ഥവും ഉദ്യോഗസ്ഥ വൃന്ദത്തെയും ഉപയോഗിച്ച് തന്റെ വാദത്തിന് ശക്തിയുണ്ടാക്കാൻ സി.പി. ശ്രമിച്ചു. ശ്രീ. ആർ. ശങ്കർ, എ.എ. റഹിം തുടങ്ങിയ ഒട്ടേറെ ആളുകൾ സി.പിയുടെ പക്ഷത്തായിരുന്നു. എ.എ. റഹിം ഓച്ചിറ വനിതാമിത്രം കല്യാണിക്കുട്ടിയോടൊപ്പം റേഡിയോ പ്രഭാഷണം നടത്തി.

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുമെന്നും തിരുവിതാംകൂർ ഇന്ത്യൻ യൂണിയനിൽ ലയിക്കുകയല്ലാതെ മററു മാർഗ്ഗമൊന്നും ഇല്ലെന്നും മനസ്സിലാക്കിയ മന്നത്തു പത്മനാഭൻ സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ അനുകൂലിക്കുകയുണ്ടായില്ല. എന്നു തന്നെയുമല്ല എതിർത്ത് പ്രസംഗിക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. ഇത് ആത്മാർത്ഥതയോടുകൂടിയാണെന്ന് നമുക്ക് വിശ്വസിക്കാം. (വൈക്കം സത്യാഗ്രഹകാലത്ത് സവർണ്ണജാഥാ നയിച്ച് അവകാശങ്ങൾ ഒന്നും നേടാതെ സവർണ്ണജാഥാ പിൻവലിച്ച തന്ത്രം പോലെയായിരുന്നോ ഈ നടപടിയും എന്ന് സംശയിച്ചു പോകാം) ശ്രീ. പുതുപ്പള്ളി കൃഷ്ണപിള്ള സി.പി. ഗോപാലപ്പണിക്കർ തുടങ്ങിയ പ്രഗത്ഭരായ നായർ ഉദ്യോഗസ്ഥന്മാർ മന്നത്തിനെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിന് അനുകൂലമാക്കാൻ ശ്രമിച്ചു. നായർ സർവ്വീസ് സൊസൈററിയുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുമെന്നും സി.പി.ക്കനുകൂലമായി എൻ.എസ്സ്.എസ്സ് പ്രമേയം പാസ്സാക്കണമെന്നും ആ ഉദ്യോഗസ്ഥ പ്രമുഖർ മന്നത്തിനോടാവശ്യപ്പെടുകയും ചെയ്തു.

ഈ സന്ദർഭത്തിലും ആർ.ശങ്കറും അദ്ദേഹത്തിന്റെ പിടിയിൽ അമർന്നിരുന്ന എസ്സ്.എൻ.ഡി.പി.യും സി.പി. യുടെ സ്വതന്ത്രതിരുവിതാംകൂറിനു വേണ്ടി വാദിക്കുകയായിരുന്നു. എസ്സ്.എൻ.ഡി.പി. യോഗത്തിന്റെ പ്രമുഖ നേതാവായിരുന്ന ശ്രീ. ശിവാനന്ദൻ 'മഹാരാജാവ് തിരുമനസ്സു കൊണ്ട് ഒന്നു കല്പിച്ചാൽ ഈ കോൺഗ്രസ്സ് സംഘടനയെ ഞങ്ങൾക്കൊന്ന് ഞെരിക്കാനില്ല എന്ന് മുപ്പത്തിമൂന്നു ലക്ഷത്തിന്റെ കണക്കുകൾ ഉദ്ധരിച്ചു കൊണ്ട്' പറയുകയുണ്ടായി.

1947 ജൂലൈ 7-ാം തീയതി എസ്സ്.എൻ.ഡി.പി. യോഗം ഡയറക്ടർ ബോർഡ് ചേർന്ന് സ്വതന്ത്രതിരുവിതാംകൂർ വാദത്തിന് സമ്പൂർണ്ണ പിന്തുണ നൽകി. യോഗം പാസ്സാക്കിയ ദീർഘമായ പ്രമേയത്തിൽ ഇപ്രകാരം പറയുന്നു. "ഈ അവസരത്തിൽ രാജ്യക്ഷേമകാംക്ഷികൾ ചെയ്യാനുള്ളത്

www.malankaralibrary.com

മഹാരാജാവ് തിരുമനസ്സിലെ ഹിതത്തിനൊത്ത് സ്വാതന്ത്ര്യപ്രഖ്യാപനത്തെ പിന്താങ്ങുകയും ജനങ്ങളുടെ ഹിതം വ്യക്തമായി അറിയുന്നതിന് ഏററം അടുത്ത അവസരം ഉപയോഗപ്പെടുത്തുകയുമാണ്. തിരുവിതാംകൂറിന്റെ സാമ്പത്തികഭദ്രതയേയും ഈ രാജ്യത്തെ നവീകരിച്ച് വിവിധവശങ്ങളിൽ വികസിപ്പിക്കുന്നതിലുള്ള സൗകര്യങ്ങളെയും സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി മഹാരാജാവ് തിരുമനസ്സിൽനിന്നും ചെയ്തിട്ടുള്ള സ്വാതന്ത്ര്യപ്രഖ്യാനത്തോട് ഈ ബോർഡിന്റെ ആനുകൂല്യത്തെ രേഖപ്പെടുത്തുകയും തിരുമനസ്സിലെ ഹസ്തങ്ങളെ സുശക്തമാക്കുന്നതിന് യോഗത്തിന്റെ നിർലോഭമായ സഹകരണത്തെ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു."

അങ്ങനെ നായർ നേതാക്കന്മാരും എസ്സ്.എൻ.ഡി.പി. യോഗവും യോഗം നേതാക്കളും സ്വതന്ത്രതിരുവിതാംകൂർ പ്രസ്ഥാനത്തെ സർവ്വാത്മനാ സ്വാഗതം ചെയ്തപ്പോൾ ഇവിടുത്തെ ക്രൈസ്തവസമുദായം എന്ത് നിലപാട് സ്വീകരിച്ചുവെന്ന് ഒരു പഠനം നടത്തേണ്ടതാണ്. കത്തോലിക്കാ കോൺഗ്രസ്സ് സ്വതന്ത്ര തിരുവിതാംകൂർ വാദത്തെ അപലപിച്ച് പ്രമേയം പാസ്സാക്കി. സി.പി.യുടെ സ്വതന്ത്രതിരുവിതാംകൂർ വാദത്തെ അനുകൂലിച്ച ഒരു കത്തോലിക്കാ കോൺഗ്രസ്സ് നേതാവിനെ അഞ്ചുവർഷത്തേക്ക് കത്തോലിക്കാ കോൺഗ്രസ്സിൽനിന്ന് സസ്പെൻഡ് ചെയ്തു. അനന്തരം കത്തോലിക്കാ കോൺഗ്രസ്സ് പാസ്സാക്കിയ പ്രമേയത്തിലെ പ്രസക്തഭാഗങ്ങൾ താഴെ ചേർക്കുന്നു.

"തിരുവിതാംകൂർ ദിവാൻ സർ. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യത്തിന്റെ പേരിൽ തിരുവിതാംകൂറിനെ ഭാരതത്തിന്റെ ഇതരഭാഗങ്ങളിൽനിന്നു വേർപെടുത്തി ഒററതിരിക്കുന്നതിന് ചെയ്തുകൊണ്ടിരിക്കുന്ന ശ്രമങ്ങളെയും തൽസംബന്ധമായി ചെയ്തുകൊണ്ടിരിക്കുന്ന പ്രസ്താവനകളെയും ഈ കമ്മററി വളരെ ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. തിരുവിതാംകൂറിലെ ക്രിസ്ത്യാനികൾ വിശിഷ്യാ കത്തോലിക്കർ ഈ ശ്രമത്തിന്റെ പിന്നിലുണ്ടെന്ന് അദ്ദേഹം ഭാവിക്കുകയും പലപ്രാവശ്യം ആവർത്തിച്ചു പറയുകയും ഇന്നേവരെ ഇല്ലാതിരുന്ന ഒരു പ്രത്യേക മമത പ്രദർശിപ്പിക്കുകയും ചെയ്തുകാണുന്നതിൽ കമ്മററി അത്ഭുതപ്പെടുന്നു. രാജ്യത്തെ ഒററിക്കൊടുത്ത് കത്തോലിക്കരുടെ ഏതെങ്കിലും അവകാശം അതെത്ര ന്യായമായിരുന്നാലും അംഗീകരിക്കപ്പെടണമെന്നോ അനർഹമായ ഏതെങ്കിലും ആനുകൂല്യം സമ്പാദിക്കണമെന്നോ കത്തോലിക്കർ വിചാരിക്കുന്നില്ലെന്ന് വ്യക്തമാക്കിക്കൊള്ളുന്നു. ജനഹസ്തങ്ങളിലേക്ക് അധികാരം മാറിക്കിട്ടുകയാണ് തിരുവിതാംകൂർ ജനതയുടെ ഇന്നത്തെ അടിയന്തിരാവശ്യം. സർ. സി.പി. രാമസ്വാമി അയ്യർ ഈ ജനകീയ അവകാശവാദത്തെ നിരന്തരമായി തിരുവിതാംകൂർ ഭരണകൂടത്തിന്റെ സർവ്വശക്തികളും ഉപയോഗിച്ച് എതിർത്തുകൊണ്ടിരിക്കുകയാണ്. തന്റെ സ്വേച്ഛാധിപത്യത്തെ

www.malankaralibrary.com

പുലർത്തുന്നതിന് തിരുവിതാംകൂർ ജനതയെ അനവരതം അടിമത്തത്തിൽ താഴ്ത്തുന്നതിന്‌വേണ്ടി അദ്ദേഹം കണ്ടെത്തിയ ഒരു തന്ത്രമാണ് സ്വതന്ത്ര തിരുവിതാംകൂർ. തങ്ങളുടെ അവകാശങ്ങൾ ആരിൽനിന്നെങ്കിലും ദാനമായി വാങ്ങണമെന്ന് തിരുവിതാംകൂറിലെ കത്തോലിക്കർ വിചാരിച്ചിട്ടില്ല. ന്യായമായ അവകാശങ്ങൾ കണക്ക് പറഞ്ഞ് വാങ്ങുന്നതിനുള്ള പ്രാഗത്ഭ്യം തിരുവിതാംകൂറിലെ കത്തോലിക്കർക്കുണ്ട്. തിരുവിതാംകൂർ ജനതയുടെയും രാജകുടുംബത്തിന്റെയും ഭാവി ഭയാനകമാക്കിത്തീർക്കുന്ന തിരുവിതാംകൂർ സ്വാതന്ത്ര്യത്തെ അനുകൂലിച്ച് ഏതെങ്കിലും അവകാശം അതിന്റെ കോഴയായി പററുന്നതിന് കത്തോലിക്കർക്ക് നിർവ്വാഹമില്ല. തിരുവിതാംകൂർ ജനതയുടെയും രാജകുടുംബത്തിന്റെയും താൽപര്യങ്ങൾക്ക് ഏററം ഹാനികരമായ ഈ സ്വാതന്ത്ര്യപ്രസ്ഥാനത്തെ തിരുവിതാംകൂറിലെ കത്തോലിക്കർ അവരുടെ സർവ്വ കഴിവുകളും ഉപയോഗിച്ച് എതിർത്ത് പരാജയപ്പെടുത്തുമെന്ന് ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു.” ഇതുപോലെ ദേശീയ ചിന്താ പ്രചോദിതമായ പ്രമേയം പാസ്സാക്കിയ മററൊരു സമുദായ സംഘടനയും കേരളത്തിലില്ല.

www.malankaralibrary.com

## 13

# വിദ്യാഭ്യാസ വിപ്ലവം

പല തന്ത്രങ്ങളുപയോഗിച്ച് എൻ.എസ്സ്.എസ്സിനേയും എസ്സ്.എൻ.ഡി.പി.യേയും സി.പി. കൈയ്യിലെടുത്തു. ക്രിസ്ത്യാനികളെ തകർക്കാൻ ബദ്ധശ്രദ്ധനായിരുന്ന സി.പി. ക്രിസ്ത്യാനികൾക്കെതിരെ എൻ.എസ്സ്.എസ്സിനെയും എസ്സ്.എൻ.ഡി.പി. യോഗത്തെയും അണിനിരത്തുന്നതിലും വിജയിച്ചു. വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവർക്കായിരുന്നു മുൻതൂക്കം. ആ മുൻതൂക്കം തകർക്കുന്നതിനാണ് സി.പി. പരിശ്രമിച്ചത്. എതിർക്കുന്നവരോട് അതേ രീതിയിൽതന്നെ നേരിടുവാൻ ക്രൈസ്തവരും തയ്യാറായി. ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള ആത്മകഥയിൽ എഴുതിയിരിക്കുന്നു. "ഇനി എന്താണ് മാർഗ്ഗം. സ്റ്റേററ് കോൺഗ്രസ്സിനെയും ക്രിസ്ത്യാനികളെയും അമർച്ച ചെയ്യാൻ എന്നായി രാമസ്വാമി അയ്യരുടെ ചിന്ത. എൻ. എസ്സ്.എസ്സും എസ്.എൻ.ഡി.പി.യും കയ്യിലാണ്. ആ സംഘടനകളെക്കൊണ്ട് കത്തോലിക്കാസ്ഥാപനങ്ങളെ എതിർക്കുക. ഒരു പുതിയ ആശയം സി.പി. യുടെ തലയിൽ ഉദിച്ചു. ഉഷ്ണം ഉഷ്ണേന ശാന്തി എന്ന് പറയുംപോലെ വിദ്യാലയങ്ങളെ വിദ്യാലയങ്ങൾക്കൊണ്ട് എതിർത്തു പരാജയപ്പെടുത്തുക. എൻ.എസ്സ്.എസ്സിനും എസ്സ്.എൻ.ഡി.പി.ക്കും നായർക്കും ഈഴവർക്കും അങ്ങനെ പ്രത്യേകം പ്രത്യേകം ഹൈസ്കൂളുകളും കോളേജുകളും ഉണ്ടായാൽ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസമേഖല തകരും. സി.പി.യുടെ തലയിൽ ഉദയം ചെയ്ത ആശയം ഇതായിരുന്നു."

വിദ്യാഭ്യാസരംഗത്ത് സർക്കാർ ഒന്നും ചെയ്യാതിരുന്ന കാലഘട്ടത്തിൽ പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിച്ച ക്രൈസ്തവ സമൂഹം നാടൊട്ടുക്ക് പടുത്തുയർത്തിയ വിദ്യാഭ്യാസസ്ഥാപനങ്ങൾ സി.പി.യെ അസൂയാലുവാക്കി. ക്രൈസ്തവവിദ്യാഭ്യാസസ്ഥാപനങ്ങളെ വരിഞ്ഞുമുറുക്കുവാനും അവയെല്ലാം ദേശസാൽക്കരിക്കാനും നടത്തിയ ശ്രമങ്ങൾ പരാജയപ്പെട്ടു. സ്റ്റേററുകോൺഗ്രസ്സിൽ ഏറിയകുറും ക്രിസ്തീയ വിഭാഗങ്ങളിൽപ്പെട്ട ജനവിഭാഗങ്ങളാണെന്നുള്ളതുകൊണ്ട് അവരുടെ കെട്ടുറപ്പിനെയും പുരോഗതിയെയും തടസ്സപ്പെടുത്തുന്ന എല്ലാ നടപടികളും രൂക്ഷമായിത്തന്നെ സി.പി. കൈക്കൊണ്ടു. ഗവൺമെന്റിൽനിന്നുള്ള മററാനുകൂല്യങ്ങൾ നിറുത്തിയാൽ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസമേഖലയാകെ തകരുമെന്നും സി.പി. കണക്കുകൂട്ടി. സ്റ്റേററു കോൺഗ്രസ്സിന്റെ വിദ്യാഭ്യാസപ്രമേയം സി.പി.യെ പരാജയപ്പെടുത്തി. സി.പി.യുടെ പ്രവർത്തനങ്ങളിൽ അതൃപ്തി പൂണ്ട ക്രിസ്തീയസമൂഹം കൂടുതൽ വീറോടും വൈരാഗ്യത്തോടുംകൂടി കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിച്ചു. എതിർക്കുന്നവരോട് സന്ധിയില്ലാത്ത

www.malankaralibrary.com

സമരം ചെയ്യുവാൻ തന്നെ ക്രൈസ്തവർ തീരുമാനിച്ചു. ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള എഴുതുന്നു: "ഇനി എന്താണ് മാർഗ്ഗം. സ്റ്റേററ് കോൺഗ്രസ്സിനെയും ക്രിസ്ത്യാനികളെയും അമർച്ച ചെയ്യാൻ എന്നായി രാമസ്വാമി അയ്യരുടെ ചിന്ത. എൻ.എസ്സ്.എസ്സും എസ്സ്.എൻ.ഡി.പിയും കൈയ്യിലാണ്. ആ സംഘടനകളെക്കൊണ്ട് കത്തോലിക്കാ സ്ഥാപനങ്ങളെ എതിർക്കുക. ഒരു പുതിയ ആശയം സി.പി.യുടെ തലയിൽ ഉദിച്ചു. ഉഷ്ണം ഉഷ്ണേന ശാന്തി എന്നു പറയുംപോലെ വിദ്യാലയങ്ങളെ വിദ്യാലയങ്ങൾ കൊണ്ടെതിർത്തു പരാജയപ്പെടുത്തുക. എൻ.എസ്സ്.എസ്സിനും എസ്സ്.എൻ.ഡി.പി.ക്കും നായർക്കും ഈഴവർക്കും അങ്ങനെ പ്രത്യേകം പ്രത്യേകം ഹൈസ്കൂളുകളും കോളേജുകളും ഉണ്ടായാൽ ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസമേഖല തകരും. സി.പി.യുടെ തലയിൽ ഉദയം ചെയ്ത പുതിയ ആശയഗതി ഇതായിരുന്നു."

എൻ.എസ്സ്.എസ്സിനാണെങ്കിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കാര്യത്തിൽ കുറെയൊക്കെ പുരോഗതി കൈവന്നിട്ടുണ്ട്. പ്രൈമറി, മിഡിൽ, ഹൈസ്ക്കൂൾ എന്നിങ്ങനെ വിവിധ തരത്തിലുള്ള ഒട്ടനവധി സ്കൂളുകൾ തിരുവിതാംകൂറിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു വന്നിരുന്നു. പക്ഷേ കോളേജിന്റെ കാര്യത്തിൽ പിന്നോക്കമായിരുന്നു. ഒരൊററ കോളേജു പോലും സ്ഥാപിക്കാൻ എൻ.എസ്സ്.എസ്സിനു കഴിഞ്ഞിരുന്നില്ല. തിരുവിതാംകൂറിൽ രണ്ടോ, മൂന്നോ, ഗവൺമെന്റ് കോളേജുകൾ കഴിഞ്ഞാൽ ബാക്കിയുള്ളവയെല്ലാം ക്രിസ്ത്യൻ കോളേജുകൾ തന്നെയായിരുന്നു. "വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിൽ ക്രിസ്ത്യാനികൾക്കും അവരുടെ ദേവാലയങ്ങൾക്കുമുള്ള താല്പര്യത്തിന്റെ ഒരംശംപോലും അന്ന് ഹിന്ദുക്കൾക്കുണ്ടായിരുന്നില്ല."

എൻ.എസ്സ്.എസ്സിനെയും എസ്.എൻ.ഡി.പി.യെയുംകൊണ്ട് കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിപ്പിക്കുവാനും അങ്ങനെ ക്രൈസ്തവ വിദ്യാലയങ്ങളുടെ പ്രവർത്തനം മന്ദീഭവിപ്പിക്കുവാനും സി.പി. ശ്രമിച്ചു. ചങ്ങനാശ്ശേരിയിൽത്തന്നെ ഒരു കോളേജ് തുടങ്ങാമെന്ന് എൻ.എസ്സ്.എസ്സ്. സമ്മതിച്ചു. എസ്.എൻ.ഡി.പിയെക്കൊണ്ട് കൊല്ലത്ത് ഒരു കോളേജ് ആരംഭിക്കുന്നതിനും സി.പി. ശ്രമിച്ചു. കോളേജുകളുടെ പ്രവർത്തനത്തിനുവേണ്ടി പ്രത്യേകം കമ്മററികളും രൂപീകരിച്ചു. കൊല്ലത്തു കോളേജു തുടങ്ങാനുള്ള ശ്രമം പരാജയപ്പെട്ടു. എന്നാൽ നായർ സർവ്വീസ് സൊസൈററി കോളേജ് തുടങ്ങാൻതന്നെ തീരുമാനിച്ചു. ചങ്ങനാശ്ശേരിയിൽ ഒരു ക്രിസ്ത്യൻ കോളേജിനു സമീപം മറെറാന്ന് തുടങ്ങുക എന്നത് പ്രയാസകരവും ജനങ്ങൾക്ക് എതിർപ്പുളവാക്കുന്നതുമായിരുന്നു. എൻ.എസ്സ്.എസ്സിന്റെ നീക്കത്തിനെതിരെ ചങ്ങനാശ്ശേരിയിലെ പ്രബുദ്ധരായ ജനങ്ങൾ അണിനിരന്നു. നിവൃത്തിയില്ലാതെ

www.malankaralibrary.com

ചങ്ങനാശ്ശേരി കോളേജ് വേണ്ടെന്നു വച്ചു. മന്നവും നേതാക്കളും അപമാന ഭാരത്താൽ ക്ഷീണിതരായി. കോളേജ് തുടങ്ങുന്ന കാര്യത്തിൽ എൻ.എസ്സ്. എസ്സിനേക്കാൾ താത്പര്യം സി.പി.ക്കായിരുന്നു. ചങ്ങനാശ്ശേരിയിൽ കോളേജു തുടങ്ങുക അസാദ്ധ്യമെന്നു മനസ്സിലാക്കിയ സി.പി. തിരുവനന്ത പുരത്ത് കോളേജ് തുടങ്ങുന്നതിനെപ്പററി ആലോചിച്ചു. അഭിമാനസംരക്ഷ ണാർത്ഥം സി.പി. നിർദ്ദേശിക്കുന്ന ഏതു സ്ഥലത്തും കോളേജ് ആരംഭിക്കു വാൻ നായർ സർവ്വീസ് സൊസൈററി തയ്യാറായിരുന്നു. സി.പി. നാല്പത്തി യാറ് ഏക്കർ സ്ഥലം കോളേജ് പണിയുവാൻ സർവ്വീസ് സൊസൈററിക്ക് പതിച്ചു കൊടുത്തു. അഞ്ചുലക്ഷം രൂപയും സർക്കാർ നൽകി. ഒന്നാംഗ്രേഡു കോളേജിനുള്ള അനുവാദവും നൽകി.

ചങ്ങനാശ്ശേരിയിൽ പ്രീയൂണിവേഴ്സിററി ആരംഭിക്കാൻ സി.പി. നിർദ്ദേശിച്ചു. സന്തോഷപൂർവ്വം സൊസൈററി അതും സമ്മതിച്ചു. പക്ഷേ തിരുവിതാംകൂർ ഭാഗത്തുള്ള ഒരൊററ സ്വകാര്യകോളേജിൽപോലും പ്രീയൂണിവേഴ്സിററി തുടങ്ങുവാൻ ആരും തയ്യാറായില്ല. ചങ്ങനാശ്ശേരി കോളേജിനുവേണ്ടി സി.പി. പതിനേഴര ഏക്കർ സ്ഥലം എൻ.എസ്.എസിനു പൊന്നുംവിലയ്ക്ക് എടുത്തുകൊടുത്തു.

കൊല്ലത്ത് ആവശ്യത്തിനുള്ള സ്ഥലം പൊന്നുംവിലയ്ക്ക് കൊടു ക്കാമെന്നു പറഞ്ഞിട്ടും സെക്യൂരിററി വയ്ക്കാനുള്ള അഞ്ചുലക്ഷം രൂപയും മററ് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കാമെന്നു പറഞ്ഞിട്ടും എസ്.എൻ.ഡി.പി.ക്ക് കോളേജ് തുടങ്ങുവാൻ സാധിച്ചില്ല. എന്നാൽ എൻ.എസ്.എസ്. കോളേജ് തുടങ്ങുന്നുവെന്നറിഞ്ഞപ്പോൾ യോഗത്തിന് കോളേജ് വേണമെന്ന് തോന്നലുണ്ടായി.

ശ്രീ. കുമ്പളത്തു ശങ്കുപ്പിള്ള എഴുതിയിരിക്കുന്നു. "എങ്ങനെയും ക്രൈസ്തവവിഭാഗങ്ങളുടെ ശക്തിയില്ലാതാക്കുക എന്നതിനുമപ്പുറം സി.പി.ക്കൊന്നും ആഗ്രഹമുണ്ടായിരുന്നില്ല. സമുദായത്തിന്റെ പേരിൽ എസ്.എൻ.ഡി.പിക്ക് കിട്ടാവുന്ന എല്ലാ അവകാശങ്ങൾക്കും നിങ്ങൾ ശബ്ദ മുയർത്തണം. പക്ഷേ ഗവൺമെന്റ് ചെയ്യുന്ന മററെല്ലാ കാര്യങ്ങൾക്കും നിങ്ങൾ അനുകൂലമായി നിൽക്കുകയും വേണം. ഇതായിരുന്നു സി.പി.യും എസ്.എൻ.ഡി.പിയും തമ്മിലുള്ള അന്നത്തെ രഹസ്യകരാർ. അക്ഷരംപ്രതി അനുഷ്ഠിക്കാൻ ശ്രീ. ശങ്കർ സെക്രട്ടറിയായുള്ള എസ്.എൻ.ഡി.പി. തയ്യാറാ യിരുന്നു."

എന്നിട്ടും കോളേജ് ആരംഭിക്കുവാൻ സാധിച്ചില്ല. എന്നാൽ കൊല്ലത്ത് എൻ.എസ്.എസ്സിനേക്കൊണ്ട് ഒരു കോളേജ് ആരംഭിപ്പിക്കാമെന്ന ശ്രമത്തിലായി സി.പി. കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ എന്നും വിരുതു കാണിക്കുന്ന മന്നം അതിനു തയ്യാറായി മുന്നോട്ടുവന്നു. അത്

www.malankaralibrary.com

എസ്.എൻ.ഡി.പി. യോഗം പ്രതീക്ഷിച്ചില്ല. യോഗം ഉടൻതന്നെ കൊല്ലത്ത് കോളേജ് തുടങ്ങുവാൻ നടപടിയാരംഭിച്ചു. കൊല്ലം കന്റോൺമെന്റ് മൈതാനത്ത് 27 ഏക്കർ സ്ഥലം കോളേജിനുവേണ്ടി എസ്.എൻ.ഡി.പി.ക്കു നൽകി. ക്രിസ്ത്യാനികളുടെ വിദ്യാഭ്യാസമേഖല തകർക്കാൻവേണ്ടി മററു രണ്ടു കോളേജുകൾ കൂടി ആലപ്പുഴയിലും നാഗർകോവിലിലും തുടങ്ങാൻ സി.പി. തീരുമാനിച്ചു.

ശ്രീ. കുമ്പളം ഇങ്ങനെ എഴുതുന്നു:"സ്റ്റേററു കോൺഗ്രസ്സിനുവേണ്ടി സമുദായ സംഘടനയിൽ പ്രവർത്തിക്കാൻ പോയ ശങ്കർ സമുദായത്തിന്റെ തലപ്പത്തിരുന്നുകൊണ്ട് സ്റ്റേററ് കോൺഗ്രസ് പ്രവർത്തനങ്ങളെ എങ്ങനെ നശിപ്പിക്കാമോ ആ വഴികളിലൊക്കെ പ്രവർത്തിച്ചുതുടങ്ങി. ആലുവാ ശിവരാത്രിക്കു കണ്ട മട്ടുപോലും ശങ്കറിന് കോൺഗ്രസ്സിനോട് ഇല്ലായിരുന്നു. രാമസ്വാമി അയ്യർക്കുവേണ്ടി എന്തു ചെയ്യുവാനും ശങ്കർ തയ്യാറായിരുന്നു. സ്വതന്ത്ര തിരുവിതാംകൂറിനെ അനുകൂലിച്ചുകൊണ്ട് എസ്.എൻ.ഡി.പി. നിശ്ചയം പാസ്സാക്കി. മാത്രമല്ല, ആ നിശ്ചയം അച്ചടിച്ച് എല്ലാ ശാഖകളിലേക്കും അയച്ചുകൊടുത്തു. സി.പി.യെ പ്രീതിപ്പെടുത്തുവാൻ വേണ്ടിയാണ് ഇങ്ങനെ പ്രമേയം അവതരിപ്പിച്ചത്."

എസ്.എൻ.ഡി.പി.യെ പ്രലോഭിപ്പിച്ച് കൂട്ടത്തിൽ നിർത്തുവാൻ എല്ലാ മാർഗ്ഗങ്ങളും സി.പി. സ്വീകരിച്ചു. ഡിഗ്രിയെടുത്തു നിൽക്കുന്ന എല്ലാ ഈഴവയുവാക്കൾക്കും സർക്കാർ ജോലി വാഗ്ദാനം ചെയ്തു. ഇ. മാധവനും, ജഡ്ജി ശ്രീ. പത്മനാഭനും ഈ കാലയളവിലാണ് ഉദ്യോഗം ലഭിച്ചത്.

ശ്രീ. കുമ്പളം തുടരുന്നു:"സ്റേററു കോൺഗ്രസ്സിന്റെ പ്രവർത്തനങ്ങളെ വടി, തട ആയുധങ്ങൾ ഉപയോഗിച്ച് നശിപ്പിക്കാൻ വേണ്ടി സി.പി. ഉണ്ടാക്കിയ സിംസൺ പടയ്ക്കുപോലും ശങ്കറിന്റെയും എസ്.എൻ.ഡി.പിയുടെയും ധാർമ്മിക പിന്തുണ ഉണ്ടായിരുന്നു എന്നുള്ളതും ഒരു സത്യം മാത്രമാണ്. യോഗത്തിന്റെ പ്രസിഡന്റായിരുന്ന ശ്രീ. വി.കെ. വേലായുധനെ ലേബർ കമ്മീഷണറായി സി.പി. നിയമിച്ചതും ഈ അവസരത്തിലാണ്. ലേബർ കമ്മീഷണർ ഉദ്യോഗം കൈക്കലാക്കുവാൻ വേണ്ടി ശ്രീ. പി.എൻ. കൃഷ്ണപിള്ളയും ഒരു ശ്രമം ചെയ്തുനോക്കി. വാദപ്രതിവാദം ഇരുകക്ഷികളിലും ഉണ്ടായിത്തുടങ്ങിയപ്പോൾ രാമസ്വാമി അയ്യർതന്നെ നേരിട്ട് ശ്രീ. വേലായുധനെ ലേബർ കമ്മീഷണറായി നിയമിക്കുകയാണുണ്ടായത്. തിരുവിതാംകൂറിൽ ഇതുവരെയും ഒരു ലേബർഡിപ്പാർട്ടുമെന്റ് ഉണ്ടായിരുന്നില്ലെന്നുള്ളത് എടുത്തുപറയേണ്ട മറെറാരു കാര്യമാണ്."

www.malankaralibrary.com

(14)

# എൻ. എസ്സ്.എസ്സിന്റെ ചുവടുമാററം

ശ്രീ. കുമ്പളത്തുശങ്കുപ്പിള്ള തന്റെ ആത്മകഥയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "സ്വതന്ത്രതിരുവിതാംകൂറിനുവേണ്ടിയുള്ള പ്രചരണങ്ങൾ നാടൊട്ടുക്ക് നടത്താൻ സി.പി. ഒരു പ്ലാനിട്ടു. അതിനുവേണ്ടി ശതക്കണക്കിന് നേതാക്കന്മാരെയും ഉദ്യോഗസ്ഥന്മാരെയും ദിവാൻ നിയോഗിച്ചു. അവരുടെയൊക്കെ പേര് എടുത്തുപറയണമെന്ന് ഞാൻ ആഗ്രഹിക്കുന്നില്ല. കാരണം ഇന്ന് അവരിൽ പലരും രാഷ്ട്രീയപാർട്ടികളുടെ തലപ്പത്തും ഉദ്യോഗസ്ഥാദ്ധ്യക്ഷസ്ഥാനങ്ങളിലും ഇരിക്കുന്നുണ്ട്, അവരുടെയൊക്കെ മനസ്സാക്ഷിയെ ഞാൻ എന്തിനു തുറന്നു കാട്ടണം?"

ഉത്തരവാദഭരണപ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ പല നേതാക്കളും നിന്നനില്പിൽ മറുകണ്ടം ചാടിയവരാണ്. കുമ്പളത്തു ശങ്കുപ്പിള്ള എഴുതിയതുപോലെ അവരെയൊക്കെ പേരെടുത്ത് പറഞ്ഞ് ആക്ഷേപിക്കാൻ ആഗ്രഹിക്കുന്നില്ല.

തന്റെ സ്വന്തം വസ്തു പണയപ്പെടുത്തി ലഭിച്ച തുകയും തിരുവിതാംകൂർ ഗവൺമെന്റിൽനിന്നും ലഭിച്ച ലോണും ഉപയോഗിച്ചു ഇംഗ്ലണ്ടിൽ പോയി ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന ശ്രീ. എ. കെ. പിള്ള ഗാന്ധിജിയുടെ ആഹ്വാനം കേട്ട് പഠനം പൂർത്തിയാക്കാതെ സ്വാതന്ത്ര്യ സമരാവേശവുമായി തിരുവിതാംകൂറിൽ തിരിച്ചെത്തി നടത്തിയ ശ്രമങ്ങൾ അഭിമാനാർഹങ്ങളായിരുന്നു. സർ. സി.പി. രാമസ്വാമി അയ്യരെ 1931 ൽ തിരുവിതാംകൂർ മഹാരാജാവിന്റെ ഉപദേഷ്ടാവായി നിയമിക്കപ്പെട്ടപ്പോൾ അതിനെ എതിർക്കാൻ ധൈര്യസമേതം ഇറങ്ങിപ്പുറപ്പെട്ട ധീരനായിരുന്നു എ.കെ. പിള്ള. ഏത് അനീതിയേയും എതിർക്കാൻ തയ്യാറായി രംഗത്തെത്തിയ എ.കെ. പിള്ളയെ സി.പി. വളരെയധികം ദ്രോഹിച്ചിട്ടുണ്ട്. ആ പിള്ള പിന്നീട് കോൺഗ്രസ്സ് വിരോധിയായി മാറുകയും മൂന്നു തവണ ബ്രിട്ടീഷുകാർക്കുവേണ്ടി ലണ്ടനിൽ പോയി പ്രസംഗിക്കുകയും ചെയ്തു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായി തെററിയെങ്കിൽപ്പോലും എ.കെ. പിള്ള സി.പിയുടെ സ്വതന്ത്ര തിരുവിതാംകൂറിനുവേണ്ടി പ്രവർത്തിക്കുമെന്ന് ആരും വിചാരിച്ചില്ല. സി.പി.യുടെ സ്വതന്ത്രതിരുവിതാംകൂറിന്റെ പ്രചാരകനായി എ.കെ. പിള്ള പിന്നീട് മാറുകയുണ്ടായി. ആരും അദ്ദേഹത്തെ അനുകൂലിക്കാൻ ഉണ്ടായിരുന്നില്ല.

എ.കെ. പിള്ളയെപ്പോലെ മറുകണ്ടം ചാടിയ നിരവധി പേരുണ്ട്. ഒരു സ്വാതന്ത്ര്യസമരസേനാനിയുടെ, പെൻഷൻ റദ്ദുചെയ്യുമെന്നു പറഞ്ഞപ്പോൾ

www.malankaralibrary.com

സ്വാതന്ത്ര്യസമരം ഉപേക്ഷിച്ച് സി.പി.യുടെ പക്ഷം ചേർന്നവർ ഉണ്ട്. സ്വാതന്ത്ര്യസമരസേനാനിയായിരുന്ന ഒരു പ്രമുഖ നേതാവിനെ വിളിച്ച് ലേബർ ഓഫീസർ ജോലി നൽകിയപ്പോൾ സി.പിയുടെ പക്ഷത്തു ചേർന്ന ചരിത്രവും ഉണ്ട്. മജിസ്ട്രേററ് ഉദ്യോഗവും മററ് ഇതര ഉദ്യോഗങ്ങളും വച്ചുനീട്ടിയപ്പോൾ കൂടുവിട്ടുപോയവർ നിരവധിയാണ്. ഇത് വ്യക്തികളുടെ കഥ. സംഘടനകളും അങ്ങനെതന്നെയായിരുന്നു.

തിരുവിതാംകൂർ ചരിത്രം രചിച്ച സി. നാരായണപിള്ള ഇങ്ങനെ എഴുതിയിരിക്കുന്നു. "ഈ ഘട്ടത്തിൽ തിരുവിതാംകൂറിലുണ്ടായ അതിപ്രധാനമായ ഒരു സംഭവത്തെപ്പററിക്കൂടി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. 1946 ആഗസ്റ്റ് 13-ാം തീയതി ചങ്ങനാശ്ശേരിയിൽ കൂടിയ നായർ സർവ്വീസ് സൊസൈററിയുടെ ഡയറക്ടർമാരുടെ ബോർഡ്മീററിംഗ്, നായർ സർവ്വീസ് സൊസൈററി ഒരു സംഘടനയെന്ന നിലയിൽ രാഷ്ട്രീയകാര്യങ്ങളിൽ പങ്കെടുക്കേണ്ടതില്ലെന്നും എന്നാൽ ധാരാളമായി സ്റ്റേററ് കോൺഗ്രസ്സിനോട് ചേർന്ന് ദേശീയ പുരോഗതിക്ക് അനുരൂപമായി രാഷ്ട്രീയപരിപാടികൾ സ്വീകരിക്കണമെന്നും നായർ സമുദായത്തെ ഉൽബോധിപ്പിക്കുന്ന ഒരു പ്രമേയം അഞ്ചുപേരുടെ മാത്രം എതിർപ്പോടുകുടി പാസ്സാക്കുകയുണ്ടായി. ഈ പ്രമേയത്തിനനുകൂലമായും പ്രതികുലമായും പ്രക്ഷുബ്ധമായ വാദപ്രതിവാദങ്ങൾ ബോർഡ്മീററിംഗിൽ നടന്നു. അന്നുവരെ സ്റ്റേററ് കോൺഗ്രസ്സിനെയും അതിന്റെ പ്രചാരണമാർഗ്ഗങ്ങളെയും പല്ലും നഖവുമുപയോഗിച്ച് എതിർക്കുകയും സ്റ്റേററ് കോൺഗ്രസ്സിലെ നായന്മാർ കോടാലിക്കൈകളും വർഗീസിന്റെ ചൂണ്ടയിൽപ്പെട്ട മത്സ്യങ്ങളുമെന്നപലപിക്കുകയും ചെയ്തിരുന്ന നായർ സർവ്വീസ് സൊസൈററിയുടെ നൂതനമായ മാനസാന്തരത്തിന് നീതികരണം കണ്ടെത്തുകയെന്നുള്ളതായിരുന്നു ഈ ദീർഘമായ പ്രമേയത്തിന്റെ ഉദ്ദേശവും ഉള്ളടക്കവും. സാമ്രാജ്യശക്തി ഇന്ത്യവിടുവാൻ നിശ്ചയമെടുക്കുകയും അധികാരം രാഷ്ട്രീയ സംഘടനകൾക്ക് ഒഴിഞ്ഞുകൊടുക്കുവാനുള്ള ആലോചനങ്ങൾ ക്രമമമായി ഡൽഹിയിലും സിംലയിലും നടന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഇങ്ങനെ ഒരു നീതീകരണം കൂടാതെതന്നെ പ്രമേയത്തിന്റെ ഉദ്ദേശം വ്യക്തമായിരുന്നു. നായർ സർവ്വീസ് സൊസൈററി സഹകരിച്ചാലും ഇല്ലെങ്കിലും സർ. സി.പി.ക്ക് ദീർഘകാലം തിരുവിതാംകൂറിൽ തുടരുവാൻ സാധ്യമല്ലെന്നും ഉത്തരവാദഭരണം സ്ഥാപിക്കുകയല്ലാതെ മഹാരാജാവിനും ദിവാൻജിക്കും ഗത്യന്തരമില്ലെന്നും വിളിച്ചു പറയുന്നു സംഭവങ്ങളുടെ മാറെറാലികൾ വന്നലയ്ക്കുമ്പോൾ അന്നുവരെ സ്റ്റേററ് കോൺഗ്രസിനെ ദ്രോഹിച്ചിരുന്ന ഒരു സമുദായത്തിനും സംഘടനയ്ക്കും തിരുവിതാംകൂറിന്റെ ഭാവിഭാഗധേയങ്ങൾ നിർണ്ണയിക്കുവാനുള്ള സംരംഭങ്ങളിൽ ഭാഗഭാഗത്വം ലഭിക്കുകയില്ലെന്ന് സൊസൈററിയിലെ കുടിമൂത്ത വർഗ്ഗീയവാദികൾ പോലും മനസ്സിലാക്കിയിരിക്കണം.

www.malankaralibrary.com

അതുകൊണ്ട് ഈ തകിടംമറിച്ചിൽ അനുപേക്ഷണീയമായിരുന്നു. സ്വാതന്ത്ര്യപ്രവാഹം തിരുവിതാംകൂറിലിരച്ചുകയറുമ്പോൾ അതിനെ പ്രതിബന്ധപ്പെടുത്തുന്ന ശക്തികൾ ഒലിച്ചുപോകുകയല്ലാതെ നിലനിൽക്കുകയില്ലന്നാർക്കാണ് അറിഞ്ഞുകൂടാത്തത്. എങ്കിലും എല്ലാ വിശദീകരണങ്ങൾക്കും ന്യായവാദങ്ങൾക്കും നീതീകരണങ്ങൾക്കും ശേഷവും ആ പ്രമേയത്തിനുണ്ടായിരുന്ന പുളിപ്പ് ഇന്നും വായനക്കാർക്ക് അനുഭവപ്പെടാവുന്നതേയുള്ളൂ."

രാജ്യത്തിന്റെയോ സമൂഹത്തിന്റെയോ പൊതുനന്മയെ കാംക്ഷിക്കാതെ സ്വന്തം സമുദായത്തിന്റെ താല്പര്യം മാത്രം നോക്കി പ്രവർത്തിക്കുന്ന നായർ സമുദായം, മാറിവരുന്ന പശ്ചാത്തലത്തിൽ രൂപം കൊള്ളുന്ന സർക്കാരിൽ തങ്ങളുടെ സ്വാധീനം അല്പം ഉണ്ടാകണമെന്ന് കരുതിയാണ് സ്റ്റേററ് കോൺഗ്രസ്സിൽ കുടിയേറിയത്. നായർ സമുദായത്തിന് ചില ഗുണങ്ങളുണ്ടാകുമെന്ന് കരുതിയാണ് മന്നവും നായർ സർവ്വീസ് സൊസൈററിയും സി.പി. രാമസ്വാമി അയ്യർക്ക് പിന്തുണ പ്രഖ്യാപിച്ചത്. അതുമൂലം പലഗുണങ്ങളും സമുദായത്തിന് ലഭ്യമാകുകയും ചെയ്തു. തിരുവനന്തപുരത്ത് ഇപ്പോൾ മഹാത്മാഗാന്ധി കോളേജ് നിൽക്കുന്ന സ്ഥലവും പെരുന്ന എൻ.എസ്.എസ്. കോളേജ് നിൽക്കുന്ന സ്ഥലവും സർക്കാരിൽനിന്ന് കുടികിടപ്പുകാരെ ഒഴിപ്പിച്ചെടുത്ത് നൽകിയതാണ്. സമുദായാംഗങ്ങൾക്ക് ഉന്നതമായ ഉദ്യോഗങ്ങൾ വിളിച്ചുകൊടുക്കുവാനും മന്നം ശ്രമിക്കുകയും വിജയം വരിക്കുകയും ചെയ്തിട്ടുണ്ട്. സി.പി. രാമസ്വാമി അയ്യർക്കുള്ള പിന്തുണ പിൻവലിച്ചത് ഇനി സി.പി.യെക്കൊണ്ട് യാതൊരു പ്രയോജനവും ഇല്ലെന്ന് ബോദ്ധ്യപ്പെട്ടതിനുശേഷമാണ്. കേന്ദ്രത്തിലും തിരുവിതാംകൂറിലും ഒരു ഇടക്കാല ഗവൺമെന്റ് ഉണ്ടാകുമെന്നും അവരോട് ഒത്തു കൂടി നിൽക്കുന്നതാണ് നല്ലതെന്നും മന്നത്തിന് ബോദ്ധ്യപ്പെടുകയും ചെയ്തു.

ആർ. ശങ്കറിന്റെ ജീവചരിത്രഗ്രന്ഥകാരനായ എം.കെ. കുമാരൻ ഇങ്ങനെ എഴുതിയിരിക്കുന്നു. "മന്നത്ത് പത്മനാഭനും എൻ.എസ്സ്.എസ്സും സംയുക്തരാഷ്ട്രീയ പ്രക്ഷോഭണം ആരംഭിച്ച 1932 മുതൽ സ്റ്റേററ് കോൺഗ്രസ് പ്രക്ഷോഭണം പര്യവസാനിപ്പിക്കാൻ കാലമായ 1946 മദ്ധ്യം വരെ ഒരേനയം തന്നെ തുടർന്നു. അതുവരെയുള്ള സർക്കാരിന്റെ ജനമർദ്ദന നടപടികൾക്കെല്ലാം അവർ പിന്തുണ നൽകുകയും ചെയ്തു."

സ്വാതന്ത്ര്യം കിട്ടിയിട്ടും ഉത്തരവാദഭരണം നടന്നിട്ടും എസ്സ്.എൻ.ഡി.പി. സി.പിയുടെ നിഴലായി പ്രവർത്തിച്ചുകൊണ്ടിരുന്നു.

www.malankaralibrary.com

## 15

# എസ്.എൻ.ഡി.പി.യുടെ ചുവടുമാററം

എസ്.എൻ.ഡി.പി.യോഗം സ്റ്റേററ് കോൺഗ്രസ്സിനെ ആദ്യം പിന്തുണയ്ക്കുകയാണ് ചെയ്തത്. ഉത്തരവാദഭരണപ്രക്ഷോഭണത്തെയും സ്വാഗതം ചെയ്തു. യോഗത്തിന്റെ ഈ നിലപാട് സി.പി.യെ ക്രുദ്ധനാക്കി. യോഗം കമ്പനിനിയമമനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളതാണെന്നും അതിനാൽ യോഗത്തിന്റെ ലൈസൻസ് ക്യാൻസൽ ചെയ്യാതിരിക്കാൻ കാരണമുണ്ടെങ്കിൽ അറിയിക്കണമെന്നും കാണിച്ച് സർക്കാരിൽനിന്നും യോഗത്തിന് നോട്ടീസ് നൽകി. ആലപ്പുഴയിൽ ചേർന്ന യോഗത്തിന്റെ വാർഷിക സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട് അയ്യപ്പൻ നടത്തിയ പ്രസംഗത്തിൽ സർക്കാരിന്റെ വെല്ലുവിളി ഏററെടുക്കുന്നുവെന്ന് ധീരമായി പ്രഖ്യാപിച്ചു. യോഗം ആരംഭം മുതൽ രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിൽ ഇടപെട്ട് പ്രവർത്തിച്ചിട്ടുണ്ടെന്ന് സർക്കാരിനെ അറിയിക്കുകയും ചെയ്തു. അയ്യപ്പന്റെ പ്രസംഗത്തെപ്പററി ആർ.ശങ്കറിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ഗവൺമെന്റിന് യോഗത്തിന്റെ ലൈസൻസ് എടുത്തുകളയുവാൻ കഴിയുമെങ്കിലും അങ്ങനെ ചെയ്യുവാൻ ന്യായവും നിയമവുമില്ലെന്ന് മാത്രമാണ്, ഗവൺമെന്റിന്റെ നോട്ടീസിന് മറുപടിയായി യോഗത്തിന് ഗവൺമെന്റിനെ അറിയിക്കാനുള്ളത്. അന്യായമായും നിയമവിരുദ്ധമായും ഗവൺമെന്റ് അധികാരമുപയോഗിച്ച് യോഗത്തിന്റെ ലൈസൻസ് എടുത്തുകളയുകയാണെങ്കിൽ ആ ന്യായം യോഗം സഹിക്കുകതന്നെ ചെയ്യും. മനഃപൂർവ്വം ചെയ്യുന്ന തെററ് വഴിയെ തിരുത്തപ്പെട്ടുകൊള്ളുന്നതാണ്. യോഗം രാഷ്ട്രീയകാര്യങ്ങളിൽ ഏർപ്പെടുകയില്ലന്നോ ഏർപ്പെട്ടത് തെററാണെന്നോ സത്യത്തിനും നിയമത്തിനും സമുദായത്തിന്റെ ആവശ്യത്തിനും വിരുദ്ധമായി ഗവൺമെന്റിന്റെ താൽക്കാലികാവശ്യത്തിനുവേണ്ടി സമ്മതിച്ചുകൊടുത്ത് ലൈസൻസ് നിലനിർത്തി യോഗം നടത്തിയിട്ട് യോഗത്തിനോ സമുദായത്തിനോ ഒരു പ്രയോജനവുമില്ലെന്നുള്ള യോഗത്തിന്റെ നിലയിൽ നിന്നുകൂടി നോക്കി ഗവൺമെന്റ് മനസ്സിലാക്കേണ്ടതാണ്. ലൈസൻസ് എടുത്തുകളയുന്നതിലും കൂടുതലായി ഗവൺമെന്റ് യോഗത്തെ സംബന്ധിച്ചുദ്ദേശിക്കാൻ പാടില്ലായ്കയില്ല. ആ സ്ഥിതിക്ക് തലവെട്ടുവാൻ കഴിയുന്നവർ മുടിമുറിയ്ക്കുമോ ഇല്ലയോ എന്നാലോചിച്ച് നമ്മൾ വിഷമിക്കേണ്ടതില്ല എന്നേ ഈ സംഗതിയാൽ അവസാനമായി പറയാനുള്ളു."

എസ്.എൻ.ഡി.പി.യുടെ ധീരമായ ഈ നടപടി സി.പി.യെ വെറളിപിടിപ്പിച്ചു. സ്റ്റേററ് കോൺഗ്രസ്സ് പ്രവർത്തകരെ അറസ്റ്റ് ചെയ്തുകൊ

www.malankaralibrary.com

ണ്ടിരുന്നു. സി.പി.യുടെ ഷഷ്ട്യബ്ദി പൂർത്തിയാഘോഷത്തെ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ആർ. ശങ്കർ അതിഗംഭീരമായ ഒരു പ്രസംഗം കൊല്ലത്ത് ചെയ്തു. തുടർന്ന് ശങ്കറെ അറസ്റ്റ് ചെയ്തു. ശങ്കർ എസ്.എൻ.ഡി.പി. യോഗം ഡയറക്ടർ ബോർഡ് സ്ഥാനത്തുനിന്നും രാജിവയ്ക്കുകയും ചെയ്തു.

ആറുമാസത്തിനകം യോഗത്തിൽ വലിയ ഒരു മാററമുണ്ടായി. സി.പി.ക്ക് ധീരമായ മറുപടി കൊടുത്ത അയ്യപ്പന്റെ അദ്ധ്യക്ഷതയിൽ ആലപ്പുഴ 1939 ആഗസ്റ്റ് 14 ന് ചേർന്ന ബോർഡ് യോഗം സ്റ്റേററ് കോൺഗ്രസ്സുമായി എസ്.എൻ.ഡി.പി.ക്ക് യാതൊരു ബന്ധവുമില്ലെന്ന് പ്രഖ്യാപിക്കുകയും യോഗം ബോർഡ് അംഗങ്ങൾ സ്റ്റേററ് കോൺഗ്രസ്സ് പ്രവർത്തകസമിതിയിൽ അംഗങ്ങളായിരിക്കാൻ പാടില്ലെന്ന് നിശ്ചയിക്കുകയും ചെയ്തു. യോഗത്തിന്റെ ഈ ചുവടുമാററം മനസ്സിലാക്കിയ സി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വി.കെ. വേലായുധനെയും ശങ്കറിനെയും ജയിലിൽനിന്നും മോചിപ്പിച്ചു. ഈഴവനേതാക്കന്മാരും സി.പി.യും തമ്മിൽ ഉണ്ടാക്കിയ ധാരണയുടെയടിസ്ഥാനത്തിലാണ് ജയിൽ മോചനമെന്ന് നാടാകെ വാർത്തയായി. വേലായുധൻ ആ വാർത്ത നിഷേധിച്ചില്ല. എന്നാൽ ശങ്കർ അത് നിഷേധിക്കുകയും സ്റ്റേററ് കോൺഗ്രസ്സിൽ പ്രവർത്തിക്കുകയും ചെയ്തു. ശങ്കർ തുടർന്ന് പത്രങ്ങൾക്ക് നൽകിയ പ്രസ്താവനയിൽ "കോൺഗ്രസ്സിലെ രണ്ടംഗങ്ങളെ ജയിലിൽനിന്ന് മോചിപ്പിച്ചത് അവരുമായി ഉണ്ടാക്കിയ ധാരണയുടെയോ അവർ നല്കിയ ഉറപ്പിന്റെയോ ഫലമായിട്ടല്ലെന്നും ജയിൽ മോചിതരായവർ സ്റ്റേററ് കോൺഗ്രസ്സിന്റെ താൽപര്യങ്ങൾക്ക് വിരുദ്ധമായി യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നും സാമൂഹികവും രാഷ്ട്രീയവുമായ അനീതികൾക്കെതിരെ നിരന്തരമായി സമരം ചെയ്തിട്ടുള്ള ഈഴവ സമുദായം ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ പോലും ചവുട്ടിമെതിക്കപ്പെടുന്ന ഈ ഘട്ടത്തിൽ സ്വാതന്ത്ര്യസമരത്തിൽനിന്ന് പിന്തിരിയുകയോ ഒളിച്ചോടിപ്പോവുകയോ ചെയ്യുകയില്ലെന്നും ഭാവിചരിത്രം നമ്മെ ഭീരുക്കളും വഞ്ചകരുമായി ചിത്രീകരിക്കാനിടകൊടുക്കുന്ന ഒരു വാക്കും പ്രവർത്തിയും ഈഴവരിൽനിന്ന് ഉണ്ടാവുകയില്ലെന്നും സമുദായത്തിന്റെ സൽപേര് സംരക്ഷിക്കുവാൻ എല്ലാ ഈഴവരും മുന്നിട്ടിറങ്ങി പ്രവർത്തിക്കണമെന്നും പറഞ്ഞിരുന്നു. ശങ്കറിന്റെ പ്രസ്താവന സി.പി.യെക്കാളേറെ രോഷം കൊള്ളിച്ചത് ഈഴവനേതാക്കളെയായിരുന്നു."

## എൻ.എസ്.എസ്സിന്റെ തന്ത്രം

യോഗത്തിന്റെ ലൈസൻസ് റദ്ദു ചെയ്യുമെന്ന് സർക്കാർ ഭീഷണിപ്പെടുത്തിയപ്പോൾ അതിനെ ധീരമായി നേരിട്ട അയ്യപ്പൻ എന്തുകൊണ്ടാണ്

www.malankaralibrary.com

കോൺഗ്രസ്സുമായി ബന്ധം വേർപെടുത്തുവാൻ തീരുമാനിച്ചത്. ഈഴവനേതാക്കൾ – സി.പി.യുമായി ഇടഞ്ഞ സമയംനോക്കി ഈഴവസമുദായത്തിന്റെ താല്പര്യങ്ങൾ തകർക്കാൻ എൻ.എസ്സ്.എസ്സ്. ശ്രമിച്ചു. അതെപ്പററി എം.കെ. കുമാരൻ ആർ. ശങ്കറിന്റെ ജീവചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു "എസ്.എൻ.ഡി.പി.യോഗം സർ സി.പി.യുടെ ക്രോധത്തിന് പാത്രമായ സന്ദർഭംനോക്കി, നിവർത്തനപ്രസ്ഥാനം കൊണ്ട് ഈഴവർക്കു ലഭ്യമായ നേട്ടങ്ങൾ അപഹരിക്കാൻ നായർ സർവ്വീസ് സൊസൈററി പ്രയത്നം തുടങ്ങി. ബഹുഅംഗനിയോജകമണ്ഡലങ്ങളിലെ കൈമാററം ചെയ്യപ്പെടാനാവാത്ത ഒററവോട്ടു സമ്പ്രദായം, ഈഴവർക്ക് ലഭ്യമായ വമ്പിച്ച ഒരു നേട്ടമായിരുന്നു. അത് റദ്ദാക്കി എല്ലാ വോട്ടർമാർക്കും ഓരോ നിയോജകമണ്ഡലത്തിലും എത്ര സീററുകൾ ഉണ്ടോ അത്രയും വോട്ടുകൾ അനുവദിച്ചുകൊണ്ട് വോട്ടിംഗ് വ്യവസ്ഥ രേഖപ്പെടുത്തണമെന്ന നായർ സർവ്വീസ് സൊസൈററിയുടെ ആവശ്യം സർ സി.പി.യുടെ ഗവൺമെന്റ് അംഗീകരിച്ചു. ഇത് ഈഴവർക്ക് സംവരണം ചെയ്തിട്ടുള്ള സീററുകളിൽ സമുദായത്തിനിഷ്ടമുള്ളവരെ തെരഞ്ഞെടുക്കാനുള്ള സൗകര്യം ഇല്ലാതാക്കുക മാത്രമല്ല നായന്മാർക്കും മററു സമുദായക്കാർക്കും ഇഷ്ടമുള്ളവരെ തിരഞ്ഞെടുത്തയക്കുവാൻ സാദ്ധ്യമാക്കുകയും ചെയ്തു."

നായർ സർവ്വീസ് സൊസൈററിയും അപ്പോഴത്തെ പരിതസ്ഥിതികളിൽ സർ സി.പി.യുടെ ഗവൺമെന്റും ഈഴവരോട് പകവീട്ടാനൊരുങ്ങിയതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ സ്റ്റേററ് കോൺഗ്രസ്സിലെ മുതിർന്ന നായർ നേതാക്കന്മാർ പട്ടം താണുപിള്ള, ജി. രാമചന്ദ്രൻ തുടങ്ങിയവർ നായർ സർവ്വീസ് സൊസൈററിയുടെ നിലപാടിനെ പരസ്യമായി ന്യായീകരിച്ചു. ദേശീയതയുടെ പേരിൽ സർക്കാരിന്റെ ഈ ഈഴവദ്രോഹത്തെ പരസ്യമായി സ്റ്റേററ് കോൺഗ്രസിലെ കൊടിമൂത്ത നായർ പ്രമാണികൾ അനുകൂലിച്ചത് ഈഴവരുടെ ഈ നയം മാററത്തിന് കാരണമായി.

സവർണ്ണഹിന്ദുക്കൾക്ക് മുൻതൂക്കമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ അവശസമുദായങ്ങൾ വിശ്വസിക്കുന്നത് ആത്മഹത്യാപരമായിരിക്കുമെന്ന് ഈഴവനേതാക്കൾ അഭിപ്രായപ്പെട്ടു. മദ്രാസിലെ ചില അബ്രാഹ്മണകക്ഷികളും ഇതേ അഭിപ്രായക്കാരായിരുന്നു.

## നായർ ഈഴവ കൂട്ടുകെട്ട് 1944–ൽ

സ്റ്റേററ് കോൺഗ്രസ്സിന്റെ ഉത്തരവാദഭരണ പ്രക്ഷോഭണത്തിൽനിന്നും എസ്സ്.എൻ.ഡി.പി. പിന്മാറിയത് ദേശീയവാദികളായ ഈഴവനേതാക്കളെ വേദനിപ്പിച്ചു. 1944–ൽ നിയമസഭയുടെ കാലാവധി അവസാനിപ്പിച്ച് പുതിയ തിരഞ്ഞെടുപ്പ് നടത്താൻ സി.പി. തീരുമാനിച്ചു. തിരഞ്ഞെടുപ്പ് വിജ്ഞാപനം

www.malankaralibrary.com

പുറപ്പെടുവിച്ചു. ഈ തിരഞ്ഞെടുപ്പിൽ സ്റ്റേററ് കോൺഗ്രസ്സ് ഒരു പക്ഷത്തും എൻ.എസ്സ്.എസ്സ്. എസ്സ്.എൻ.ഡി.പി. സഖ്യം മറുവശത്തുമായി നിന്ന് ഉഗ്ര പോരാട്ടം നടത്തി. ആ തിരഞ്ഞെടുപ്പ് ഒരു പ്രഹസനം തന്നെയായിരുന്നു. കോൺഗ്രസ്സ് സ്ഥാനാർത്ഥികളിൽ മിക്കവരുടെയും നാമനിർദ്ദേശപത്രികകൾ തള്ളിക്കളഞ്ഞ് എൻ.എസ്സ്.എസ്സ്. എസ്സ്.എൻ.ഡി.പി. സ്ഥാനാർത്ഥികളെ ഏകപക്ഷീയമായി വിജയിപ്പിക്കുവാൻ സി.പി. കളമൊരുക്കി. നിവർത്തന പ്രക്ഷോഭണ വിജയത്തിനുശേഷം നായർ–സിറിയൻ ക്രിസ്ത്യൻ കൂട്ടുകെട്ടുണ്ടാക്കി, ഈഴവരെ തോല്പിക്കാൻ ശ്രമിച്ച എൻ.എസ്സ്.എസ്സ്. ഇപ്പോൾ എസ്സ്.എൻ.ഡി.പി. യെ സഖ്യത്തിലെടുത്ത് കോൺഗ്രസ്സിനെ തോല്പിക്കാൻ ശ്രമിച്ചു. എൻ.എസ്സ്.എസ്സ്.ന്റെ തന്ത്രം എന്നും അവസരവാദപരമായിരുന്നു. ഈ തിരഞ്ഞെടുപ്പിൽ എൻ.എസ്സ്.എസ്സ്.നെയും എസ്സ്.എൻ.ഡി.പി.യെയും സഖ്യകക്ഷികളാക്കാനും അവരെക്കൊണ്ട് കൂട്ടായി സ്ഥാനാർത്ഥികളെ നിർത്തി തിരഞ്ഞെടുപ്പിൽ മത്സരിപ്പിക്കുവാനും സി.പി.ക്ക് സാധിച്ചത് ഒരു നേട്ടമായി സർക്കാർ കണക്കാക്കി.

സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൾക്കും ഈഴവർക്കും ഉന്നതമായ ജോലികൾ സി.പി. വാഗ്ദാനം ചെയ്തു. സി.പി. പക്ഷം നിൽക്കുന്നവർക്ക് ആനുകൂല്യങ്ങൾ വാരിക്കോരി കൊടുത്തു. സ്റ്റേററ് കോൺഗ്രസ്സിന് ബദലായി തിരുവിതാംകൂർ നാഷണൽ കോൺഗ്രസ്സ് സി.പി.യുടെ ശ്രമഫലമായി രൂപീകരിച്ചു. നാഷണൽ കോൺഗ്രസ്സിൽ ചേർന്നത് പ്രധാനമായും നായർ നേതാക്കളായിരുന്നു.

റൗഡികളെയും ചട്ടമ്പിമാരെയും മദ്യപാനികളെയും റിക്രൂട്ട് ചെയ്ത് സ്പെഷ്യൽ പോലീസ് എന്ന പേരുകൾ നൽകി സംഘടിപ്പിച്ചിരുന്നതും അഞ്ചുരൂപാ പോലീസ് എന്ന് ജനങ്ങൾ പരിഹസിച്ചിരുന്നവരുമായ അക്രമികൾ രാജ്യമൊട്ടുക്ക് അധികാരികളുടെ അനുമതിയോടുകൂടി നടത്തിയ തേർവാഴ്ച പൊതുജീവിതത്തിന്റെ മാന്യതയും ധാർമ്മിക നിലവാരവും ലജ്ജാകരമാംവിധം ഉലച്ചിരുന്നു.

എസ്സ്.എൻ.ഡി.പി.യോഗത്തെ പിടിച്ചെടുക്കുന്നതിനുവേണ്ടി ആർ.ശങ്കറെ എസ്സ്.എൻ.ഡി.പി.യിലേയ്ക്ക് സ്റ്റേററ് കോൺഗ്രസ്സ് നേതാക്കൾ അയയ്ക്കുകയാണുണ്ടായത്. ശങ്കർ യോഗത്തെ പിടിച്ചെടുത്തില്ല. അതേ സമയം ശങ്കറെ യോഗം പിടിച്ചെടുത്ത് സ്റ്റേററ് കോൺഗ്രസ്സിന് എതിരാക്കി.

ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം ഉദ്ധരിക്കാം. (പുറം 364).

ഉത്തരവാദഭരണപ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ സ്റ്റേററ് കോൺഗ്രസ്സിൽ വിഭിന്ന സമുദായങ്ങളിൽപ്പെട്ടവർ ഉണ്ടായിരുന്നുവെങ്കിലും

www.malankaralibrary.com

ക്രൈസ്തവർക്കായിരുന്നു ഭൂരിപക്ഷം. ഉത്തരവാദഭരണം ലഭിക്കുമെന്ന നില വന്നപ്പോൾ അന്നുവരെ അതിനെ എതിർത്തവർ സ്റ്റേററു കോൺഗ്രസ്സിലേക്ക് ഇടിച്ചുകയറുകയും അന്നുവരെ അതിൽ നിലയുറപ്പിച്ച ത്യാഗമതികളെ പുറംതള്ളുവാൻ ശ്രമിക്കുകയും ചെയ്തു.

റിഫോംസ് കമ്മററി അതിന്റെ പ്രവർത്തനം നടത്തുന്ന അതേ കാലത്തുതന്നെ തിരുവിതാംകൂറിലെ രാഷ്ട്രീയസ്ഥിതിഗതികളെപ്പററി വിലയിരുത്തുവാനും ഭാവിയിൽ സ്വീകരിക്കേണ്ട രാഷ്ട്രീയ ലൈനിനെപ്പററി ചിന്തിച്ച് റിപ്പോർട്ടു സമർപ്പിക്കുന്നതിനുമായി എസ്സ്.എൻ.ഡി.പി. ആർ. ശങ്കർ കൺവീനറായി ഒരു കമ്മററിയെ നിയമിച്ചിരുന്നു. 1123 വൃശ്ചികം 7–ാം തീയതി ശങ്കർ കമ്മററി സമർപ്പിച്ച റിപ്പോർട്ട് ആർ.ശങ്കറിന്റെ ജീവചരിത്രത്തിൽ ചേർത്തിരിക്കുന്നത് താഴെ ഉദ്ധരിക്കട്ടെ.

“............. ബോർഡിൽനിന്നും നിയുക്തമായതനുസരിച്ച് കമ്മററി അംഗങ്ങൾ സമുദായത്തിലെ പൊതുജനാഭിപ്രായ നായകന്മാരിൽ പലരെയും, സ്റ്റേററ് കോൺഗ്രസ്സ്, സ്റ്റേററ് മുസ്ലീംലീഗ് മുതലായ ഇതര സംഘടനാപ്രവർത്തകരെയും പിന്നോക്കസമുദായ നേതാക്കന്മാരിൽ ചിലരേയും ഒന്നിലധികം പ്രാവശ്യം കാണുകയും ദീർഘമായ ചർച്ചകൾ നടത്തുകയും ചെയ്തു. പബ്ലിക് സർവ്വീസിലും നിയമസമിതികളിലും ഇതര പ്രതിനിധിസ്ഥാപനങ്ങളിലും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അനുവദിപ്പിക്കുക എന്നുള്ള ലക്ഷ്യത്തിൽനിന്ന് വ്യതിചലിച്ചുകൂടാ എന്നുമാത്രമല്ല, അതിനായി തീവ്രമായ പ്രക്ഷോഭണം നടത്തേണ്ടതാണെന്നും, പല സമുദായ നേതാക്കന്മാർക്കും, അവശസമുദായ പ്രവർത്തകർക്കും മുസ്ലീംലീഗുകാർക്കു തന്നെയും അഭിപ്രായമുള്ളതായി കണ്ടു. എന്നാൽ, പൂർണ്ണമായ ഉത്തരവാദഭരണം അനുവദിക്കപ്പെട്ടിരിക്കുന്ന ഈ അവസരത്തിൽ കേവലം ഒരു സാമുദായിക സംഘടന എന്ന നിലയിൽ തനി രാഷ്ട്രീയകാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ എസ്.എൻ.ഡി.പി.യോഗം ശ്രമിക്കുന്നതായാൽ ഒരു ഭൂരിപക്ഷമെന്ന നിലയിൽ ഉയർന്നുമാത്രം അധികാരം കരസ്ഥമാക്കേണ്ട ഇന്നത്തെ പരിതസ്ഥിതികളിൽ യോഗത്തിനു സ്വാഭാവികമായി വലിയ പരിമിതികൾ ഉണ്ടെന്നും, മററു സാമുദായിക സംഘടനകളുമായി യോജിച്ച് ഒരു ഭൂരിപക്ഷമായി പ്രവർത്തിക്കാനുള്ള സാദ്ധ്യത ഇപ്പോൾ കുറവാണെന്നും, രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തികമായ ക്ലേശങ്ങൾക്കു പരിഹാരമുണ്ടാക്കണമെങ്കിൽ രാഷ്ട്രം ഒന്നായിനിന്ന് ഒരു സോഷ്യലിസ്റ്റ് സാമ്പത്തിക പരിപാടി അംഗീകരിക്കുകയും, ഒരു ഭൂരിപക്ഷകക്ഷി അതു നടപ്പിൽ വരുത്തുവാൻ തുനിയുകയുമാണ് വേണ്ടതെന്നും, യോഗത്തിനു മാത്രമായി അപ്രകാരമൊന്നുംതന്നെ ഫലവത്തായി ചെയ്യുവാൻ സാദ്ധ്യമല്ലായ്കയാൽ, സമുദായത്തിന്റെ പ്രത്യേക അവശതകൾ പരിഹരിക്കുന്നതിന് എസ്.എൻ.ഡി.പി.യോഗം തുടർന്നു

www.malankaralibrary.com

പ്രവർത്തനം നടത്തുകയും, നിയമസഭാ തിരഞ്ഞെടുപ്പ്, സമാദരണീയമായ ഒരു സാമ്പത്തിക പരിപാടിയുടെ അംഗീകരണം, ഇവയ്ക്കുവേണ്ടി എല്ലാ യോഗാംഗങ്ങളും, ഈഴവർ പൊതുവെയും ഭിന്നിപ്പുകൂടാതെ സ്റ്റേററു കോൺഗ്രസ്സിൽ ചേർന്നു പ്രവർത്തിക്കേണ്ടതാണെന്നും ഒരുവിധം തൃപ്തികരമായി അതു സാദ്ധ്യമായാൽ ശുദ്ധരാഷ്ട്രീയസംഗതികൾ യോഗം ഉപേക്ഷിച്ച് എല്ലാവരും സ്റ്റേററ് കോൺഗ്രസ്സിൽ ചേരേണ്ടതാണെന്നുമാണ് സമുദായ പ്രമാണികളിൽ മിക്കവരുടെയും ദൃഢമായ അഭിപ്രായം."

"റിഫോംസ് കമ്മിററി അതിന്റെ റിപ്പോർട്ടു സമർപ്പിച്ചു കഴിഞ്ഞല്ലോ. ഇവിടത്തെ പിന്നോക്ക സമുദായങ്ങളിൽ മിക്കവർക്കും സംവരണം അനുവദിക്കപ്പെട്ടിരിക്കുന്നു. എന്നാൽ അമ്പതിനായിരത്തിൽ താഴെ ജനസംഖ്യയുള്ള സമുദായങ്ങളെ അവർ സംവരണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. അവരെ ഒന്നുചേർത്ത് അവർക്കും സംവരണം നൽകണമെന്നുള്ള യോഗം പ്രതിനിധികളുടെ വാദം ഭൂരിപക്ഷം അംഗീകരിച്ചില്ല. ബഹ്വംഗനിയോജക മണ്ഡലങ്ങളിൽ ഒററവോട്ടു ഏർപ്പാടു നടപ്പിൽ വരുത്തിയാൽ മാത്രമേ ഈഴവർക്കും നായന്മാർക്കും ശരിയായ പ്രാതിനിധ്യം ലഭിക്കുകയുള്ളു എന്നുള്ള യോഗം പ്രതിനിധിയുടെ വാദവും അംഗീകരിക്കപ്പെട്ടില്ല. അതിനാൽ ഒരു ഭിന്നറിപ്പോർട്ട് സമർപ്പിക്കുവാൻ യോഗം പ്രതിനിധി നിർബന്ധിതനായി. ഇത്രയും കുറവുകൾ കഴിച്ചാൽ ഈഴവർക്ക് ഒരുവിധം ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിക്കുന്നതിനു സാദ്ധ്യമാകത്തക്കരീതിയിൽ നിയോജകമണ്ഡലരൂപീകരണം ചെയ്തിട്ടുണ്ട്. ഒരു ഒററസമുദായമെന്ന നിലയിൽ മറേറതു സമുദായത്തേക്കാളും കൂടുതൽ വോട്ട് ഈഴവർക്ക് ലഭിക്കുന്ന ഇരുപത്തിരണ്ടു നിയോജകമണ്ഡലങ്ങൾ ഇപ്പോഴത്തെ വിഭജനത്തിൽ ഉൾപ്പെടുന്നു. എന്നാൽ ഇതരസമുദായങ്ങൾ ഒന്നുചേർന്നാലും നമുക്കു ഭൂരിപക്ഷമുള്ളതായി ഇക്കൂട്ടത്തിൽ ഒരു മണ്ഡലം മാത്രമേയുള്ളു. ബാക്കിയുള്ളവയിൽ പത്ത് എണ്ണത്തിൽ നമ്മുടെ ശക്തി ഇരുപത്തഞ്ചു ശതമാനത്തിനും മുപ്പത്തഞ്ചു ശതമാനത്തിനും ഇടയ്ക്കും ഒന്നിൽ അതിൽ താഴെയുമാണ്. ഇതിന്റെ അർത്ഥം മററുള്ളവരുമായി ചേർന്നുനിന്നല്ലാതെ തിരഞ്ഞെടുപ്പിൽ മത്സരിച്ചു ജയിക്കുക പ്രയാസമാണെന്നാണ്. നായന്മാരുടെ സ്ഥിതി നമ്മുടേതിലും മോശമാണ്. സിറിയൻ ക്രിസ്ത്യാനികൾക്കു മാത്രമേ അന്യാവലംബം കൂടാതെ തിരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയം വരിക്കുവാൻ സാദ്ധ്യതയുള്ളു. ഈ പരിതഃസ്ഥിതികളിൽ എല്ലാ സമുദായങ്ങളുടെയും സ്വാധീനം ഏറെക്കുറെയെങ്കിലും സമ്പാദിച്ചിട്ടുള്ള ഒരു രാഷ്ട്രീയ സംഘടനയ്ക്കായിരിക്കും വിജയസാദ്ധ്യത ഏറിയിരിക്കുന്നത്. ഇന്നു ആ നിലയിലുള്ള ഏക സംഘടന സ്റ്റേററ് കോൺഗ്രസ്സാണ്. അവരുമായി യോജിച്ചു പോകുന്നതിന്റെ സൗകര്യത്തെപ്പററി ഞങ്ങൾ ആലോചിച്ചു."

"സ്റ്റേററ് കോൺഗ്രസ്സ് പ്രസിഡന്റിനെയും വർക്കിംഗ് കമ്മിററിയിലെ

www.malankaralibrary.com

മററു പ്രമുഖ അംഗങ്ങളെയും ഞങ്ങൾ കണ്ടു. യോഗം ശുദ്ധരാഷ്ട്രീയ കാര്യങ്ങൾ ഉപേക്ഷിക്കുകയും ഈഴവർ ഒന്നായിത്തന്നെ കോൺഗ്രസ്സിൽ ചേരുകയും ചെയ്യുന്ന കാര്യത്തിൽ അവർ ആത്മാർത്ഥമായ താല്പര്യം പ്രകടിപ്പിച്ചു. ഉടനെ നടക്കുവാൻ പോകുന്ന പ്രതിനിധിസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ സംഖ്യാനുപാതികമായി ഈഴവർക്കു ലഭിക്കുവാനുള്ളിട ത്തോളംതന്നെ ഈഴവസ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നത് യോഗം പ്രതിനിധികളുമായി ആലോചിച്ചുമാത്രമായിരിക്കുമെന്നും, യോഗത്തിനു യാതൊരാശങ്കയ്ക്കും അവകാശമില്ലാത്തവണ്ണം തങ്ങളെ വിശ്വസിച്ചു പ്രവർത്തിക്കാമെന്നും അവർ ഉറപ്പു പറഞ്ഞു."

"ഈ സ്ഥിതിഗതികളിൽ ഈഴവരെ പ്രത്യേകം ബാധിക്കുന്ന എല്ലാ സംഗതികളിലും അവ രാഷ്ട്രീയച്ഛായ ഉള്ളവയായാലും അല്ലെങ്കിലും - യോഗം ഇന്നത്തെപ്പോലെ പ്രവർത്തിക്കുന്നതോടൊപ്പം, നിയമസഭാ തിര ഞ്ഞെടുപ്പ്, സാമ്പത്തിക പരിപാടിയുടെ പ്രവർത്തനം മുതലായ ശുദ്ധ രാഷ്ട്രീയ സാമ്പത്തിക കാര്യങ്ങളിൽനിന്ന് യോഗം ഒഴിഞ്ഞു നില്ക്കേണ്ട താണെന്നും മററുള്ളവരോടൊപ്പം ഈഴവരുടെയും രാഷ്ട്രീയതാല്പര്യങ്ങൾ സംരക്ഷിക്കുന്ന സംഗതിയിൽ ഈഴവർ സ്റ്റേററ് കോൺഗ്രസ്സിൽ ചേർന്ന് ഊർജ്ജിതമായി പ്രവർത്തിക്കേണ്ടതാണെന്നും യോഗത്തിന്റെ സാമൂഹി കവും വിദ്യാഭ്യാസപരവുമായ സംഗതികളിലും പബ്ലിക് സർവ്വീസിലെ ഉദ്യോഗസമ്പാദനം, ദേവസ്വം ഡിപ്പാർട്ടുമെന്റിൽ പ്രവേശനം, ദേവസ്വം ഭരണം മുതലായ കാര്യങ്ങളിൽ യോഗംമേലും ഊർജ്ജിതമായി പ്രവർത്തിക്കേണ്ട താണെന്നും ഉള്ള ഞങ്ങളുടെ അഭിപ്രായം ബോർഡുമുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു."

യോഗം ബോർഡ് 1123 വൃശ്ചികം 7-ാം തീയതി (1947 നവംബർ) സമ്മേളിച്ച്, ഈ റിപ്പോർട്ടിനെപ്പററി ചർച്ച ചെയ്ത് തീരുമാനമെടുത്തു. അതു സംബന്ധിച്ച പ്രമേയം അവതരിപ്പിച്ചത് ശങ്കറും അതിനെ പിന്താങ്ങിയത് കേരള കൗമുദി പത്രാധിപർ കെ. സുകുമാരനുമായിരുന്നു. പ്രമേയം താഴെ ചേർക്കുന്നു.

"എസ്.എൻ.ഡി.പി.യോഗം ഉൾപ്പെടെ ഈ രാജ്യത്തെ എല്ലാ സംഘടനകളും ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഉത്തരവാദഭരണം സംസിദ്ധ മായിരിക്കുന്ന ഈ ഘട്ടത്തിൽ യോഗത്തിന്റെ രാഷ്ട്രീയനയം പുനഃപരി ശോധന ചെയ്യേണ്ടതാണെന്നുള്ള 26-2-1123 ലെ യോഗം ബോർഡിന്റെ തീരുമാനമുസരിച്ച് നിയുക്തമായിരുന്ന സബ്കമ്മിററി സമർപ്പിച്ച റിപ്പോർട്ട് ഈ ബോർഡിന്റെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമായി ..................

രാജ്യത്തെ എല്ലാ ജനവിഭാഗങ്ങളെയും ഉൾക്കൊള്ളത്തക്ക കഴിവും പ്രവർത്തനവ്യാപ്തിയുമുള്ള ഒരു രാഷ്ട്രീയകക്ഷിക്കല്ലാതെ ഒരുവിധമായ

www.malankaralibrary.com

സാമ്പത്തിക പരിപാടിയും പ്രയോഗത്തിൽ വരുത്താവുന്നതല്ല. എസ്.എൻ.ഡി.പി. യോഗത്തെപ്പോലെയുള്ള ഒരു സംഘടനയ്ക്ക് ഒരു ഭൂരിപക്ഷമായി വികസിക്കുവാൻ സാദ്ധ്യമാകാത്തവണ്ണം അതിനു സ്വാഭാവികമായ പരിമിതികൾ ഉണ്ട്. ജനകീയഭരണം ഭൂരിപക്ഷത്തിന്റെ ഭരണമാണ്. ഭൂരിപക്ഷകക്ഷിയായിത്തീരാൻ സാദ്ധ്യമല്ലാത്ത ഒരു കക്ഷിയായി ഒററതിരിഞ്ഞു നിൽക്കാൻ യോഗം ശ്രമിക്കുന്ന പക്ഷം ആയതു യോഗത്തിനും സമുദായത്തിനും രാജ്യത്തിനും ദുർബലതയും ദോഷവും ഉണ്ടാക്കുകയേയുള്ളു എന്ന് ബോർഡു കരുതുന്നു. ഒരു ഭൂരിപക്ഷ കക്ഷി എന്ന നിലയിൽ ഭരണത്തിന്റെ ഉത്തരവാദിത്വം കൈയേൽക്കുന്നതിനും എല്ലാവർക്കും സ്വീകാര്യമായ ഒരു സാമ്പത്തികപദ്ധതി അംഗീകരിച്ചു പ്രയോഗത്തിൽ വരുത്തുന്നതിനും സാദ്ധ്യമാകത്തക്കവണ്ണം വിവിധ ജനവിഭാഗങ്ങളുടെ വിശ്വാസം ആർജ്ജിച്ചിട്ടുള്ള ഏക സംഘടന തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സാണ്. ആയതിനാൽ എസ്.എൻ.ഡി.പി. യോഗം രാഷ്ട്രീയപ്രവർത്തനങ്ങളിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയും, ഈഴവർ അവരുടെ രാഷ്ട്രീയ മോക്ഷ സമ്പാദനത്തിനായി സ്റ്റേററു കോൺഗ്രസ്സിൽ ചേർന്നു ശക്തമായി പ്രവർത്തിക്കുകയും ചെയ്യേണ്ടതാണെന്നും ഈ ബോർഡു ദൃഢമായി അഭിപ്രായപ്പെടുന്നു. ഈഴവരുടെ വിദ്യാഭ്യാസപരമായ അവശത, പബ്ലിക് സർവ്വീസിലെ പ്രാതിനിധ്യക്കുറവ് ഇവ പരിഹരിക്കുന്നതിന്, ദേവസ്വം ഡിപ്പാർട്ടുമെന്റിൽ പ്രവേശനം സമ്പാദിക്കുന്നതിനും, ദേവസ്വം ഭരണം ഹിന്ദുസമുദായങ്ങളുടെ അധികാരത്തിൽ കൊണ്ടുവരുന്നതിനും, ഈഴവരുടെ സാമൂഹിക സ്ഥിതി ഉയർത്തുന്നതിനുമായി യോഗം സ്വീകരിച്ചിട്ടുള്ള പരിപാടികളുടെ പ്രവർത്തനം യോഗം ഏററവും ഊർജ്ജിതമായി തുടർന്നുകൊണ്ടുപോകേണ്ടതാണെന്നും ഈ ബോർഡു കരുതുന്നു. അതിനാൽ പ്രതിനിധിസഭയിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്, സർവ്വാദരണീയമായ ഒരു സാമ്പത്തിക പരിപാടിയുടെ പ്രവർത്തനം മുതലായ ശുദ്ധസാമ്പത്തിക-രാഷ്ട്രീയ കാര്യങ്ങളിൽനിന്ന് എസ്.എൻ.ഡി.പി. യോഗം ഒഴിഞ്ഞു നിൽക്കണമെന്നും ഈ രാജ്യത്തെ ഇതരസമുദായങ്ങളുടെ പുരോഗതിയോടൊപ്പം ഈഴവരുടെയും രാഷ്ട്രീയമോക്ഷപ്രാപ്തിക്കായി എല്ലാ ഈഴവരും തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സിൽ ചേർന്ന് പ്രവർത്തിക്കേണ്ടതാണെന്നും ആ വഴിക്ക് ഈ രാജ്യത്ത് ഒരുമയും സമാധാനവും സംതൃപ്തിയും കൈവരുത്തുന്നതിന് ആരുടെയും പിന്നിലല്ലാതെ പ്രയോജനകരമായി പ്രവർത്തിക്കുന്നതിന് ഈഴവർ ഒന്നാകെ സന്നദ്ധരാകണമെന്നും ഈ ബോർഡ് തീരുമാനിക്കുന്നു."

സബ്കമ്മററി റിപ്പോർട്ടിലെയും അതിന്റെയടിസ്ഥാനത്തിൽ എസ്.എൻ.ഡി.പി. ഡയറക്ടർ ബോർഡ് എടുത്ത തീരുമാനങ്ങളിലെയും പ്രസക്ത ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്.

www.malankaralibrary.com

ചെയ്ത തെററിൽ പശ്ചാത്തപിക്കാതെ സ്റ്റേററ് കോൺഗ്രസ്സിലേക്കു കടന്നുവരുവാനുള്ള പശ്ചാത്തലമൊരുക്കലാണ് സബ്ബ്കമ്മററി റിപ്പോർട്ടിലും ഡയറക്ടർബോർഡ് യോഗത്തിലും പ്രകടമായി കാണുന്നത്. ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ ആ സംഘടനയിലേക്ക് കടന്നുവരുന്നവരെ സഹർഷം സ്വാഗതം ചെയ്യാൻ കടമയുണ്ട്. ഇന്നലെകളെ പഴിക്കാതെ കഴിയുന്നത്ര ആളുകളെ യോജിപ്പിച്ചുകൊണ്ടുവരാനാണല്ലോ പാർട്ടികൾ ശ്രമിക്കേണ്ടത്. ആ രംഗത്ത് സ്റ്റേററ് കോൺഗ്രസ്സ് നേതൃത്വം മാന്യമായി പ്രവർത്തിച്ചു.

ഉടനെ നടക്കാൻ പോകുന്ന പ്രതിനിധിസഭയിലേക്കുള്ള തിരഞ്ഞെടുപ്പിൽ സംഖ്യാനുപാതികമായി ഈഴവർക്കു ലഭിക്കുവാനുള്ളിടത്തോളം തന്നെ ഈഴവസ്ഥാനാർത്ഥികളെ തിരഞ്ഞെടുക്കുന്നത് യോഗം പ്രതിനിധികളുമായി ആലോചിച്ചുമാത്രമായിരിക്കുമെന്ന് യോഗത്തിന് യാതൊരു ശങ്കയ്ക്കും അവകാശമില്ലാത്തവണ്ണം ഉറപ്പുകൊടുത്ത സ്റ്റേററ് കോൺഗ്രസ്സ് വർഗീയകക്ഷികളുടെ വലയിൽ വീഴുകയാണ് ചെയ്തത്. ഇതേ വ്യവസ്ഥയുമായി എൻ.എസ്.എസ്. വന്നപ്പോഴും കോൺഗ്രസ്സ് അതു സ്വീകരിച്ചു.

തനി ദേശീയ കക്ഷിയായി രൂപംകൊണ്ട സ്റ്റേററ് കോൺഗ്രസ്സ് ഇത്രമാത്രം വർഗ്ഗീയ കക്ഷികൾക്കടിമപ്പെട്ടുപോയതിൽ ജനാധിപത്യ വിശ്വാസികൾ ദുഃഖിച്ചു. ഒരു ദേശീയകക്ഷിയുടെ സ്ഥാനാർത്ഥികളെ വർഗീയാടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ തീരുമാനിച്ചതും വർഗീയാടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന സ്ഥാനാർത്ഥികൾ ആരൊക്കെയായിരിക്കണമെന്ന് നിശ്ചയിക്കാൻ വർഗീയകക്ഷികളെ ചുമതലപ്പെടുത്തിയതും ദേശീയ നവോത്ഥാനത്തിന് ഏററ ഏററവും വലിയ ആഘാതമായിരുന്നു.

സ്റ്റേററ് കോൺഗ്രസ്സ് ക്രിസ്ത്യാനികളുടെ കോൺഗ്രസ്സ് ആണെന്ന് ആക്ഷേപം ഉന്നയിക്കുകയും സ്റ്റേററ് കോൺഗ്രസ്സിന്റെ ദേശീയ സ്വഭാവത്തിന്മേൽ വർഗീയവാദികൾ ആരോപണം ഉന്നയിക്കുകയും ചെയ്തപ്പോൾ "കത്തോലിക്കാ കോൺഗ്രസ്സ് മാനേജിംഗ് കമ്മററിയിലും ജോയിന്റ് പൊളിററിക്കൽ കോൺഗ്രസ്സിലും സംയുക്തപാർട്ടിയിലുമുള്ള അംഗങ്ങൾ സ്റ്റേററ് കോൺഗ്രസ്സ് കമ്മിററിയുടെ അപ്പഴപ്പോഴുള്ള നിർദ്ദേശങ്ങളും നിശ്ചയങ്ങളുമനുസരിച്ച് പ്രവർത്തിക്കണമെന്നും അഭിപ്രായഭിന്നതകളുണ്ടാകുമ്പോൾ അവർ കോൺഗ്രസ്സ് വർക്കിംഗ് കമ്മിററിയുടെ നിശ്ചയമനുസരിച്ച് പ്രവർത്തിക്കണമെന്നും" ഒരു പ്രമേയത്തിലൂടെ സ്വസമുദായങ്ങളോട് ആഹ്വാനം ചെയ്ത കത്തോലിക്കാകോൺഗ്രസ്സ് ഈ സന്ദർഭത്തിൽ കാഴ്ചക്കാരായി നോക്കി നിൽക്കേണ്ടിവന്നു. സ്റ്റേററ് കോൺഗ്രസ്സിനെ ആദ്യന്തം എതിർത്ത എസ്.എൻ.ഡി.പി. യോടും എൻ.എസ്.എസി നോടും കോൺഗ്രസ്സ് സ്ഥാനാർത്ഥികളെ നിശ്ചയിക്കുമ്പോൾ ഈഴവരായും നായരായും വരുന്ന സ്ഥാനാർത്ഥികൾ ആരായിരിക്കണമെന്ന്

www.malankaralibrary.com

തിരഞ്ഞെടുക്കുവാൻ ചുമതലപ്പെടുത്തിയപ്പോൾ സ്റ്റേററ് കോൺഗ്രസ്സിൽ അടിയുറച്ച് വിശ്വസിക്കുകയും ത്യാഗങ്ങൾ അനുഭവിക്കുകയും ചെയ്ത ഈഴവ സമുദായാംഗങ്ങളും നായർ സമുദായാംഗങ്ങളും സ്വാഭാവികമായും പുറംതള്ളപ്പെട്ടു. എന്നാൽ എസ്.എൻ.ഡി.പി.യും എൻ.എസ്.എസും ആവശ്യപ്പെട്ടതുപോലെ ക്രൈസ്തവസ്ഥാനാർത്ഥികളെ നിശ്ചയിക്കുമ്പോൾ തങ്ങളോടാലോചിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ്സോ ക്രൈസ്തവ സംഘടനകളോ മതാദ്ധ്യക്ഷന്മാരോ ആവശ്യപ്പെട്ടില്ല.

വർഗ്ഗീയ കക്ഷികളോടുള്ള പ്രീണനനയമാണ് കോൺഗ്രസ്സ് സംഘടന ഇവിടെ തകരുന്നതിനും വർഗീയ ചിന്താഗതികൾ വളരുന്നതിനും ഇട നൽകിയത്.

ഉത്തരവാദഭരണ പ്രക്ഷോഭണകാലത്ത് കാരിരുമ്പഴിക്കുള്ളിൽകിടന്ന് നരകയാതന അനുഭവിച്ചവരും മർദ്ദനങ്ങൾ ഏററവരും നിസ്സഹായരായി നോക്കിനിൽക്കുമ്പോൾ സർ സി.പി.യുടെ സ്തുതിപാഠകരും സ്വാതന്ത്ര്യ സമരസേനാനികളെ സിംസൺ പടയെക്കൊണ്ട് ആക്രമിക്കാൻ കൂട്ടുനിന്ന വരും സ്റ്റേററ് കോൺഗ്രസ്സിനെ ആറടിമണ്ണിൽ കുഴിച്ചുമൂടുമെന്ന് പ്രഖ്യാപി ച്ചവരും സ്റ്റേററ് കോൺഗ്രസ്സ് നേതാക്കളായി വിലസുന്ന കാഴ്ചയാണ് തിരുവിതാംകൂർ ദർശിച്ചത്. സ്റ്റേററ് കോൺഗ്രസ്സിൽ അവകാശവാദങ്ങളൊന്നു മുന്നയിക്കാതെ കാഴ്ചക്കാരെപ്പോലെ നോക്കിനിന്ന സ്വാതന്ത്ര്യസമര സേനാനികളുടെ ഹൃദയവികാരങ്ങൾ മനസ്സിലാക്കാൻ ആർക്കു സാധിക്കു മായിരുന്നു. തിരുവിതാംകൂറിന്റെയും കേരളത്തിന്റെയും ചരിത്രത്തിൽ ഇനി നാം കാണുന്നത് ഏതാനും വർഗ്ഗീയകക്ഷികളുടെ – വർഗീയ വാദികളുടെ നേതൃത്വത്തിന്റെ അപകടകരമായ നീക്കങ്ങളാണ്.

ശ്രീ. ആർ. ശങ്കറിന്റെ ജീവചരിത്രം രചിച്ച എം.കെ. കുമാരൻ ചരിത്രത്തെ വർഗീയ ചിന്തകൾക്കുള്ളിൽനിന്ന് വിലയിരുത്തുവാനും ശങ്കറിന്റെ കാലുമാററങ്ങളും ഉരുണ്ടുകളികളും രാജ്യനന്മയ്ക്കുവേണ്ടി ചെയ്ത ത്യാഗങ്ങളാണെന്ന് വിലയിരുത്തുവാനും ശ്രമിച്ചിരിക്കുകയാണ്. കമ്മ്യൂണിസ്റ്റുകാരനായ എം.കെ. കുമാരന് ഇതിന് എങ്ങനെ കഴിഞ്ഞു? ഇവിടുത്തെ കമ്മ്യൂണിസവും വർഗീയ ചിന്തകൾക്ക് വിധേയമാണോ?

ശ്രീ. എം.എൻ. ഗോവിന്ദൻനായരുടെ ആത്മകഥയിൽ ഇപ്രകാരം പറയുന്നു. "ശ്രീ. പട്ടം ഉൾപ്പെടെയുള്ള കോൺഗ്രസ്സ് നേതാക്കന്മാരെ സമര ത്തിലേക്ക് നയിച്ചത് താനാണെന്ന് അഭിമാനിക്കുകയും അഹങ്കരിക്കുകയും ചെയ്തിരുന്ന ആളായിരുന്നു സ. ശ്രീകണ്ഠൻ നായർ. ശിവരാത്രിക്ക് ആലുവാ മണൽപ്പുറത്തുവച്ചു കണ്ട പരിചയംപോലും അദ്ദേഹത്തോടും അദ്ദേഹത്തിന്റെ അനുയായികളോടും കോൺഗ്രസ്സ് കാണിച്ചില്ല .................. ഏതായാലും തിരഞ്ഞെടുപ്പിന് മുമ്പ് അവരും കോൺഗ്രസ്സ് വിട്ടുപോയി.

www.malankaralibrary.com

അകത്തുവന്നവരോ സി.പി.യുടെ സേവകവൃന്ദം ഒന്നടങ്കം ക്ഷമിക്കണം പ്രൈവററ് സെക്രട്ടറി ചിദംബരവും പ്രസ്സ് സെക്രട്ടറി ഹരിഹരനും ഒഴിച്ചുള്ളവർ എല്ലാം പുരമേയുന്നതിന് തലേദിവസം എലി മാളം മാറുന്നതുപോലെ, ശ്രീ. മന്നത്തു പത്മനാഭൻ അല്പം നേരത്തെതന്നെ കാലുമാറി ചവുട്ടിയിരുന്നു. ഞങ്ങൾ ചാരിക്കൊടുത്ത ഏണി അദ്ദേഹം ഫലപ്രദമായി ഉപയോഗിച്ചു. ശ്രീ.പി.കെ. കുഞ്ഞ്, ആർ. ശങ്കർ തുടങ്ങി സ്റ്റേററ് കോൺഗ്രസ്സ് പ്രസ്ഥാനത്തെയും ഉത്തരവാദഭരണപ്രക്ഷോഭണ ത്തെയും ആരൊക്കെ എതിർത്തിരുന്നോ അവരെല്ലാം കോൺഗ്രസ്സിൽ. ഞങ്ങൾ കോൺഗ്രസ്സിൽനിന്നും പുറത്തുപോയപ്പോൾ ആഹ്ളാദിച്ചവർ അന്ന് കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. ഞങ്ങളെ കൂട്ടക്കൊല നടത്തിയപ്പോൾ അതർഹിക്കുന്നവരാണ് ഞങ്ങളെന്ന് വിധിച്ചവർ കോൺഗ്രസ്സിലുണ്ടാ യിരുന്നു. എന്നാൽ, അവരെല്ലാം ഞെട്ടിപ്പോയത് കോൺഗ്രസ്സിന്റെ സ്ഥാനാർ ത്ഥികളുടെ ലിസ്റ്റ് പുറത്തുവന്നപ്പോഴാണ്. ശ്രീ.മന്നത്തു പത്മനാഭനും, ആർ. ശങ്കറിനും, പി.കെ. കുഞ്ഞിനും സ്ഥാനാർത്ഥിത്വം ലഭിച്ചു. സ്ഥാനാർത്ഥി കളില്ലാതിരുന്ന മണ്ഡലങ്ങളിൽ മാത്രമേ, എക്കാലവും കോൺഗ്രസ്സിന്റെ ശക്തികേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങളിൽപോലും, കോൺഗ്രസ്സിന്റെ കൊടിയും പിടിച്ചു നടന്നവർക്ക് മത്സരിക്കുന്നതിനുള്ള ടിക്കററ് നൽകുകയുണ്ടായുള്ളു. നായർക്കും ഈഴവർക്കും മുസ്ലീമിനും വേണ്ടാത്ത സീററിനുള്ള അവകാശി സ്വാഭാവികമായി പള്ളിയാണല്ലോ. അവർ ആ ചുമതല അഭിമാനപൂർവ്വം ഏറെറടുത്തു. അങ്ങനെ കോൺഗ്രസ്സിന്റെ ഉള്ളട ക്കത്തിൽ മൗലികമായ മാററം സംഭവിച്ചു. അവരണിഞ്ഞിരുന്ന ദേശീയത്വ ത്തിന്റെയും ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയുമായ മോഹിനീ വേഷം ഉപേക്ഷിച്ചു. അവരുടേതായ സ്വന്തം ജാതിമാളങ്ങളിലേക്ക് ഓരോരു ത്തരും മടങ്ങി. നിർഭാഗ്യമെന്നു പറയട്ടെ, ദേശീയത്വവും ജനാധിപത്യവും മതേതരത്വവും രാഷ്ട്രത്തിന്റെ അടിസ്ഥാനതത്വങ്ങളായി അംഗീകരിക്കേണ്ടത് അതിന്റെ സുസ്ഥിരതയ്ക്കും പുരോഗതിക്കും അനിവാര്യമാണെന്ന് അവർ ധരിച്ചില്ല. അവയെ സ്വന്തം വിശ്വാസപ്രമാണങ്ങളായി അംഗീകരിച്ച് കണ്ണിന്റെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിക്കേണ്ടവ തന്നെയെന്നും അവർ മനസ്സിലാക്കിയില്ല. നേതൃത്വത്തിന്റെ ഈ തകിടം മറിച്ചിൽ ജനരോക്ഷം ഇളക്കിവിട്ടു. സ്ഥാനാർത്ഥികളുടെ നേർക്കാണ് അത് തിരിഞ്ഞത്."

www.malankaralibrary.com

# 16

# ഡമോക്രാററിക് കോൺഗ്രസ്സും ഹിന്ദു മഹാമണ്ഡലവും

സ്റ്റേററ് കോൺഗ്രസ്സിനെ ആദ്യം തുടങ്ങി എതിർത്ത മന്നം 1946–ലും ആർ. ശങ്കർ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നടന്ന പ്രഥമ തിരഞ്ഞെടുപ്പിലും കോൺഗ്രസ്സിൽ വന്നുപെടുകയുണ്ടായല്ലോ. ജനാധിപത്യ കക്ഷിയായ കോൺഗ്രസ്സിന്റെ സ്ഥാനാർത്ഥികളെ നിശ്ചയിക്കാനുള്ള അവകാശവും അവർക്കു ലഭിച്ചതോടെ തലയിൽ കയറിയിരുന്ന് ചെവി കടിച്ചു പറിക്കുന്നതുപോലെയായി കോൺഗ്രസ്സിന്റെ കാര്യങ്ങൾ. പട്ടം കോൺഗ്രസ്സ് വിട്ടുപോയതിനെത്തുടർന്ന് പറവൂർ ടി.കെ. മുഖ്യമന്ത്രിയായി ചാർജ്ജെടുത്തു. മന്ത്രിസഭാരൂപീകരണം തുടങ്ങി പ്രശ്നങ്ങളായിരുന്നു. ശ്രീമതി ആനിമസ്ക്രീനെയും എൻ. കുഞ്ഞുരാമനെയും ഉൾപ്പെടുത്തി മന്ത്രിസഭ രൂപീകരിക്കാൻ എടുത്ത തീരുമാനം ടി.കെ. ആരുടെയോ സമ്മർദ്ദത്തിന് വഴങ്ങി ഉപേക്ഷിച്ചു. പാർട്ടിക്കകത്ത് ഉണ്ടായ സമ്മർദ്ദത്തിന്റെ ഫലമായി ഒരാഴ്ചകഴിഞ്ഞ് ഇരുവരെയും മന്ത്രിസഭയിൽ ഉൾപ്പെടുത്തി. തുടക്കത്തിൽ തന്നെ മന്ത്രിസഭയുടെ പോക്കിൽ എല്ലാവർക്കും അതൃപ്തിയായി. ശ്രീ. എം. കെ. കുമാരൻ ഇപ്രകാരം എഴുതുന്നു. "പട്ടം കോൺഗ്രസ്സിനു പുറത്തു പോയി ഇന്ത്യൻ സോഷ്യലിസ്റ്റുപാർട്ടിയിൽ ചേർന്നെങ്കിലും അദ്ദേഹത്തെ അനുകൂലിക്കുകയും അദ്ദേഹത്തിനുണ്ടായ പതനത്തിൽ വ്യസനിക്കുകയും ചെയ്യുന്ന ആളുകൾ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിക്കകത്തുതന്നെ ഉണ്ടായിരുന്നു. അവരിൽ അധികം പേരും നായർ സർവ്വീസ് സൊസൈററിയുടെ നോമിനികളായി തെരഞ്ഞെടുപ്പിൽ ജയിച്ചു വന്നവരുമാണ്. അവർ കോൺഗ്രസ്സ് പാർലമെന്ററി പാർട്ടിക്കകത്ത് ഉറപ്പുള്ള ഒരു ഗ്രൂപ്പായി പ്രവർത്തിച്ചു.

ടി.കെ. നാരായണപിള്ള ക്രിസ്ത്യാനികളുടെ സഹായത്തോടുകൂടി പട്ടം താണുപിള്ള ചതിച്ചു പുറത്തു ചാടിക്കുകയായിരുന്നുവെന്ന് മന്നം ഉൾപ്പെടെയുള്ള നായർ നേതാക്കന്മാർ രഹസ്യമായും പരസ്യമായും പരാതിപ്പെട്ടു. ടി.കെ. ഗവൺമെന്റിന്റെ ഓരോ നടപടിയും അവർ ഈ ദൃഷ്ടിവച്ചുകൊണ്ടു വീക്ഷിക്കുവാൻ തുടങ്ങി.

തിരുകൊച്ചി സംയോജനവും ടി.കെ. യുടെയോ അദ്ദേഹത്തിന്റെ മന്ത്രിസഭയുടെയോ പ്രതിഛായയ്ക്ക് മേന്മ വരുത്തിയില്ല. അദ്ദേഹം തിരുവിതാംകൂറിന്റെ അവകാശങ്ങൾ അടിയറവച്ചു കൊച്ചിക്കാരെയും കേന്ദ്രഗവൺമെന്റിനെയും പ്രീതിപ്പെടുത്തി സ്വന്തം നില ഉറപ്പിക്കു

www.malankaralibrary.com

കയായിരുന്നു എന്ന ആരോപണം ശക്തിയായി ഉയർന്നു. പട്ടത്തിന്റെ പിൻതുണക്കാരും അദ്ദേഹത്തിന്റെ ആനുകൂല്യങ്ങൾ നേടി സ്ഥാനമാനങ്ങൾ കൈവശപ്പെടുത്തിയവരുമായ ഉദ്യോഗസ്ഥന്മാരും ടി.കെ. നാരായണപിള്ളയ്ക്കെതിരായി തിരിഞ്ഞു.

കോൺഗ്രസ്സ് സംഘടനയിലും പാർലമെന്ററി പാർട്ടിയിലും അസംതൃപ്തികളും അസ്വസ്ഥതകളും തലപൊക്കുന്നതിന് അധികസമയം വേണ്ടിവന്നില്ല. തിരു-കൊച്ചി മന്ത്രിസഭാ രൂപവത്കരണം പല ആരോപണങ്ങൾക്കും ഗ്രൂപ്പുവഴക്കുകൾക്കും കാരണമായി. ടി.കെ.യെ പ്രധാനമന്ത്രിയാക്കാൻ ആത്മാർത്ഥമായി പ്രയത്നിച്ചവർ പോലും അദ്ദേഹത്തിന്റെ ചെയ്തികളെ എതിർക്കാൻ പരസ്യമായി രംഗത്തുവന്നു."

ടി.കെ. തന്റെ നിലയുറപ്പിക്കുന്നതിനുവേണ്ടി കൊച്ചിക്കാരുടെയും മന്നത്തിന്റെയും ശങ്കറിന്റെയുമൊക്കെ പ്രീതിക്കുവേണ്ടി പരിശ്രമിച്ചു. 1949-ജൂലായ് മാസത്തിൽ ആദ്യത്തെ തിരുവിതാംകൂർ ദേവസ്വംബോർഡ് വളരെ തന്ത്രപൂർവ്വം ടി.കെ. രൂപീകരിച്ചു. ഹിന്ദു മന്ത്രിമാരുടെ പ്രതിനിധിയായി ശ്രീ. മന്നത്തു പത്മനാഭപിള്ളയേയും ഹിന്ദു എം.എൽ.എ മാരുടെ പ്രതിനിധിയായി ആർ. ശങ്കറിനെയും തിരഞ്ഞെടുക്കുകയും മഹാരാജാവിന്റെ പ്രതിനിധിയായി ആർ. ശങ്കരനാരായണ അയ്യരെ നിയമിക്കുകയും ചെയ്തു. ഈ സംഭവത്തെപ്പററി കുമ്പളം തന്റെ ആത്മകഥയിൽ പറയുന്നത് ശ്രദ്ധിക്കുക. "പത്മനാഭപിള്ള സാറിന്റെയും ശങ്കറിന്റെയും ദേവസ്വം ബോർഡിലേക്കുള്ള വരവോടുകൂടി കാര്യങ്ങൾ ആകെക്കുഴഞ്ഞു. ആർ.എസ്സ്.എസ്സുകാരുടെയും ഹിന്ദുമിഷൻകാരുടെയും ശൈലിയിൽ അവർ പ്രസംഗപരമ്പര തുടർന്നു. പണ്ട് പരമശിവൻ ഒരു അസുരന് വരം കൊടുത്തതുപോലെയായിരുന്നു ഇരുവരുടെയും പ്രസംഗം. ഒരസുരന് പരമശിവൻ പ്രസാദിച്ച് ഒരു വരം കൊടുത്തു. തന്റെ കൈകൊണ്ട് ആരുടെ ഉച്ചിയിൽ തൊടുന്നോ അയാൾ ചാമ്പലായിപ്പോകട്ടെ എന്നായിരുന്നു ശിവൻ കൊടുത്ത വരം. വരം കിട്ടിയ അസുരൻ ശിവന്റെ ഉച്ചിയിൽതന്നെ തൊടാൻ തുടങ്ങി. അതുപോലെയായിരുന്നു പത്മനാഭപിള്ളസാറിന്റെയും ശങ്കറിന്റെയും പ്രവൃത്തി. കൊടുത്ത വരം തിരിച്ചെടുക്കാൻ ശിവന് ശക്തിയില്ലാത്തതുപോലെതന്നെ ബോർഡിലേക്ക് നിയമിച്ച പത്മനാഭപിള്ള സാറിനെയും ശങ്കറിനെയും തൽസ്ഥാനത്തുനിന്നു മാററുവാൻ കവനന്റ് വ്യവസ്ഥയനുസരിച്ച് മന്ത്രിസഭയ്ക്ക് അവകാശമുണ്ടായിരുന്നില്ല."

മന്നവും ശങ്കറും ഹിന്ദുക്കളെ അണിനിരത്തി പിൻബലം വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു. അവർ കോൺഗ്രസ്സിനെ തകർക്കുമെന്ന നിലവന്നു. ശ്രീ. എ.കെ. കുമാരൻ മന്നം ശങ്കർമാരുടെ ഈ നീക്കത്തെപ്പററി എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. "അവർ രണ്ടുപേരും പ്രഗത്ഭന്മാരും പ്രബലന്മാരു

www.malankaralibrary.com

മായിരുന്നു. പക്ഷെ ഭരണകക്ഷിയായിത്തീർന്ന കോൺഗ്രസ്സിൽ അവരുടെ ഔന്നത്യം അംഗീകരിക്കപ്പെട്ടില്ല. ഭരണകാര്യങ്ങളിലും പാർട്ടി സംബന്ധ മായ കാര്യങ്ങളിലും അവരുമായി ആലോചിക്കാൻ ആരും മിനക്കെട്ടില്ല. നിയമസഭയിൽ അവർ പിൻബഞ്ചുകാരായിരുന്നു. ഈ അവഗണനകളെല്ലാം അവരുടെ അഭിമാനബോധത്തിൽ മുറിവുകൾ ഏൽപ്പിച്ചു. അതിന് പ്രതിക്രിയ ചെയ്യാൻ വേണ്ടി അവർ ദേവസ്വംബോർഡിനെ ഉപയോഗപ്പെടു ത്തിയത് സ്വാഭാവികം മാത്രമായിരുന്നു."

സ്വാതന്ത്ര്യലബ്ധിവരെ കോൺഗ്രസ്സിനെ എതിർത്തവരെ കോൺഗ്ര സ്സിൽ കൊണ്ടുവന്ന് ഉന്നതാധികാരങ്ങൾ – സ്ഥാനാർത്ഥി നിർണ്ണയം വരെയുള്ള കാര്യങ്ങൾ ഏല്പിച്ചപ്പോൾ അവർ വിചാരിച്ചു കോൺഗ്രസ്സ് അവരെ എന്നും തലയിൽവച്ച് കൊണ്ടുനടന്നുകൊള്ളുമെന്ന്. ഏതായാലും അനർഹമായ പദവി അവർക്ക് നൽകിയതിന്റെ ദുരന്തഫലമായിരുന്നു അത്. സർ സി.പി.യുടെ പുറകെ നടന്ന് ഉദ്യോഗങ്ങളും കോളേജുകളും തട്ടിയെടു ത്തതുപോലെ ജനകീയ മന്ത്രിസഭയെ ഭയപ്പെടുത്തി സ്വാധീനം ചെലുത്തി കാര്യങ്ങൾ നേടിയെടുക്കാമെന്നാണ് മന്നവും ശങ്കറും ആഗ്രഹിച്ചത്.

ഈ സന്ദർഭത്തിൽ 1949 നവംബർ 26–ാംതീയതി തിരുവിതാംകൂർ സ്റ്റേററ് കോൺഗ്രസ്സ് കമ്മിററി തിരുവനന്തപുരത്ത് വി.ജെ.ററി. ഹാളിൽ ചേർന്ന് രണ്ടു പ്രമേയങ്ങൾ അംഗീകരിച്ചു. ആ പ്രമേയങ്ങൾ താഴെ ചേർക്കുന്നു.

പ്രമേയങ്ങൾ:– (1) "എസ്.എൻ.ഡി.പി. യോഗം, എൻ.എസ്.എസ്., കത്തോലിക്കാ കോൺഗ്രസ്, മുസ്ലീംലീഗ് തുടങ്ങിയ വർഗ്ഗീയ സംഘടന കൾ രാഷ്ട്രീയ പരിപാടി ഉപേക്ഷിച്ചു എന്ന് പ്രമേയം പാസ്സാക്കിയതിനു ശേഷവും, പ്രസ്തുത സംഘടനകൾ ഇപ്പോഴും പ്രത്യക്ഷമായും പരോക്ഷ മായും രാഷ്ട്രീയ പരിപാടികളിൽ പങ്കെടുത്തുകൊണ്ടിരിക്കുന്നു എന്ന് ഈ കമ്മിററിക്ക് ബോദ്ധ്യം വന്നിരിക്കുന്നതിനാൽ പ്രസ്തുത സംഘടനകളിൽ അംഗമായിരിക്കുന്നവർ കോൺഗ്രസ് സംഘടനയിലെ തെരഞ്ഞെടു ക്കപ്പെടുന്ന സ്ഥാനങ്ങൾ വഹിക്കുവാൻ അനർഹരും അയോഗ്യരും ആണെന്ന് ഈ യോഗം തീരുമാനിക്കുന്നു."

(2) "വർണ്ണവർഗ്ഗരഹിതമായ ഒരു ജനപദം സൃഷ്ടിക്കുന്നതിന് ഇന്ത്യയിലെ അത്യുന്നതന്മാരായ നേതാക്കന്മാരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും വിശ്രമരഹിതമായി പ്രവർത്തിക്കുന്നതിനെ മാതൃകയാക്കി സേവനം നടത്തുന്ന തിരുവിതാംകൂർ ഡിസ്ട്രിക്ററ് കോൺഗ്രസ്സിന്റെ നയത്തിനും പരിപാടിക്കും അനുരൂപമല്ലാത്തവിധം കോൺഗ്രസ്സ് അച്ചടക്ക ത്തിനും ചട്ടത്തിനും വിധേയരായ കോൺഗ്രസ്സ് പാർട്ടി അംഗങ്ങളായ ദേവസ്വംബോർഡിലെ രണ്ടംഗങ്ങൾ ആരംഭിച്ചിരിക്കുന്ന വർഗ്ഗീയമായ

www.malankaralibrary.com

പ്രചരണങ്ങളും നിരുത്തരവാദപരമായ പ്രസംഗങ്ങളും സാമുദായിക സൗഹാർദ്ദത്തെ നശിപ്പിക്കുകയും വർഗ്ഗീയ വിദ്വേഷം വർദ്ധിപ്പിക്കുകയും ചെയ്യുന്നു എന്ന വസ്തുത വേദനയോടും ഉൽകണ്ഠയോടും ഈ കമ്മിററി വീക്ഷിക്കുന്നു. കോൺഗ്രസ്സ് പാർട്ടിയിലെ ഈ അംഗങ്ങൾ അച്ചടക്കം ലംഘിച്ച് വർഗ്ഗീയ വിദ്വേഷം വളർത്തുന്നതും മതപരമായ അസഹിഷ്ണുത വർദ്ധിപ്പിക്കുന്നതും തികച്ചും അക്ഷേപാർഹമാണെന്ന് കമ്മിററി വിശ്വസിക്കുന്നു. ദേവസ്വം ബോർഡംഗങ്ങൾ വർഗ്ഗവിദ്വേഷപരമായ അവരുടെ ഇന്നത്തെ പരിപാടികളിൽ നിന്ന് പ്രിതനിവൃത്തരാകണമെന്ന് ബോർഡംഗങ്ങളോടും ഇതോടൊപ്പം തന്നെ ദേവസ്വം ബോർഡിന്റെ ഇന്നത്തെ അനിയന്ത്രിതമായ അധികാരങ്ങളെ നിയന്ത്രിക്കുന്നതിന് ബോർഡംഗങ്ങളെ തെരഞ്ഞെടുക്കുന്ന നിയമസഭാംഗങ്ങളോട് ഉത്തരവാദിത്വം വഹിക്കത്തക്ക വിധത്തിൽ ആവശ്യമായ ഭേദഗതികൾ നിയമത്തിൽ വരുത്തുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളാൻ കോൺഗ്രസ്സ് പാർട്ടിയംഗങ്ങളോടും ഈ യോഗം ആവശ്യപ്പെടുന്നു."

വളരെയധികം ആലോചിച്ചതിനുശേഷം പാസ്സാക്കിയ ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മന്നം ശങ്കർ നേതാക്കളെ ദേവസ്വംബോർഡിൽ നിന്നു മാത്രമല്ല, കോൺഗ്രസ്സിൽനിന്നുതന്നെ പുറംതള്ളുവാൻ ശ്രമിച്ചു. 1950–ൽ ഇന്ത്യൻ ഭരണഘടന നിലവിൽ വന്നു. അതിന്റെ വെളിച്ചത്തിൽ പുതിയ ദേവസ്വംബോർഡ് രൂപീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം സംസ്ഥാനസർക്കാർ കൊണ്ടുവരേണ്ടിയിരുന്നു. തിരുവിതാംകൂറിനും കൊച്ചിക്കും ബാധകമായ രണ്ടു ബില്ലുകൾ തയ്യാറാക്കി. പുതിയ ബിൽ പ്രാബല്യത്തിൽ വരുമ്പോൾ നിലവിലുള്ള ബോർഡംഗങ്ങളുടെ കാലാവധി അവസാനിപ്പിച്ച് പുതിയ ബോർഡുണ്ടാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്തു. അങ്ങനെ പത്മനാഭപിള്ള സാറിനെയും ശങ്കറേയും ദേവസ്വംബോർഡിൽ നിന്നും മാററി. ഇങ്ങനെ നിയമം തയ്യാറാക്കാൻ ടി.കെ. തയ്യാറല്ലായിരുന്നു. എങ്കിലും കോൺഗ്രസ്സ് പാർട്ടിയുടെ ഉറച്ച നിലപാടിന് ടി.കെ. വഴങ്ങി.

ശ്രീ. കുമ്പളം ആത്മകഥയിൽ എഴുതുന്നു."ദേവസ്വം ബോർഡിൽ നിന്നും ബഹിഷ്കൃതരായ മന്നവും ശങ്കറുംകൂടി ഹിന്ദുമഹാമണ്ഡലമുണ്ടാക്കി കോൺഗ്രസ്സിനെതിരെ പ്രചരണമാരംഭിച്ചു. താലൂക്ക്തോറും ആനയും അമ്പാരിയും വെടിക്കെട്ടും നടത്തി. രാഷ്ട്രീയനേതൃത്വം അവർക്ക് പിടിച്ചെടുക്കുവാൻ സാധിക്കുമെന്നായിരുന്നു അവരുടെ ധാരണ. ആ അടിസ്ഥാനത്തിൽ അന്നത്തെ അവരുടെ പ്രചരണങ്ങളും മുന്നേറിക്കൊണ്ടിരുന്നു. ഒരു കാരണവശാൽപ്പോലും, ഭൂമിശാസ്ത്രപരായി കണക്കാക്കിയാൽപ്പോലും ഹിന്ദുക്കൾക്ക് മാത്രമായി ഇവിടെ യാതൊന്നും ചെയ്യുക സാദ്ധ്യമല്ല. പക്ഷേ പാവപ്പെട്ടവരെ മുഴുവൻ ഇവർ തെററിദ്ധരിപ്പിച്ച് പണ

www.malankaralibrary.com

പ്പിരിവും വെടിക്കെട്ടും ആനപ്പുറത്തെഴുന്നള്ളത്തും നടത്തി. ക്രിസ്ത്യാനികളും ഹിന്ദുക്കളും രണ്ട് എന്ന ചിന്താഗതി അവർ വളർത്തി. അതോടെ അടിസ്ഥാനപരമായ ഉലച്ചിൽ രാജ്യത്താകെ ഉണ്ടായി. വളരെ ഐക്യമായി കഴിഞ്ഞിരുന്ന ജനങ്ങളെ ജാതിയുടെ പേരിൽ അവർ അകററി ആശയപരമായ അനൈക്യം അവർ സൃഷ്ടിച്ചു. നേതാക്കന്മാർ തമ്മിൽ, സമുദായനേതാക്കന്മാർ തമ്മിൽ അഭിപ്രായ ഭിന്നിപ്പുണ്ടായി. കൊച്ചീക്കാരുടെ ഭാഷയിൽ പറഞ്ഞാൽ കുട്ടിച്ചോറാക്കിക്കളഞ്ഞു ഇവിടുത്തെ രാഷ്ട്രീയം. ഒന്നു ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിനെ ഈ നിലയിലധഃപതിപ്പിച്ചത് ശ്രീ. മന്നവും ശ്രീ. ശങ്കറും കൂടിയാണ്. പക്ഷേ, അവരാണിപ്പോഴത്തെ തലതൊട്ടപ്പന്മാർ. അതെന്തുമായിക്കൊള്ളട്ടെ................... കോൺഗ്രസ്സ് പാർട്ടിയെക്കുറിച്ചും അതിലെ നേതാക്കന്മാരെക്കുറിച്ചും പുച്ഛിക്കാനും വിമർശിക്കാനും കാർട്ടൂണുകൾ പ്രസിദ്ധപ്പെടുത്താനും ചില പത്രങ്ങൾ ഉണ്ടായി. ദേശബന്ധു എന്ന പത്രമായിരുന്നു ഈ നിലയിൽ ആദ്യമായി ഹിന്ദുമഹാമണ്ഡലക്കാലത്തോടുകൂടി രംഗത്തു വന്നത്. ദിവസംപ്രതി വിമർശനവീഥികളും കാർട്ടൂണുകളും അതിൽ വന്നുകൊണ്ടിരുന്നു. കോൺഗ്രസ്സ് നേതാക്കളും മന്ത്രിമാരുമൊക്കെ ക്രിസ്ത്യാനികളുടെ തീൻമേശയ്ക്ക് കീഴിലിരുന്ന് എല്ലിൻ കഷണങ്ങളും എച്ചിലുകളും തിന്നുന്നതായിട്ടും മററുമുള്ള കാർട്ടൂണുകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ക്രിസ്ത്യാനികളുടെ കോൺഗ്രസ്സാണ് ഇവിടെ മററാർക്കും രക്ഷയില്ല എന്നൊക്കെയുള്ള പ്രചരണഘോഷങ്ങളും നാടെങ്ങുമായി ................. രാഷ്ട്രീയപ്രവർത്തകരുടെ ഇടയിൽ നിന്നും വിഭാഗീയമായ അവകാശവാദങ്ങൾ ഉയർന്നു വന്നു. കൊച്ചിയെന്നും തിരുവിതാംകൂറെന്നും കൊല്ലമെന്നും കോട്ടയമെന്നും ഹിന്ദുവെന്നും ക്രിസ്ത്യാനിയെന്നും അവർണ്ണനെന്നും സവർണ്ണനെന്നും ഒക്കെയുള്ള ഓരോരോ അവകാശവാദങ്ങൾ ഉയർന്നുവന്നു. ഉദ്യോഗത്തിന്റെ കാര്യത്തിൽ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ കാര്യത്തിൽ, എന്തിന് വെറും നിസ്സാരമായ കാര്യങ്ങൾക്കുപോലും ജാതിയും പ്രാദേശികത്വവും തലയുയർത്തി. അതോടെ രാഷ്ട്രീയത്തിന്റെ വളർച്ചയും മുരടിച്ചു.

കോൺഗ്രസ്സിനെ ആറടിമണ്ണിൽ കുഴിച്ചുമൂടുവാൻ വേണ്ടി പാവങ്ങളിൽനിന്നും പിരിച്ചെടുത്ത അറുപതിനായിരം രൂപയുടെ ബലത്തോടെ കൊല്ലത്തുവച്ച് ഹിന്ദു മണ്ഡലോത്സവവും നടത്തി ശ്രീ. മന്നവും ശങ്കറും പിരിഞ്ഞു."

കുമ്പളത്തിന്റെ വാക്കുകളാണല്ലോ മുകളിൽ ചേർത്തത്. കമ്മ്യൂണിസ്റ്റുകാരനായ എം.കെ. കുമാരന്റെ വാക്കുകൾ ശ്രദ്ധിക്കുക.

"മന്നവും ശങ്കറും കുപിതരായെന്നു പറയേണ്ടതില്ലല്ലോ. അവർ പൂർവ്വാധികം തുറന്ന് കോൺഗ്രസ്സിനെ വിമർശിക്കാൻ തുടങ്ങി.

www.malankaralibrary.com

എതിരാളികളുടെ നേർക്ക് ആഞ്ഞടിക്കാനുള്ള സ്വതസിദ്ധമായ കഴിവുകൾ മുഴുവൻ അവർ പ്രയോഗിച്ചു. അധികം താമസിയാതെ കോൺഗ്രസ്സ് പാർട്ടി ആലപ്പുഴയിൽ സമ്മേളിച്ച് മന്നത്തിനെയും ശങ്കറിനെയും കോൺഗ്രസ്സിൽ നിന്ന് പുറത്താക്കിക്കൊണ്ട് നിശ്ചയം പാസ്സാക്കി."

ഇതിനെത്തുടർന്ന് ശങ്കറിന്റെ നേതൃത്വത്തിൽ ഡമോക്രാററിക് കോൺഗ്രസ്സ് എന്നൊരു പാർട്ടി ആവിർഭവിച്ചു. ഈ പാർട്ടിയുടെ ആഭിമുഖ്യത്തിൽ പല സ്ഥലങ്ങളിലും യോഗങ്ങൾ വിളിച്ചുകൂട്ടി നേതാക്കന്മാർ പ്രസംഗിച്ചു. ആയിടയ്ക്കാണ് ശബരിമലക്ഷേത്രം അഗ്നിബാധയ്ക്കിരയായത്. അത് ക്രിസ്ത്യാനികൾ കരുതിക്കൂട്ടിച്ചെയ്ത ഒരു ദ്രോഹകൃത്യമാണെന്ന വിശ്വാസം ഹിന്ദുക്കൾക്കിടയിൽ പരന്നു. ഡെമോക്രാററിക് കോൺഗ്രസ്സിനോടൊപ്പം രൂപം പൂണ്ട ഹിന്ദുമഹാമണ്ഡലം ശക്തിപ്പെടുത്തുന്നതിന് ശബരിമല സംഭവം ഉപകരിച്ചു.

നെയ്യാററിൻകരയിലും നെടുമങ്ങാട്ടും രണ്ടു നിയമസഭാസ്ഥാനങ്ങൾ ഒഴിഞ്ഞുവന്നിരുന്നു. നെയ്യാററിൻകരയിൽ ബാലരാമപുരം രാമൻപിള്ളയേയും, നെടുമങ്ങാട്ട് എസ്.ജെ. നായരേയും സ്ഥാനാർത്ഥികളാക്കി നിർത്തി കോൺഗ്രസ്സ് മത്സരിച്ചു. മന്നവും ശങ്കറും ഈ രണ്ടു നിയോജകമണ്ഡലങ്ങളിൽ കോൺഗ്രസ്സ് സ്ഥാനാർത്ഥികൾക്കെതിരായി ഉഗ്രമായ പ്രചരണം നടത്തി. രണ്ടു സ്ഥലങ്ങളിലും കോൺഗ്രസ്സ് സ്ഥാനാർത്ഥികൾ തോററു.

ചങ്ങനാശ്ശേരിയിൽ കൂടിയ ഹിന്ദുക്കളുടെ ഒരു മഹാസമ്മേളനത്തിൽ വച്ചാണ് ഹിന്ദുമഹാമണ്ഡലം രൂപവത്കൃതമായത്. ആ സമ്മേളനത്തിൽ വച്ച് മന്നത്ത് പത്മനാഭപിള്ളയും മററു ചില അനുയായികളും ജാതിനാമം ഉപേക്ഷിച്ചു. ഹിന്ദുമഹാമണ്ഡലത്തിന്റെ ആവിർഭാവം എസ്.എൻ.ഡി.പി., എൻ. എസ്.എസ്. ലയനത്തോളം എത്തി.

1950 മെയ് മാസത്തിൽ കൊല്ലത്തുവച്ചുകൂടിയ എസ്.എൻ.ഡി.പി. യോഗത്തിന്റെ വാർഷികസമ്മേളനം ലയനത്തെപ്പററി താഴെപ്പറയുന്ന പ്രമേയം പാസ്സാക്കി. "ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിന്റെ ഉദ്ദേശങ്ങൾക്കുയോജിച്ച വിധത്തിലും ശ്രീ നാരായണ ഗുരുദേവന്റെ ഉപദേശങ്ങളിൽ സർവ്വപ്രധാനമായ "ഒരു ജാതി ഒരു മതം ഒരു ദൈവം" എന്ന സന്ദേശം നടപ്പിൽ വരുത്തുന്നതിന് കൂടുതൽ സഹായകമായ നിലയിലും വർണ്ണരഹിതവും വർഗ്ഗരഹിതവുമായ ഒരു ഹിന്ദുസമുദായം സൃഷ്ടിക്കുന്നതിനും സർവജനീനമായ ഹൈന്ദവസംസ്കാരം പ്രചരിപ്പിക്കുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള ഹിന്ദുമഹാമണ്ഡലത്തിന്റെ ഉദ്ദേശങ്ങളോടും കർമ്മപരിപാടികളോടും എസ്.എൻ.ഡി.പി. യോഗത്തിന്റെ ഈ വാർഷിക പൊതുയോഗത്തിനുള്ള പരിപൂർണ്ണമായ ആനുകൂല്യം രേഖപ്പെടുത്തുകയും ഹിന്ദുക്കളുടെ മതപരവും സാമൂഹികവുമായ എല്ലാ സംഘടനകളും അവയുടെ സ്വത്തുക്ക

www.malankaralibrary.com

ളോടും, സ്ഥാപനങ്ങളോടുംകൂടി ഹിന്ദുമഹാമണ്ഡലത്തിൽ ലയിക്കേണ്ട താണെന്ന് തീരുമാനിക്കുകയും അതിലേക്ക് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് ഈ യോഗം ഡയറക്ടർബോർഡിനെ അധികാരപ്പെടു ത്തുകയും ചെയ്യുന്നു."

സമ്മേളനത്തിൽ സംബന്ധിച്ചിരുന്ന എൻ.എസ്.എസ്. പ്രസിഡന്റ് എൻ. ഗോവിന്ദമേനോനും ശാസ്ത്രി ദാമോദരനും അഭിനന്ദന പ്രസംഗം ചെയ്തു. ഗോവിന്ദമേനോനെ യോഗം ബോർഡുമെമ്പറുമാക്കി.

ഈ ലയനശ്രമത്തെ എസ്.എൻ.ഡി.പി. യോഗത്തിന്റെ 47-ാമത് വാർഷികസമ്മേളനത്തിൽ (1951 ജൂലൈ 15) ജനറൽ സെക്രട്ടറി സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശിക്കുകയുണ്ടായി. പ്രസക്തഭാഗം ഇവിടെ ഉദ്ധരിക്കുന്നു. "ഹൈന്ദവരുടെ ന്യായമായ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് അവർ അവരുടെ സ്വന്തം ശക്തിയെ അവലംബിക്കേണ്ടിയിരിക്കുന്നു. ഹിന്ദുക്കൾ പലവിഭാഗങ്ങളായി നിൽക്കുന്നിടത്തോളം കാലം അവരുടെ ദൗർബല്യവും അവശതകളും തുടരുന്നതാണ്. അതിനാൽ ഹൈന്ദവരുടെ ഏകീകരണം അനുപേക്ഷണീയമായ ഒരടിയന്തിരകാര്യമാണ്. എസ്.എൻ.ഡി.പി. യോഗ ത്തിന്റെ 46-ാമത് വാർഷികസമ്മേളനം പാസ്സാക്കിയ പ്രമേയം യാഥാർത്ഥ്യ ങ്ങളെ കണക്കിലെടുക്കാതെയുള്ള ഒരു എടുത്തുചാട്ടമായിരുന്നു എന്നു പറയാതെ തരമില്ല. വളരെ സൂക്ഷിച്ചും കരുതലോടെയും ഓരോ ചുവടും മുന്നോട്ടുവയ്ക്കുക ശീലമായിട്ടുള്ള ശങ്കർ ധൃതിപിടിച്ച് ഒരു തീരുമാനത്തിൽ ചെന്നുചാടിയത് സാഹചര്യങ്ങളുടെ സമ്മർദ്ദം കൊണ്ടുമാത്രമായിരുന്നു."

രാഷ്ട്രീയത്തിൽ എന്തും സംഭവിക്കാമെന്നാണല്ലോ പറയുക. ഹിന്ദു മഹാമണ്ഡലവും ഡെമോക്രാററിക് കോൺഗ്രസ്സ് പാർട്ടിയും രൂപീകരിച്ചു കൊണ്ട് കേരളവ്യാപകമായി കോൺഗ്രസ്സ് വിരുദ്ധ പ്രചരണം നടത്തിയ മന്നവും ശങ്കറും 1951-1952-ൽ നടന്ന തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സുകാരായി മാറി. സി.പി.യുടെ കാലം തുടങ്ങി ലാഭം നോക്കി രാഷ്ട്രീയകച്ചവടം നടത്താൻ മന്നവും ശങ്കറും മിടുക്കന്മാരായിരുന്നുവല്ലോ. "ശ്രീ. കുമ്പള ത്തിന്റെ വാക്കുകൾ ശ്രദ്ധിക്കുക "മന്നത്തിന്റെയും കോൺഗ്രസ്സിന്റെയും നേതൃത്വത്തിലുള്ള ഡെമോക്രാററിക് കോൺഗ്രസ്സ് തിരഞ്ഞെടുപ്പിന് അല്പം മുൻപ് പിരിച്ചുവിട്ട് കോൺഗ്രസ്സിൽ ലയിക്കുകയുണ്ടായി. ഈ ലയനത്തെ കെ.പി.സി.സി. നേതൃത്വത്തിൽ ഇരുന്നുകൊണ്ട് ശക്തിപൂർവ്വം ഞാൻ എതിർത്തിരുന്നു. നാടൊട്ടാകെ വർഗ്ഗീയഭ്രാന്ത് ഇളക്കിവിട്ട ഒരുകൂട്ടരുമായി തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് ഒരു അനുരഞ്ജനം ഉണ്ടാകുന്നതുകൊണ്ട് വലിയ പ്രയോജനമില്ലെന്നും തത്വപരമായ തെററാണെന്നുമായിരുന്നു എന്റെ വാദം. എന്നാൽ അന്നത്തെ ഹൈക്കമാണ്ട് അതു വകവച്ചില്ല. അവർ ഒരു ഒത്തുതീർപ്പ് അടിച്ചേൽപ്പിക്കുകയുണ്ടായി. ഫലമോ ഡെമോക്രാററിക്

www.malankaralibrary.com

പാർട്ടിയുടെ നേതാക്കന്മാരെ ചുമക്കേണ്ട ഭാരം കോൺഗ്രസ്സിനുണ്ടായി. അവരുടെ പിന്നിലുണ്ടായിരുന്ന അനുയായികളെല്ലാം അവരിൽ കുത്തിവച്ച കോൺഗ്രസ്സ് ദ്വേഷം മൂർച്ഛിച്ച് കോൺഗ്രസ്സിനെ എതിർത്തുകൊണ്ടിരുന്ന ഇടതുപക്ഷ അണികളിലേക്കുപോയി."

ആ തെരഞ്ഞെടുപ്പിലും കോൺഗ്രസ്സ് വിജയിച്ചില്ല. ഡെമോക്രാററിക് കോൺഗ്രസ്സ് പാർട്ടിയെ കോൺഗ്രസ്സിൽ ലയിപ്പിക്കുന്നതിന് മന്നം ശങ്കർ നേതാക്കൾ വച്ച നിർദ്ദേശങ്ങൾ യാതൊരു ലജ്ജയുമില്ലാതെ കോൺഗ്രസ്സ് സ്വീകരിച്ചുവെന്നത് ഓർക്കുമ്പോൾ ഇന്നും ലജ്ജ തോന്നും. ദേശീയ കക്ഷിയായ കോൺഗ്രസ്സിന്റെ നേതാക്കൾ ഡെമോക്രാററിക് കോൺഗ്രസ് പാർട്ടിയുടെ ഓഫീസിൽ ചെന്ന് ക്ഷണിച്ചുകൊണ്ടുവരണമെന്നായിരുന്നു വ്യവസ്ഥ. ആ വ്യവസ്ഥയനുസരിച്ച് സെക്രട്ടറി സി. നാരായണപിള്ളയുടെ നേതൃത്വത്തിൽ ഒരു സംഘം ഡെമോക്രാററിക് പാർട്ടിയുടെ ഓഫീസിൽ ചെന്ന് ക്ഷണിച്ചുകൊണ്ടുവന്നു. സ്വാതന്ത്ര്യസമരകാലത്ത് കാരിരുമ്പഴികൾക്കുള്ളിൽ ജനനേതാക്കൾ കിടന്ന് നരകയാതന അനുഭവിച്ചപ്പോൾ സി.പി.യുടെ കൂട്ടത്തിൽക്കൂടി ജനകീയ പ്രസ്ഥാനത്തെ തല്ലിത്തകർക്കാൻ ശ്രമിച്ചവരെയാണ് ചെന്നു കൂട്ടിക്കൊണ്ടുവരുവാൻ പോയതെന്ന് ഓർക്കണം."

www.malankaralibrary.com

## 17

# വിവിധ കമ്മീഷനുകൾ

ഭാരതം സ്വതന്ത്രമായി എങ്കിലും ജനകീയഭരണം ചെന്നകപ്പെട്ടത് സവർണ്ണരായ വരേണ്യവർഗ്ഗത്തിന്റെ ഉരുക്കുമുഷ്ടികളിലാണെന്ന് വളരെ താമസിച്ചാണ് ജനം മനസ്സിലാക്കിയത്. അവർണ്ണരെ വീണ്ടും അടിച്ചമർത്താനുംമററുമുള്ള ശ്രമമാണ് പിന്നീട് നടന്നത്.

"ഇന്ത്യയിലെ കോടാനുകോടി പിന്നോക്കസുദായങ്ങളെ മോചിപ്പിച്ചില്ലെങ്കിൽ ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനർത്ഥമില്ലന്ന്" വിശ്വസിച്ചിരുന്ന മഹാനായ ഡോ. അംബേദ്കർ അതിനായി ഭരണഘടനയിൽ എഴുതി ചേർത്തിട്ടുള്ള വകുപ്പുകളാണ് 340-ാം വകുപ്പും 15(4), 16(4) വകുപ്പുകളും. 340-ാം വകുപ്പുപ്രകാരമാണ് ഇന്ത്യാഗവൺമെന്റ് പിന്നോക്ക സമുദായ കമ്മീഷനെ നിയമിച്ചത്.

## കാക്കാകലേക്കർ കമ്മീഷൻ റിപ്പോർട്ട്

പിന്നോക്ക സമുദായങ്ങളെപ്പററി പഠിക്കുവാൻ കാക്കാകലേക്കർ അദ്ധ്യക്ഷനായി 1953-ൽ ഒരു കമ്മീഷനെ നിയമിച്ചു. ലോക പ്രസിദ്ധനായ ഗാന്ധിയനായിരുന്നല്ലോ കാക്കാകലേക്കർ. 1955-ൽ ഈ കമ്മീഷന്റെ റിപ്പോർട്ട് ഇന്ത്യൻ പ്രസിഡണ്ടിന് സമർപ്പിക്കപ്പെട്ടു. ഈ കമ്മീഷന്റെ നിഗമനം പിന്നോക്ക ജനവിഭാഗങ്ങളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണം ജാതിവ്യവസ്ഥയാണെന്നായിരുന്നു. എന്നാൽ ചെയർമാനും മററ് മൂന്ന് അംഗങ്ങളും ഈ നിലപാടിനോട് വിയോജിച്ചു. ജവഹർലാൽ നെഹ്റുവിന്റെ ഗവൺമെന്റും ഈ കമ്മീഷൻ നിഗമനങ്ങളെ അനുകൂലിച്ചില്ല. ജാതി പിന്നോക്കാവസ്ഥ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി സ്വീകരിക്കുന്നത് ജാതിസമ്പ്രദായം ശാശ്വതീകരിക്കുന്നതിന് മാത്രമേ ഉതകുകയുള്ളുവെന്ന് നെഹ്റുവും അഭിപ്രായപ്പെട്ടു. ഇതോടെ കമ്മീഷൻ റിപ്പോർട്ട് പുറംതള്ളപ്പെട്ടുവെന്ന് പറയാം.

ഉദ്യോഗനിയമനങ്ങളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനങ്ങളിലും, ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്തണമെന്നുള്ളതടക്കം പിന്നോക്ക സമുദായങ്ങൾക്ക് വളരെയേറെ ഗുണകരമായ ശുപാർശകളടങ്ങുന്നതായിരുന്നു കാക്കാകലേക്കർ കമ്മീഷൻ റിപ്പോർട്ട്. എന്നാൽ ഇവിടുത്തെ സവർണ്ണാധിപത്യഭരണകൂടം ആ റിപ്പോർട്ട് അംഗീകരിക്കുവാൻ തയ്യാറായില്ലന്നതാണ് സത്യം. കമ്മീഷൻ അംഗങ്ങളുടെ രണ്ടു വർഷത്തെ നിരന്തരമായ അദ്ധ്വാനം അതോടെ തകർന്നു. അനേകലക്ഷം

www.malankaralibrary.com

രൂപാ ചെലവഴിച്ച് തയ്യാറാക്കിയ റിപ്പോർട്ട് കാലഹരണപ്പെട്ടു.

1977–ലെ പൊതുതെരഞ്ഞെടുപ്പിനെ ജനതാപാർട്ടി നേരിട്ടത് കാക്കാകലേക്കർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു കൊണ്ടാണ്. ജനതാ പാർട്ടിയുടെ പ്രകടനപത്രികയിൽ അത് ഉൾപ്പെടുത്തുകയും ചെയ്തു.

പിന്നോക്കസമുദായങ്ങളുടെ പിന്തുണ സ്വീകരിച്ച് 1977–ൽ തകർപ്പൻ വിജയം കൊയ്തെടുത്ത മൊറാർജിദേശായിയുടെ ഗവൺമെന്റ് അധികാരത്തിൽ ഏറിയപ്പോൾ പിന്നോക്ക വിഭാഗങ്ങൾ കാക്കാകലേക്കർകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം നടത്തി. പിന്നോക്ക സമുദായ സംഘടനകൾ സമരത്തിൽ നിന്ന് പിന്മാറണമെന്നും ഉടൻതന്നെ പുതിയ ഒരു കമ്മീഷനെ നിയമിച്ച് എത്രയുംവേഗം അതിന്റെ റിപ്പോർട്ട് വരുത്തി നടപ്പിലാക്കാമെന്നും, പ്രധാനമന്ത്രി പിന്നോക്കസുദായസംഘടനകൾക്ക് ഉറപ്പ് നൽകി.

## മണ്ഡൽ കമ്മീഷൻ

ശ്രീ. മൊറാർജിദേശായി 1979 ജനുവരി ഒന്നാംതീയതി ശ്രീ.ബി.പി. മണ്ഡൽകമ്മീഷനായി രണ്ടാം പിന്നോക്ക സമുദായകമ്മീഷൻ രൂപീകരിച്ചു. (ബിന്ദേശ്വരി പ്രസാദ് മണ്ഡൽ ബീഹാറിലെ മുൻമുഖ്യമന്ത്രിയായിരുന്നു) എസ്. ദിൽബന്ധുബാഗു, ആർ.ആർ. ദോലെ, ദിവാൻ മോഹൻലാൽ, കെ. സുബ്രഹ്മണ്യം എന്നിവർ കമ്മീഷനിലെ അംഗങ്ങളും എസ്.എസ്. ഗിൽ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയുമായിരുന്നു. പിന്നീട് ആരോഗ്യപരമായ കാരണങ്ങളാൽ സ്ഥാനമൊഴിഞ്ഞ ദിൽബന്ധുബാഗുവിന് പകരം എൽ.ആർ. നായിക്കിനെ നിയമിക്കുകയുണ്ടായി.

താഴെചേർക്കുന്ന വിഷയങ്ങളെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരുന്നത്.

1. സാമൂഹ്യവും വിദ്യാഭ്യാസപരവുമായി പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ നിർവ്വചിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുക.

2. അപ്രകാരം കണ്ടുപിടിക്കപ്പെട്ട സാമൂഹ്യവും വിദ്യാഭ്യാസപരവുമായ പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടിയുള്ള ശുപാർശകൾ സമർപ്പിക്കുക.

3. ഉദ്യോഗനിയമനങ്ങളിലും പ്രമോഷൻ തസ്തികകളിലും മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്കസമുദായങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിലും പ്രമോഷനിലും സംവരണവ്യവസ്ഥ

www.malankaralibrary.com

ചെയ്യുന്നത് സംബന്ധിച്ച് പരിശോധിക്കുക.

4. അന്വേഷണഫലമായി ലഭിക്കുന്ന വസ്തുതകളും പിന്നോക്ക സമുദായങ്ങളുടെ ഉന്നമനത്തിന് അനുയോജ്യമായ ശുപാർശകളും അടങ്ങുന്ന റിപ്പോർട്ട് രാഷ്ട്രപതിയ്ക്ക് സമർപ്പിക്കുക.

മണ്ഡൽകമ്മീഷൻ ഇന്ത്യയൊട്ടാകെ സഞ്ചരിച്ച് വിവിധ ഗവൺമെന്റുകളുടെയും സംഘടനകളുടെ പ്രതിനിധികളെയും വ്യക്തികളെയും കണ്ട് മെമ്മോറാണ്ടം സ്വീകരിക്കുകയും തെളിവുകളെടുക്കുകയും ചെയ്തു. സംസ്ഥാനങ്ങളിലും കേന്ദ്രഭരണപ്രദേശങ്ങളിലും വിവിധ സമുദായങ്ങളുടെ സാമൂഹ്യസാംസ്കാരികരംഗത്തെ അവസ്ഥയും ഓരോ സമുദായത്തിന്റെയും സാമൂഹ്യവും സാമ്പത്തികവുമായ സ്ഥിതിവിവരക്കണക്കുകളും, സർക്കാർ സർവ്വീസിലെ പ്രാതിനിദ്ധ്യം എന്നിവയെക്കുറിച്ച് പരിശോധിക്കുകയും പഠിക്കുകയും ചെയ്തു. കേന്ദ്രകാര്യാലയങ്ങൾ, കേന്ദ്രസർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകൾ എന്നിവർക്കുവേണ്ടി വെവ്വേറെ ചോദ്യാവലി പുറപ്പെടുവിച്ച് ഉത്തരങ്ങൾ രേഖപ്പെടുത്തുകയുണ്ടായി. ദീർഘമായ ചർച്ചകൾക്കും പഠനത്തിനുംശേഷം 1980 ഡിസംബർ 31-ാം തീയതി രാഷ്ട്രപതിക്ക് റിപ്പോർട്ട് സമർപ്പിച്ചു. രണ്ടുവാല്യങ്ങളായിട്ടാണ് റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. കമ്മീഷൻ ഓരോ സംസ്ഥാനം സന്ദർശിക്കുമ്പോഴും ആ സംസ്ഥാനങ്ങളിൽ നിന്ന് രണ്ട് അഡീഷണൽ അംഗങ്ങളെ സഹായകരായി സംസ്ഥാന സർക്കാരിന്റെ ശുപാർശയോടെ നിയമിക്കാറുണ്ടായിരുന്നു. കമ്മീഷന്റെ കേരള സന്ദർശനവേളയിൽ അങ്ങനെ അഡീഷണൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ടത് അന്നത്തെ എസ്.എൻ.ഡി.പി. യോഗം പ്രസിഡണ്ട് പ്രൊഫ. പി.എസ്. വേലായുധനും മുസ്ലീംലീഗ് എം.എൽ.എ. ശ്രീ. അഹമ്മദുമായിരുന്നു. കമ്മീഷൻ അംഗങ്ങൾ എന്ന നിലയിൽ കമ്മീഷനോടൊപ്പം അവർ കേരളം മുഴുവൻ സന്ദർശിച്ച് തെളിവെടുപ്പിൽ പങ്കെടുക്കുകയുണ്ടായി. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് രാഷ്ട്രപതിക്ക് സമർപ്പിച്ചുകൊണ്ട് ബി.പി. മണ്ഡൽ എഴുതിയ കത്തിൽ 52 ശതമാനം വരുന്ന പിന്നോക്കസമുദായങ്ങളെ സംബന്ധിച്ചുള്ള ഒരു സമഗ്രപഠനമാണ് ഈ റിപ്പോർട്ടിലുള്ളതെന്നും കാക്കാകലേക്കർ കമ്മീഷന് നേരിട്ട ദുർവിധി ഈ റിപ്പോർട്ടിന് ഉണ്ടാകാതെയിരിക്കട്ടെയെന്നും പ്രത്യേകം എഴുതിയിരുന്നു.

## ശുപാർശകൾ

രണ്ടു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള മണ്ഡൽ കമ്മീഷന്റെ റിപ്പോർട്ടിന്റെ 13-ാം അദ്ധ്യായത്തിലാണ് ശുപാർശകൾ ചേർത്തിട്ടുള്ളത്. ശുപാർശകളിൽ മുഖ്യമായവ താഴെ ചേർക്കുന്നു.

www.malankaralibrary.com

1. ഈ രാജ്യത്തെ ജനസംഖ്യയിൽ 52% പിന്നോക്ക സമുദായങ്ങളാണ്. 22.5% പട്ടികജാതി പട്ടികവർഗ്ഗക്കാരാണ്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള 22.5% സംവരണം നിലനിർത്തിക്കൊണ്ട് 52% വരുന്ന പിന്നോക്ക സമുദായങ്ങൾക്ക് 27% സംവരണമാണ് കമ്മീഷൻ ശുപാർശ ചെയ്തിരിക്കുന്നത്. സംവരണം 50% കവിയരുതെന്നുള്ള സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിലാണ് കമ്മീഷൻ ഇങ്ങനെ ഒരു തീരുമാനമെടുത്തത്. (ഇത് പിന്നോക്ക സമുദായങ്ങൾക്ക് ജനസംഖ്യാനുപാതികമായി കിട്ടേണ്ടതിന്റെ പകുതിമാത്രമേ ലഭിക്കുന്നുള്ളു)

2. മെറിറ്റ് ക്വോട്ടായിൽ ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥിയെ അയാൾ പിന്നോക്ക സമുദായക്കാരനായതുകൊണ്ട് മേൽപ്പറഞ്ഞ സംവരണ ക്വോട്ടായിൽ ഉൾപ്പെടുത്താൻ പാടില്ല.

3. സർവ്വീസിലെ പ്രൊമോഷനും സംവരണതത്വം പാലിക്കേണ്ടതാണ്.

4. സംവരണക്വോട്ടാ തികഞ്ഞാൽ പിന്നോക്ക സമുദായങ്ങളിൽ നിന്ന് അപേക്ഷകരില്ലാതെ വരുമ്പോൾ മൂന്നുവർഷത്തേയ്ക്ക് "ക്യാരി ഫോർവേർഡ്" സിസ്റ്റമനുസരിച്ച് പ്രസ്തുത സീററുകൾ പിന്നോക്ക സമുദായങ്ങൾക്ക് നഷ്ടപ്പെടാതെ സംരക്ഷിക്കപ്പെടേണ്ടതാണ്.

5. പ്രായപരിധിയിൽ ഇളവ് പിന്നോക്കസമുദായങ്ങൾക്കും അനുവദിക്കേണ്ടതാണ്.

6. പട്ടികജാതി–പട്ടികവർഗ്ഗക്കാർക്കുവേണ്ടി നടപ്പിലാക്കിയിരിക്കുന്ന "റോസ്റ്റർ സിസ്റ്റം" പിന്നോക്ക സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്കും ബാധകമാക്കണം.

7. ദേശസാൽകൃതബാങ്കുകൾ, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ തുടങ്ങിയവയിലെ നിയമനങ്ങളിൽ 27% സംവരണം പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി നീക്കിവയ്ക്കണം.

8. സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം തേടി നടത്തുന്ന സ്വകാര്യ മേഖലാസ്ഥാപനങ്ങളിലും സംവരണവ്യവസ്ഥ പാലിക്കണം.

9. സർവ്വകലാശാലകളിലും, അവയോട് അഫിലിയേററ് ചെയ്ത കോളേജുകളിലും സംവരണം പാലിക്കേണ്ടതാണ്.

10. സംവരണവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിനനുകൂലമായ വിധത്തിൽ സർക്കാരിന്റെ നിയമങ്ങൾ പരിഷ്കരിക്കേണ്ടതാണ്.

www.malankaralibrary.com

## വിദ്യാഭ്യാസ സൗകര്യങ്ങൾ

1. പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി പ്രത്യേകമായ വയോജന വിദ്യാഭ്യാസ സംവിധാനം ഉണ്ടാകണം.

2. പിന്നോക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്കുവേണ്ടി സൗജന്യമായി റസിഡൻഷ്യൽ സ്കൂളുകളും ഹോസ്റ്റലുകളും സ്ഥാപിച്ച് നടത്തേണ്ടതാണ്.

3. തൊഴിലധിഷ്ഠിതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ 27% സീററ് സംവരണം ചെയ്യുക. ഇപ്പോൾ അതിൽകൂടുതൽ സംവരണം അനുവദിച്ചിട്ടുള്ള സംസ്ഥാനങ്ങളിൽ ആ നില തുടരാവുന്നതാണ്.

4. സാങ്കേതികവും തൊഴിൽപരവുമായ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് സൗകര്യം ഏർപ്പെടുത്തിക്കൊടുക്കണം.

## സാമ്പത്തിക സഹായം

1. സ്വയംതൊഴിൽ കണ്ടെത്താൻ ശ്രമിക്കുന്ന പിന്നോക്ക സമുദായാംഗങ്ങളിൽപ്പെട്ടവർക്ക് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും നൽകുക.

2. തൊഴിൽ ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ പിന്നോക്ക സമുദായങ്ങൾക്ക് ആവശ്യമായ പരിഗണന നൽകുക.

3. കർണ്ണാടകത്തിലും ആന്ധ്രയിലും ഉള്ളതുപോലെ മററ് പിന്നോക്ക സമുദായങ്ങൾക്ക് ഫിനാൻഷ്യൽ സ്ഥാപനങ്ങൾ ഏർപ്പെടുത്തുക.

4. പിന്നോക്ക സമുദായങ്ങൾക്കുവേണ്ടി പ്രത്യേക സഹകരണ സംഘങ്ങൾ ഉണ്ടാക്കുക.

5. മിച്ചഭൂമി വിതരണം ചെയ്യുമ്പോൾ പട്ടികജാതി-പട്ടിക വർഗ്ഗങ്ങൾക്ക് കൊടുക്കുന്നതുപോലെ മററ് പിന്നോക്ക സമുദായങ്ങൾക്കു കൂടി റിസർവ് ചെയ്യുക.

## ഭരണപരം

1. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കേന്ദ്രസംസ്ഥാന തലത്തിൽ സൃഷ്ടിക്കണം.

2. കേന്ദ്രസംസ്ഥാന മന്ത്രാലയങ്ങളിൽ മററ് പിന്നോക്ക സമുദായ വകുപ്പുകൾ ഏർപ്പെടുത്തണം.

www.malankaralibrary.com

3. ചില പ്രദേശങ്ങളിൽ പിന്നോക്ക സമുദായങ്ങൾക്ക് പ്രത്യേക നിയോജകമണ്ഡലങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

4. കേന്ദ്ര–സംസ്ഥാന ബഡ്ജററുകളിൽ മററ് പിന്നോക്ക സമുദായവികസനത്തിനാവശ്യമായ ഫണ്ട് ഉൾപ്പെടുത്തേണ്ടതാണ്.

5. കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കിക്കഴിഞ്ഞാൽ 20 വർഷത്തിനുശേഷം അവരുടെ പ്രവർത്തനവും പുരോഗതിയും വിലയിരുത്തേണ്ടതാണ്.

## സംവരണം – തെക്കേ ഇന്ത്യയിൽ

| സംസ്ഥാനം | പിന്നോക്കസമുദായം | പട്ടികജാതി | ആകെ |
|---|---|---|---|
| തമിഴ്നാട് | 50 | 18 | 68 |
| കർണ്ണാടകം | 48 | 18 | 66 |
| കേരളം | 40 | 10 | 50 |

ആന്ധ്രാപ്രദേശ് ആകെ 38% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വടക്കേന്ത്യൻ സംസ്ഥാനങ്ങളിൽ സംവരണത്തിന്റെ തോത് വളരെ കുറവാണ്. ചില സംസ്ഥാനങ്ങളിൽ സംവരണം ഏർപ്പാടുമില്ല.

## കണക്കുകൾ

മണ്ഡൽ കമ്മീഷൻ വെളിപ്പെടുത്തിയിട്ടുള്ള കണക്കുകൾ ഏവരെയും ഞെട്ടിപ്പിക്കുന്നവയാണ്. ഒരു ഉദാഹരണം മാത്രമെടുക്കാം. രാഷ്ട്രപതിയുടെ സെക്രട്ടറിയേററിൽ ആകെയുള്ള 307 പേരിൽ 260 പേർ സവർണ്ണരും 47 പേർ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുമാണ്. അവിടെ 157 പേർ ഉണ്ടാകേണ്ട സ്ഥാനത്ത് ഒരൊററ പിന്നോക്ക സമുദായക്കാരനുമില്ല.

മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് വെളിപ്പെടുത്തുന്ന കണക്കുപ്രകാരം 22.5% വരുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 18.72% ഉദ്യോഗങ്ങളെ ലഭിച്ചിട്ടുള്ളുവെന്ന് കാണാം. 52% വരുന്ന പിന്നോക്ക സമുദായങ്ങൾക്ക് 12.5% ഉദ്യോഗങ്ങളെ ലഭിച്ചിട്ടുള്ളു. അവർ അർഹിക്കുന്നതിന്റെ നാലിലൊന്ന് പോലും ലഭിച്ചിട്ടില്ല. കേവലം 23% വരുന്ന സവർണ്ണ സമുദായങ്ങൾ 68.73% ഉദ്യോഗങ്ങൾ കൈയടക്കിയിരിക്കുന്നു. അതായത് സവർണ്ണസമുദായങ്ങൾ ജനസംഖ്യാനുപാതികമായി നോക്കുകയാണെങ്കിൽ അവർ അർഹിക്കുന്നതിന്റെ മൂന്നിരട്ടി ഉദ്യോഗങ്ങൾ കൈയടക്കി വച്ചിരിക്കുന്നു.

www.malankaralibrary.com

## അപാകതകൾ

മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിൽ പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ സംസ്ഥാന ഗവൺമെന്റുകളെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സംസ്ഥാന ഗവൺമെന്റ് നൽകിയ ലിസ്റ്റ് ഒരുപക്ഷെ പിശകുകളുണ്ടാകും. കേരളത്തിലെ പുലയരെ പിന്നോക്ക സമുദായ ലിസ്റ്റിൽ ഉൾപ്പെടുത്തിയത് അതിനൊരുദാഹരണമാണ്. പുലയരെ പട്ടികജാതി ലിസ്റ്റിൽ തന്നെ ഉൾപ്പെടുത്തണം. മുസ്ലീങ്ങളുടെ കാര്യത്തിലും പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്ങനെ എന്തെങ്കിലും പാകപ്പിഴകൾ ഉണ്ടായിട്ടുണ്ടെങ്കിൽ അവ തിരുത്തപ്പെടേണ്ടതാണ്.

ശ്രീ. മൊറാർജി ദേശായി പ്രധാനമന്ത്രിയായിരുന്നപ്പോഴാണ് മണ്ഡൽ കമ്മീഷൻ നിയമിതമായത്. റിപ്പോർട്ട് സമർപ്പിക്കുമ്പോൾ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയായിരുന്നു. മണ്ഡൽ കമ്മീഷന്റെ സമാപന ചടങ്ങിൽ പങ്കെടുത്തുകൊണ്ട് 1980 ഡിസംബർ 12–ാം തീയതി പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി പ്രസ്താവിച്ചു. "നിങ്ങളുടെ കമ്മീഷനെ അതിന്റെ യത്നങ്ങളിൽ ഞാൻ അഭിനന്ദിക്കുന്നു. നിങ്ങൾ താമസിയാതെ നിങ്ങളുടെ റിപ്പോർട്ട് പ്രസിഡണ്ടിന് സമർപ്പിക്കുന്നതാണല്ലോ. നിങ്ങളുടെ ശുപാർശകൾക്ക് ഇന്ത്യാഗവൺമെന്റ് പൂർണ്ണമായ പരിഗണന നൽകുന്നതാണെന്നും ഞാൻ നിങ്ങൾക്ക് ഉറപ്പു നൽകുന്നു. എന്തുകൊണ്ടെന്നാൽ ദീർഘകാലമായി നിലനിൽക്കുന്ന ഈ തെററ് തിരുത്തുന്നതിലും നമ്മുടെ രാജ്യത്തിന്റെ കൂടുതൽ ശക്തവും മെച്ചപ്പെട്ടതും ശോഭനവുമായ ഭാവിയ്ക്ക് ശരിയായിട്ടുള്ള അടിയന്തരമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും നിങ്ങളേക്കാൾ കൂടുതൽ താൽപര്യമുള്ളവരാണ് ഞങ്ങൾ"

ശ്രീമതി ഇന്ദിരാഗാന്ധി ഈ പ്രസ്താവന പുറപ്പെടുവിച്ചെങ്കിലും റിപ്പോർട്ട് അംഗീകരിച്ചാലുണ്ടാകുന്ന സവർണ്ണരുടെ എതിർപ്പിനെപ്പററി അവർ ബോധവതിയായിരുന്നു. റിപ്പോർട്ട് നിരസിച്ചാൽ പിന്നോക്ക സമുദായക്കാരുടെ വോട്ട് നഷ്ടപ്പെടും. അതിനാൽ ശ്രീമതി ഇന്ദിരാഗാന്ധിയും പിന്നീട് അധികാരത്തിൽ വന്ന രാജീവ് ഗാന്ധിയും റിപ്പോർട്ടിന്മേൽ യാതൊരു നടപടിയും എടുത്തില്ല.

www.malankaralibrary.com

# 18

# വി.പി. സിംഗിന്റെ ധീരമായ നടപടി

പിന്നോക്കസമുദായങ്ങളുടെ പിന്തുണയോടെ ഭാരതത്തിന്റെ ഭരണ ഭാരം ഏറെറടുത്ത ജനതാദൾ ഗവൺമെന്റ് 1989–ൽ മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന് ഒരു പുതുജീവൻ നൽകാൻ തീരുമാനിച്ചു. തങ്ങൾ അധികാരത്തിൽ വന്നാൽ ഈ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് ജനതാദൾ പ്രകടനപത്രികയിൽ എഴുതിച്ചേർത്തിരുന്നു.

1989 ആഗസ്റ്റ് 7–ാം തീയതി പ്രധാനമന്ത്രി വി.പി. സിംഗ് മണ്ഡൽ ക്കമ്മീഷൻ റിപ്പോർട്ട് അപ്പാടെ നടപ്പിലാക്കുമെന്നും 27 ശതമാനം സംവരണം ഏർപ്പെടുത്തുമെന്നും പാർലമെന്റിൽ പ്രഖ്യാപിച്ചു. ചരിത്രത്തിലെ ഏററവും വലിയ പ്രഖ്യാപനമാണിത്.

രാജ്യഭരണം കയ്യടക്കി വച്ചിരുന്ന സവർണ്ണർ, ബ്രിട്ടീഷുകാരുടെ പിണിയാളുകളായിനിന്ന് സർക്കാർ സർവ്വീസ് കൈപ്പിടിയിൽ ഒതുക്കിയ സവർണ്ണർ–ക്രൈസ്തവമതം സ്വീകരിച്ച അവർണ്ണർക്ക് യാതൊരുവിധ സംവരണവും നൽകരുതെന്ന് വാദിക്കുന്ന സവർണ്ണർ– ബ്രിട്ടീഷ് ഭരണ കർത്താക്കളോട് ഒട്ടിനിന്നുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ സർ, ഉൾപ്പെടെയുള്ള ബഹുമതി മുദ്രകൾ മുഴുവൻ കൈവശപ്പെടുത്തിയ സവർണ്ണർ, ജാതിസംവരണത്തിനെതിരെ മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതിന്റെ പേരിൽ സന്ധിയില്ലാസമരം പ്രഖ്യാപിച്ചു. മഹാഭൂരിപക്ഷത്തെ നിസ്സാരന്യൂനപക്ഷം വെല്ലുവിളിക്കുന്ന അതിക്രൂരമായ കാഴ്ചയാണ് നാം കണ്ടത്. അനേകായിരം വർഷങ്ങളായി അവർണ്ണരെ അടിച്ചമർത്തിയ ഈ സവർണ്ണർ വർഗീയ വികാരങ്ങൾ ഇളക്കിവിട്ട് അവർണ്ണരെപ്പോലും സ്വന്തം ചേരിയിൽ അണിനിരത്താൻ ശ്രമിക്കുകയായിരുന്നു. ഈ പോരാട്ടം കേന്ദ്രഭരണത്തെത്തന്നെ അട്ടിമറിക്കാൻ കഴിവുററതായിരുന്നു. ഈ സവർണ്ണർ–ന്യൂനപക്ഷം– നിയമനിർമ്മാണസഭകളും ഉദ്യോഗമണ്ഡലങ്ങളും കൈയടക്കി കഴിഞ്ഞിരുന്നു. അവരുടെ സംഘടിത ശക്തിയെ നേരിടാനുള്ള കഴിവ് ഇനി ഏത് ഭരണകൂടത്തിനാണുണ്ടാവുക?

**വിവിധകമ്മീഷനുകൾ:** കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾ പല കമ്മീഷനുകളെയും പലയവസരത്തിലും നിയമിച്ചിട്ടുണ്ട്. ഉയർന്നുവരുന്ന ജനവികാരങ്ങളെ താൽക്കാലികമായി ശമിപ്പിക്കുകയെന്നതിൽ കവിഞ്ഞ്, കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ടിനെപ്പററി പഠിക്കുന്നതിനോ അവ നടപ്പിലാക്കുന്നതിനോ ഗവൺമെന്റ് ഒട്ടും താല്പര്യം കാണിക്കുന്നില്ലെന്നതാണ് സത്യം. ഓരോ കമ്മീഷനും റിപ്പോർട്ടു സമർപ്പിക്കുവാൻ

www.malankaralibrary.com

ലക്ഷക്കണക്കിന് രൂപ ഖജനാവിൽ നിന്നു ചിലവഴിക്കുന്നു.

കാക്കാകലേക്കർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന ആവശ്യം ഉയർന്നുവന്നപ്പോഴാണ് മണ്ഡൽക്കമ്മീഷനെ നിയമിച്ചത്. 10 വർഷം ആ റിപ്പോർട്ടും കോൾഡ്സ്റ്റോറേജിലിരുന്നു. കേരളത്തിലെ നെട്ടൂർ കമ്മീഷൻ റിപ്പോർട്ടിന്റെ അനുഭവമാണ് എല്ലാ കമ്മീഷൻ റിപ്പോർട്ടുകൾക്കും. ഗവൺമെന്റിന്റെ ആത്മാർത്ഥതയില്ലാത്ത സമീപനം ഖജനാവ് മുടിപ്പിക്കുന്നതിന് മാത്രം സഹായകരമാണ്. അന്നു കഴിഞ്ഞാൽ ആണ്ടു കഴിഞ്ഞു എന്ന ചിന്താഗതിയാണ് ഇങ്ങനെയൊരു നടപടി സ്വീകരിക്കാൻ കാരണം.

## വിമർശനങ്ങൾ

10 വർഷം മുൻപ് സമർപ്പിക്കപ്പെട്ട മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട് ഇത്ര തിടുക്കത്തിൽ എന്തിന് നടപ്പിലാക്കി, എന്തുകൊണ്ട് ഘടകകക്ഷികളോട് ആലോചിച്ചില്ല എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. വോട്ടു ബാങ്ക് കണ്ടുകൊണ്ടാണ് ഇതൊക്കെ ചെയ്തതെന്നും ആരോപണം ഉയർന്നു. 10 വർഷം മുൻപ് സമർപ്പിക്കപ്പെട്ട മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് ചർച്ചയ്ക്കെടുത്താൽ പത്തുവർഷം കൂടി നീട്ടാമെന്നും വേണ്ടിവന്നാൽ പുതിയ ഒരു കമ്മീഷനെ നിയമിച്ച് ഈ കമ്മീഷനെ ഇല്ലാതാക്കാമെന്നും കരുതിയവരാണ് ഈ വാദഗതികൾ ഉന്നയിച്ചത്. ദേശീയമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞകാര്യങ്ങൾ നടപ്പിലാക്കണമെങ്കിൽ ചങ്കൂറ്റം വേണം. ഇന്ദിരയ്ക്കും രാജീവനും ഉണ്ടാകാത്ത ചങ്കൂറ്റം വി.പി. യ്ക്ക് ഉണ്ടായി. അത് സമ്മതിച്ചേ പറ്റൂ.

വോട്ടുകണ്ടുകൊണ്ടാണെന്ന വാദം ശരിയാണ്. വോട്ടുലക്ഷ്യമാക്കി ഒരു നടപടി സ്വീകരിക്കുന്നത് ശരിയല്ല. ഈ സത്യം തുറന്നു പറയുവാൻ ഏതു കക്ഷിക്കാണ് ധൈര്യമുള്ളത്? അർഹതയുള്ളത്? വോട്ടു കൺമുൻപിൽ കണ്ടുകൊണ്ടല്ലേ ഏതു സർക്കാരും പദ്ധതികൾ നടപ്പിലാക്കുന്നത്? ഇക്കാര്യത്തിൽ ആരുടെയും മനസ്സാക്ഷി ശുദ്ധമല്ലെന്നതാണ് പരമാർത്ഥം. സ്വയം തൊഴിൽ കണ്ടെത്തുവാൻ പതിനായിരംകോടി രൂപാ രാജീവ്ഗാന്ധി നീക്കിവച്ചതും കടം എഴുതിത്തള്ളാൻ 12000 കോടി രൂപാ വി.പി. സിംഗ് നീക്കിവച്ചതും വോട്ട്ബാങ്ക് കണ്ടുകൊണ്ട് മാത്രമാണ്.

## സംവരണവിരുദ്ധസമരം

പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുമാത്രം രാഷ്ട്രം നൽകിയിരുന്ന പ്രത്യേകാനുകൂല്യങ്ങളും സംരക്ഷണവും തുല്യദുഃഖിതരായ മററു പിന്നോക്കസമുദായങ്ങൾക്കും കൂടി ലഭ്യമാക്കണമെന്നാണ് മണ്ഡൽക്കമ്മീഷൻ റിപ്പോർട്ടിന്റെ രത്നച്ചുരുക്കം. ഈ നിർദ്ദേശങ്ങൾ അപ്രായോഗികമോ,

www.malankaralibrary.com

അസ്വീകാര്യമോ ആണെന്ന് മുൻഗവൺമെന്റുകൾ പറഞ്ഞില്ല. എങ്കിലും അവ നടപ്പിലാക്കാതെ വച്ചു താമസിപ്പിക്കുകയാണ് ചെയ്തത്. തന്മൂലം പിന്നോക്കസമുദായങ്ങൾക്കുണ്ടാകുന്ന അമർഷവും അസംതൃപ്തിയും എത്രമാത്രമാണെന്ന് അനുമാനിക്കാവുന്നതാണ്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്ന് ലോകസഭാ തിരഞ്ഞെടുപ്പിനെ നേരിട്ടപ്പോൾ ജനതാദൾ മുന്നണി പ്രഖ്യാപിച്ചു. പിന്നോക്കസമുദായങ്ങളിൽപ്പെട്ട വലിയ ഒരു വിഭാഗത്തെ തങ്ങൾക്കനുകൂലമായി തിരിച്ചുവിടാൻ സാധിച്ചതുകൊണ്ടാണ് തിരഞ്ഞെടുപ്പിൽ നിർണ്ണായക വിജയം നേടാനും അധികാരത്തിലേറാനും മുന്നണിക്ക് സാധിച്ചത്.

പട്ടികജാതി പട്ടികവർഗ്ഗങ്ങൾ ഉൾപ്പെടെ ഇന്ത്യയുടെ ജനസംഖ്യയിൽ 65 ശതമാനത്തിലധികം വരുന്ന അവർണ്ണസമുദായങ്ങൾ സഹസ്രാബ്ദങ്ങളായി അനുഭവിച്ചുപോരുന്ന അസമത്വത്തിനും അവശതകൾക്കും അടിമത്തത്തിനും അറുതിവരുത്തുവാൻ പോരുന്ന സുധീരമായ ഈ നടപടി നീതിക്ക് നിരക്കാത്തതോ ജനാധിപത്യവിരുദ്ധമോ ആണെന്നു പറയുവാൻ മനുഷ്യത്വത്തിന്റെ കണികയെങ്കിലുമുള്ളവർക്ക് കഴിയുമെന്ന് തോന്നുന്നില്ല.

ഒരൊററ രാഷ്ട്രീയകക്ഷി പോലും ഈ സമരാഭാസത്തിൽ പങ്കെടുത്തില്ല. സമരത്തെ പിന്നിൽനിന്ന് സഹായിച്ച ബി.ജെ.പി. പോലും മററു പിന്നോക്കസമുദായങ്ങൾക്കുകൂടി സംവരണമേർപ്പെടുത്തിയതിനെ എതിർത്തിട്ടില്ല. പിന്നോക്കസമുദായങ്ങളിലെ സാമ്പത്തിക ഭദ്രതയുള്ളവരെ ഈ ആനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കണമെന്നും ഏതു സമുദായത്തിൽപ്പെട്ടവരായാലും അവശതയനുഭവിക്കുന്നവരെ സംരക്ഷിക്കണമെന്നും മാത്രമാണ് പറഞ്ഞിട്ടുള്ളത്.

സാമ്പത്തിക സംവരണവാദവുമായി രംഗത്തുവന്ന എൻ.എസ്സ്.എസ്സിന്റെ നടപടിയോട് കുറേ കേരളാകോൺഗ്രസ്സ് പ്രവർത്തകർ പ്രസ്താവനയിലൂടെ പിന്തുണപ്രഖ്യാപിച്ച് മുന്നോട്ടുവന്നെങ്കിലും കേരളാകോൺഗ്രസ്പോലും ഈ പ്രക്ഷോഭണത്തെ പിന്തുണച്ചില്ല. എൻ.എസ്സ്.എസ്സ്. പ്രവർത്തകർ ചേർന്ന് രൂപീകരിച്ച എൻ.ഡി.പി. മാത്രമാണ് മണ്ഡൽക്കമ്മീഷൻ വിരുദ്ധസമരവുമായി മുന്നോട്ടുവന്നത്. രാഷ്ട്രീയപാർട്ടികൾ ഈ നിലപാട് എടുക്കുന്നുണ്ടെങ്കിലും ഇവിടുത്തെ ഭരണപ്രതിപക്ഷരംഗത്ത് നിൽക്കുന്ന സകലസവർണ്ണരും മണ്ഡൽകമ്മീഷനെതിരായി കരുക്കൾ നീക്കിയെന്നത് ഒരു വസ്തുതയാണ്.

ജനസംഖ്യയിൽ 30 ശതമാനത്തിൽ താഴെമാത്രം വരുന്ന ഇക്കൂട്ടർ എന്നെന്നും അധികാരത്തിൽ തുടരാനുള്ള ശ്രമത്തിൽ, ഉദ്യോഗങ്ങളൊക്കെയും സ്വന്തമാക്കി, ഭരണഘടനപോലും തിരുത്തിക്കുറിച്ച് കമ്മീഷൻ റിപ്പോർട്ട് പൂഴ്ത്തിവച്ച്, രാഷ്ട്രീയനേതൃത്വം വരെ തങ്ങളുടെ

www.malankaralibrary.com

കുത്തകയാക്കി – പട്ടികജാതി–പട്ടികവർഗ്ഗങ്ങൾക്കുള്ള സംവരണം പോലും ചോദ്യം ചെയ്യാൻ തയ്യാറായി. ഡൽഹിയിലാണ് സംവരണവിരുദ്ധസമരം പൊട്ടിപ്പുറപ്പെട്ടത്. ഡൽഹി ഒരു ഉദ്യോഗസ്ഥമേഖലയാണ്. അതു മുഴുവൻ സവർണ്ണരുടെ കുത്തകയാണ്. ആ സവർണ്ണരുടെ മക്കളാണ് ഡൽഹിയിൽ അക്രമം അഴിച്ചുവിട്ടത്.

ദാരിദ്ര്യത്തിന് ജാതിയില്ല. ഈ ഒററവാചകം കേട്ടാൽ ആർക്കും ആ വാചകത്തോട് അനുകമ്പതോന്നും. പക്ഷേ ഭാരതത്തെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യത്തിന് ജാതിയുണ്ട് എന്നതാണ് സത്യം. പിന്നോക്ക വിഭാഗങ്ങൾ ഭാരതത്തിൽ ഉടലെടുക്കാനുള്ള കാരണം ജാതിവ്യവസ്ഥയാണ്. താഴ്ന്നജാതിക്കാരായതുകൊണ്ടാണ് ഒരുവിഭാഗമാളുകൾക്ക് വിദ്യാഭ്യാസവും ഉദ്യോഗങ്ങളും നിഷേധിക്കപ്പെട്ടിരുന്നത്. സാമൂഹികമായി മാത്രമല്ല മാനുഷികമായും അവർ തളർന്നു കൊണ്ടിരിക്കുകയായിരുന്നു. ഈ ദുരവസ്ഥയിൽ നിന്നു മോചനം നേടണമെങ്കിൽ ജാതിയുടെ അടിസ്ഥാനത്തിൽ സംവരണം നിലനിർത്തിയേ മതിയാകൂ.

സാമ്പത്തികസംവരണവാദം ഒരു തട്ടിപ്പാണ്. ജാതിസംവരണമില്ലാതെ സാമ്പത്തിക സംവരണം ഏർപ്പെടുത്തിയാൽ സ്വാധീനമുള്ള ഇവിടുത്തെ സവർണ്ണർ നൂറുശതമാനം ഉദ്യോഗവും കൈവശപ്പെടുത്തും തർക്കമില്ല. ഇവിടെ സർക്കാർ സർവ്വീസ് സകലർക്കും കാമ്യമാണ്. കാരണം അത് അത്രകണ്ട് മാന്യവും ആദായകരവുമാണ്. ദാരിദ്ര്യവും തൊഴിലില്ലായ്മയും മൂർദ്ധന്യാവസ്ഥയിലെത്തി നിൽക്കുന്ന ഈ രാജ്യത്ത് സേവനസ്ഥിരതയും കനത്ത ശമ്പളവും വാർദ്ധക്യകാലത്ത് പെൻഷനും നൽകപ്പെടുന്നതിനാൽ താരതമ്യേന സർക്കാർ ഉദ്യോഗസ്ഥന്റെ ജീവിതം ഭദ്രമാണ്. ആ ജീവിതഭദ്രത ഈ രാജ്യത്തെ എല്ലാ സമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായി ലഭിക്കണമെന്നാവശ്യപ്പെടുമ്പോൾ അത് അശാസ്ത്രീയമെന്ന് പറയുന്നത് വഞ്ചനയാണ്. രാജ്യത്തെ വരുമാനത്തിൽ 60 ശതമാനവും ഉദ്യോഗസ്ഥന്മാർക്ക് ശമ്പളമായാണ് നൽകുന്നത്. ആ തുകയത്രയും 30 ശതമാനത്തിൽ താഴെമാത്രം വരുന്ന സവർണ്ണർക്ക് നേടിയെടുക്കാനുള്ള തന്ത്രപ്പാടിലാണ് സവർണ്ണർ ഇന്ന്.

ഇതൊരു തൊഴിൽ പ്രശ്നമായി മാത്രം കാണണ്ട. സർക്കാർ ഉദ്യോഗമെന്നു പറയുന്നത് അധികാരത്തിലുള്ള പങ്കാളിത്തമാണ്. ഭരണപരമായ ആ അവകാശത്തിൽ നിന്ന് തട്ടിയകററിനിർത്തിയിരുന്നവർക്ക് ആശ്വാസം നൽകുന്ന ഒരു റിപ്പോർട്ടാണ് മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട്. സാമ്പത്തിക സംവരണത്തിനുവേണ്ടി നിലകൊള്ളുന്ന എൻ.എസ്സ്.എസ്സ്. തങ്ങളുടെ സ്ഥാപനങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുമാത്രം ജോലി കൊടുക്കാൻ തയ്യാറാകുമോ?

www.malankaralibrary.com

സംവരണം എക്കാലവും തുടരണമെന്ന് ആരും പറയുന്നില്ല. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് സർക്കാർ സർവ്വീസിലോ വിദ്യാഭ്യാസരംഗത്തോ മതിയായ പ്രാതിനിദ്ധ്യവും ഇതുവരെ വന്നിട്ടില്ലെന്നുള്ളതാണ് സത്യം. ഭരണതലത്തിൽ ഒരു രംഗത്തും ജനസംഖ്യയിൽ 75 ശതമാനമുള്ള ഈഴവരാദി പിന്നോക്കസമുദായക്കാർ മുന്നോക്കസമുദായക്കാരുടെ സമീപത്തെങ്ങും എത്തിയിട്ടില്ല. ഇതിന് സാമാന്യമായൊരു പരിഹാരം കാണാതെ സംവരണ തത്വത്തിൽ മാററം വരുത്താൻ പാടില്ല.

സംവരണ സംബന്ധമായി നിലവിലുള്ള സമ്പ്രദായത്തിൽ എന്തെങ്കിലും മാററം വരുത്തുന്നതിന് മുൻപായി ഈ രാജ്യത്തെ ഉദ്യോഗസ്ഥരുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സർക്കാർ പരസ്യപ്പെടുത്തണം. ഇതിലേക്ക് സംയുക്തമായി സർക്കാരിലേക്ക് ആവശ്യപ്പെടുവാൻ സാമ്പത്തികസംവരണത്തിനുവേണ്ടി വാദിക്കുന്നവർ തയ്യാറാകുമോ? അതിന് തയ്യാറില്ലാതെ രാഷ്ട്രീയമായി ഈ പ്രശ്നം നേടുമെന്നാണ് അവരുടെ ഭീഷണി. ജാതിയുടെ അടിസ്ഥാനത്തിൽ സംവരണത്തിന്റെ ഗുണം അനുഭവിക്കുന്ന പിന്നോക്കസമുദായങ്ങൾക്ക് സർക്കാർ സർവ്വീസിൽ മതിയായ പ്രാതിനിദ്ധ്യം ലഭിക്കുക എന്ന സ്ഥിതിവിശേഷം വന്നുകഴിഞ്ഞാൽ സംവരണം ഒരു നിമിഷംപോലും തുടർന്നുകൊണ്ടുപോകേണ്ട ആവശ്യമില്ല. ആ പ്രാതിനിദ്ധ്യം വന്നു കഴിഞ്ഞുവെന്ന ജനത്തെ ബോദ്ധ്യപ്പെടുത്തിയാൽ മതി.

സർക്കാർ സർവ്വീസിൽ ഈഴവർക്ക് കേരളത്തിൽ ഇന്നു ലഭിച്ചിരിക്കുന്ന സംവരണവ്യവസ്ഥ ഇന്നോ ഇന്നലെയോ ആരുമറിയാതെ ഭൂമിയിൽ നിന്ന് മുളച്ചുവന്നതോ ആകാശത്തുനിന്ന് പൊട്ടിവീണതോ ഒന്നുമല്ല. എൻ.എസ്.എസിന്റെ അതിരൂക്ഷമായ എതിർപ്പിനെ അവഗണിച്ച് വിജയം വരിച്ച നിവർത്തനപ്രക്ഷോഭണത്തിന്റെ ഫലമായി ഈഴവർ സമ്പാദിച്ച അവകാശമാണ് ഈ സംവരണം.

സുദീർഘമായ പ്രക്ഷോഭണങ്ങളുടെയും ത്യാഗത്തിന്റെയും ഫലമായി ഈഴവരാദി പിന്നോക്കസമുദായങ്ങൾ സർക്കാർ സർവ്വീസിൽ ജാതിയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസംവരണം നേടിയെടുത്തു. അത് ശാശ്വതമായിരിക്കണമെന്ന് അവർ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. ഏത് അവശതകളുടെ പേരിലാണോ സംവരണം ഉണ്ടായത് ആ അവശതകൾ പരിഹരിക്കപ്പെട്ടാൽ ആ പരിരക്ഷ ഉപേക്ഷിക്കാൻ തയ്യാറാണെന്ന് അവർ പലപ്രാവശ്യം വ്യക്തമാക്കിയിട്ടുണ്ട്. കുത്തകവാദികൾ ഒളിഞ്ഞും തെളിഞ്ഞും സംവരണതത്വങ്ങളെ പരാജയപ്പെടുത്താതിരുന്നെങ്കിൽ പിന്നോക്കസമുദായങ്ങളുടെ പിന്നോക്കാവസ്ഥ ഏറെക്കുറെ പരിഹരിക്കപ്പെടുമായിരുന്നു. സംവരണവിരോധികളായ സവർണ്ണർ സാമ്പത്തികസംവരണം എന്ന ആകർഷകമായ ആശയത്തെപ്പററി പ്രചണ്ഡമായ പ്രചരണം നടത്തി പിന്നോക്കസമുദായ

www.malankaralibrary.com

ങ്ങളുടെ സംവരണാനുകൂല്യത്തിന്റെ കണ്ഠത്തിൽ കത്തിവയ്ക്കുകയാണ വരുടെ ലക്ഷ്യം.

ഈഴവർ പിന്നോക്കാവസ്ഥ തരണം ചെയ്തുവെന്ന വാദം ശരിയല്ല. ദുഷ്പ്രചരണമാണ്. ശ്രീ. കെ.കെ. വിശ്വനാഥൻ ചെയർമാനായുള്ള ഇവാലു വേഷൻ കമ്മററിയും കേരളത്തിലെ കുമാരപിള്ള കമ്മീഷനും നെട്ടൂർ കമ്മീ ഷനും ഈഴവർ പിന്നോക്കാവസ്ഥയിലാണെന്ന് തറപ്പിച്ചു പറഞ്ഞിട്ടുണ്ട്. ഈ യാഥാർത്ഥ്യം എല്ലാവരും മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഭാരതത്തിന്റെ ഭരണഘടന തയ്യാറാക്കിയത് ലോകത്തിലെ മിക്കരാജ്യ ങ്ങളിലെയും ഭരണഘടനകളെ സസൂക്ഷ്മം പരിശോധിച്ച് പഠിച്ചതിന് ശേഷമാണ്. ലോകത്തുള്ള ഒരു രാജ്യത്തെയും ഭരണഘടനയിലും ഇല്ലാത്ത ഒരു വ്യവസ്ഥ നമ്മുടെ ഭരണഘടനയിൽ എഴുതിച്ചേർത്തു. ആ വ്യവസ്ഥ യാണ് ബാക്ക്വേർഡു ക്ലാസ്സിന് ഉദ്യോഗനിയമനത്തിൽ സംവരണമെന്നത്. അത് ഉറപ്പാക്കുന്നതാണ് ഭരണഘടനയിലെ നാലാം ഉപവകുപ്പ്. ഇങ്ങനെ ഉദ്യോഗനിയമനത്തിൽ പ്രത്യേകപരിഗണന നൽകി സൃഷ്ടിച്ച സംവര ണമെന്ന വ്യവസ്ഥ ലോകത്താദ്യമാണ്. ഇന്ത്യയിൽ ഇത് എങ്ങിനെ വന്നു. ഇന്ത്യയിലെ സാമൂഹ്യസ്ഥിതി ലോകത്തിൽ മററൊരിടത്തും ഇല്ലാത്ത ഒരു പ്രത്യേകതയാണ്. ധനവാനും ദരിദ്രനും പണ്ഡിതനും പാമരനും മുതലാളിയും തൊഴിലാളിയും എന്നിങ്ങനെയുള്ള ഭേദങ്ങൾ എല്ലാരാജ്യ ത്തുമുണ്ടായിരുന്നു. എന്നാൽ ഇന്ത്യയിലെ ജാതിവ്യവസ്ഥയിൽ കെട്ടിപ്പ ടുത്ത ഒരു സാമൂഹ്യവ്യവസ്ഥിതി ലോകത്തിൽ ഒരിടത്തും ഉണ്ടായിരുന്നില്ല.

നരനുനരനശുദ്ധി വസ്തുപോലും
ധരയിൽ നടപ്പത് തീണ്ടലാണ്പോലും
നരകമിവടമാണ് ഹന്ത കഷ്ടം
ഹര!ഹര! ഇങ്ങനെ വല്ലനാടുമുണ്ടോ?

എന്നിങ്ങനെ കുമാരനാശാൻ പാടിയത് ശരിയാണ്. ഇങ്ങനെ ഒരുനാടു മില്ല. മനുഷ്യരെ പലജാതികളാക്കി തിരിച്ച് പ്രത്യേകം പ്രത്യേകം തട്ടുകളാ ക്കി നിർത്തുന്ന ഒരു നാട്. ഒരു കൂട്ടർക്ക് അടുക്കാനും തൊടാനും പാടില്ല. അക്കൂട്ടരാകട്ടെ അദ്ധ്വാനിച്ച് വിഭവങ്ങൾ സംഭരിച്ച് കൊടുത്തുകൊള്ളണം. ഇത് നീതിയെന്ന് കല്പിക്കപ്പെട്ടിരുന്നു. ഇതിന് മാററം വന്നത് ബ്രിട്ടീഷു കാരുടെയും വിദേശക്രൈസ്തവ മിഷനറിമാരുടെയും ആഗമനത്തോടു കൂടിയാണ്.

മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട് രാഷ്ട്രപതിക്ക് സമർപ്പിച്ച 1980 മുതൽ പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കാനുള്ള പിന്നോക്കസമുദായങ്ങളുടെ പരിശ്രമ ങ്ങളോട് കത്തോലിക്കാ കോൺഗ്രസ്സ് സഹകരിക്കുകയാണുണ്ടായത്. കത്തോലിക്കാ സമുദായത്തിലെ സീറോമലബാർ സഭയിലെ അംഗങ്ങൾക്ക്

www.malankaralibrary.com

മണ്ഡൽക്കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയാൽ ഉദ്യോഗരംഗത്ത് നഷ്ടമാണ് സംഭവിക്കുക. ആ ലാഭനഷ്ടം നോക്കിയല്ല കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനങ്ങളെടുക്കുക. അടിച്ചമർത്തപ്പെട്ടവരുടെയും അവഗണിക്കപ്പെട്ടവരുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് കത്തോലിക്കാ കോൺഗ്രസ്സ് ശ്രമിച്ചിട്ടുള്ളത്. 1983–ലാണ് അതു സംബന്ധിച്ചുള്ള ചർച്ചകൾ സജീവമായത്. മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെന്ന കാര്യത്തിൽ കത്തോലിക്കാ സമുദായത്തിന് ഏകാഭിപ്രായമാണുണ്ടായിരുന്നത്. സിറിയൻ സമുദായത്തിന് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതോടുകൂടി കുറേ ഉദ്യോഗങ്ങളിൽ കുറവുവരുമെന്നത് യാഥാർത്ഥ്യമാണ്. ഇവിടുത്തെ 52 ശതമാനം വരുന്ന പിന്നോക്ക സമുദായങ്ങൾക്ക് ഗുണം ചെയ്യുന്ന ഒരു കമ്മീഷൻ റിപ്പോർട്ടിനെ സിറിയൻ കത്തോലിക്കാ സമുദായം സ്വാഗതം ചെയ്യുകയാണുണ്ടായത്.

## നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇന്ന് വലിയ ചർച്ചാവിഷയമായിരിക്കുകയാണ്. സംവരണം ആദിയായ കാര്യങ്ങളിൽ എന്നും പിന്നോക്കസമുദായങ്ങൾ ഒന്നിച്ച് അണിനിരന്ന ചരിത്രമാണ് കേരളത്തിലുള്ളത്. പിന്നോക്കസമുദായങ്ങളിലെ ഒരു പ്രബലസമുദായമായ ഈഴവ സമുദായം സവർണ്ണരോട് ഒത്തുനിന്നുകൊണ്ട് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന് എതിരായ നിലപാട് സ്വീകരിച്ചിരിക്കുന്നത് നിർഭാഗ്യകരമാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുകൊണ്ട് ഈഴവർക്ക് പ്രത്യേക പ്രയോജനമില്ലായിരിക്കാം. എന്നാൽ ഇത്രയും കാലം തങ്ങളോട് ഒത്തുനിന്ന മററു പിന്നോക്ക വിഭാഗങ്ങൾക്ക് വലിയനേട്ടമുണ്ടാകുമെന്നുള്ള സത്യം ഗ്രഹിച്ച് ഈഴവർ പിന്നോക്കവിഭാഗങ്ങളുടെ വിശാലതാല്പര്യം കണക്കിലെടുത്ത് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാൻ ശ്രമിക്കണം. അതിന് വിരുദ്ധമായ നിലപാട് ഈഴവസമുദായം സ്വീകരിക്കുമ്പോൾ പിന്നോക്ക ജനവിഭാഗങ്ങളുടെ പൊതുനേട്ടങ്ങളിൽ ഈഴവർക്ക് തൃപ്തിയില്ലെന്നാണ് മനസ്സിലാക്കേണ്ടത്. തങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത സമുദായ സംവരണത്തെയും മണ്ഡൽ കമ്മീഷനെയും നരേന്ദ്രൻ കമ്മീഷനെയും ഒക്കെ സിറിയൻ കത്തോലിക്കർ പിന്താങ്ങുന്നത് പിന്നോക്ക ജനവിഭാഗങ്ങളോടുള്ള പ്രതിബദ്ധതകൊണ്ടു മാത്രമാണ്. ആ പ്രതിബദ്ധത പിന്നോക്ക സമുദായങ്ങളിലെ പ്രബല സമുദായമായ ഈഴവസമുദായത്തിനില്ലാതെ പോയത് നിർഭാഗ്യകരമാണ്. പ്രൊഫ. ആന്റണി ഐസക്ക് ദീപനാളം വാരികയുടെ ജനുവരി ലക്കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

“എന്നും നായർ വിരോധം പരത്തി വളർന്നുവന്ന നടേശൻ പെട്ടെന്ന് നായർ സമുദായത്തിന്റെ ഏററവും വലിയ അടുപ്പക്കാരനും ബന്ധുവുമായി

www.malankaralibrary.com

മാറിയതിനു കാരണം നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടാണ്. സമുദായങ്ങളുടെ സർക്കാരുദ്യോഗ കണക്കനുസരിച്ച് സംവരണ സമുദായങ്ങൾക്ക് സർക്കാരിൽ മതിയായ പ്രാതിനിദ്ധ്യം ഉണ്ടോ ഇല്ലയോ എന്ന് കണക്കെടുത്ത റിപ്പോർട്ടാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്. ഈഴവസമുദായത്തിന് കിട്ടേണ്ട സംവരണം പൂർണ്ണമായി ലഭിച്ചിരിക്കുന്നുവെന്നാണ് നരേന്ദ്രൻ കമ്മീഷൻ കണ്ടെത്തിയത്. അതായത് നൂറിന്, പതിനാലുവീതം അവർക്കുകിട്ടിക്കഴിഞ്ഞു. ഒരുപാട് ഉദ്യോഗങ്ങളിൽ മുന്നോക്കസമുദായങ്ങളെ തോല്പിച്ചുകൊണ്ട് അവർ കൂടുതൽ നേട്ടം ഉണ്ടാക്കിയിരിക്കുന്നുവെന്നും അതുമൂലം പിന്നോക്കസമുദായ സംവരണത്തിനിനി അവർക്കവകാശമില്ലെന്നുമുള്ള സ്ഥിതിവിവരകണക്കുകളുടെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പുറത്തുവന്നപ്പോൾ നടേശന് നഷ്ടമായത് പിന്നോക്കസമുദായങ്ങളുടെ അവശതയുടെ പേരിൽ അമർഷം കൊള്ളാനും കണ്ണീരൊഴുക്കുവാനുമുള്ള അവസരമാണ്. അതോടെ വൈകാരിക സാമൂഹിക പ്രക്രിയയിലൂടെ മാത്രം നേതൃത്വം കൈയാളിവന്ന വെള്ളാപ്പള്ളിക്കും അതുപോലുള്ള ചിലനേതാക്കൾക്കും തങ്ങളുടെ നേതൃത്വപ്രസക്തി നഷ്ടപ്പെട്ടുപോകുമെന്ന ഭയം പിടിപെട്ടു. സമുദായത്തിന് നീതി ലഭിക്കുന്നില്ലെന്നും അർഹമായ സർക്കാർ സർവ്വീസ് ലഭ്യമാകുന്നില്ലെന്നും പ്രസംഗിച്ച് സമുദായാംഗങ്ങളിൽ വീറുകേററി നടന്ന ഈ നേതാക്കന്മാർ ഇതുവരെ ഉയർത്തിവിട്ട വാദഗതികളുടെ മുനയൊടിഞ്ഞതായി ബോദ്ധ്യപ്പെട്ടു. അതിനാൽ കണ്ടുപിടിച്ച തന്ത്രമാണ് ന്യൂനപക്ഷങ്ങളുടെ നേരെ ശത്രുതയുടെ വാൾ വെട്ടിമാററുകയും ഇന്നലെകളിലെ ശത്രുക്കളെന്ന് ധരിപ്പിച്ചതിൽനിന്ന് മുതലെടുത്തിരുന്ന അവസ്ഥയ്ക്ക് വിരുദ്ധമായി നായർ സമുദായത്തെ കൂട്ടുപിടിച്ച് ഒരു ന്യൂനപക്ഷ വിരുദ്ധ കാലഘട്ടം തുറക്കുക എന്നുള്ളത്."

ഈ മലക്കംമറിച്ചിലുകൾക്ക് കാരണമായി തീർന്ന നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ 7383 ഉദ്യോഗം മുസ്ലീംങ്ങൾക്ക് നഷ്ടപ്പെട്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈഴവർക്ക് 5 ഉദ്യോഗത്തിന്റെ കുറവുമാത്രമേയുള്ളു. ദളിത് ക്രൈസ്തവർക്ക് 2290 ഉദ്യോഗങ്ങളും ധീവരന്മാർക്ക് 1256 ഉദ്യോഗങ്ങളും നാടാർ സമുദായത്തിന് 2614 ഉദ്യോഗങ്ങളും നഷ്ടപ്പെട്ടതായി നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. ഈഴവർക്ക് ലഭിച്ച നേട്ടത്തിൽ സന്തോഷിക്കുകയും തങ്ങളോടൊപ്പംനിന്ന് എന്നും സമരംചെയ്ത മററു പിന്നോക്കസമുദായങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ നേതൃത്വം നൽകുകയുമായിരുന്നു വെള്ളാപ്പള്ളി നടേശൻ ചെയ്യേണ്ടിയിരുന്നത്. അതിനു തയ്യാറാകാതെ വെള്ളാപ്പള്ളി നടേശൻ നായർസമുദായവുമായി കൂട്ടുകൂടിയത് നിർഭാഗ്യകരമാണ്. മലയാളിമെമ്മോറിയൽ സമരമുൾപ്പെടെ നടന്ന ജനകീയ സമരങ്ങളുടെ നേർക്ക് നായർ സമുദായം സ്വീകരിച്ച നിലപാടാണ് ഇന്ന് വെള്ളാപ്പള്ളി സ്വീകരിക്കുന്നത്. യഥാർത്ഥത്തിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനുള്ള സമരത്തിന് നേതൃത്വം നൽകേണ്ടത് ഈഴവസമുദായമായിരുന്നു.

www.malankaralibrary.com

## 19

# സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം

നായരീഴവ ഐക്യം യഥാർത്ഥത്തിൽ ഒരിക്കലും ഒരു വാർത്തയല്ല. ഹിന്ദുമഹാമണ്ഡലരൂപീകരണം സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം നടന്ന നായരീഴവ ഐക്യത്തിന്റെ പ്രധാനകണ്ണിയായിരുന്നു. ആ ഐക്യത്തെപ്പററി മാധ്യമം പത്രത്തിൽ ഡോ. എം.എസ്സ്. ജയപ്രകാശ്, നായർ – ഈഴവ ഐക്യം വഞ്ചനയുടെ തുടർക്കഥ എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ദേവസ്വം ബോർഡിലെ മേധാവിത്വം സ്ഥാപിക്കാൻ മന്നത്തു പത്മനാഭൻ ആവിഷ്ക്കരിച്ച തന്ത്രമായിരുന്നു ഹിന്ദുമഹാമണ്ഡലം. ഖജനാവിൽനിന്ന് പ്രതിവർഷം 51 ലക്ഷം രൂപാ ദേവസ്വം ബോർഡിന് നൽകാൻ സർക്കാർ തീരുമാനിച്ചു. ഇതിനെ ക്രൈസ്തവ കേന്ദ്രങ്ങൾ എതിർത്തു. ഈ എതിർപ്പിനെ അതിജീവിക്കാനാണ് മന്നം ഈഴവരെ കൂട്ടുപിടിച്ചത്. ഇങ്ങനെയാണ് ഹിന്ദുമഹാമണ്ഡലം രൂപീകൃതമാകുന്നത്. കഥയറിയാതെ ആർ. ശങ്കർ മന്നത്തിന്റെ കെണിയിൽവീഴുകയാണുണ്ടായത്. ആവശ്യം കഴിഞ്ഞപ്പോൾ ശങ്കറിനെ കൈവെടിയുകയും ചെയ്തു. ഹിന്ദുമണ്ഡലത്തിന്റെ മധുവിധു തീരുംമുമ്പേ തന്നെ 1952–ൽ കൊട്ടാരക്കരയിൽ നടന്ന തിരഞ്ഞെടുപ്പിൽ ശങ്കറിനെ പരാജയപ്പെടുത്തിയത് മന്നം തന്നെയായിരുന്നു."

മാതൃഭൂമിപത്രത്തിൽ തിങ്കളാഴ്ചത്തെ വിശേഷാൽപ്രതിയിൽ ഇമ്മിണി വലിയഹിന്ദു എന്ന ശീർഷകത്തിൽ അല്പം ഫലിതത്തിൽ 'ഇന്ദ്രൻ' എഴുതിയിരിക്കുന്ന ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ.

"എസ്സ്.എൻ.ഡി.പി.യും എൻ.എസ്സ്.എസ്സും. ഫിഫ്ററി ഫിഫ്ററി എന്ന തോതിൽ ഐക്യവും ശത്രുതയും കൊണ്ടുനടക്കാൻ തുടങ്ങിയിട്ട് കാലമേറെയായി. രണ്ടും ചേർന്നാലേ ഇരുപക്ഷത്തിനും അവരുടെ പരിപ്പ് ശരിയായി വേവിച്ചെടുക്കാൻ പററൂ. നായന്മാരുടെ സവർണ്ണമേധാവിത്വത്തിനെതിരെ നാഴികയ്ക്ക് നാല്പതുവട്ടമെങ്കിലും ഒച്ചയെടുക്കാതെ ഈഴവരാദി ശ്രീനാരായണീയരെ തന്റെ പിന്നിൽ ഉറപ്പിച്ചുനിറുത്താൻ വെള്ളാപ്പള്ളി ഗുരുവിന് കഴിയില്ല. ജാതിസംവരണത്തിലൂടെ സർക്കാരുദ്യോഗമെല്ലാം ഈഴവരും മുസ്ലീംകളും തട്ടിയെടുക്കുന്നതിനെതിരെ നായർ ജനങ്ങളെ അണിനിരത്താതിരിക്കുവാൻ പണിക്കർക്കും പററുകയില്ല. ഇടയ്ക്കെല്ലാം തമ്മിൽതല്ലു നിറുത്തി ചുമലിൽ കൈയിട്ടുവേണം ക്രിസ്ത്യാനികളെയും മുസ്ലീംങ്ങളെയും നേരിടാൻ ......... നായർ ഹിന്ദുവിനെയും ഈഴവഹിന്ദുവിനെയും ചേർത്ത് ഇമ്മിണി വല്യഹിന്ദുവിനെ ഉണ്ടാക്കാൻ ഇതാദ്യമായല്ല ശ്രമം നടക്കുന്നത്.

www.malankaralibrary.com

ന്യൂനപക്ഷം പാഞ്ഞു വന്ന് വിഴുങ്ങിക്കളയുമെന്ന ഭയമുണ്ടാകുന്നതും ആദ്യമായല്ല. സ്വാതന്ത്ര്യം കിട്ടിയ ഉടനെ തിരുവിതാംകൂറിലെ ഭരണം കയ്യാളിയിരുന്ന സ്റ്റേററ് കോൺഗ്രസ്സിനെ ക്രിസ്ത്യാനികൾ വിഴുങ്ങുന്നു എന്ന് ഭയന്ന് എസ്സ്.എൻ.ഡി.പിയും എൻ.എസ്സ്.എസ്സും ചേർന്ന് രൂപപ്പെടുത്തിയത് "ഹിന്ദുമഹാമണ്ഡലം" എന്നൊരു നായരീഴവ ഐക്യമുന്നണിയെയാണ്. ഇതിന്റെ നിയന്ത്രണത്തിൽ ഡമോക്രാററിക് കോൺഗ്രസ്സ് എന്നൊരു പാർട്ടിക്ക് രൂപം നൽകി. ആർ. ശങ്കർ ആയിരുന്നു അന്നത്തെ വെള്ളാപ്പള്ളി. മന്നത്തു പത്മനാഭൻ എൻ.എസ്സ്.എസ്സ്. അധിപനും. കളി അധികം നീണ്ടുനിന്നില്ല. രണ്ടു കോളേജോ ഒരു സ്കൂളോ മറേറാ എറിഞ്ഞു കൊടുത്തപ്പോൾ ആർ.ശങ്കർ പരിപാടി മതിയാക്കി കോൺഗ്രസ്സ് ആയി. മന്നത്തു പത്മനാഭൻ പഴയ വഴിക്ക് മടങ്ങി. ശങ്കർ കോൺഗ്രസ്സായാൽ മന്നം കമ്മ്യൂണിസ്റ്റാകാനും മടിക്കുകയില്ല. 57-ൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കൊപ്പമാണ് മന്നം നിന്നതെന്ന അപഖ്യാതി ചരിത്രത്തിലുണ്ട്. വിമോചനസമരമായതോടെ മന്നമായി അതിന്റെ നായകൻ. എങ്കിൽ ഞങ്ങൾ നിഷ്പക്ഷർ എന്നായി എസ്സ്.എൻ.ഡി.പി. അങ്ങനെ എത്രയെത്ര കളികൾ."

നായരീഴവ കളികൾ പലവഴിക്ക് പിന്നെയും തിരിഞ്ഞു. നായന്മാർ ഒരു രാഷ്ട്രീയപാർട്ടിയുണ്ടാക്കി രാജ്യഭരണം പിടിച്ചെടുക്കണമെന്ന് വിചാരിച്ചു. അതേ മോഹംതന്നെ ഈഴവർക്കുമുണ്ടായി. എൻ.എസ്സ്.എസ്സ്. ആണ് ആ പദ്ധതി ആദ്യം നടപ്പിലാക്കിയത്. 1974-ൽ എൻ.ഡി.പി. എന്ന ജാതിരഹിതദേശീയ ജനാധിപത്യപാർട്ടി - രൂപീകരിച്ചു എസ്സ്.എൻ.ഡി.പിയും ഉടനെ ഒരു രാഷ്ട്രീയപാർട്ടി രൂപീകരിക്കാൻ ശ്രമിച്ചു. അവർ രൂപം നൽകിയ പാർട്ടിയുടെ പേര് സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി - എസ്സ്.ആർ. പി. എന്നായിരുന്നു.

രണ്ടു പാർട്ടികളും സാക്ഷാൽ ലീഡർ കരുണാകരനെ സമീപിച്ചു. മുന്നണിയിൽ അവർക്കും ഇടംകൊടുത്തു. എൻ.ഡി.പി.ക്ക് 1977-ലെ തിരഞ്ഞെടുപ്പിൽ അഞ്ചു സീററു ലഭിച്ചു. 1980-ൽ മൂന്നു സീററും ലഭിച്ചു.1982-ലെ തിരഞ്ഞെടുപ്പിൽ എൻ.ഡി.പിക്ക് 4 സീററും എസ്.ആർ.പിക്ക് രണ്ട് സീററും കിട്ടി. അവരിൽനിന്നും മന്ത്രിമാരുമുണ്ടായി. നായർ മന്ത്രിയും ഈഴവമന്ത്രിയും രാജ്യം ഭരിച്ചു. 1982-ലെ സർക്കാരിന്റെ കാലത്തുതന്നെ എൻ.ഡി.പി. മന്ത്രിക്കും എസ്സ്.ആർ.പി. മന്ത്രിക്കും അഴിമതിയാരോപണങ്ങളെ നേരിടേണ്ടിവന്നു. ഇരുപാർട്ടികളും പിളർന്നു. പിളർന്ന പാർട്ടികൾ വീണ്ടും യോജിച്ചു. പിന്നെയും പിളർന്നു. പിന്നീട് ഇരുപാർട്ടികളും അപ്രത്യക്ഷമായി. നേതാക്കൾ പിന്നീട് മുങ്ങി. ഏതായാലും നായരും ഈഴവരും ഒന്നിച്ചല്ലെങ്കിലും രണ്ടു പാർട്ടിയുണ്ടാക്കി കുറെ കാര്യം കണ്ടു.

ഇതിനിടയിൽ സാമ്പത്തികസംവരണവാദവുമായി എൻ.എസ്സ്.എസ്സും

www.malankaralibrary.com

സമുദായികസംവരണവാദവുമായി എസ്സ്.എൻ.ഡി.പിയും നിരത്തിലിറങ്ങി. 1960–കളിലാണ് ഈ കളി അരങ്ങേറിയത്. എൻ.എസ്സ്.എസ്സ്. അന്ന് ഈഴവരെ ഉപദേശിച്ചതിങ്ങനെയാണ്. "ജാതിക്കും മതത്തിനും അതീതരായി മനുഷ്യരെ സ്നേഹിക്കാൻ നാം തയ്യാറാകണം. ഏതാനും ഉദ്യോഗങ്ങൾക്കുവേണ്ടി പരസ്പരം കടിപിടി നടത്തുന്ന ഉദ്യമങ്ങളിൽനിന്ന് കേരളത്തിലെ ഭൂരിപക്ഷം വരുന്ന ഈഴവസമുദായം പിന്മാറണം. ഹൈന്ദവജനത ഒരു ഏകീകൃതസംഘടനയിൽ അണിനിരക്കണം." ഈഴവരെ സമുദായ സംവരണത്തിൽനിന്നും പിന്തിരിപ്പിക്കാനുള്ള ഒരു അടവായിരുന്നു അത്. എം.എസ്സ്. ജയപ്രകാശിന്റെ ലേഖനത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ. "1949–ൽ ക്രൈസ്തവരെ എതിർക്കാനാണ് ഈഴവരെ ഉപയോഗിച്ചതെങ്കിൽ ഇപ്പോൾ മുസ്ലീംകളെ തളർത്താനാണ് ഈഴവനേതാവിനെ എഴുന്നള്ളിച്ചത്. ന്യൂനപക്ഷസമുദായക്കാരായ രണ്ട് ക്രൈസ്തവനേതാക്കളെ സാക്ഷി നിർത്തിയാണ് വെള്ളാപ്പള്ളിയെക്കൊണ്ട് ന്യൂനപക്ഷവിരുദ്ധപ്രസംഗം പണിക്കർ നടത്തിച്ചത്. 1949ലെ ഹിന്ദുമണ്ഡലം കത്തിക്കയറുമ്പോൾ ആർ. ശങ്കറുടെ തോളിൽ കൈയ്യിട്ട് ആറടി മണ്ണിൽ ക്രിസ്ത്യാനികളെ കുഴിച്ചു മൂടണമെന്നുവരെ കോട്ടയത്തെ തിരുനക്കര മൈതാനത്തെ മന്നം പ്രസംഗിച്ചിരുന്നു..... അന്ന് ദേവസ്വത്തിന് കിട്ടേണ്ട 51 ലക്ഷത്തിന് ക്രൈസ്തവർ എതിരായിരുന്നുവല്ലോ. അത് നായർ താല്പര്യത്തിന് എതിരായിരുന്നു. ഇന്ന് മുസ്ലീംകളാണ് നരേന്ദ്രൻ കമ്മീഷന്റെ കാര്യത്തിൽ ശക്തമായി മുന്നണിയിലുള്ളത്. അത് നായർ താല്പര്യത്തിന് വിരുദ്ധമാണെന്ന് പറയേണ്ടതില്ലല്ലോ. ന്യൂനപക്ഷങ്ങൾ സ്വത്തുക്കൾ കുന്നുകൂട്ടുന്നു എന്ന നാരായണപ്പണിക്കരുടെ പ്രസ്താവന മുസ്ലീം വിരോധം വളർത്താനുള്ള ഗൂഢശ്രമത്തിന്റെ ഭാഗമാണ്. വെള്ളാപ്പള്ളി കഥയറിയാതെ ഇത് ഏററുപാടുകയാണ്. കഴിഞ്ഞ 50 വർഷംകൊണ്ട് കൂട്ടായ്മയിലൂടെയും കഠിനാദ്ധ്വാനത്തിലൂടെയും പടിപടിയായി വളർന്ന രണ്ടു സമുദായങ്ങളാണ് ക്രൈസ്തവരും മുസ്ലീങ്ങളും. ഇവരുടെ നേട്ടങ്ങൾ അനർഹമാണെന്ന് പറയുന്നവർ ക്രൂരമായ അസൂയക്കും ഈർഷ്യക്കും വിധേയമായവരാണ്."

www.malankaralibrary.com

## 20

# അധികാരരാഷ്ട്രീയം–ലക്ഷ്യം

നായരും ഈഴവരും ഫിഫ്ററി ഫിഫ്ററി സമരവും ഫിഫ്ററി ഫിഫ്ററി സഹകരണവുമായി നീങ്ങിയപ്പോഴാണ് ററി.വി.പുരത്ത് ഒരു സിമിറററിയുടെ പേരിൽ ബഹളവും സംഘർഷവുമൊക്കെ ഉണ്ടായത്. 1996–ലാണ് ഒരു സിമിറററിക്കുവേണ്ടിയുള്ള ശ്രമം ആരംഭിച്ചത്. സിമിറററി ഒരു സാമൂഹികാവശ്യമാകയാലാണ് ഈ ശ്രമം ആരംഭിച്ചത്. സമൂഹത്തിന് മരിച്ചയാളിനോട് ആദരവ് നൽകാനുള്ള അവസാന അവസരം മൃതദേഹസംസ്കാരത്തോടനുബന്ധിച്ചുള്ളതാണ്. ററി.വി.പുരം ഇടവകക്കാർ മരിച്ചാൽ ഉദ്ദേശം നാലുകിലോമീററർ അകലെയുള്ള വൈക്കം ഫൊ.പള്ളി സിമറററിയിലായിരുന്നു അടക്കിയിരുന്നത്. അത് വളരെയധികം ബദ്ധപ്പാടായിരുന്നു. മരിച്ചയാളുടെ ശവകുടീരത്തിനുസമീപം പ്രാർത്ഥനയ്ക്കു പോവുക ക്രൈസ്തവരുടെ ഒരു കീഴ്വഴക്കമാണ്. വൈക്കംവരെ പോവുകയെന്നത് ക്ലേശകരമായിരുന്നു. ഈ സാഹചര്യത്തിലാണ് നിലവിലുള്ള നിയമങ്ങൾ പാലിച്ചും പരിസരവാസികളുടെ പരാതികൾ പരിഗണിച്ചും സർക്കാർ വകുപ്പുകളുടെ അംഗീകാരം വാങ്ങിയും കോൺക്രീററ് വോൾട്ട് സിമിറററി പണിയാരംഭിച്ചത്. അതിനെതിരെ ഏതാനും ആളുകൾ സമരവുമായി രംഗത്തു വന്നു. ഏററുമുട്ടലുകൾക്കുവരെ കളമൊരുങ്ങി. ആയിരത്തിലധികം ഹൈന്ദവസഹോദരങ്ങളുടെയിടയിൽ ചിതറിക്കിടക്കുന്ന കത്തോലിക്കാഭവനങ്ങളുടെ നേർക്ക് രാത്രിയിൽ അക്രമങ്ങൾ അഴിച്ചുവിട്ടു. അവരുടെ കൊപ്രാക്കളങ്ങളും കയർഷെഡുകളും പെട്രോളൊഴിച്ച് അഗ്നിക്കിരയാക്കി. ലോറി, കാർ തുടങ്ങിയ വാഹനങ്ങൾ തകർത്തു. പള്ളിക്കു സമീപമുള്ള ക്ലാരമഠത്തിനുനേർക്ക് കല്ലെറിഞ്ഞു. തിരുസ്വരൂപത്തിന് കേടുവരുത്തി. ലക്ഷക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങളാണ് വരുത്തിയത്. ജനജീവിതം സ്തംഭിപ്പിച്ചുകൊണ്ട് വൈക്കം താലൂക്കിൽ ബന്ദു നടത്തി.

ററി.വി. പുരത്ത് ഉണ്ടായ ഈ പ്രശ്നത്തിന്റെ പേരിൽ സംസ്ഥാനമാകെ സംഘർഷമുണ്ടാക്കുവാനും ഭീതിപരത്താനുമാണ് തൽപരകക്ഷികൾ ശ്രമിച്ചത്. രാജ്യത്ത് നിലനിന്ന സമാധാനാന്തരീക്ഷം തകർക്കാനും വർഗ്ഗീയത ആളിക്കത്തിക്കുവാനും രാഷ്ട്രീയമുതലെടുപ്പു നടത്തുവാനുമായിരുന്നു അവരുടെ നീക്കം. സിമിറററി നിർമ്മാണത്തിനെതിരെ ഹൈക്കോടതിയിൽ തൽപരകക്ഷികൾ കേസുകൊടുത്തു. ആ ജനാധിപത്യപരമായ അവകാശത്തെ ടി.വി.പുരം ഇടവകക്കാർ ചോദ്യം ചെയ്തില്ല. അതിനെ മാനിച്ച് പള്ളിക്കുവേണ്ടി കോടതിയിൽ ഹാജരായി. എന്നാൽ കേസുകൊടുത്തവർക്കുവേണ്ടി വാദിക്കാൻ വക്കീൽ കോടതിയിൽ എത്തിയില്ല. പള്ളിയുടെ

www.malankaralibrary.com

വക്കീലിനോട് കോടതി ചോദിച്ചു കുറേദിവസത്തേക്ക് സിമററി നിർമ്മാണം മാററിവയ്ക്കാമോയെന്ന്. നിയമവാഴ്ചയിൽ വിശ്വാസമുള്ളതുകൊണ്ട് കോടതി എന്തുതീരുമാനിച്ചാലും അംഗീകരിക്കുമെന്ന് കോടതിയെ അറിയിച്ചു. പത്തുദിവസത്തേക്ക് പണി നിറുത്തിവയ്ക്കാൻ കോടതി അഭിപ്രായപ്പെട്ടു. ആ നിർദ്ദേശം പള്ളി അംഗീകരിച്ചു. ഹൈക്കോടതിയിൽ റിട്ടു നൽകിയവർ വിധിവരെ കാത്തിരിക്കാതെ പ്രക്ഷോഭണം തുടർന്നു. പ്രക്ഷോഭണമായിരുന്നു ലക്ഷ്യമെങ്കിൽ എന്തിന് കേസിന് പോയി?

അനിഷ്ട സംഭവങ്ങളുണ്ടായപ്പോൾ ടി.വി. പുരത്ത് ആദ്യം ഓടിയെത്തിയത് ഈ ലേഖകനുൾപ്പെടെ കത്തോലിക്കാകോൺഗ്രസ്സ് നേതാക്കളായിരുന്നു. അവിടുത്തെ കത്തോലിക്കരുടെ വികാരങ്ങൾ ആളിക്കത്തിക്കുവാനോ, രാജ്യത്താകമാനമുള്ള കത്തോലിക്കരുടെ ശ്രദ്ധ ടി.വി. പുരത്തേക്ക് തിരിച്ചുവിടുവാനോ, ക്രൈസ്തവകേന്ദ്രങ്ങളിൽ വൻപിച്ച യോഗങ്ങളും പ്രകടനങ്ങളും നടത്തി അവരെ സമരസജ്ജമാക്കുവാനോ അല്ല അവിടെയെത്തിയ കത്തോലിക്കാകോൺഗ്രസ്സ് പ്രവർത്തകർ ചെയ്തത്. ടി.വി. പുരത്തെ പ്രശ്നം ഒരു പ്രാദേശികപ്രശ്നമായി നിലനിർത്തണമെന്നും അതിന്റെ പേരിൽ രാജ്യത്തെ ജനങ്ങൾ രണ്ടായി തിരിയരുതെന്നും ഇവിടെ നിലനിൽക്കുന്ന മതസൗഹാർദ്ദം അഭംഗുരം നിലനിർത്തണമെന്നുമാണ് ഞങ്ങൾ ആഗ്രഹിച്ചത്. സിമിററി പ്രശ്നത്തിന്റെ പേരിൽ ഒരു പൊതുയോഗമോ പ്രകടനമോ നടത്താൻ പാടില്ലെന്നും നാം നിയമപരമായും സമാധാനപരമായും മാത്രം മുന്നോട്ടു നീങ്ങണമെന്നുമാണ് ജനങ്ങളോടഭ്യർത്ഥിച്ചത്. ആത്മസംയമനം പാലിക്കണമെന്നാണ് കർദ്ദനാൾ മാർ ആന്റണി പടിയറ ആവശ്യപ്പെട്ടത്.

ടി.വി. പുരത്ത് മാത്രം ഒതുങ്ങിനില്ക്കേണ്ട ഈ പ്രശ്നം സംസ്ഥാനതലത്തിലേക്ക് കൊണ്ടുപോകുവാൻ ഹിന്ദുസന്യാസികളെ വിളിച്ചുവരുത്തി വർഗ്ഗീയതയെ പ്രോത്സാഹിപ്പിക്കുവാനുമാണ് തൽപരകക്ഷികൾ ശ്രമിച്ചത്. സിമിററി പ്രശ്നത്തെ തുടർന്ന് എസ്.എൻ.ഡി.പി. സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. രാഷ്ട്രീയപ്രേരിതമായ പ്രസ്താവനകൾ നടത്തി വിശാലഹിന്ദു മുന്നണി കെട്ടിപ്പടുത്ത് ക്രൈസ്തവരെ നേരിടുമെന്ന് പ്രഖ്യാപിച്ചു.

വിശാലഹിന്ദുമുന്നണി എന്ന ആശയം ശ്രേഷ്ഠമാണ്. ഭാരതീയ സംസ്കാരത്തിലും ദർശനത്തിലും അടിയുറച്ചുനിന്നുകൊണ്ട് ഹിന്ദുജനതയുടെ ഒരു കൂട്ടായ്മ വളർത്തിയെടുക്കാനുള്ള ഏതുശ്രമവും ശ്ലാഘനീയമാണ്. അത് രാജ്യത്തിന് ഗുണകരമാവുകയും ചെയ്യും. രാജ്യത്തിന്റെ ഭദ്രത സംരക്ഷിക്കാനാകണം വിശാലഹിന്ദുമുന്നണി കെട്ടിപ്പടുക്കുന്നത്. ഇവിടെ സംഭവിച്ചത് എന്താണ്? ഹിന്ദുക്കളല്ലാത്തവരെമുഴുവൻ സിമിററി പ്രശ്നത്തിന്റെ പേരിൽ ഒന്നിച്ചണിനിരത്തി അഹിന്ദുക്കളെ നേരിടാനാണ് വിശാലഹിന്ദുമുന്നണി കെട്ടിപ്പടുക്കുവാൻ ശ്രമിച്ചത്.

www.malankaralibrary.com

ഈ വിശാലഹിന്ദുമുന്നണി ആശയവുമായി രംഗത്തുവന്നത് ആരായിരുന്നു? ഭാരതത്തിലെ എഴുപത്തിയഞ്ച് ശതമാനത്തിലധികം വരുന്ന പിന്നോക്കക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രധാനമന്ത്രി വി.പി. സിംഗ് മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ തീരുമാനിച്ചു. അന്ന് ബി.ജെ.പി.യും വിശാലഹിന്ദുമുന്നണിയുടെ വക്താക്കളും എന്തുനിലപാടാണ് സ്വീകരിച്ചത്? മണ്ഡൽ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിൽ നടന്ന അക്രമങ്ങളും ആത്മാഹുതികളും ഇന്നത്തെ വിശാലഹിന്ദുമുന്നണി വക്താക്കളുടെ സൃഷ്ടിയല്ലായിരുന്നോ? പിന്നോക്ക വിഭാഗങ്ങളെ കൂട്ടിച്ചേർത്ത് വിശാലഹിന്ദുമുന്നണി കെട്ടിപ്പടുക്കുവാൻ ശ്രമിച്ചവർ ഇന്ന് നിലവിലിരിക്കുന്ന സമുദായ സംവരണവ്യവസ്ഥയെ അട്ടിമറിച്ചവരല്ലേ? ഈഴവർ, പറയർ, പുലയർ തുടങ്ങിയ വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിദ്ധ്യം നിയമസഭയിലും സർക്കാർ സർവ്വീസിലും ലഭ്യമാക്കുന്നതിനുവേണ്ടി നടന്ന ജനകീയ പ്രക്ഷോഭണങ്ങളെ എതിർത്തവരല്ലേ വിശാലഹിന്ദുമുന്നണി വക്താക്കളുടെ മുൻഗാമികൾ?

വിശാലഹിന്ദുമുന്നണിയും നായരീഴവഐക്യവും എന്നൊക്കെ പറയുന്നത് ഏതെങ്കിലും ഒരു പ്രത്യയശാസ്ത്രത്തിന്റെ പേരിലല്ല. കുറേപ്പേരെ എതിർക്കുവാൻ തട്ടിക്കൂട്ടുന്ന ചില തന്ത്രങ്ങൾ മാത്രം. ഈ വാദഗതികളുമായി വരുന്നവർ ഒരിക്കലും ഇന്ത്യൻ ജനതയെ ഒന്നായി കാണുവാൻ കഴിവുള്ളവരല്ല. വിഭാഗീയത വളർത്തി ജനങ്ങളെ തമ്മിൽ കലഹിപ്പിച്ച് സ്വാർത്ഥ താല്പര്യം സംരക്ഷിക്കുവാൻ ശ്രമിക്കുന്നവർ ആണ്. സവർണ്ണർ എന്നെങ്കിലും പിന്നോക്കക്കാരെ കൂട്ടുപിടിച്ച് പിന്നോക്കക്കാരുടെ താല്പര്യത്തിനുവേണ്ടി പ്രവർത്തിച്ചിട്ടുണ്ടോ? ഒരിക്കലുമില്ല. വീണ്ടും വീണ്ടും പിന്നോക്കക്കാരെ കൂട്ടുപിടിച്ച് ഹൈന്ദവവികാരം ആളിക്കത്തിച്ച് അധികാരം പിടിച്ചെടുക്കാനും അധികാരത്തിൽ കയറിക്കഴിഞ്ഞ് പിന്നോക്കക്കാരനെ പുറംകാൽ കൊണ്ട് തൊഴിക്കാനുള്ള നീക്കം മാത്രമാണിത്.

വെള്ളാപ്പള്ളി നടേശൻ അധികാരരാഷ്ട്രീയത്തിനുവേണ്ടിയാണ് നിലകൊള്ളുന്നത്. എസ്സ്.ആർ.പി.യെ ഉയർത്തിക്കൊണ്ടു വരാൻ സാധിക്കുകയില്ലന്ന് അദ്ദേഹത്തിന് ബോദ്ധ്യമായി. അതുകൊണ്ട് മററ് തന്ത്രങ്ങൾ ആസൂത്രണം ചെയ്യുന്നുവെന്നുമാത്രം. സ്വന്തമായി ഒരു പാർട്ടിയുണ്ടായാൽ സൗകര്യമായിരിക്കുമെന്ന് നടേശൻ തീരുമാനിച്ചു. നിലവിലുള്ള ജെ.എസ്സ്.എസ്സിനെ കൈയിലൊതുക്കുവാൻ കുറുക്കുവഴികൾ പലതും നോക്കി. കെ.ആർ. ഗൗരിയെ ഒതുക്കാമെന്ന് കണക്കുകൂട്ടി പ്രവർത്തിച്ച നടേശൻ അക്കാര്യത്തിൽ പരാജയപ്പെട്ടു. 2003 സെപ്ററംബറിൽ കേരള ജനകീയ മുന്നണി എന്ന പേരിൽ ഒരു പാർട്ടി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചത് ഈ സാഹചര്യത്തിലാണ്. ശ്രീനാരായണഗുരുവിന്റെ ജന്മദിനത്തി

www.malankaralibrary.com

ലാണ് ഈ പ്രഖ്യാപനം നടത്തിയത്. ഇന്ന് ആ ജനകീയമുന്നണിയുടെ ഭാവി അറിയണമെങ്കിൽ ജോത്സ്യനെ സമീപിക്കണം.

എല്ലാ നടപടികളും വിപരീതഫലമാണുളവാക്കിയതെന്ന് മനസ്സിലാക്കിയ നടേശൻ ശിവസേനയുമായി ഒരു മുന്നണിയുണ്ടാക്കി മലബാർ മുഴുവൻ പിടിച്ചടക്കാനാണ് പിന്നീട് ശ്രമം നടത്തിയത്. മലബാറിലെ ഈഴവരെ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ നിന്നും മോചിപ്പിച്ച് നടേശാധിപത്യം സ്ഥാപിക്കാൻ ഒരു ശ്രമം നടത്തി. ഫലമുണ്ടായില്ല. പിന്നീട് പിന്നോക്ക സമുദായ മുന്നണി രൂപീകരിക്കുമെന്നുള്ള പ്രഖ്യാപനം നടന്നു. അതിനും കാര്യമായ ഒരു ചലനം ഉണ്ടാക്കാൻ സാധിച്ചില്ല. അപ്പോഴാണ് നരേന്ദ്രൻ കമ്മീഷൻ പ്രശ്നം ചിന്തയിൽ വന്നത്. ഈഴവന് ഉദ്യോഗരംഗത്ത് കിട്ടേണ്ടത് മുഴുവൻ കിട്ടിയെന്ന് നരേന്ദ്രൻ കമ്മീഷൻ രേഖപ്പെടുത്തി. ലത്തീൻ ക്രിസ്ത്യാനിക്കും ദളിത് ക്രൈസ്തവനും, ധീവരനും, മുസ്ലീംങ്ങൾക്കും അർഹിക്കുന്നത് കിട്ടിയില്ല. അർഹിക്കുന്നതിന്റെയടുത്തുപോലും എത്തിയില്ല. പിന്നോക്കസമുദായമുന്നണി രൂപീകരിക്കാൻ ബദ്ധപ്പെട്ട നടേശൻ നരേന്ദ്രൻ കമ്മീഷന് എതിരായി. പിന്നോക്ക സമുദായങ്ങളെ കൂട്ടുപിടിച്ചത് ഘടകസമുദായങ്ങളുടെ ശക്തികാണിച്ച് ഈഴവ താല്പര്യങ്ങൾ നേടാൻ വേണ്ടി മാത്രമാണ്. പിന്നോക്ക സമുദായങ്ങളോട് താല്പര്യം ഉണ്ടായിരുന്നുവെങ്കിൽ തങ്ങളെപ്പോലെ മററുള്ളവരും അർഹരായിത്തീരാൻ വേണ്ടി അവരോടൊത്ത് നിൽക്കുമായിരുന്നു.

അതിനു തയ്യാറാകാതെ പിന്നോക്ക സമുദായങ്ങളെ തഴഞ്ഞ് സവർണ്ണരുമായി കൂട്ടുകൂടി നായരീഴവ ഐക്യത്തിന് വെള്ളാപ്പള്ളി നടേശൻ ശ്രമിക്കുന്നത് ആത്മഹത്യാപരമായിരിക്കും. അനേകവർഷം പിന്നോക്കക്കാരോടൊത്ത് പ്രവർത്തിച്ച എസ്.എൻ.ഡി.പി. പിന്നോക്കവിഭാഗങ്ങളെ തഴഞ്ഞ് നായർ ഈഴവ കൂട്ടുകെട്ട് ഉണ്ടാക്കുന്നത് വെള്ളാപ്പള്ളിക്ക് ലാഭകരമാണെന്ന് തോന്നുന്നുണ്ടാകാം. കഴിഞ്ഞ 125 വർഷത്തെ നായർ – ഈഴവ സഖ്യത്തിന്റെ ചരിത്രം പഠിക്കുന്നവർക്ക് ഇത് മഹാ വിഡ്ഢിത്തമാണെന്ന് ബോദ്ധ്യമാകും. 1951–52 കാലത്തെ ഹിന്ദു മഹാമണ്ഡലം മററിതരസമുദായങ്ങളെ ആക്ഷേപിക്കാനും ആക്രമിക്കാനുമാണ് ശ്രമിച്ചത്. നാരായണപ്പണിക്കർ വെള്ളാപ്പള്ളിയെക്കൊണ്ട് മററിതരസമുദായങ്ങളെ തല്ലിക്കാനാണ് ഇപ്പോൾ മുന്നണിയുണ്ടാക്കുന്നത്.

സി.കേശവന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നു. *"നായന്മാർ ഒരു ഈഴവനെ പുകഴ്ത്തുന്നുവെങ്കിൽ കരുതിക്കൊള്ളുക ആ ഈഴവൻ സ്വന്ത സമുദായത്തിന് എന്തോ കടുത്ത ദ്രോഹം ചെയ്യുകയാണെന്ന്"*. വെള്ളാപ്പള്ളി നടേശനെ പി.കെ. നാരായണക്കുറുപ്പ് പ്രശംസിക്കുമ്പോൾ സി.കേശവന്റെ ഈ വാക്കുകൾ ആണ് നമ്മുടെ സ്മരണയിൽ ഓടിയെത്തുക.

www.malankaralibrary.com

# 21

# ആരാണ് ഈ സ്വാതന്ത്ര്യം നേടിത്തന്നത്?

ഒരു അവർണ്ണനോ, ഈഴവനോ, പറയനോ, പുലയനോ, ഹീനജാതിയിൽപ്പെട്ട ആരെങ്കിലുമോ ഇന്ന് ബസ്സിലും, തീവണ്ടിയിലും ബോട്ടിലും, വിമാനത്തിലും ഒരു സവർണ്ണനോടൊപ്പം യാത്ര ചെയ്യുന്നുവെങ്കിൽ അതിനുള്ള സ്വാതന്ത്ര്യം ആരുതന്നതാണ് എന്ന് ചിന്തിക്കണം. ഈ സ്വാതന്ത്ര്യം ഒരിക്കലും ഹിന്ദുക്കൾ തന്നതല്ല. തീണ്ടൽ തൊടീൽ എടുത്തുകളഞ്ഞതും, ക്ഷേത്രപ്രവേശന വിളംബരം ഉണ്ടായതും ഹിന്ദുനേതാക്കളുടെ ശ്രമഫലമായിട്ടല്ല. അടിമത്വം നിലനിർത്തുവാൻവേണ്ടി മാത്രം പരിശ്രമിച്ചിട്ടുള്ളവരാണ് സവർണ്ണഹിന്ദുക്കൾ. അയിത്തോച്ചാടനത്തിന് സവർണ്ണ ഹിന്ദുക്കൾ എന്നും എതിരായിരുന്നു. അയിത്തവും അടിമത്തവും എന്നെന്നും നിലനിൽക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. സമ്പത്തും അധികാരവും കൈയ്യടക്കിവച്ചിരുന്ന സവർണ്ണർ താണവരുടെമേൽ അടിച്ചേൽപ്പിച്ചിരുന്ന പീഢനമുറകൾ അതിനീചവും ഭയാനകവുമായിരുന്നു. അത് തുടരുവാൻ സവർണ്ണർ ആഗ്രഹിച്ചിരുന്നു.

മതേതര ഭാരതവും ഹിന്ദുത്വവും എന്ന ഗ്രന്ഥത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ (പുറം 27) "ചെട്ടികൾ, മാരാൻമാർ, ഈഴവർ, പുലയർ, പറയർ, തീയ്യർ എന്നിങ്ങനെയുള്ള അനേകതാണജാതിക്കാർക്ക് സ്വാതന്ത്ര്യം ലഭിച്ചത് ഉയർന്ന ജാതിക്കാരുടെ ദയകൊണ്ടോ സന്മനസ്സുകൊണ്ടോ അല്ല. ഉയർന്നവർ താണവരോട് ശത്രുതാ മനോഭാവം തന്നെയാണ് തുടർന്നുവന്നത്. അവർ അന്നത്തെപ്പോലെ ഇന്നും അതേ മനോഭാവമുള്ളവരാണ്. ഹിന്ദുത്വസംഹിതതന്നെ താണജാതികളുടെമേൽ ഉയർന്നവർ ആധിപത്യം പുലർത്തണമെന്ന് അനുശാസിക്കുന്നു. താണവർഗ്ഗങ്ങൾ വിദ്യാഭ്യാസം ചെയ്യുന്നതും സ്വന്തമായി തൊഴിൽ ചെയ്യുന്നതും സ്വതന്ത്ര്യരായി നടക്കുന്നതും അവർക്ക് സഹിക്കാവുന്നതല്ല. അതിനാൽ അവർ വിദ്യാഭ്യാസത്തിനും മതപരിവർത്തനത്തിനും എതിരാണ്. വിദ്യാഭ്യാസമുണ്ടായാൽ മനപരിവർത്തനമുണ്ടാകും. മനപരിവർത്തനമുണ്ടായാൽ മതപരിവർത്തനമുണ്ടാകും സ്വയമായി, തനതായി ചിന്തിക്കുവാൻ പ്രാപ്തരായാൽ സ്വാതന്ത്ര്യാദാഹികളായിതീരും. ഇതൊന്നും മേൽകിടക്കാർ ഇഷ്ടപ്പെടുന്നില്ല. ക്രിസ്ത്യാനികൾ പ്രസംഗിക്കരുത് സ്കൂളുകൾ നടത്തരുത് എന്നൊക്കെ ശഠിക്കുവാനുള്ള കാരണം ഇതാണ്.

ഇന്ന് താണവർഗ്ഗങ്ങളുടെയിടയിൽ പ്രൊഫസർമാരും ഡോക്ടർമാരും

www.malankaralibrary.com

എൻജിനീയർമാരും, ശാസ്ത്രജ്ഞൻമാരും അഭിഭാഷകരും ജഡ്ജിമാരും, രാഷ്ട്രീയനേതാക്കന്മാരും പ്രതിരോധവകുപ്പിലും പോലീസ് വകുപ്പിലും ഉന്നത സ്ഥാനീയരും ഉണ്ടെങ്കിൽ അതിനുകാരണം ആയിരക്കണക്കിന് സ്വാതന്ത്ര്യസമരസേനാനികളും ക്രിസ്തീയ മിഷനറിമാരും അനുഭവിച്ച കഷ്ടതയാണ്. പുരോഗതിയുടെ ഓരോ പടവുകളിലും ഹിന്ദുക്കളിലെ ഉയർന്ന ശ്രേണികൾ ബലമേറിയ പ്രതിയോഗികളായി നിന്നു."

അവർണ്ണർക്ക് എന്തെങ്കിലും സ്വാതന്ത്ര്യം ലഭിച്ചിട്ടുണ്ടെങ്കിൽ അതിനുകാരണക്കാർ ഇന്ത്യാഗവണ്മെന്റാണ്. അതിനുള്ള സാഹചര്യം ഒരുക്കിയത് ക്രിസ്ത്യാനികളും മുസ്ലിംങ്ങളും ബുദ്ധമതക്കാരും സിക്കുകാരും ഹിന്ദുക്കളിലെ നവീകരണക്കാരും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും കമ്മ്യൂണിസ്റ്റുകാരും മറ്റുമാണ്. അവർണ്ണരുടെ വിമോചനത്തിന് നേതൃത്വം കൊടുത്തതും പോരാടിയതും അവരാണ്. അതിനാൽ അവർണ്ണജാതിക്കാർക്ക് കൂറുണ്ടാകേണ്ടത് ഹിന്ദുക്കളോടല്ല അവർക്കുവേണ്ടി പോരാടി ഹിന്ദു മത മേധാവിത്വത്തിൽ നിന്നും അയിത്തം മുതലായ അടിമത്വത്തിൽ നിന്നും അവർക്കു സ്വാതന്ത്ര്യം നേടികൊടുത്ത ഇതര ജാതികളോടത്രേ.

ഈ സത്യം അവർണ്ണവിഭാഗക്കാർ ഗ്രഹിക്കാതെ അധഃകൃതവർഗ്ഗങ്ങളെ അടിമത്തത്തിൽ തളയ്ക്കുന്ന എൻ.എസ്സ്.എസ്സുമായി കൂട്ടുചേർന്ന് വിശാലഹിന്ദുമുന്നണി ഉണ്ടാക്കാൻ ശ്രമിക്കുന്നതും നായരീഴവ മുദ്രാവാക്യം മുഴക്കുന്നതും അപകടകരമാണ്. അധഃകൃത വർഗങ്ങളെ അടിമത്തത്തിൽ തളയ്ക്കുന്ന ബി.ജെ.പി., ആർ.എസ്സ്.എസ്സ്. മുതലായ സംഘടനകൾ ഈഴവർ, പുലയർ, പറയർ മുതലായ അധഃകൃതരുടെയിടയിൽ നിന്ന് തന്നെ അനേകരെ തങ്ങളുടെ ചേരിയിൽ അണിനിരത്തുവാൻ ശ്രമിയ്ക്കുകയാണ്. ഹിന്ദു വർഗീയത വളർത്തി, തങ്ങൾ നൂറ്റാണ്ടുകളായി അടിച്ചമർത്തിയവരെ ഹിന്ദുക്കൾ എന്ന് വിളിച്ച് അവരിൽ വർഗീയത വളർത്തി ന്യൂനപക്ഷങ്ങളെ പീഡിപ്പിക്കുവാനാണ് ശ്രമിക്കുന്നത്.

ബി.ജെ.പി., ആർ.എസ്സ്.എസ്സ്. തുടങ്ങിയ സംഘടനകളുടെ പ്രവർത്തനഫലമായി താഴ്ന്ന ശ്രേണിയിലുള്ള സവർണ്ണരും അവർണ്ണരുമായ അനേകർ ഇതരമതങ്ങളിൽപെട്ടവരെ ആക്രമിക്കേണ്ടതിന് സദാ ഒരുങ്ങിയിരിക്കുകയാണ്. സവർണ്ണരുടെ പ്രേരണയാണ് അവർണ്ണരെ ഇതിന് പ്രേരിപ്പിക്കുന്നത്. ഈ അവർണ്ണവിഭാഗക്കാർ കുറ്റവാളികളുടെ വേഷമിടുന്നത് അവരുടെ പഴയകാലചരിത്രത്തെപ്പറ്റി അറിവില്ലാത്തതുകൊണ്ടാണ്. ഇന്നത്തെ അവർണ്ണരുടെ അച്ചനും അമ്മയും സഹോദരിസഹോദരങ്ങളും സവർണ്ണരുടെ അടിമത്വത്തിൽ കിടന്ന് പിടഞ്ഞിരുന്ന കാലത്തെക്കുറിച്ച് അവർക്കറിയില്ല.

അഡ്വ. എം.ജെ. മാത്യു മതേതരഭാരതവും ഹിന്ദുത്വവും എന്ന ഗ്രന്ഥത്തിൽ (പുറം 31) എഴുതിയിരിക്കുന്നതുപോലെ "കൂലിയ്ക്ക് അർഹതയോ

www.malankaralibrary.com

അവകാശമോ ഇല്ലാതെ ദാരിദ്ര്യത്തിലും പട്ടിണിയിലും അമർന്ന് ഉയർന്ന വർഗ്ഗങ്ങൾക്കുവേണ്ടി എല്ലുമുറിയെ പണിയെടുത്ത് അവരുടെ ശകാരവും അടിയും ഇടിയും കൊല്ലുംകൊലയും ഭീഷണിയും അനുഭവിച്ച് മൃഗങ്ങളേക്കാൾ കഷ്ടമായി ജീവിച്ചുമരിച്ച മൺമറഞ്ഞ കഴിഞ്ഞ കാലതലമുറയെക്കുറിച്ച് അവരുടെ സന്താനങ്ങളായ ഇന്നത്തെ ചെറുപ്പക്കാർക്ക് അറിവില്ല. അവരുടെ നന്ദികേടു കൊണ്ടല്ല, അറിവുകേടുകൊണ്ടാണ് അവർ ഹിന്ദുത്വം പുലമ്പുന്നത്. പുതിയ തലമുറയോട് കഴിഞ്ഞുപോയ കാലങ്ങളെക്കുറിച്ച് പറഞ്ഞറിയിക്കേണ്ടത് പ്രായമുള്ളവരുടെ കടമയാണ്."

ആ ഗ്രന്ഥത്തിലെ ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ (പുറം 31) "മതത്തിന്റെ പേരു പറഞ്ഞ് ഒരു ക്രിസ്ത്യാനിയെ ആക്രമിക്കുവാൻ ഒരു താണജാതിക്കാരൻ മുതിരുമ്പോഴാണ് അവന്റെ നന്ദികേടിന്റെ തനിനിറം വ്യക്തമാകുന്നത്. ഉയർന്ന ജാതിക്കാരായ അവരുടെ യജമാനന്മാർ അവരെ പഠിപ്പിച്ചിരിക്കുന്നത് ക്രിസ്ത്യാനികൾ വിദേശികളാണെന്നും ഇന്ത്യക്ക് അവരുടെ സാന്നിദ്ധ്യം അപകടകരമാണെന്നുമാണ്. സവർണ്ണരോടും അവർണ്ണരോടും ഒന്നിച്ച് എക്കാലവും ജീവിച്ചുപോന്ന ക്രിസ്ത്യാനികൾ വിദേശികളാകുന്നതെങ്ങനെയെന്നുപോലും ഈ മഠയന്മാർ ചിന്തിക്കാറില്ലേ? ഒരു ഇന്ത്യാക്കാരൻ ക്രിസ്തുമതം സ്വീകരിച്ചാൽ ഉടനെ അവൻ വിദേശിയായി പോകുമോ? ഒരുവൻ നിരീശ്വരത്വമോ കമ്മ്യൂണിസമോ സ്വീകരിച്ചാൽ അവൻ റഷ്യാക്കാരനായി പ്പോകുമോ? ക്രിസ്ത്യാനികൾ വിദേശികളല്ല ഇന്ത്യാക്കാർ തന്നെയാണ്. എന്നാൽ അവരുടെ സാന്നിദ്ധ്യവും പ്രവർത്തനങ്ങളും സ്വസ്നേഹികളും സ്വയം പുകഴ്ചക്കാരും സ്വാർത്ഥതല്പരരുമായ ഹിന്ദുത്വവാദികൾക്ക് ഇഷ്ടപ്പെടുകയില്ല. എന്തെന്നാൽ ക്രിസ്ത്യാനികൾ ഏക സത്യദൈവത്തെയും ഏകമാനവകുലത്തെയും സമത്വം സഹോദര്യം സ്വാതന്ത്ര്യം എന്നീ ഉന്നതാദർശങ്ങളെയും പ്രഘോഷിക്കുന്നവരാണ്. ഇത് ഹിന്ദുത്വവാദികൾക്ക് അസഹനീയമാണ്. ദരിദ്രൻമാരെ കൂടുതൽ ദാരിദ്രത്തിലാഴ്ത്തുവാനും, അജ്ഞാനികളെ കൂടുതൽ അജ്ഞാനത്തിലേക്ക് തള്ളിയിടുവാനും താഴ്ന്ന ജാതികളെയും അയിത്തമുള്ളവരെയും അനേകം ചെറുജാതികളായിഭിന്നിപ്പിച്ച് തമ്മിൽ ഒരിക്കലും ഒന്നുചേരാൻ അനുവദിക്കാതെ അടിമത്വത്തിൽ അമർത്തിവയ്ക്കുവാനും താല്പര്യപ്പെടുന്നവരാണ് അവർ. ആകയാൽ താഴ്ന്ന സവർണ്ണരും അവർണ്ണരും അഭിനിവേശം പുലർത്തേണ്ടത് ഹിന്ദുക്കളോടല്ല, മറിച്ച് അവരുടെ സ്വാതന്ത്ര്യത്തിനും ഉന്നമനത്തിനും വേണ്ടി പ്രവർത്തിക്കുന്നവരോടാണ്."

നൂറ്റാണ്ടുകളായി ഇവിടെ നിലനിന്ന ബ്രാഹ്മണ മേധാവിത്വവും ചാതുർവർണ്യവ്യവസ്ഥയും വരുത്തിവച്ച മനുഷ്യാവകാശ ധ്വംസനങ്ങളുടെ യഥാർത്ഥ ചിത്രം ഇന്ത്യൻ ഭരണഘടനയുടെ ശീതളച്ഛായയിൽ കഴിഞ്ഞുകൂടുന്ന ഇന്നത്തെ ജനങ്ങൾക്ക് ഊഹിക്കുവാൻ പോലും സാദ്ധ്യമല്ല. ചാതുർവർണ്യ വ്യവസ്ഥക്കെതിരായി, അസ്പൃശ്യതക്കെതിരായി ഇന്ത്യയിൽ

www.malankaralibrary.com

കഴിഞ്ഞ നൂറ്റാണ്ടിൽ നടന്ന വിപ്ലവകരമായ മുന്നേറ്റത്തിനു പ്രചോദനം നൽകിയത് ക്രൈസ്തവാദർശങ്ങളായിരുന്നു. സാമൂഹികമായ ഉച്ചനീചത്വങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് ക്രൈസ്തവ മിഷനറിമാർ നൽകിയ സംഭാവനകളെപ്പറ്റിയും സ്ത്രീകൾക്ക് സമുദായത്തിൽ മാന്യമായ സ്ഥാനം ലഭിക്കുന്നതിന് ക്രിസ്തീയാദർശങ്ങളുടെ പ്രചോദനം എന്തുമാത്രം സ്വാധീനം ചെലുത്തിയെന്നതിനെപ്പറ്റിയും കഴിഞ്ഞ അദ്ധ്യായങ്ങളിൽ പ്രസ്താവിക്കുകയുണ്ടായല്ലോ. തെക്കൻ തിരുവിതാംകൂറിലെ അവർണ്ണ സ്ത്രീകൾക്ക് മാറുമറച്ചു നടക്കുവാനുള്ള അവകാശത്തിനു വേണ്ടിയും അടിമത്തം ഉച്ചാടനം ചെയ്യുന്നതിനുവേണ്ടിയും മിഷനറിമാർ നൽകിയ നേതൃത്വം ആർക്കും വിസ്മരിക്കാനാവില്ല. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ടിരുന്ന അധഃകൃതവർഗ്ഗക്കാരെ സമുദ്ധരിക്കുന്നതിനും അവർക്ക് നിഷേധിക്കപ്പെട്ടിരുന്ന വിദ്യാഭ്യാസാദിസൗകര്യങ്ങൾ നൽകി അവരുടെ നില മെച്ചപ്പെടുത്തുന്നതിനും ക്രിസ്ത്യൻ മിഷനറിമാരും ക്രിസ്ത്യൻ സ്ഥാപനങ്ങളും ചെയ്തിട്ടുള്ള സേവനങ്ങൾ രാജ്യ ചരിത്രത്തിന്റെ തന്നെ ഭാഗമായിത്തീർന്നിരിക്കുകയാണ്.

തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ വി. നാഗമയ്യ ഇപ്രകാരം എഴുതിയിരിക്കുന്നു: "ഈ ക്രിസ്തീയ മിഷനറിമാർ ഇല്ലായിരുന്നുവെങ്കിൽ ഹൈന്ദവ സമുദായത്തിലെ താണ പടിയിൽപെട്ട ഇവർ എന്നും ഇങ്ങനെ ഉദ്ധരിക്കപ്പെടാതെ കിടക്കുമായിരുന്നു. അവരുടെ വാസസ്ഥലങ്ങളിൽ പോയി. ഉത്തമമാംവിധം ഈ ലോകത്തിൽ ജീവിക്കുന്നതിനുള്ള ഒരു ബോധം അവരിൽ ഉൽബുതമാക്കിയെന്നുള്ള മേന്മയ്ക്ക് ക്രൈസ്തവ മിഷനറിമാരാണ് അവകാശികൾ. മിഷനറിമാരുടെ ഈ പ്രവൃത്തി കേവലം പ്രാചീന ചരിത്രത്തിന്റെ ഒരു നവീകരണം – നിലവിലിരിക്കുന്ന മാതൃകയുടെ ഒരു മിനുസപ്പെടുത്തൽ അഥവാ പരിഷ്കരണം ആയിരുന്നില്ല. പ്രത്യുത പ്രശംസനീയമായ ശുഷ്കാന്തിയോടും, പലപ്പോഴും എതിർപ്പിനെയും മതപീഡനത്തെയും അവഗണിച്ചും അവർ നടപ്പിൽ വരുത്തിയ പൂർണ്ണമായി നവീനവും ആ ദൃഷ്ടപൂർവ്വവും ആയ ഒരു ആശയമായിരുന്നു അത്."

സവർണ്ണഹിന്ദുക്കളിൽ നിന്നും അധഃകൃതർക്ക് ആദ്യകാലം തുടങ്ങി ത്തന്നെ ലഭിച്ചുകൊണ്ടിരുന്ന പെരുമാറ്റം കരുണാരഹിതവും മനുഷ്യോചിതമല്ലാത്തതുമായിരുന്നു. അവർ അതിനെ എതിർത്തില്ല. മാത്രമല്ല അടിമമനഃസ്ഥിതിയോടെ സഹിക്കുകയും ചെയ്തു. പുലയർ, പറയർ, വേടർ മുതലായി അവരിൽ ചില വർഗ്ഗക്കാരെ കന്നുകാലികളെപ്പോലെതന്നെ വാങ്ങിക്കുകയും വിൽക്കുകയും അവർ വേലചെയ്തിരുന്ന നിലങ്ങളോടുകൂടി ക്രയവിക്രയം ചെയ്യുകയും ചെയ്തിരുന്നു. രാജവീഥികളോ, പബ്ലിക് വാഹനങ്ങളോ, ആശുപത്രികളോ ഉപയോഗപ്പെടുത്തുന്നതിനോ ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനോ സമീപത്തുപോലും പോകുന്നതിനോ അനുവദിച്ചിരുന്നില്ല.

www.malankaralibrary.com

ഈ വ്യവസ്ഥിതി മനസ്സിലാക്കിയ തിരുവിതാംകൂർ ഗവണ്മെന്റിന്റെ ചീഫ് സെക്രട്ടറിയായിരുന്ന ഡോ. എൻ കുഞ്ഞൻപിള്ള 1931–ലെ സെൻസസ് റിപ്പോർട്ടിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "തങ്ങളുടെ ദയനീയമായ നിലയെയും അതിനെ അഭിവൃദ്ധിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെയുംപറ്റി ഈ അധഃകൃതർക്ക് ഒരു ബോധം ഉണ്ടാക്കിക്കൊടുത്തത് ഈ മിഷനറിമാരാകുന്നു. സമുദായത്തിലെ താണപടിയിലുള്ള തങ്ങളുടെ നിർഭാഗ്യരായ സഹോദരന്മാരെ കഴിഞ്ഞകാലങ്ങളിൽ അവഗണിച്ചിരുന്നതിന്റെ ദുരിന്തഫലങ്ങൾ ഉന്നത ജാതികൾക്കു മനസ്സിലാക്കിക്കൊടുത്തതും ഈ മിഷനറിമാരുടെ സേവനങ്ങളാണ്. ഹിന്ദുക്കളിൽ മിക്ക അധഃകൃതവർഗ്ഗക്കാരുടെയും ഇടയിൽ അക്ഷരാഭ്യാസമുള്ളവരുടെ ശതമാനം തുലോം കുറവായിരുന്നു. ക്രിസ്തീയ മിഷനറിമാർ തിരുവിതാംകൂറിൽ വന്ന് മതപരിവർത്തന സംരംഭവും സമുദായോദ്ധാരണവേലകളും ആരംഭിക്കുന്നതുവരെ അധഃകൃത ഹിന്ദുക്കൾക്കു സാമുദായികമായും സാമ്പത്തികമായുമുള്ള ഉയർച്ചയുടെ ഗുണഗണങ്ങൾ മനസ്സിലാക്കുന്നതിന് സാധിച്ചിരുന്നില്ല. അവർ ക്രിസ്തു മതം ആശ്ലേഷിച്ച മാത്രയിൽ ഉയർന്ന ജാതിക്കാർ അവരോട് എത്രയും ഭേദമായ വിധത്തിൽ പെരുമാറുന്നതിനും പിന്നീട് ഒരിക്കലും അവരെ തൊട്ടുകൂടാത്തവരെന്നോ അടുത്തുകൂടാത്താവരെന്നോ ഗണിക്കുന്നില്ലാത്തതായും അവർ കണ്ടു...... ക്രിസ്ത്യൻ മിഷനറിമാരെ സംബന്ധിച്ച് പറയുമ്പോൾ അവർ അധഃകൃതരുടെ ഇടയിൽ പ്രേഷിതവേല മാത്രമല്ല സമുദായോദ്ധാരണവേലകളും ചെയ്തു വരുന്നുവെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. അവരാണ് തങ്ങളുടെ പരിതാപകരമായ അവസ്ഥയിലേയ്ക്കും അതുഭേദപ്പെടുത്തേണ്ടതിലേയ്ക്കും ഈ പാവങ്ങളുടെ കണ്ണുതുറപ്പിച്ചത്. അവരുടെ വേലയാണ് സമുദായത്തിൽ താണവരായ ഈ നിർഭാഗ്യ സഹോദരങ്ങളെ അവഗണിക്കുന്നതിന്റെ ഫലം ഉയർന്ന ജാതിക്കാരെ മനസ്സിലാക്കിയത്."

അധഃകൃതോദ്ധാരണത്തിനുവേണ്ടി ക്രൈസ്തവ സമുദായം അനുഷ്ഠിച്ച വിവിധങ്ങളായ സേവനങ്ങളെപ്പറ്റി ചരിത്രകാരന്മാരും രാഷ്ട്രനേതാക്കളും ഭരണാധികാരികളും പലസന്ദർഭങ്ങളിലും പ്രശംസിച്ചിട്ടുണ്ട്. കൊച്ചി ദിവാനായിരുന്ന സർ ആർ.കെ. ഷൺമുഖം ചെട്ടി വത്തിക്കാൻ സന്ദർശനാവസരത്തിൽപോലും നടത്തിയ പരസ്യപ്രസ്ഥാവനയിൽ അക്കാര്യം വെളിപ്പെടുത്തിയിട്ടുണ്ട്. പ്രമുഖ ചരിത്രകാരനായ കെ.പി. പത്മനാഭമേനോൻ കൊച്ചി രാജ്യ ചരിത്രത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "ക്രിസ്ത്യൻ മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനത്തെ എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. അവരുടെ സ്തുത്യർഹമായ ഈ ഔദാര്യപ്രവർത്തിക്കൊണ്ട് ചെറുമക്കളുടെയും പുലയരുടെയും കുടി അവസ്ഥ നന്നായി വന്നിട്ടുണ്ട്. രാജ്യത്തെ ഓരോ തൊഴിലുകളുടെ നടത്തിപ്പിന് പണ്ടുപണ്ടെവെച്ചിട്ടുള്ള ഏർപ്പാടുകളെ മാറ്റിക്കളയുന്നതായ പാതിരമാരുടെ ഈ പ്രവൃത്തിയെ കാല

www.malankaralibrary.com

ഗതിയ്ക്ക് ഒരുവിധത്തിലും തടുക്കത്തക്കതല്ല. അവർ താഴ്ന്ന ജാതിക്കാർക്ക് ഈ അമൂല്യമായ വിദ്യാധനം നൽകുകയും സാമുദായികാവസ്ഥയിൽ അവരെ ഉയർത്തുകയും ചെയ്തതുകൊണ്ട് പൊതുജനാഭിവൃദ്ധിക്കുണ്ടായി ട്ടുള്ള സഹായത്തെ ചിന്തിച്ച് നാം അവരെ അഭിനന്ദിക്കേണ്ടതാണ്. താഴ്ന്ന ജാതിക്കാർ സദാ അഭിവൃദ്ധിയെ അഭിഗമിക്കുന്നു എന്നുള്ളത് ചാരിതാർത്ഥ്യ ജനകമായിരിക്കുന്നു. പുലയർ മുതലായവരുടെ സ്ഥിതിയും നന്നായി വരു ന്നുണ്ട്. വഴിമാറുന്നതിനുള്ള അസഹ്യതയെയും വേല നടത്തിപ്പിനുള്ള ഉപ ദ്രവത്തെയും വിചാരിച്ചും ചില പ്രദേശത്ത് പാടത്ത്പണിയെടുക്കുന്ന പുല യർ ഈ വക ഉപദ്രവ നിവൃത്തിയ്ക്കായി കാലത്തുമുതൽ സന്ധ്യയാകുന്ന തുവരെ കഴുത്തിൽ പഴയ കൂറ് ക്രിസ്ത്യാനികളുടെ അടയാളമായ വെന്തിങ്ങാ ധരിക്കുന്നതായി അറിയുന്നു."

അഡ്വ. പി. ചിദംബരൻപിള്ള ഇപ്രകാരം 1929–ൽ പ്രസ്താവിക്കുക യുണ്ടായി : "ഹിന്ദുമത നവീകരണ ശ്രമങ്ങൾ നമ്മുടെ അന്ധവിശ്വാസ ങ്ങളിലും ജാതി തടസങ്ങളിലും പെട്ട് കേവലം വനരോദനമായി തീർന്നി രുന്ന ഒരു കാലഘട്ടത്തിൽ, നമ്മുടെ ഹൈന്ദവ രാജ്യങ്ങളിൽ അല്പമെങ്കിലും വിവേകം കാണിക്കുവാൻ ആരെങ്കിലും ശ്രമിച്ചിട്ടുണ്ടെങ്കിൽ അത് ക്രൈസ്ത വമിഷനറിമാരായിരുന്നുവെന്നുള്ള വസ്തുത ഈ അവസരത്തിൽ ചൂണ്ടി ക്കാണിക്കേണ്ടിയിരിക്കുന്നു."

സി.വി. കുഞ്ഞുരാമന്റെ വാക്കുകൾ ശ്രദ്ധിക്കുക : "ഹിന്ദുമതത്തിൽ ദുർലഭം ചില ജാതക്കാർക്കല്ലാതെ അഭിവൃദ്ധിയ്ക്ക് മാർഗ്ഗം കാണുന്നില്ല. ബഹുഭൂരിപക്ഷമുള്ള മറ്റുജാതിക്കാരെ ഹിന്ദുമതം അധഃകൃതരാക്കി അടി മാവസ്ഥയിലാണ് ഇന്നും നിലനിർത്തിക്കൊണ്ടിരിക്കുന്നത്. ഈ അടിമാവ സ്ഥയിൽ നിന്ന് അധഃകൃതലക്ഷങ്ങൾക്ക് സ്വല്പമായ മോചനമെങ്കിലും ലഭി ച്ചിട്ടുണ്ടെങ്കിൽ അതിനു പ്രവർത്തിച്ചിട്ടുള്ളത് ക്രിസ്തുമതവും ക്രൈസ്തവ മിഷനറിമാരുമാകുന്നു."

അധഃകൃതോദ്ധാരണത്തിനായി ക്രൈസ്തവർ ചെയ്തിട്ടുള്ള സേവ നങ്ങളെ പ്രശംസിച്ച് അക്രൈസ്തവർതന്നെ എഴുതിയിട്ടുള്ള നിരവധി ഉദ്ധ രണീകൾ എടുത്തുകാണിക്കുവാൻ സാധിക്കും. മലയാളത്തിന്റെ എല്ലാമാ യിരുന്ന എഴുത്തച്ഛനെപ്പോലും അന്നത്തെ ബ്രാഹ്മണമേധാവിത്വം വരിഞ്ഞു മുറുക്കി. ഒരു നായരായിരുന്ന എഴുത്തച്ഛനെ ശൂദ്രനാക്കി സ്വയം സമർപ്പി ക്കുകപ്പോലും ചെയ്തു. അക്ഷരവിദ്യ ബ്രാഹ്മണോചിതമെന്നും ഇതരന്മാർക്ക് അനുചിതമാണെന്നും അവർ പഠിപ്പിച്ചു.

കേരളത്തിൽ നിലനിന്ന ചാതുർവർണ്ണ്യ വ്യവസ്ഥിതിമൂലം അടിച്ച മർത്തപ്പെട്ട അധഃകൃതർക്ക് അത്താണിയായി പ്രവർത്തിച്ചത് ക്രൈസ്തവർത ന്നെയായിരുന്നു.

www.malankaralibrary.com

ഇന്ന് നായർ ഈഴവ ഐക്യത്തിലേക്ക് നീങ്ങുമ്പോൾ ഈ ചരിത്രം ഈഴവ സഹോദരങ്ങൾ മനസ്സിലാക്കണമെന്നാണ് അഭ്യർത്ഥിക്കുവാനുള്ളത് 1951–ൽ ഹിന്ദുമഹാമണ്ഡലം രൂപീകരിച്ചുകൊണ്ട് മന്നവും ശങ്കറും രാജ്യം മുഴുവൻ ചുറ്റി സഞ്ചരിച്ച് ക്രിസ്ത്യാനികൾക്കെതിരെ പ്രസംഗപരമ്പര തന്നെ നടത്തി. ക്രിസ്ത്യാനികളും ഹിന്ദുക്കളും രണ്ട് എന്ന ചിന്താഗതി വളർത്തി. വളരെ ഐക്യമായി കഴിഞ്ഞിരുന്ന ജനങ്ങളെ ജാതിയുടെ പേരിൽ ഇവർ അകറ്റി.

ഇന്ന് നായർ ഈഴവ ഐക്യത്തെപ്പറ്റി ചർച്ച നടക്കുമ്പോൾ എൻ.എസ്സ്.എസ്സ്., വെള്ളാപ്പള്ളി നടേശനെക്കൊണ്ട് ക്രിസ്ത്യാനികൾക്കും മുസ്ലിം ങ്ങൾക്കും എതിരായി പ്രസ്താവന പുറപ്പെടുവിപ്പിക്കുകയാണ്. ഹിന്ദുമഹാമണ്ഡലത്തിന്റെ ചരിത്രം ആവർത്തിക്കുന്നുവെന്നേ പറയാനുള്ളു.

എങ്ങിനെയെങ്കിലും രാഷ്ട്രീയാധികാരം പിടിച്ചെടുക്കാനാണ് നായരീഴവമുദ്രാവാക്യവുമായി രംഗത്തുവന്നിരിക്കുന്നത്. വെള്ളാപ്പള്ളിയെക്കൊണ്ട് മറ്റിതരസുദായങ്ങളെ അസഭ്യം പറയിപ്പിക്കാനാണ് നാരായണപണിക്കരുടെ നീക്കം.

ഈഴവ മുന്നേറ്റത്തെ എന്നും എതിർത്ത എൻ.എസ്.എസ്സിന്റെയടുത്ത് വെള്ളാപ്പള്ളി നടേശൻ ഈഴവ സമുദായത്തെക്കൊണ്ടുപോയി പണയം വച്ചിരിക്കുകയാണ്. പണയ ഉരുപ്പടി പോലും തിരികെ കിട്ടുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വെള്ളാപ്പള്ളി, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ എതിർത്ത് നായർ സമുദായവുമായി കൂട്ടുകൂടിയിരിക്കുന്നു. തന്മൂലം മുസ്ലിം സമുദായത്തെയും, ധീവര, നാടാർ ലത്തീൻകത്തോലിക്കാ സമുദായത്തെയും ദളിത് ക്രൈസ്തവസമുദായത്തെയും വെള്ളാപ്പള്ളി ഒറ്റികൊടുത്തിരിക്കുന്നു. പിന്നോക്ക സമുദായങ്ങളെ വെള്ളാപ്പള്ളി വഞ്ചിച്ചിരിക്കുന്നു.

നായരും ഈഴവരും പകുതിക്ക് പകുതി എന്ന തോതിൽ ഐക്യവും ശത്രുതയും തുടർന്നു കൊണ്ടിരിക്കുകയാണ്. ഈ ഐക്യം മറ്റുള്ളവരെ ഭയപ്പെടുത്തുവാനും സമ്മർദ്ദതന്ത്രങ്ങളിലൂടെ വൻനേട്ടങ്ങൾ കൊയ്യുവാനുമുള്ള ശ്രമമാണ്. ആരു ശ്രമിച്ചാലും ഈ സഖ്യം ശാശ്വതമാവുകയില്ല. ശാശ്വതമാകുമെന്ന് ഭയപ്പെടുകയും വേണ്ട.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# നായർ ഈഴവ ഐക്യം



മാനവരാശിയെ ഏക കുടുംബമായി കരുതി സ്നേഹിക്കുന്ന, വിചാരപ്പെടുന്ന, ഏതാനും പേരെങ്കിലും നമ്മുടെ സമൂഹങ്ങളിൽ ഉണ്ട്. അവരിൽ ഒരാളാണ് ബഹുമാനപ്പെട്ട ജോൺകച്ചിറമറ്റം. അദ്ദേഹത്തെ എനിക്ക് മുൻപരിചയമില്ല. 'നായർ ഈഴവ ഐക്യം' എന്ന പുസ്തകത്തിന്റെ കോപ്പിയുമായി അദ്ദേഹം എന്റെ മുമ്പിൽ വന്നപ്പോൾ ഇപ്പോഴത്തെ പൊതുജനങ്ങളിൽ നിന്ന് അല്പം വ്യത്യസ്തനായ ഒരു വ്യക്തിയെ എനിക്ക് കാണാൻ കഴിഞ്ഞു. 'ലോകേ സമസ്താ സുഖിനോ ഭവന്തു' എന്ന ആശയം സ്വായത്തമാക്കിയ ഒരാൾ. 'നായർ ഈഴവ ഐക്യം' എന്ന വിഷയത്തെക്കുറിച്ച് സമയമെടുത്ത് പഠിച്ച്, ചിന്തിച്ച് തയ്യാറാക്കിയ പുസ്തകം. ഇത് എല്ലാവരും വാങ്ങി വായിക്കണമെന്നാണ് എന്റെ ആഗ്രഹം.

സവർണ്ണരുടെ ദൃഷ്ടിയിൽ മ്ലേച്ഛജാതികളിൽപെട്ട ഒരു വിഭാഗമാണ് ഈഴവർ. അവരോടൊപ്പമുള്ള മ്ലേച്ഛ ജാതികളാണ് പറയൻ, പുലയൻ, വെളുത്തേടൻ, മറവൻ, കുറവൻ ഇത്യാദി. ഈഴവർ സംബന്ധം പുലർത്തേണ്ടത് ഈ അവർണ്ണ വർഗ്ഗത്തോടാണ്, അവരെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്ന ശുദ്രരോടല്ല. നായർ ഈഴവ സഖ്യം ഒരു അവിഹിത ബന്ധമാണ്. അവർണ്ണ വിഭാഗത്തിൽ പെട്ട അനേകരോടല്ലയോ ഈഴവർ മമത പുലർത്തേണ്ടത്? പക്ഷെ, എന്തുകൊണ്ട് ഈഴവരിലെ ഒരുവിഭാഗം എൻ.എസ്.എസിനോട് കൂട്ടുകൂടാൻ ശ്രമിക്കുന്നു? ഇതിലെ പന്തികേട് മനസ്സിലാക്കുവാൻ ബഹുമാനപ്പെട്ട ജോൺ കച്ചിറമറ്റത്തിന്റെ 'നായർ ഈഴവ ഐക്യം' എന്ന രചനവായിച്ചിരിക്കേണ്ടതാണ്. ഇന്ത്യൻ സമൂഹത്തോട് സ്നേഹമോ പ്രതിബദ്ധതയോ ഉള്ളവർ പിൽക്കാല ചരിത്രമറിയേണ്ടതിന് ഈ പുസ്തകം വാങ്ങുകയും മറ്റുള്ളവർക്ക് വിതരണം ചെയ്യുകയും വേണം. ചരിത്ര സത്യങ്ങൾ മനസ്സിലാക്കി തിരുത്തേണ്ടവതിരുത്തുവാൻ ഈവിധകൃതികൾ എല്ലാവരും, പ്രത്യേകിച്ച് യുവജനങ്ങൾ, വായിച്ച് അറിഞ്ഞിരിയ്ക്കേണ്ടതാണ്. ഇരുപത്തി ഒന്ന് ചെറിയ അദ്ധ്യായങ്ങളിലായി കേരളത്തിന്റെ സാമൂഹ്യനിലവാരത്തെ വിലയിരുത്തുവാൻ വായനക്കാരെ പ്രാപ്തന്മാരാക്കത്തക്കവണ്ണം ലളിതമായി പ്രധാന പ്രശ്നങ്ങളെ വിവരിച്ചു തരുവാൻ ശ്രീ. ജോൺ കച്ചിറമറ്റത്തിനു സാധിച്ചിരിക്കുന്നു. സമൂഹത്തിന്റെ ഉദ്ധാരണത്തിനും ഉന്നമനത്തിനും ഉതകുന്ന ചിന്തകൾ ഒട്ടും മറച്ചുവയ്ക്കാതെ വെളിച്ചത്തു കൊണ്ടുവരുന്നതിന് ഗ്രന്ഥകാരനെ ദൈവം കരങ്ങളിലെടുത്തു ഉപയോഗിക്കട്ടെ.

**അഡ്വ. എം.ജി. മാത്യു എം.എ., എൽ.എൽ.ബി**

PUBLISHED BY
**Dr. Kachiramattam Foundation**
Pizhaku - 686 655

www.malankaralibrary.com